032:3M722:13 FO

SAUNDILYA.

BALAKRISHNA PILLAI

032:3M722:13
FO

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

Madras University Library.

Call Number 032:3M722:13. FO.

Accession Number 94293.

Available for loan from

This book should be returned on or before the date last marked below.

O. 61

# സാന്ധില്യ.

പ്രസാധകൻ,

ഏ. ബാലകൃഷ്ണപിള്ള ബി. ഏ., ബി. എൽ.

പ്രകാശകൻ,

തോമസ് പോൾ ബി. ഏ.

"വിദ്യാവിലാസം" പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

"ശ്രീരാമവിലാസം" പ്രസ്സ്,

വലിയകട, കൊല്ലം.

൧-ാം പതിപ്പ്—കാപ്പി ൧൦൦.

കാപ്പിറൈറ്റ്,

1096.

BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS ETC.
TRIVANDRUM.

22 MAR 19 8
94293
032:3N722.13
F0

# മുഖവുര.

ലോകത്തിലുള്ള സകല ആഖ്യായികകാരന്മാരിലുംവെച്ചു് അഗ്രഗണ്യനെന്നും അല്ല, ഫ്രെഞ്ചു നോവലെഴുത്തുകാരുടെ കൂട്ടത്തിൽ അദ്വിതിയനെന്നും രണ്ടു സ്പൃഹണീയങ്ങളായ അഭിപ്രായഭേദങ്ങൾക്കു വിഷയീഭവിച്ചവനും, ആധുനിക നോവലെഴുത്തുകാരെ ജീവിതത്തെ യഥാൎത്ഥമായ വിധത്തിൽ അനുകരിച്ചു് ആഖ്യായികകളെ രചിക്കുവാൻ പഠിപ്പിച്ചവരിൽ പ്രഥമഗണനീയനും, തന്മൂലം നോവൽ എന്ന പേരുള്ള സാഹിത്യരൂപവിശേഷത്തിനു സാഹിത്യ നഭോമണ്ഡലത്തിൽ ഒരിക്കലും താഴ്ചയും വീഴ്ചയും വരാത്തതായ ഒരു ഉന്നതസ്ഥാനം നൽകിയവനും ആയ ബൽസാക്ക് എന്ന ഗ്രന്ഥകൎത്താവിന്റെ മഹത്തമവും ചിരസ്ഥായിയുമായ ആഖ്യായികകളിൽ ഒന്നാന്നു സകലരും സമ്മതിച്ചിട്ടുള്ള "യൂഷേനിഗ്രാൻഡെ"യെ കേരളീയവേഷം ചമയിപ്പിച്ചതിന്റെ ഫലമാണു് "സാന്ധില്യ". ചരിത്രസംബന്ധമായ ആഖ്യായികകൾ ഭാഷയിൽ ഒരുവിധം ധാരാളമായി ജനിച്ചു തുടങ്ങിയിരിക്കുന്നുവെങ്കിലും സാമുദായിക നോവലുകൾ നമ്മുടെ ഭാഷയിൽ അപൂൎവ്വമായി മാത്രമേ ഉണ്ടാകാറുള്ളു. സാമുദായിക ആഖ്യായികകളാകുന്ന പുത്രികളുടെ ദൌൎല്ലഭ്യം ഹേതുവാൽ ദുഃഖിച്ചിരിക്കുന്ന കേരളഭാഷാതരുണിക്കു "അണ്ണാൻകുഞ്ഞും തന്നാലായതു്" എന്നുള്ള തത്വം അനുസരിച്ചു് ഞാൻ സൽഗുണസമ്പൂൎണ്ണയായ ഒരു ഫ്രെഞ്ചുബാലികയെ ദത്തുപുത്രിയായി സമ്മാനിച്ചതു ഒരു സാഹസകൎമ്മമാണെന്നു പലരും പറയുമെങ്കിലും, അതു് ഒരു നിഷ്പ്രയോജനമായ ഉദ്യമമാണെന്നു ആ യുവതിയെ സ്നേഹിക്കുന്നവർ ആരുംതന്നെ വിചാരിക്കുകയില്ലെന്നു എനിക്കു നല്ലനിശ്ചയമുണ്ടു്. ഈ ബാലിക തനിക്കു പതിവുള്ള പാശ്ചാത്യവേഷം ധരിച്ചു കേരളീയരുടെ പ്രത്യേക സാമുദായിക ആചാരങ്ങളെ ഗ്രഹിക്കാതെ മലയാളഭാഷ സംസാരിക്കുന്നതുകൊണ്ടുമാത്രം കൈരളി അവളെ പുത്രിയായി പരിഗണിക്കുകയില്ലെന്നു വിചാരിച്ചാണു് ഞാൻ അവൾക്കു സാന്ധില്യ എന്ന വൈദികനാമം കൊടുത്തു്, അവളെ മലയാളഭാഷയും കേരളീയരുടെ ആചാരവിശേഷങ്ങളും പഠിപ്പിച്ചു, കേരളീയവേഷം ചമയിപ്പിച്ചു ആ ആതുരയായ യുവമാതാവിനു നൽകിയതു്. വെള്ളക്കാരും, "കറുത്ത" തൊലിയുള്ളവരും തമ്മിൽ ത്വഗ്ഭാഷ വസ്ത്രാദിഭേദമെന്യേ സ്വഭാവവ്യത്യാസമില്ലെന്നുള്ള ബോധംകൊണ്ടും, നവീന സംവരണങ്ങൾക്കു അനുരൂപമായ വിധത്തിൽ പ്രവൎത്തിക്കുവാൻ അധികമായ വൈമനസ്യം പ്രദൎശിപ്പിക്കാത്തവളാണു് ഈ ബാലികയെന്നു് എനിക്കു കുറേക്കാലത്തെ പരിചയംകൊണ്ടു അറിയാമായിരുന്നതിനാലുമാണു് ഞാൻ ഈ സാഹസകൎമ്മത്തിനു തുനിഞ്ഞതു്.

ഇപ്രകാരമുള്ള ഒരു ഉദ്യമത്തിൽ മൂലഗ്രന്ഥത്തിനെ ഒട്ടധികം ഭേദപ്പെടുത്തേണ്ടതായി വരുമെന്നുള്ളതു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുകൊണ്ടു ഈ ഗ്രന്ഥം കേരളീയർ നല്ലതാണെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതിനു കാരണം ബൽസാക്കാണെന്നും ചീത്തയാണെന്നു അഭിപ്രായപ്പെടുകയാണെങ്കിൽ അതിനു ഹേതുഭൂതൻ ഞാനാണെന്നും മുൻകൂട്ടി സമ്മതിച്ചു ഞാൻ ഇതിനെ നിൎമ്മത്സരന്മാരായ മഹാജനങ്ങളുടെ മുമ്പാകെ സമൎപ്പിച്ചുകൊള്ളുന്നു.

എന്നു്,

എ. ബാലകൃഷ്ണപിള്ള.

# സാന്ധില്യ.

## അദ്ധ്യായം ൧.

ജാതിപോകിലുമഭിജാത്യരൊട്ടങ്ങിലും ഗുണമാകവെ
ചേതമാകിലുമുള്ളശീലഗുണങ്ങളൊക്കെ ദൂഷിക്കിലും
വീതശങ്കമെഴുന്നധീരതപോകിലും പണമൊന്നുതാ-
നേതിരംഖമില്ലതെങ്കിലിതൊക്കെയിന്നൊരുപുല്ലുതാൻ.

വഞ്ചിരാജ്യത്തിന്റെ പുരാതന രാജധാനിയും പ്രധാനസൈന്യസന്നിവേശസ്ഥലവുമായിരുന്ന പത്മനാഭപുരത്ത് ഇപ്പോൾ ജീൎണ്ണിച്ചു പായൽ പിടിച്ച് ഇരുണ്ട കോട്ടമതിലുകളും, നൂതന രീതിയിൽ പരിഷ്കരിച്ചു ദൂഷിച്ച ഒരുകൊട്ടാരവും മാത്രമേ പൂൎവ്വപ്രതാപലക്ഷ്യങ്ങളായി കാണുന്നുള്ളൂ. സമീപത്തു് വേളിമലയുടെ മുമ്പിലായി രണ്ടു "മരുന്നുപുര"ക്കുന്നുകൾ നൈഷ്ഫല്യത്തോടുകൂടിയ ആ രാജധാനിക്കു അംഗരക്ഷകസാദികളായി നിൽക്കുന്നുണ്ടു്. ആഡംബരപ്രിയനായ ഒരു രാജാവിന്റെ ആസ്ഥാനമണ്ഡപത്തിൽ വിരിച്ചിട്ടുള്ള പച്ച സൂൎയ്യപടകമ്പിളികൾ പോലെ ആ കോട്ടയ്ക്കു ചുററും സമൃദ്ധിയായി വിളയുന്ന പാടങ്ങൾ കാണപ്പെടുന്നു. പ്രാചീനകാലം മുതല്ക്കു വേലുത്തമ്പിയുടെ അധഃപതനം വരെ എത്ര അസംഖ്യം രോധങ്ങളിൽ നിന്നുമാണു ഈ തലസ്ഥാനം കഷ്ടപ്പെട്ടിട്ടുള്ളതു്! ഈ സമരങ്ങളിൽ നിന്നും ക്ഷതശരീരനായെങ്കിലും അജിതഅഹംകാരത്തോടുകൂടി ആ രാജധാനി പൂൎവ്വസ്ഥിതിയിൽ തന്നെ സ്ഥിതി ചെയ്യുന്നു. രണോപലബ്ധവ്രണഭൂഷണവിഭൂഷിതയായ ഈ പ്രാചീനപടവീട്ടിനു ലലാമമായി, കേരളചരിത്രനഭോമണ്ഡലത്തിൽ അനശ്വരജ്യോതിസ്സോടു തിളങ്ങുന്ന വലിയ കപ്പിത്താൻ നിൎമ്മിച്ച കോട്ടമതിലുകൾക്കകത്തു പഴയ രീതിയിൽ നിരയും പുരയുമായുള്ള ഭവനങ്ങൾ ഒരു ഇരുപതു വൎഷങ്ങൾക്കു മുമ്പേ ധാരാളം കാണുമാറുണ്ടു്. ഈ ഭവനങ്ങളിൽ ഒന്നിലാണു കുവലത്തറ ആദിച്ചപ്പിള്ള നിവസിച്ചിരുന്നതു്.

പത്മനാഭപുരത്തിനു സമീപമുള്ള മണലിക്കരയാണു് ആദിച്ചപ്പിള്ളയുടെ തറവാടു്. തറവാട്ടിൽ സ്വത്തു വളരെ കുറവായിരുന്നതുകൊണ്ടു് ആശാന്റെ പള്ളിക്കൂടത്തിൽ വിദ്യ അഭ്യസിച്ചതിനുശേഷം ആദിച്ചപ്പിള്ള ഉപജീവനമാൎഗ്ഗം അന്വേഷിച്ചു തിരുവനന്തപുരത്തേക്കു പോയി. അവിടെ കുറേനാൾ ബുദ്ധിമുട്ടിയതിൻശേഷം ആദിച്ചപ്പിള്ളയ്ക്കു തരണനല്ലൂർ മഠംകാൎയ്യസ്ഥന്റെ കീഴിൽ ഒരു പിള്ളയുടെജോലി കിട്ടി. മുപ്പത്തിആറു വയസ്സുവരെ അദ്ദേഹം ഈ ജോലിയോടുകൂടി തിരുവനന്തപുരത്തു താമസിച്ചിരുന്നു. ഇങ്ങനെ താമസിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം പഞ്ഞിവിളയിൽ മാതുപിള്ളയുടെ സഹോദരിയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ നിന്നു ഹൃഷികേശൻ എന്നൊരു പുത്രൻ ആദിച്ചപ്പിള്ളയ്ക്കു ജനിച്ചു. ഹൃഷികേശന്റെ ബാലചേഷ്ടിതങ്ങൾ കണ്ടു അധികകാലം ആനന്ദിക്കാൻ ആ നിൎഭാഗ്യവതിയായ മാതാവിനു സാധിച്ചില്ല. ഹൃഷികേശനു നാലു വയസ്സായപ്പോൾ ആ സതീരത്നം പരലോകത്തെ പ്രാപിച്ചു. ഭാൎയ്യയുടെ മരണശേഷം അധികം കാലം തി

തിരുവനന്തപുരത്തു താമസിക്കുവാൻ ആദിച്ചപ്പിള്ളക്കു സംഗതി വന്നതുമില്ല. മറ്റംവക കാര്യസ്ഥനുമായി അദ്ദേഹം പിണങ്ങി ജോലി രാജിവെച്ചു മണലിക്കരയിലേക്കു പോന്നു. അദ്ദേഹം മണലിക്കരെയ്ക്കു തിരിച്ചപ്പോൾ ഹൃഷികേശനെ അവന്റെ മാതാവിന്റെ ജ്യേഷ്ഠത്തിയും മച്ചിയും ആയിരുന്ന വള്ളിഅമ്മയുടെ പക്കൽ ഏല്പിച്ചിരുന്നു. ആദ്യത്തെ ഒന്നുരണ്ടുവഷങ്ങളിൽ ആദിച്ചപ്പിള്ള കൂടക്കൂടെ തിരുവനന്തപുരത്തു പോകുകയും ഹൃഷികേശനു ചിലവിനു കൊടുക്കുകയും ചെയ്തുവന്നു. കാലക്രമേണ ഈ കത്തവ്യത്തെ ചെയ്യുന്നതിൽ അദ്ദേഹം വൈമനസ്യം കാണിച്ചുതുടങ്ങി. ഒടുവിൽ തനിക്കു ഒരു കോമളഗാത്രനായ പുത്രൻ ഉണ്ടു എന്നുള്ള സംഗതിപോലും അദ്ദേഹം വിസ്മരിച്ചു. പഞ്ഞിവിളത്തറവാട്ടിനു ഒരുവിധമുള്ള കാലക്ഷേപത്തിനു വകയുണ്ടായിരുന്നതുകൊണ്ടും, ചിട്ടി നടത്തി പണം സമ്പാദിച്ച അവൽദാർ മാത്തുപ്പിള്ള തറവാട്ടുദ്രോഹിയല്ലാതിരുന്നതുകൊണ്ടും ആദിച്ചപ്പിള്ളയുടെ ഈ ഉപേക്ഷയെപററി വള്ളിയമ്മ വ്യസനിച്ചിരുന്നില്ലതാനും.

മണലിക്കരയിലേക്കു തിരിച്ചു വന്നപ്പോൾ ആദിച്ചപ്പിള്ളയ്ക്കു പതിനായിരം രൂപാ സമ്പാദ്യമായി ഉണ്ടായിരുന്നു. താമസിയാതെ പത്മനാഭപുരത്തുള്ള ഒരു ക്ഷയിച്ച പുരാതന കുടുംബക്കാരുടെ വകയായ കുവലത്തറ എന്ന ഭവനവും, ആറുകോട്ട നിലവും ആദിച്ചപ്പിള്ള സഹായവിലയ്ക്കു ലേലത്തിൽ പിടിച്ചു. ഇതിനുശേഷം ആദിച്ചപ്പിള്ള കോട്ടയ്ക്കകത്തു കുവലത്തറവീട്ടിൽ സ്ഥിരതാമസമായി. ഇതോടു കൂടി "മഠത്തിൽപിള്ള" എന്നു ജനങ്ങൾ വിളിച്ചുവന്ന ആദിച്ചപ്പിള്ളയ്ക്കു, "കുവലത്തറ മൂപ്പില്പ" "കുവലത്തറ അങ്ങേര്" "കുവലത്തറ അമ്മാവൻ" എന്ന അഭിധാനങ്ങൾ ലഭിച്ചു തുടങ്ങി. ജനങ്ങൾ മാത്രമല്ല പത്മനാഭപുരത്തുള്ള പേഷ്കാർ, തഹശീൽദാർ മുതലായ ഉദ്യോഗസ്ഥന്മാരും ആദിച്ചപ്പിള്ളയെ ആ നാട്ടിലെ ഒരു പ്രമാണിയായി ഗണിച്ചുവന്നിരുന്നു. ഈ ഉദ്യോഗസ്ഥന്മാക്കു പണം ആവശ്യമുണ്ടെങ്കിൽ ആദിച്ചപ്പിള്ള, ഒരു പണപ്പലിശയ്ക്കു കടം കൊടുക്കാൻ തയ്യാറുണ്ടു്. ഇങ്ങനെ ഉള്ള ഉപകാരങ്ങളെ ഓത്തു കൃതജ്ഞന്മാരായ ആ മേധാവികൾ ആദിച്ചപ്പിള്ളക്കു ആവശ്യമുള്ള സ്ഥലങ്ങളെ, കുറഞ്ഞ തറവിലയ്ക്കു പുതുവൽ പതിപ്പിച്ചു കൊടുക്കുവാൻ മടി കാണിച്ചിരുന്നില്ല. കാലക്രമേണ ആദിച്ചപ്പിള്ള അവിടങ്ങളിലെ ഒരു പ്രധാന ജന്മിയായി തീൎന്നു.

ആദിച്ചപ്പിള്ളയുടെ തറവാട്ടിൽ രണ്ടു സ്ത്രീകൾ മാത്രമേ അംഗങ്ങളായി ഉണ്ടായിരുന്നൊള്ളു. ഇവർ അദ്ദേഹത്തിന്റെ കനിഷ്ഠസഹോദരിയായ നാണി അമ്മയും നാണിഅമ്മയുടെ മകളായ സാന്ധില്യയുമാണു്. നാണിഅമ്മയെ കണ്ണൻനായർ എന്നൊരു പാലക്കാട്ടുകാരൻ വിവാഹം ചെയ്തിരുന്നു. താലൂക്കു രായസംപിള്ള ആയിരുന്ന കണ്ണൻ നായരുടെ ഏകപുത്രിയാണു സാന്ധില്യ. സാന്ധില്യയുടെ രണ്ടാമത്തെ വയസ്സിൽ കണ്ണൻനായർ അകാലമൃത്യുവിനെ പ്രാപിച്ചു. ഭത്തൃവിരഹത്താൽ ഉണ്ടായ തീവ്രവേദനയോടുകൂടി പുത്രീസമേതം നാണിഅമ്മ മണലിക്കരെവന്നു താമസം തുടങ്ങി. കണ്ണൻനായർ മൂവായിരം രൂപയോളം വിലമതിക്കുന്ന വസ്തുക്കൾ നാണിഅമ്മയ്ക്കു സമ്പാദിച്ചുകൊടുത്തിരുന്നു. കണ്ണൻനായരുടെ മരണംമുതൽ ആദിച്ചപ്പിള്ളയാണു ആ വസ്തുക്കളെ പരിപാലിച്ചു പോഷിപ്പിച്ചു വന്നതു്. കുവലത്തറ വീടു വാങ്ങിയതിനുശേഷം ആദിച്ചപ്പിള്ള നാണിഅമ്മയേയും പുത്രിയേയും അവരുടെ ദാസിയായ പാച്ചിയേയും ആ ഭവനത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു.

ഭാഗ്യവാനായ ആദിച്ചപ്പിള്ളയ്ക്കു സ്വത്തു എത്രയുണ്ടെന്നു ഏറക്കുറെ ശരിയായി അറിയാവുന്നവർ രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നൊള്ളു. അവരിൽ ഒരാൾ

വസ്തുക്കൾ കരസ്ഥമാക്കുന്നതിൽ ആദിച്ചപ്പിള്ളയെ സഹായിച്ച ആധാരമെഴുത്തു പാച്ചുപിള്ള ആയിരുന്നു. പണം പലിശയ്ക്കു കൊടുക്കുന്ന കാര്യത്തിലും മററു ചില ഗൂഢഉപകാരങ്ങൾ കവലത്തറ മൂപ്പർക്കു ചെയ്തുവന്നിരുന്ന ഉണ്ടിയൽകട അയ്യാത്തുരയ്യനാണ് ആ കുബേരന്റെ ഭണ്ഡാരപരിമിതി കണ്ടിരുന്ന ദൂഷണൻ. ആദിച്ചപ്പിള്ളയും ഈ ഖരദൂഷണന്മാരും തമ്മിൽ ഉള്ള ഗൂഢമായ ഏർപ്പാടുകൾ ഒന്നുംതന്നെ പത്മനാഭപുരനിവാസികൾ അറിഞ്ഞിരുന്നില്ലെങ്കിലും, ധനവാന്മാരായ അവർ പോലും കവലത്തറ മൂപ്പരോടു ബഹുമാനപുരസ്സരം പെരുമാറി വന്നിരുന്നതുകൊണ്ട് ആ നാട്ടുകാർക്കു അദ്ദേഹത്തിന്റെ ധനപുഷ്ടിയെപ്പററി ചിലതെല്ലാം അനുമാനിക്കാമായിരുന്നുതാനും.

കവലത്തറവീട്ടിലെ വെച്ചുപൂട്ടുമുറിയിൽ ഒരു കാൽപ്പെട്ടി നിറച്ചു പവൻ ഉണ്ടെന്നും, അതിനെ ദിവസവും രഹസ്യമായി ആദിച്ചപ്പിള്ള എണ്ണിനോക്കി ആനന്ദിക്കുന്നു എന്നുമുള്ള ശ്രുതി വിശ്വസിക്കാത്തവർ കൽക്കുളംതാലൂക്കിൽ ഉണ്ടോ എന്നു സംശയമാണ്. ധനത്തെ ദൈവമായി ആരാധിക്കുന്നവർ അവിടെ ആദിച്ചപ്പിള്ള അല്ലാതെ ധാരാളമുണ്ടായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. സൂക്ഷ്മദൃക്കുകളായ ഇവർ ആദിച്ചപ്പിള്ളയുടെ മുഖഭാവം, ആംഗ്യം മുതലായവയിൽ നിന്നും അദ്ദേഹത്തെ തങ്ങളുടെ ചങ്ങാതിയായി ഗണിച്ചുവന്നു. ലോഭി, അക്ഷപ്രിയൻ, സ്ത്രീജാതൻ, രാജസേവകൻ ഇവരുടെ നേത്രങ്ങളിലും മുഖങ്ങളിലും അവർക്കു അന്യോന്യം തിരിച്ചറിയത്തക്കവണ്ണം എന്തോ പൊതുമുദ്രകൾ ഉണ്ടായിരിക്കണം. ഈ മുദ്രകളുടെ രഹസ്യം അറിയാവുന്നവനു കൈനോട്ടക്കാരനേയും ജോത്സ്യനേയുംകാൾ ദൃഢമായി പൂർവചരിത്രത്തേയും ഭവിഷ്യൽ കാര്യങ്ങളേയും ഗണിച്ചു പറയാൻ കഴിയും.

ആദിച്ചപ്പിള്ള ഒരുത്തരോടും ഒരു കാശുപോലും കടം വാങ്ങിയിരുന്നില്ല. നെല്ലിനും മരച്ചീനിക്കും ഏതുദിവസമാണ് ഏററവും കൂടുതൽ വില ലഭിക്കുമെന്നു ഒരു വിദഗ്ദ്ധനായ ജോത്സ്യനെപ്പോലെ കവലത്തറ മൂപ്പർക്കു നിശ്ചയമുണ്ടായിരുന്നു. ആ ഘട്ടം വരെ അദ്ദേഹം അവയ്ക്കു എത്ര ആവശ്യക്കാർ ഉണ്ടായിരുന്നാലും വില്ക്കാതെ തന്റെ പത്താഴത്തിൽ ഭദ്രമായി സൂക്ഷിച്ചു വെച്ചിരുന്നു. ഇതുകൊണ്ടു ആദിച്ചപ്പിള്ളയെ അവിടങ്ങളിൽ ഉള്ള കൃഷിക്കാർ അസൂയയോടുകൂടി ബഹുമാനിച്ചുവന്നു.

പണം സംബന്ധിച്ച കാര്യങ്ങളിൽ ആദിച്ചപ്പിള്ളയ്ക്കു പെരുമ്പാമ്പിന്റേയും പുള്ളിപ്പുലിയുടേയും സ്വഭാവമുണ്ട്. വൃക്ഷങ്ങളിൽ വാലുചുററി വള്ളികൾപോലെ തൂങ്ങിക്കിടക്കുന്ന പെരുമ്പാമ്പിനെപോലെ ആദിച്ചപ്പിള്ള ഇരയെ പിടിക്കുവാൻ ഒളിച്ചു കിടക്കും. സാധുജന്തുവിനെ കണ്ടാൽ ഉടനെ ലാക്കുതെററാതെ അതിന്റെ മുകളിൽ ചാടി അതിനെ തന്റെ ദേഹം കൊണ്ടു മുറുകെ വരിഞ്ഞു അസ്ഥികൾ പൊട്ടിക്കും. തനിക്കു മതിയാകുന്നിടത്തോളം പണക്കിഴികൾ അതിൽനിന്നും വിഴുങ്ങിയതിന്റെ ശേഷം മൃഷ്ടഭോജനം കൊണ്ടു ചലിക്കുവാൻ വയ്യാത്ത പെരുമ്പാമ്പിനെപ്പോലെ കവലത്തറ മൂപ്പൻ സ്വസ്ഥമായി കുറേക്കാലം ഇരിക്കും. പെരുമ്പാമ്പിനെപ്പോലെതന്നെ ആദിച്ചപ്പിള്ള എല്ലായ്പോഴും പുറത്തിറങ്ങുകയോ സദാ ഊർജ്ജിതഭാവം കാണിക്കുകയോ ചെയ്തിരുന്നില്ലതാനും. അദ്ദേഹത്തിനോടു ജനങ്ങൾ ഭയഭക്തിയോടുകൂടി പെരുമാറി വന്നു. ആ പുലിയുടെ ഇരുമ്പിനു സമമായ നഖങ്ങളാൽ ക്ഷതശരീരംകാത്തവർ അവിടെ ആരുംതന്നെ ഇല്ല. ഒരുത്തനു ഒരു വസ്തു വാങ്ങുവാൻ മോഹമുണ്ടെന്നിരിക്കട്ടെ. അതിനെന്തുപ്രയാസം? ആധാരമെഴുത്തു പാച്ചുപിള്ള അവന്

ആവശ്യമുള്ള അയ്യായിരം പണം ഒന്നര പണം പലിശക്ക് നല്ല ഈടോടുകൂടി കൊടുക്കുവാൻ തയ്യാറുണ്ടല്ലൊ. വേറൊരുത്തനു കെട്ടുകല്യാണത്തിനു ആയിരം പണം ആവശ്യമുണ്ട്. ആയിരത്തിന്നു പണം രൊക്കം പററി അതു രണ്ടു പണപ്പലിശ സഹിതം ആവശ്യപ്പെടുമ്പോൾ കൊടുത്തുകൊള്ളാമെന്ന് ഒരു നോട്ടെഴുതി ഉണ്ടിയൽ കട അയ്യാത്തുരയ്യനു കൊടുത്താൽ പരോപകാരി ആയ ആ ബ്രാഹ്മണൻ ഏതു വിധത്തിലെങ്കിലും ആയിരം പണം അവന്ന് അന്വേഷിച്ചു കൊടുക്കും.

പത്മനാഭപുരത്തെ ജനങ്ങൾ ആദിച്ചപ്പിള്ളയെപ്പററി വല്ല സംഗതിവശാലും സംസാരിക്കാത്ത ദിവസം ഇല്ലായിരുന്നു എന്നു തന്നെ പറയാം. അദ്ദേഹത്തിന്റെ ധനത്തെപ്പററി "ഞങ്ങളുടെ ഇടയ്ക്കും ലക്ഷപ്രഭുക്കൾ ഉണ്ട്. കുവലത്തറ മൂപ്പിലിന് എത്ര ലക്ഷം പണം ഉണ്ടെന്ന് അങ്ങേർക്ക് തന്നെ അറിയാവൂ" എന്നു അഭിമാനപുരസ്സരം അന്യ നാട്ടുകാരോടു സംസാരിക്കുന്നവരും അവിടെ ഇല്ലെന്നില്ല. രണ്ടോ മൂന്നോ ലക്ഷം പണം സമ്പാദ്യം അദ്ദേഹത്തിനു ഉണ്ടെന്നാണ് അവിടത്തെ ജനങ്ങൾ ഊഹിച്ചു വന്നിരുന്നത്. ഈ അഭിപ്രായം പുറപ്പെടുവിക്കുന്നതിനെ ആധാരമെഴുത്തു പാച്ചുപിള്ളയൊ, ഉണ്ടിയൽകട അയ്യാത്തുരയ്യരൊ കേട്ടാൽ അവർ ഇങ്ങിനെ മറുപടി പറയും. "നീ എന്നേക്കാൾ മിടുക്കനാണ്. അങ്ങേർക്ക് എത്ര പണമുണ്ടെന്നു എനിക്ക് ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല."

ഈ അനവധി ധനം ആദിച്ചപ്പിള്ളയുടെ സ്വഭാവദൂഷ്യങ്ങളെ രത്നഖചിതമായ കാഞ്ചനകവചംപോലെ മറച്ചു. ഒരു കാലത്ത് അദ്ദേഹത്തിന്റെ ചര്യാവിശേഷങ്ങൾ ജനങ്ങളുടെ പരിഹാസത്തിനു വിഷയമായി തീൎന്നു. എന്നാൽ അത് ഇപ്പോൾ ജനങ്ങൾ വിസ്മരിച്ചിരുന്നു എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ സകല പ്രവൃത്തികളും സകല അഭിപ്രായങ്ങളും യഥാക്രമം മാതൃകാപ്രവൃത്തികളായും വേദവാക്യങ്ങളായും, അവർ പരിഗണിച്ചും വന്നു. "കുവലത്തറ അങ്ങേര് നെല്ലു വില്ക്കുന്നില്ല. അതുകൊണ്ടു നെല്ലിനു വില കൂടും, ഞാനും വില്ക്കുന്നില്ല" എന്നും, "കുവലത്തറ മൂപ്പില് ഒരു പുത്തൻ പത്തായം തീൎക്കുന്നു. ഈ പൂവിന് അധികം നെല്ലു കിട്ടും", എന്നും മററും അവർ പറയുക പതിവായിരുന്നു.

കുവലത്തറവീട്ടിൽ ചാക്കരി വയ്ക്കുക പതിവില്ല. സ്വന്തം കൃഷിയിൽ നിന്നും പാതിവാരനെല്ലിൽ നിന്നുമുള്ള ചമ്പാവുനെല്ല് പാച്ചി എന്ന വേലക്കാരിയെക്കൊണ്ടു പുഴുങ്ങി കുത്തിച്ചാണ് കുവലത്തറ വീട്ടുകാർ ഊണുകഴിച്ചു വന്നത്. സസ്യാദികളും വിറകും ആദിച്ചപ്പിള്ള പീടികയിൽ നിന്നും വാങ്ങിയിരുന്നില്ല. തന്റെ പുരയിടങ്ങളിലുള്ള മരച്ചീനി, കാച്ചിൽ മുതലായ കിഴങ്ങുകളും പാട്ടക്കാർ കൊണ്ടുവരുന്ന മലക്കറിസ്സാമാനങ്ങളും കറികൾ വയ്ക്കുവാനും, അവിടെയുള്ള പനമടലും ഉണങ്ങിയ വൃക്ഷങ്ങളും മററും വിറകായിട്ടും കുവലത്തറമൂപ്പിൽ ഉപയോഗിച്ചു വന്നു. മത്സ്യമാംസങ്ങൾ പാട്ടക്കാരോ മററോ സമ്മാനിച്ചാൽ അതു ഭക്ഷിക്കുന്നതിന് ആദിച്ചപ്പിള്ളയ്ക്കു ഒരു വിരോധവുമില്ലായിരുന്നു. എണ്ണയ്ക്കു് അദ്ദേഹത്തിന്റെ പുരയിടങ്ങളിൽ ആണ്ടുതോറും വിതയ്ക്കുന്ന എള്ളു മതിയാകും. ഇതുകൊണ്ടു ആദിച്ചപ്പിള്ളയ്ക്കു പണം ചിലവിടേണ്ടിവന്നിരുന്ന അവസരങ്ങൾ ദുൎല്ലഭങ്ങളായിരുന്നു. വസ്ത്രങ്ങൾക്കും കുമാരകോവിലിലും, നീലകണ്ഠസ്വാമികോവിലിലും മേലാങ്കോട്ടും മററുമുള്ള നെയ്‌വിളക്ക്, തിരുമധുരം, പൊങ്കാല മുതലായ നാണി അമ്മയുടേയും, സാന്ധില്യയുടേയും നേൎച്ചകൾ നടത്തുവാനും, വീട്ടിലെ ഓലകെട്ട് വിളക്കുവയ്പ് മുതലായ ചിലവുകൾക്കും, കരംകൊടുക്കുന്നതിനും കൃഷിയുടെ ചിലവുകൾക്കും മാത്രമേ രൊക്കം പണം ആദിച്ചപ്പിള്ള കൊടുത്തിരുന്നൊള്ളു.

ധനപുഷ്ടികൊണ്ട് ആദിച്ചപ്പിള്ള യാതൊരു അഹംഭാവവും കാണിച്ചിരുന്നില്ല. ഒരു വിചാരത്തെ രണ്ടു വാക്കുകൊണ്ട് പറയാവുന്ന സന്ദർഭങ്ങളിൽ നാലു വാക്ക് ഉപയോഗിക്കുന്ന ശീലം കുവലതറമ്മൂപ്പക്ക് വശമില്ലായിരുന്നു. അദ്ദേഹം സംസാരിക്കുന്നതും താണ സ്വരത്തിലാണ്. പത്മനാഭപുരത്തു വന്നു താമസമായതിൽ പിന്നെ അദ്ദേഹത്തിന്റെ സംസാരത്തിൽ ഒരു ചെറിയ വിക്ക് കാണപ്പെട്ടു. അന്യരോടു വാദിക്കുമ്പോൾ തന്റെ വാദത്തെ അവരെ സകാരണം പറഞ്ഞു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു ശേഷി ഉണ്ടായിരുന്നില്ല. ഇതും ഇംഗ്ലീഷ് വിദ്യാഭ്യാസമില്ലാത്തതുകൊണ്ടാണെന്നു ചിലർ പറഞ്ഞിരുന്നുവെങ്കിലും, വാസ്തവത്തിൽ വിക്കും മററു ചില വിശേഷസ്വഭാവങ്ങളും കൃത്രിമമായി അദ്ദേഹം തന്റെ ഉദ്ദേശസാദ്ധ്യത്തിനായി നടിക്കുക മാത്രമായിരുന്നുതാനും. ഏതു ചോദ്യങ്ങൾക്കും 'ഉണ്ട്' അല്ലെങ്കിൽ 'ഇല്ല' എന്നു ഖണ്ഡിച്ച് ഉത്തരം പറയാൻ ആദിച്ചപ്പിള്ള ശീലിച്ചിരുന്നില്ല. കടലാസിൽ വല്ലതും എഴുതുന്നതും വളരെ സൂക്ഷിച്ചാണ് അദ്ദേഹം ചെയ്യാറുള്ളതു്. തന്നോടും വല്ലവരും സംസാരിക്കുമ്പോൾ അതിനെ ആദിച്ചപ്പിള്ള അലസഭാവത്തെ നടിച്ചു വലത്തെ കയ്യുകൊണ്ട് താടിയെ തടവി കേൾക്കും. ഒരു സംഗതിയെക്കുറിച്ച് ഒന്നു നിശ്ചയിച്ചാൽ അദ്ദേഹം അതിൽ നിന്നും വ്യതിചലിച്ചിരുന്നില്ല. എന്നാൽ നിസ്സാരസംഗതികളിൽപോലും ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതിനു മുമ്പിൽ അദ്ദേഹം അതിനെപ്പററി ദീർഘാലോചന കഴിക്കും. പണമിടപാടിനെപ്പററി വല്ലവരോടും അദ്ദേഹം സംസാരിക്കുമ്പോൾ തനിക്ക് ആലോചിക്കുന്നതിനു സമയം ലഭിക്കുവാനായി "എന്റെ ഉടപ്പിറന്നവളോടു ചോദിക്കട്ടെ ഞാൻ എല്ലാക്കാര്യവും അവളോടു ചോദിച്ചേ ചെയ്യുകയുള്ളു" എന്ന് ഒഴികഴിവു പറക പതിവാണ്. എന്നാൽ വാസ്തവത്തിൽ യാതൊരു ഇടപാടിലും ആദിച്ചപ്പിള്ള നാണിഅമ്മയുടെ അഭിപ്രായം ചോദിച്ചിരുന്നുമില്ല.

ആദിച്ചപ്പിള്ള അന്യഭവനങ്ങളിൽ അത്യാവശ്യമില്ലാതെ പോകുകയോ അവിടെ നിന്നും ഭക്ഷണം കഴിക്കുകയോ അന്യരെ തന്റെ ഗൃഹത്തിൽ ഭക്ഷണത്തിനു ക്ഷണിക്കുകയോ ചെയ്തിരുന്നില്ല. മാർജ്ജാരനെപ്പോലെ ശബ്ദമുണ്ടാക്കാതെയാണ് അദ്ദേഹത്തിന്റെ നടത്ത. ഒരു പക്ഷേ പണത്തിലുള്ള ലുബ്ധ്, തന്റെ കായശക്തി വ്യയത്തിലും പ്രയോഗിച്ചിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം ഇങ്ങനെ സാവധാനത്തിൽ നടന്നതു്. തനിക്കു വരുവാനുള്ള ഒരു കാശുപോലും ഇളച്ചു കൊടുക്കാത്ത ആദിച്ചപ്പിള്ള അന്യന്റെ മുതലിനെ കാംക്ഷിച്ചതുമില്ല. തന്റെ സ്വഭാവത്തെ അന്യരെ ഗ്രഹിപ്പിക്കാതെ ആദിച്ചപ്പിള്ള സൂക്ഷിച്ചു പെരുമാറിയെങ്കിലും അദ്ദേഹത്തിന്റെ, പ്രത്യേകിച്ചും വീട്ടിൽവച്ചുള്ള, വാക്കുകളിൽ നിന്നും, ഭാവങ്ങളിൽ നിന്നും അതു സൂക്ഷ്മദൃക്കുകൾക്കു മനസ്സിലാക്കാമായിരുന്നുതാനും.

ഹ്രസ്വവും ദൃഢവും സ്ഥൂലിച്ചതുമായിരുന്നു ആദിച്ചപ്പിള്ളയുടെ ദേഹം. നിറം പുതുനിറം. മുഖത്തു വസൂരിത്തഴമ്പുകൾ കാണ്മാനുണ്ട്. അധരത്തിലും വീണുതുടങ്ങിയിരിക്കുന്ന ദന്തനിരകളിലും വെററില തിന്നുന്നതിന്റെ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ഒററച്ചുവന്ന കല്ലുവച്ച കടുക്കൻ അദ്ദേഹം കർണ്ണാഭരണമായി ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ നേത്രങ്ങളിൽ നിന്നും മനോവികാരങ്ങളെ ഗ്രഹിക്കുവാൻ പ്രയാസം. നെററിയിൽ ഞൊറിവുകൾ ധാരാളമുണ്ട്. കൊഴിഞ്ഞു ശേഷിച്ചിരിക്കുന്ന കേശവും നിബിഡമായി വളർന്നിരിക്കുന്ന ശ്മശ്രുവും നരച്ചു തുടങ്ങിയിരുന്നു. പരന്ന നാസികയുടെ വലത്തുവശത്ത് ഒരു അരിമ്പാറ കാണപ്പെട്ടു. സ്വാർത്ഥപ്രതിപത്തി മൂർത്തീകരിച്ച മുഖമാണ് ആദിച്ചപ്പിള്ളയ്ക്കുണ്ടായിരുന്നതു്. ധനത്തിലും തന്റെ ഭാ

ഗിനേയി ആയ സാന്ധില്യയിലും മാത്രമേ അദ്ദേഹത്തിനു സ്നേഹമുണ്ടായിരുന്നൊള്ളൂ. ജീവിതസമരത്തിൽ വിജയികളായി തീൎന്നവൎക്കു സഹജമായി കാണാവുന്ന ആത്മവിശ്വാസം ആദിച്ചപ്പിള്ളയുടെ ഭാവങ്ങളും മററും സൂചിപ്പിച്ചു.

പുറത്തു് ഇറങ്ങുമ്പോൾ ആദിച്ചപ്പിള്ള എല്ലായ്പ്പോഴും ധരിച്ചിരുന്നതു് ഒരു കട്ടിമുണ്ടും വെള്ള നേര്യതുമായിരുന്നു. വീട്ടിലിരിക്കുമ്പോൾ ഒരു ചെറിയകട്ടി മാത്രമേ അദ്ദേഹം ഉടുത്തിരുന്നൊള്ളൂ. ദിവസംപ്രതി വെള്ളമാറുന്ന ശീലവും ആദിച്ചപ്പിള്ളയ്ക്കുണ്ടായിരുന്നില്ല.

---

## അദ്ധ്യായം ൨.

---

"മലർശര പരവശരായ്ത്തീടിന
പലപല നൃപതികളവളെ ലഭിപ്പാൻ
പലതരമങ്ങു പ്രയത്നംചെയ്തു
ഫലമതുപിന്നെക്കണ്ടാലറിയാം."

കുവലത്തറവീട്ടിൽ ആറുപേർ മാത്രമേ പതിവായി വന്നിരുന്നൊള്ളൂ. ഇവരിൽവെച്ചു് പ്രഥമഗണനീയൻ ആധാരമെഴുത്തുപാച്ചുപിള്ളയുടെ സ്യാലനായ ഗംഗാധരൻപിള്ള ആയിരുന്നു. ഗംഗാധരൻപിള്ള പത്മനാഭപുരം മുൻസിപ്പുകോടതിയിലെ വിധിനടത്തുഗുമസ്താ എന്ന ഭാരമേറിയ ജോലി നിൎവ്വഹിച്ചു വന്നു. ഈ കഥ തുടങ്ങുമ്പോൾ ഗംഗാധരൻപിള്ളക്കു് ഇരുപത്തിഎട്ടുവയസ്സ് പ്രായമുണ്ടു്. മുൻസിപ്പുകോടതിയിൽ എട്ടുവൎഷം കൃതകൃത്യതയോടും സത്യസന്ധതയോടും ജോലി നോക്കിയതിന്റെ ഫലമായി ഗംഗാധരൻപിള്ള ഇരണിയൽതാലൂക്കിൽ ഇരുപതുകോട്ട നിലവും രണ്ടു പുരയിടങ്ങളും സമ്പാദിച്ചിരുന്നു. ഗംഗാധരൻപിള്ളയുടെ തറവാടായ ഇലഞ്ഞിമൂട്ടിലും കാലക്ഷേപത്തിനു വകയുണ്ടു്. ഗംഗാധരൻപിള്ളയുടെ ഒരു ജ്യേഷ്ഠസഹോദരിയുടെ ഭൎത്താവാണു് ആധാരമെഴുത്തു പാച്ചുപിള്ള. ദേവസ്വം കണക്കകിട്ടുപിള്ളയാണു് ഈ സ്ത്രീയുടെ ജ്യേഷ്ഠത്തിയെ വിവാഹം ചെയ്തിരുന്നതു്. ഇവർ രണ്ടുപേരും അവരവരുടെ ഭാൎയ്യമാൎക്കു ധാരാളം സമ്പാദിച്ചു കൊടുത്തിരുന്നു. ധനപുഷ്ടിയും ജനസ്വാധീനവുമുള്ളവർ മൂന്നുപേരും കുവലത്തറവീടിനെ കൂടക്കൂടെ സന്ദൎശിച്ചുവന്നു.

നാഗരുകോവിലിൽ ഉണ്ടിയൽക്കട വ്യാപാരം നടത്തിവന്ന അയ്യാത്തുരയ്യനും അദ്ദേഹത്തിന്റെ നായർഭാൎയ്യയായ ലക്ഷ്മിഅമ്മയും മകനായ ഗോവിന്ദപ്പിള്ളയും ആയിരുന്നു, ശേഷമുള്ള മൂന്നുപേർ. ലക്ഷപ്രഭുവായ ആദിച്ചപ്പിള്ളയുടെ സ്വത്തുകൾക്കെല്ലാം ഏക അവകാശിയായ സാന്ധില്യയെ, ഇരുപത്തിനാലുവയസ്സുള്ള തന്റെ മകനെക്കൊണ്ടു വിവാഹം ചെയ്യിപ്പിക്കണമെന്നായിരുന്നു ലക്ഷ്മിഅമ്മയുടെ മോഹം. ഇതിനെ തടഞ്ഞു് അവളെ ഗംഗാധരൻപിള്ളയുടെ ഭാൎയ്യയാക്കിത്തീൎക്കണമെന്നു് ഇലഞ്ഞിമൂട്ടു കക്ഷിക്കാർ നിശ്ചയിച്ചു് അതിനായി അവർ ഭഗീരഥപ്രയത്നം ചെയ്തുവന്നു. ഈ രണ്ടു മത്സരകക്ഷികളുടേയും ഉദ്ദേശം പത്മനാഭപുരനിവാസികൾക്കെല്ലാം അറിയാമായിരുന്നു. ഏതു കക്ഷിക്കാണു വിജയം ലഭിക്കുന്നതു് എന്നറിവാൻ അവർ സകൗതുകം കാത്തുനിന്നിരുന്നതാണു്.

ഈ മത്സരംകണ്ടു നിൽക്കുന്നവരിൽ ചിലർ രണ്ടു കക്ഷിക്കും ജയമുണ്ടാകില്ലെന്നു വാദിച്ചു. ഒരു ബി. എ. ക്കാരനോ വലിയ സർക്കാരുദ്യോഗസ്ഥനോ മാത്രമേ ആദിച്ചപ്പിള്ള തന്റെ ഭാഗിനേയിയെ വിവാഹംചെയ്തു കൊടുക്കുകയുള്ളു എന്നായിരുന്നു ഇവരുടെ വിശ്വാസം. "ഗോവിന്ദപ്പിള്ള നല്ല ഇല്ലക്കാരൻ കാലക്ഷേപത്തിനും വകയുണ്ട്. കണ്ടാലും കൊള്ളാം; പിന്നെ എന്താണ് അയാൾക്കു കുറവ്? മറത്തിൽ പിള്ളയുടെ തറവാടേതു്? ഇന്നലെ അല്ലയോ കുവലത്തറ വാങ്ങിയതു്. അയാൾ സ്വരൂപക്കാരനുമാണല്ലോ. പെണ്ണിനും ചന്തമില്ല പണം മാത്രമുണ്ട്" ഇപ്രകാരം ലക്ഷ്മി അമ്മയുടെവശത്തുള്ളവർ വാദിച്ചു. കുറേക്കൂടി സൂക്ഷ്മദൃക്കുകളായ ചിലർ ഗംഗാധരൻപിള്ള ഗോവിന്ദപ്പിള്ളയേക്കാൾ കൂടക്കൂടെ കുവലത്തറെ പോകുന്നതിനെ ചൂണ്ടിക്കാണിച്ചു. ഇതിനുത്തരമായി ലക്ഷ്മിഅമ്മയുടെ പക്ഷത്തിലുള്ളവർ ആ സ്ത്രീകൾ നാണിഅമ്മയോടും സാന്ധില്യയോടും അടുപ്പമുണ്ടെന്നു തർക്കിച്ചു. ആദിച്ചപ്പിള്ളയുടെ പൂർവചരിത്രത്തെ അറിയാവുന്നവർ അദ്ദേഹത്തിന്റെ മകനായ ഹൃഷികേശൻനായരെ സാന്ധില്യയുടെ ഭാവിയിലെ ഭർത്താവായി പരിഗണിച്ചുവന്നു. ഈ വാദത്തിനു ഇലഞ്ഞിമൂട്ടുകാരും ലക്ഷ്മിഅമ്മയുടെ പാർശ്വത്തിലുള്ളവരും ഇപ്രകാരം സമാധാനം പറയും. "ഇങ്ങനെ ഒരു മകൻ ഉണ്ടെന്നുതന്നെ ആദിച്ചപ്പിള്ള മറന്നിരുന്നു. അവർ തമ്മിൽ കണ്ടിട്ടു കുറേക്കാലമായി. മാതുപിള്ള ചിട്ടിവെച്ചുതന്നെ ഒരു പാടു സമ്പാദിച്ചിട്ടുണ്ട്. ഒരു അനന്തരവനേയുള്ളു. അയാൾ ബി. എ. ക്കാരൻ. അയാളെ ശീമയ്ക്കോ മറേറാ മാതുപിള്ള അയയ്ക്കും. അയാൾ വല്ല ഉദ്യോഗസ്ഥന്മാരുടെ മക്കളെ മാത്രമേ സംബന്ധം ചെയ്യുകയുള്ളു" ഇങ്ങനെ സാന്ധില്യ ആ താലൂക്കിലുള്ളവരുടെ സംഭാഷണത്തിനു വിഷയമായിത്തീന്നിരുന്നു.

ഈ കഥ തുടങ്ങുന്നതിനു് ഒരു വഷത്തിനു മുൻപു് ഇലഞ്ഞിമൂട്ടുകാക്കു ലക്ഷ്മിഅമ്മയുടെ മേൽ ഗൌരവണീയമായ ഒരു വിജയം ലഭിച്ചു. കോട്ടശ്ശേരി അമ്മ വീട്ടിലെ നിരഞ്ജനൻ തമ്പിയുടെ വക കുറേ നിലങ്ങളും പുരയിടങ്ങളും പുതുവൽ പിടിച്ച സ്ഥലങ്ങളും ഇലഞ്ഞിമൂട്ടുകാരുടെ സഹായം ഹേതുവായി കുവലത്തറ മൂപ്പക്കു കുറഞ്ഞ വിലയ്ക്കു വാങ്ങുവാൻ സാധിച്ചു. ഇത്ര കുറഞ്ഞ വിലയ്ക്കു ഇവ ആദിച്ചപ്പിള്ളക്കു ലഭിച്ചതു ജനങ്ങളുടെ അതിശയത്തിനും അസൂയക്കും കാരണമായിത്തീന്നു. ഇതിനു ചിലവിടേണ്ടിവന്ന പണം അവയിലെ തടികൾ വെട്ടിവിററു് ആദിച്ചപ്പിള്ള ഈടാക്കുകയും ചെയ്തു.

പത്മനാഭപുരത്തു പടിഞ്ഞാറെ കോട്ടവാതലിനു സമീപത്തു സ്ഥിതിചെയ്തിരുന്ന കുവലത്തറ പഴയരീതിയിലുള്ള ഒരു ഭവനമായിരുന്നു. പൂമുഖത്തെ രണ്ടുവശത്തെ പുറകോട്ടു വളഞ്ഞ മരഅഴികൾ കാലപഴക്കം കൊണ്ടു ജീർണ്ണിച്ചു ഭസ്മവണ്ണമായി നിൽക്കുന്നുണ്ട്. അതിനകത്തു രണ്ടു വശത്തുമുള്ള തട്ടുപടികൾ അധഃപതനത്തെ പ്രാപിക്കാറായിരിക്കുന്നു. പൂമുഖത്തിന്റെ പുറകിലുള്ള പടിപ്പുരമുറി ഇപ്പോൾ കുവലത്തറ വീട്ടുകാർ ഉപയോഗിക്കാറില്ല. അതിന്റെ തെക്കുവശത്തുള്ള പടിപ്പുരത്തളം ശുഷ്കിച്ച താലപത്രങ്ങളാലുംകല്പവൃക്ഷപത്രങ്ങളാലും ചൂതവൃക്ഷങ്ങളാലും അലങ്കരിക്കപ്പെട്ടിരുന്നു. ഇപ്രകാരമുള്ള ഇന്ധനസമുച്ചയത്തിനും മറവുമാണ് ആദിച്ചപ്പിള്ള ആ പടിപ്പുരയെ ഉപയോഗിച്ചുവന്നിരുന്നതു്. പടിപ്പുരയ്ക്കും വീട്ടിനും തെക്കുവശത്തുള്ള പത്തായപ്പുരക്കു സമീപം സാന്ധില്യ നട്ടുവളർത്തിയ തുളസി, പിച്ചി, ചെമന്തി, മുതലായ പൂച്ചെടികൾ കാണ്മാനുണ്ട്.

ഗോമലജലവഷണത്താൽ മിനുസമായി കിടന്നിരുന്ന മുററം കഴിഞ്ഞാൽ നമുക്ക് വീട്ടിൽ പ്രവേശിക്കുവാൻ കഴിയും. വീട്ടിന്റെ മുൻവശത്തുള്ള തളം തന്റെ

ആസ്ഥാനമണ്ഡപമായും, അതിലെ ഉടമ്പറ സിംഹാസനമായുംഅതിനോടുചേൎന്നുള്ള തെക്കേപ്പുര പള്ളിയറആയും തെക്കെപ്പുരയ്ക്കു് വടക്കുള്ള മുറി ഭണ്ഡാരമായും ആദിച്ചപ്പിള്ള ഉപയോഗിച്ചുവന്നു. ഭസ്മനിൎമ്മിതമായ കൃത്രിമസസ്യാദികളും പുത്തരിനെൽകതിരുകളും ആ തളത്തിന്റെ മച്ചിൽ തൂക്കപ്പെട്ടിരുന്നു ആ വീട്ടിന്റെ പൂൎവ്വനിവാസികളുടെ ഭക്തിരസത്താൽ തളത്തിന്റെ മച്ചു സദ്യക്കു മൃഷ്ടാന്നഭോജനം കഴിച്ചുവരുന്ന ദ്വിജവരന്മാരുടെ വക്ഷസ്സുപോലെ ചന്ദനലേപനം കൊണ്ടു സങ്കീൎണ്ണവൎണ്ണമായും സുഗന്ധവുമായി തീൎന്നിരുന്നു. തളത്തിന്റെ നിരയ്ക്കലങ്കാരമായി ശിവന്റെ ഒരു പടം കാണ്മാനുണ്ടു്. ഈ അലങ്കാരങ്ങൾ ആ ഭവനം ആദിച്ചപ്പിള്ള വാങ്ങിയപ്പോൾ അവിടെ ഉള്ളതായിരുന്നതാനും. നിരച്ചുവരുകളുള്ളതും വായു കടക്കാത്തതുമായ തെക്കേപ്പുരയിൽ ഒരു പലകക്കട്ടിലും രണ്ടു കാൽപ്പെട്ടികളും സ്ഥലം നിറച്ചിരുന്നു. ഇതിനകത്തുള്ള ഭണ്ഡാരമുറിയുടെ തറ തളത്തിന്റെ സമനിരപ്പിൽ നിന്നും ഉയൎന്നു കിടന്നിരുന്നു. ഒരു വാതിൽ മാത്രം ഇതിനുണ്ടായിരുന്നതുകൊണ്ടു തെക്കേപ്പുരയേക്കാൾ തമോമയമായിരുന്നു. ഈ മുറി നീണ്ടുരുണ്ട ഒരു നാഴിപ്പൂട്ടു് ഈ ഭണ്ഡാരമുറിയുടെ ഘനമുള്ള കവാടത്തിൽ കാണപ്പെട്ടു. ഈ മുറിയുടെ താക്കോലിനെ കുവലത്തരമൂപ്പർ ഒരുത്തരുടെ കയ്യിലും കൊടുത്തിരുന്നില്ല. തന്റെ ഭണ്ഡാരമുറിയിൽ പ്രവേശിക്കുവാൻ അദ്ദേഹം ഒരുത്തരേയും അനുവദിച്ചിരുന്നതുമില്ല.

ഈ ഭണ്ഡാരമുറിയുടെ പടിഞ്ഞാറുവശത്തുള്ള അറപ്പുരയിലാണു നാണിഅമ്മയും സാന്ധില്യയും അധിവസിച്ചിരുന്നതു്. ഇതിനകത്തും, ഭക്ഷണം കഴിക്കുന്നതിനു ഉപയോഗപ്പെടുത്തി വന്ന തളത്തിലും അടുക്കളയിലുമായി ഈ സ്ത്രീകൾ അവരുടെ ഏകരൂപമായ ജീവിതത്തെ നയിച്ചു വന്നിരുന്നു. അടുക്കളജോലിക്കു പാച്ചി ഉണ്ടായിരുന്നെങ്കിലും ഇവർ അവളെ യഥാശക്തി സഹായിക്കുന്നതിനു മടികാണിച്ചിരുന്നില്ല. ഗൃഹജോലി ഇല്ലാതിരിക്കുമ്പോൾ നാണിഅമ്മ രാമായണം ഭാരതം മുതലായ മതസംബന്ധമായ ഗ്രന്ഥങ്ങളെ പാരായണം ചെയ്തും പുത്രിയോടുകൂടി നീലകണ്ഠസ്വാമികോവിൽ, കുമാരകോവിൽ, മേലാങ്കോട്ടു്ക്ഷേത്രം സന്ദൎശിച്ചും സാന്ധില്യയോടും സഖിയായ ലക്ഷ്മിഅമ്മയോടും പല്ലാംകുഴി കളിച്ചും സമയം വ്യയം ചെയ്തിരുന്നു. സാന്ധില്യക്കു മതഗ്രന്ഥപാരായണത്തിൽ വൈമനസ്യം ഇല്ലായിരുന്നുവെങ്കിലും ഗൃഹജോലി കഴിഞ്ഞുള്ള അധികസമയവും അവൾ വിക്രമാദിത്യൻകഥ, മദനകാമരാജൻകഥ, മീനകേതനചരിത്രം മുതലായ കഥാപുസ്തകങ്ങൾ വീണ്ടുംവീണ്ടും വായിച്ചു നേരം കളഞ്ഞു. ചിലപ്പോൾ ഇവയെ വായിക്കുവാനുള്ള കൌതുകം മൂലം അവൾ പത്തുപതിനൊന്നു മണിവരെ ഉറക്കമിളച്ചിരിക്കും. ആദിച്ചപ്പിള്ളയുടെ സുഗ്രീവാജ്ഞ ഒൻപതുമണി കഴിഞ്ഞാൽ വിളക്കണയ്ക്കണമെന്നായിരുന്നു. അതു കഴിഞ്ഞു വിളക്കുവയ്ക്കുന്നതിനുള്ള പുന്നയ്ക്കെണ്ണയും അദ്ദേഹം ദിവസംതോറും കൊടുത്തുവന്നിരുന്നതുമില്ല. മാതുലനോടു് ഈ ധൂൎത്തിനു് ആവശ്യമുള്ള എണ്ണ ചോദിക്കുവാൻ സാന്ധില്യയ്ക്കു ധൈൎയ്യമില്ലാതിരുന്നു. സാന്ധില്യയെ സദാ സന്തോഷിപ്പിക്കണമെന്നു നിഷ്ഠയുള്ള സമൎത്ഥയായ പാച്ചിയുടേ സഹായത്താൽ അവളുടെ ഈ അതിവ്യയശീലം നിൎവ്വിഘ്നമായി നടന്നുവന്നിരുന്നു. അടുക്കളയിലെ കൈവിളക്കിനുള്ള എണ്ണ ലുബ്ധു പിടിച്ചു് ആ സ്വാമിഭക്തിയുള്ള ഭൃത്യ സാന്ധില്യയുടെ ഗ്രന്ഥപരായണത്തിനു സൌകൎയ്യം ഉണ്ടാക്കിക്കൊടുത്തു.

---

# അദ്ധ്യായം ൩.

"ചോറുകൊടുക്കും യജമാനന്മാർ
കൂറുള്ളവരിഹ പാരംകുറയും."

പാച്ചിയേപ്പോലെ ഒരുനല്ല വേലക്കാരി ആ നാട്ടിലെങ്ങും ഇല്ലായിരുന്നതുകൊണ്ടും കുവലത്തറമൂപ്പർ പത്മനാഭപുരത്തുകാരുടെ അസൂയയ്ക്കു പാത്രമായി ഭവിച്ചു. 'തടിച്ചി പാച്ചി' എന്നായിരുന്നു അവർ അവളെ വിളിച്ചു വന്നിരുന്നതു്. ആറടിയിൽ കുറയാത്ത പൊക്കവും അതിനു ചേരുന്ന തടിപ്പും അവൾക്കുണ്ടായിരുന്നതുകൊണ്ടാണു് അവൾക്കു് ഈ അഭിധാനം ലഭിച്ചതു്. അവളുടെ ഇരുണ്ട ഫാലപ്രദേശത്തെ തുക്കായി പച്ച കുത്തിയ ഒരു ഋജുരേഖ രണ്ടു സമഭാഗങ്ങളായി വിഭജിച്ചിരുന്നു. അവൾക്കു് ഈ കഥ തുടങ്ങുമ്പോൾ മുപ്പത്തിയഞ്ചു വയസ്സുണ്ടു്. സാന്ധില്യക്കു് ഒരു വയസ്സുള്ളപ്പോൾ അവളെ വളർത്തുന്നതിനു രോഗിയായ നാണിഅമ്മയെ സഹായിക്കുവാൻ കണ്ണൻനായർ കൊണ്ടുവന്നവളാണു് പാച്ചി. നാണിഅമ്മയും സാന്ധില്യയും കുവലത്തറ വന്നപ്പോൾ അവർ പാച്ചിയേയുംകൂടി കൊണ്ടുപോന്നിരുന്നു. മാസം മൂന്നു പണം വീതമുള്ള അവളുടെ ശമ്പളത്തെ അവൾ മുതൽകൂട്ടി ഇപ്പോൾ എഴുനൂറു പണത്തോളം ആക്കിത്തീർത്തിരിക്കുന്നു. ഇതു് അവൾ ആധാരമെഴുത്തു പാച്ചുപിള്ളയുടെ പക്കൽ പലിശയ്ക്കു കൊടുക്കുവാൻ ഏല്പിച്ചിരിക്കുകയാണു്. ഇതൊരു വലുതായ സമ്പാദ്യമായി അവളുടെ തരക്കാർ ഗണിച്ചു വന്നു എന്നാൽ ഇതിനുവേണ്ടി എത്രമാത്രം ദേഹം വിയർത്തു ജോലി ചെയ്തിരുന്നുവെന്നു് ഈ അസൂയക്കുക്ഷികൾ പറഞ്ഞിരുന്നുമില്ല.

മിഞ്ചിറയാണു് പാച്ചിയുടെ സ്വദേശം. ദാരിദ്ര്യം ഹേതുവായി അവൾ പതിനാറു വയസ്സിൽ ഭൃത്യജോലിക്കു പുറപ്പെട്ടു. കുഴിത്തുറെ ഒരു പോലീസ് ഇൻസ്പെക്ടരുടെ വീട്ടിൽ അവൾ രണ്ടുവർഷം താമസിച്ചു. ഇൻസ്പെക്ടരുടെ അകാലമരണത്തിനുശേഷം അവൾ ദിനവൃത്തി കഴിക്കുവാനായി വഴിയില്ലാതെ ചുററി നടക്കുമ്പോൾ ആണു കണ്ണൻനായർ അവളെ തന്റെ ഭാര്യയുടെ ദാസിയായി കൊണ്ടുവന്നതു്. സാന്ധില്യയുടെ പ്രസവത്തോടുകൂടി രോഗിയായി തീർന്നിരുന്ന നാണിഅമ്മ പാച്ചിയെ ഒരു അമൂല്യരത്നമായി കരുതിവന്നു. സാന്ധില്യയുടെ സകല ശുശ്രൂഷകളും പാച്ചി തന്നെ ചെയ്തുവന്നിരുന്നു. സത്യസന്ധയും കുശലയും സ്വാമിഭക്തിയുള്ളവളുമായ പാച്ചിയുടെ ഗുണങ്ങളെ അറിഞ്ഞു് അവളെക്കൂടി കുവലത്തറയ്ക്കു കൊണ്ടുപോരുന്നതിനു് ആദിച്ചപ്പിള്ള മടിച്ചില്ല. ക്രമേണ പാച്ചിക്കും ആദിച്ചപ്പിള്ളയോടു ഭക്തിബഹുമാനാദികൾ തോന്നിത്തുടങ്ങി.

ആ ഭവനത്തിലെ സകലജോലികളും പാച്ചിചെയ്തുവന്നു. രാവിലെ ആറു മണിക്കു മുൻപു് എണീററാൽ രാത്രി ഒൻപതുമണിവരെ അവൾസ്വസ്ഥമായി ഒരു സ്ഥലത്തും ഇരിക്കുകയില്ല. അരിവെപ്പും അടിച്ചുതളിയും കൂടാതെ നെല്ലുകുത്തുന്നതും, മരച്ചീനി നുറുക്കിവിൽക്കുവാനായി ഉണക്കുന്നതും, ഓലമേച്ചിൽ മുതലായ വിശേഷജോലികൾ ചെയ്യുന്നവർക്കു് കഞ്ഞിയും പുഴുക്കും തയാറാക്കികൊടുക്കുന്നതും, പീടികയിൽപോയി സാമാനങ്ങൾ വാങ്ങിക്കുന്നതും പാച്ചിതന്നെ നിർവ്വഹിച്ചുവന്നു. യജമാനന്റെ കാര്യത്തെ അവൾ സ്വന്തം കാര്യംപോലേ അന്വേഷിച്ചു് ദാരിദ്ര്യംകൊണ്ടു് ലുബ്ധു ശീലിച്ചു് വന്നിരുന്ന അവളോടു് ആദിച്ചപ്പിള്ളയ്ക്കു് കരുണ തോന്നി. വി

ഷ്യുതോറും ഒരു ചക്രം കൈനീട്ടവും ഓണത്തിന് ഒരു മഞ്ഞനേരിയതും സമ്മാനിച്ചിരുന്ന ഈ ഔദാര്യശീലത്തെ അവൾ കൃതജ്ഞതയോടു കൂടി പ്രശംസിച്ചും വന്നു. നാണിഅമ്മയുടേയും, സാന്ധില്യയുടേയും കീറിയ പുടവകളും തോർത്തുകളും ആദിച്ചപിള്ളയുടെ അനുവാദത്തോടു കൂടി അവർ പാച്ചിക്ക് കൊടുത്തിരുന്നു. അതുകൊണ്ടു് പാച്ചിക്കു് വസ്ത്രങ്ങൾ വാങ്ങിക്കുന്നതിന് കുവലത്തറമൂപ്പർ പണം ചിലവാക്കേണ്ടിവന്നില്ല.

കുവലത്തറവീട്ടുകാർ പാച്ചിയെ തങ്ങളുടെ ഒരു ബന്ധുവിനെപ്പോലെ വിചാരിച്ചുവന്നു. അവൾ അറിയാതെ സാന്ധില്യയും നാണിഅമ്മയും ഒരു കാര്യവും ചെയ്തുവന്നില്ല. അതുകൊണ്ടു് പാച്ചി തന്റെ അടിമസ്ഥിതിയേയും ദരിദ്ര്യതയേയും വിസ്മരിച്ച് ഉത്സാഹത്തോടു കൂടി അവിടത്തെജോലികൾ നടത്തിവന്നു. സൈരന്ധ്രിയായി പുറപ്പെട്ടതുമുതൽ കൊച്ചമ്മമാരുടെയും അങ്ങുന്നന്മാരുടെയും അകാരണമായ ശാസനകൾക്കു പാത്രമായിതീരുന്ന ആ സാധുസ്ത്രീയ്ക്കു് കുവലത്തറവീട്ടുകാരോടുള്ള കൃതജ്ഞത എത്രഎന്നു് പറഞ്ഞറിയിക്കുവാൻ പ്രയാസം. ഇതുകൊണ്ടു് ആദിച്ചപ്പിള്ള ദിവസത്തെചിലവിന് കൊടുക്കുന്ന അരിതനിക്ക് രണ്ടു നേരവും നിറച്ചു ഉണ്ണുവാൻ മതിയാകാതെ വരുന്നതിനെ അവൾ മറന്നിരുന്നു. ചിലപ്പോൾ വീട്ടിലെവാഴക്കുലകൾ വിളയാതെ ഒടിഞ്ഞുവീണു് വാടിപഴുത്താൽ അതിൽ നിന്നും വേണ്ടിടത്തോളവും പഴം തിന്നുവാൻ ഉദാരനായ ആദിച്ചപ്പിള്ള പാച്ചിയെ അനുവദിയ്ക്കും. ആ വീട്ടിലുള്ള പുളിച്ചിമാവിൽ നിന്നും പൊഴിയുന്ന മാമ്പഴങ്ങളും ആദിച്ചപിള്ളയുടെ പറമ്പുകളിൽ ഉണ്ടാകുന്ന പനങ്കിഴങ്ങുകൾ മുതലായ സാധനങ്ങൾ മതിയാകുന്നിടത്തോളവും ഭക്ഷിക്കുന്നതിനു പാച്ചിക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. മാറ്റീനി ഉണക്കി വിൽക്കുവാനായി നറുക്കുമ്പോൾ അതിൽഅല്പം എടുത്തു് കുവലത്തറമൂപ്പർ പാച്ചിക്ക് സമ്മാനിക്കുവാനും മടിച്ചില്ല. ദാമ്പത്യസൌഖ്യവും പുത്രമിത്രാദികൾ മൂലമുണ്ടാകുന്ന സൌഖ്യവും അറിയാതെ അന്യർക്കു് വേണ്ടി മടികൂടാതെ വിടുപണിചെയ്യുന്ന അവളെനോക്കി, "പാവം, അതുമതിഇപ്പോൾ എനിക്കു് കുറേകഴിഞ്ഞു് നെല്ലുകുത്താം" നീ പോയി കഞ്ഞികുടിച്ചു കൊണ്ടുവാ. ഇത്യാദി ദയാസൂചകമായവാക്കുകൾആദിച്ചപിള്ളചിലപ്പോൾ പറയും. ഇങ്ങനെവില ലഭിക്കാത്ത സാധനങ്ങൾ അവൾക്കുഭക്ഷിക്കുവാൻകൊടുക്കുന്നതുകൊണ്ടും, അനുകമ്പാസൂചിതമായ വാക്കുകൾ പറയുന്നതുകൊണ്ടും ആദിച്ചപിള്ളക്കു് ഒരു നഷ്ടവും ഉണ്ടായില്ല. വാസ്തവത്തിൽ ഇതുകൊണ്ടു് അദ്ദേഹത്തിന് ആ സാധുസ്ത്രീയുടെ അമൂല്യമായ കൃതജ്ഞതയാണു് ലഭിച്ചതു്.

കുവലത്തറയിലെ അടുക്കളയിലും ഉരപ്പുരയിലുംആണ് പാച്ചി പകൽ മുഴുവനും അധിവസിച്ചുവന്നതു്. ആ വീടിന്റെ സകലഭാഗങ്ങളും മെഴുകി ശുദ്ധമാക്കുന്നതും അവൾ തന്നെ. രാത്രിയിൽ അത്താഴം കഴിഞ്ഞു് പാത്രങ്ങളും മററും വച്ചുപൂട്ടിയതിനുശേഷം പാച്ചി അറപ്പുരയിലേക്ക് തിരിക്കും. അവിടെ നാണിഅമ്മയും സന്ധില്യയും രാമായണം മുതലായതു വായിക്കുന്നതും അവൾ കുറേനേരം കേട്ടുകൊണ്ടിരിക്കും. മണിപത്താകുന്നതിന് മുൻപേ അവൾ ഊണുകഴിക്കുവാൻ ഉപയോഗപ്പെടുത്തിവന്ന തളത്തിൽ ചെന്നു് നിദ്രയെ പ്രാപിക്കുകയും ചെയ്യും. രാത്രിയിൽ മാത്രം ബന്ധനത്തിൽ നിന്നും അഴിച്ചുവിട്ടിരുന്ന ഭയങ്കരമായ ഒരു ചെങ്കോട്ടപട്ടി കുരയ്ക്കുമ്പോൾ എല്ലാം എണീററു് അതിന്റെ കാരണത്തെ അറിവാൻ ആ ഭവനം ആസകലം ചുററിനടന്നുനോക്കുന്നതിന് അവൾ എത്ര ഗാഢനിദ്രയിലും മടിച്ചിരുന്നതുമില്ല.

## അദ്ധ്യായം ൪.

"പണമുള്ളവനെ പാട്ടിൽവരുത്താൻ
പണിചെയ്യുന്നതു പാൎത്ഥിവധൎമ്മം"

ഈ കഥ ആരംഭിക്കുന്നതു് ഒരു വിഷു ദിവസത്തിലാണു്. അന്നു രാവിലെ നാണിഅമ്മയും സാന്ധില്യയും നീലകണ്ഠസ്വാമികോവിലിൽ പോയി കുളിച്ചുതൊഴുതു തിരിച്ചുവന്നപ്പോൾ, പതിവുപോലെ ആദിച്ചപ്പിള്ള സാന്ധില്യയെ തന്റെ സമീപത്തു വിളിച്ചു് അവൾക്കു ഒരു തുലാഭാരകാശ് വിഷുക്കൈനീട്ടം കൊടുത്തു. അതിനുമുൻപുതന്നെ പാച്ചിക്കു് പതിവുള്ള ഒരു ചക്രം അദ്ദേഹം അവൾക്കു് നൾകിയിരുന്നു. വിഷുവിനു് പതിവുള്ള തുലാഭാരകാശു കൂടാതെ, ഓണത്തിനു് ഒരു കോട്ടാറൻ പുടവയും നേരിയതും മാസംതോറും ഒരു പണവും ആദിച്ചപ്പിള്ളസാന്ധില്യക്കു കൊടുക്കുക പതിവുണ്ടു്. ഈ തുലാഭാരകാശുകളെ അവൾ ഒരു മടിശ്ശീലയിൽവച്ചു് ഭദ്രമായി സൂക്ഷിച്ചിരുന്നതുകണ്ടു് ആദിച്ചപ്പിള്ള ഈ ധനം തന്റെ കൈയിൽ നഷ്ടമായതായി വിചാരിച്ചിരുന്നില്ല സാന്ധില്യയുടെ അച്ഛന്റെ സമ്പാദ്യത്തെ താനാണു് കൈവശംവച്ചു് അനുഭവിച്ചുവരുന്നതെന്നു് ആദിച്ചപ്പിള്ളയ്ക്കു് ഓൎമ്മയുണ്ടു്. എന്നാൽ അതു നശിപ്പിക്കാതെ ക്രമേണ വൎദ്ധിപ്പിച്ചതുകൊണ്ടും അവരുടെ സകലചിലവുകളും താൻ നടത്തിവന്നിരുന്നതുകൊണ്ടും ആ മാതാവിനും പുത്രിയ്ക്കും കണ്ണൻനായർ കൊടുത്ത മുതലിനെപ്പററി കണക്കു ചോദിക്കുവാൻ അവകാശമില്ലെന്നു് അദ്ദേഹം ചിന്തിച്ചു. വിഷുവിന്റെ സംഭാവനകൾ എല്ലാം കഴിഞ്ഞു് ആദിച്ചപ്പിള്ള കാലത്തെ ആഹാരമായ കഞ്ഞി കുടിക്കുവാൻ തളത്തിലേക്കുവന്നു പാച്ചിയാണു് അദ്ദേഹത്തിനു വിളമ്പി കൊടുത്തതു്. നാണിഅമ്മയും സാന്ധില്യയും അറപ്പുരയുടെ വടക്കെപടിക്കൽ ആദിച്ചപിള്ള ആഹാരം കഴിക്കുന്നതിനെ നോക്കി നിൽക്കുകയായിരുന്നു.

ആദിച്ചപ്പിള്ള:—"ഇന്നൊരു പായസം വയ്ക്കണം. പാച്ചി, വിഷുവല്ലേ?"

വിഷുവിനു വിശേഷവട്ടങ്ങൾ പതിവില്ലായിരുന്നതുകൊണ്ടു് അതിശയത്തോടുകൂടി നാണിഅമ്മയും പാച്ചിയും പരസ്പരം നോക്കി.

പാച്ചി:—"കരുപ്പട്ടി എവിടെയാണു്?"

ആദിച്ച:—"ഇന്നു് ഇലഞ്ഞിമൂട്ടിലെ ഗംഗാധരൻ കൊടുത്തയച്ച ശക്കര നാലുരുണ്ടം ഇരിക്കുന്നു. അതു എടുത്തുകൊടു് നാണി"

നാണി:—"ഓ അണ്ണാ"

പാച്ചി:—"നമുക്കിനി ഈയാണ്ടിത്തന്നെ നിറച്ചു പായസം കുടിപ്പാമല്ലോ. അപ്പിയുടെ മുണ്ടുകൊടയല്ലയോ വരണതു്."

നാണി:—(ധൈൎയ്യസമേതം) "അവൾക്കു മുണ്ടുകൊടുക്കാൻ തക്ക ആളുകൾ ഈ പത്മനാഭപുരത്തില്ല."

ഇത്രയും പറഞ്ഞതിനുശേഷം ഭീതിയോടുകൂടി നാണിഅമ്മ ആദിച്ചപ്പിള്ളയുടെ മുഖത്തു നോക്കി.

ആദിച്ച:—അവൾക്കു പതിനാറു വയസ്സായി ഇല്ലേ? നാണി മുണ്ടുകൊടകാൎയ്യം ഇനി ആലോചിച്ചു തുടങ്ങണം.

നാണിഅമ്മയുടേയും സാന്ധില്യയുടേയും നേത്രങ്ങൾ അന്യോന്യം ചോദ്യം ചെയ്തു മുപ്പത്തിയാറു വയസ്സു പ്രായമുള്ള നാണിഅമ്മയ്ക്കു ശോഷിച്ച ദേഹപ്രകൃതിയും സാമാന്യം പൊക്കവും ജരാപൂൎണ്ണമായ മുഖവും നിമ്നകപോലങ്ങളും പിത്തരോഗികളുടെ നിറവും ഉണ്ടായിരുന്നു. ആ സ്ത്രീയുടെ നടപ്പും സംസാരവും രോഗികളുടേതുപോലെതന്നെ. എന്നാൽ സൌന്ദൎയ്യത്തിനു പകരം സൌമ്യത, അനുകമ്പ, ഈശ്വരവിശ്വാസം, ശാന്തത ഇത്യാദി ഗുണങ്ങളാൽ ആ സ്ത്രീ ശോഭിച്ചു. ഭൎത്താവു ജീവിച്ചിരിക്കുന്ന കാലം ഭൎത്താവിന്റെയും അതിനുശേഷം തന്റെ ജ്യേഷ്ഠസഹോദരന്റെയും അധികാരത്തേയും ശാസനയേയും ചോദ്യംകൂടാതെ നാണിഅമ്മ സ്വീകരിച്ചു തന്നെ ജീവിതം കഴിച്ചുകൂട്ടി വന്നു.

കണ്ണൻനായർ കൊടുത്ത വസ്തുക്കൾ ആദിച്ചപ്പിള്ള കൈവശംവച്ചു് ആദായം എടുത്തുവരുകയാണെന്നു മുമ്പു പറഞ്ഞുവല്ലോ. പൂവുതോറും നെല്ലു വിളയുമ്പോൾ ആറു രൂപയും ഓണത്തിനു് ഒരു കട്ടിപ്പുടവയും നേരിയതും ആദിച്ചപ്പിള്ള നാണിഅമ്മയ്ക്കു കൊടുത്തുവന്നിരുന്നു. തന്റെ വസ്തുക്കളിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ കണക്കു സഹോദരനോടു ചോദിക്കുവാൻ നാണിഅമ്മയ്ക്കു ധൈൎയ്യം ഉണ്ടായിരുന്നില്ല. ഓണക്കോടി കൂടാതെ അദ്ദേഹം ആണ്ടിൽ ഒന്നിച്ചു വാങ്ങിക്കൊടുക്കുന്ന എട്ടു കോട്ടാറൻ പുടവകളും, നാലു നേരിയതും, എട്ടു തോൎത്തും, ആറു റവുക്കകളും കൊണ്ടു മാതാവും പുത്രിയും തൃപ്തിപ്പെടേണ്ടിവന്നു. ഇതിൽ കൂടുതൽ വസ്ത്രങ്ങളോ പണമോ ആവശ്യപ്പെടുവാൻ നാണിഅമ്മയുടെ അഭിമാനം അവരെ സമ്മതിച്ചതുമില്ല. കുവലത്തറമൂപ്പൻ ആവശ്യപ്പെടുന്ന പ്രമാണങ്ങളിലെല്ലാം മടികൂടാതെ ഒപ്പിട്ടുകൊടുക്കുവാനും നാണി അമ്മ തയാറായിരിക്കുന്നു. പൂവുതോറും കൊടുത്തിരുന്ന ആറുരൂപായിൽനിന്നു് അതു അവസാനിക്കുന്നവരെ ആദിച്ചപ്പിള്ള രണ്ടും മൂന്നും ചക്രം വീതം കൂടക്കൂടെ നാണി അമ്മയോടു കടം വാങ്ങിക്കയും ചെയ്യും. ചിലപ്പോൾ 'പണത്തിനു ആവശ്യമുണ്ടെങ്കിൽ എന്റെ അടുക്കൽ പറയണം നാണി" എന്നു കുവലത്തറമൂപ്പർ പറയും. ഇതിനു നാണിഅമ്മയുടെ പതിവായുള്ള മറുപടി, "എനിക്കെന്താവശ്യം? ഒന്നുംവേണ്ടാ" എന്നായിരുന്നു. ഈ അഭിമാനവും ഔദാൎയ്യശീലവും നാണിഅമ്മക്കു് ഉണ്ടെന്നുള്ള വസ്തുത ആദിച്ചപ്പിള്ളയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. താനാണു് അവരോടു ഔദാൎയ്യശീലത്തോടുകൂടിപെരുമാറുന്നതു് എന്നായിരുന്നു കുവലത്തറമൂപ്പരുടെ വിചാരം.

അനുച്ചതിരിഞ്ഞു ജാനുപൎയ്യന്തം എത്തുന്ന ഒരു വസ്ത്രം ധരിച്ചു ആദിച്ചപ്പിള്ള മുൻവശത്തെ തളത്തിൽ ഇരുന്നു മുറുക്കുകയായിരുന്നു. ഉടനേ അദ്ദേഹം പാച്ചിയെ വിളിച്ചു്, ആ വീട്ടിലുള്ള വരിക്കമാവിൽനിന്നു പറിച്ചു പഴുക്കാനായി മച്ചിന്റെ മുകളിൽ ഭദ്രമായി വച്ചിരുന്ന മാങ്ങയിൽ ഒന്നിനെ എടുത്തുകൊണ്ടുവരാൻ ആജ്ഞാപിച്ചു. പാച്ചി മാങ്ങയെടുത്തു മച്ചിൽ താഴെ ഇറങ്ങാനായി നിരയിൽ നിന്നും ഉന്തിനിൽക്കുന്ന പലകയിൽ ചവുട്ടി. ജീൎണ്ണിച്ചിരുന്ന ആ പലക ഒടിഞ്ഞു പോയതിനാൽ പാച്ചി മാങ്ങയോടു കൂടി ഭൂമിദേവിയെ സശബ്ദം ആലിംഗനം ചെയ്തു. ഇതിനെ സാരമായി ഗണിക്കാതെ അവൾ മാങ്ങയെ കുവലത്തറമൂപ്പൎക്കു കൊടുത്തു.

ആദിച്ചപ്പിള്ള—"എന്തെടി, തടിച്ചി! നിനക്കു കാലുറച്ചു നടക്കാൻ അറിഞ്ഞൂടയോടി"

പാച്ചി—"വിളുമ്പു ചെത്തിരുന്നാങ്ങുണേ" പാച്ചി വീണ ശബ്ദം കേട്ടു നാണി അമ്മയും സാന്ധില്യയും തളത്തിന്റെ പടിക്കൽ എത്തിയിരുന്നു.

നാണി—അതുള്ളതാണ്, ഈ ചെത്ത വീട്ടത്തന്നെ എന്നാണ് നമ്മുടെ തലയിൽ ഒടിഞ്ഞു വീഴുന്നതെന്ന അറിഞ്ഞുകൂടാ. ഇതിനമുമ്പേ ഇതൊക്കെ നന്നാക്കേണ്ടിയിരുന്നു. സാന്ധില്യയും ഇന്നാള് തട്ടിന്റെ മേളിൽനിന്ന് ഇറങ്ങിയപ്പോൾ വീഴാൻപോയി."

ആദിച്ചപ്പിള്ള ഒരു കഷണം മാങ്ങാ പാച്ചിയുടെ നേരേ നീട്ടി.

ആദിച്ച—"ഇതാ ഇതു തിന്നോ അപ്പോൾ വീണതൊക്കെ മറന്ന് പോകും. ഇന്ന വിഷുവല്ലേ?

പാച്ചി (മാങ്ങവാങ്ങിക്കൊണ്ട) "ഞാനല്ലങ്കി മാങ്ങാ ഇപ്പം തിന്നാണത്തു കാണാം. വീണിട്ടും ഞാൻ പിടിവിട്ടില്ല.

ആദിച്ച—"നീ മിടുക്കി തന്നേ"

സാന്ധില്യ (അനുകമ്പയോട്ടുകൂടി) നിനക്ക വല്ല തരക്കേടും പററിയോ")

പാച്ചി—"ഇല്ലപ്പീ ഞാൻ മേളിപിടിച്ചോണ്ട്. അതുകൊണ്ട കാലൊടിഞ്ഞില്ല."

ആദിച്ച—ഞാനിപ്പംതന്നെ അതു നന്നാക്കാം. പെണ്ണുങ്ങൾക്ക ചെത്ത സ്ഥലത്തെ ചവുട്ടാവൂ."

മാമ്പഴത്തെ ഭക്ഷിക്കുവാനായി സാന്ധില്യയുടെ കയ്യിൽ കൊടുത്തതിനുശേഷം അദ്ദേഹം എണീററു തന്റെ ആശാരി പണിസാമാനങ്ങൾ എടുക്കുവാനായി തെങ്ങാക്കൂട്ടിലേക്കു പോയി. അവിടെനിന്നും കുറെ പലകക്കഷണങ്ങളും കൊട്ടുപടിയും ആണികളും എടുത്തുകൊണ്ടുവന്ന് ആദിച്ചപ്പിള്ള നിര നന്നാക്കുവാൻ തുടങ്ങി.

ഇപ്രകാരം കാവലാന്തറമൂപ്പർ തക്ഷണവൃത്തിയിൽ പ്രവേശിച്ചിരിക്കുമ്പോൾ ഗംഗാധരൻപിള്ളയും ആധാരമെഴുത്തു പാച്ചുപിള്ളയും, ദേവസ്വംകണക്ക കിട്ടുപിള്ളയും അവിടെ വന്നു. ഇവർ വന്നു എന്നറിഞ്ഞ ഉടനെ "ഇരിക്കിൻ ഞാൻ ഇതാ വരുന്നു. ഇത്തിരി അററകുററം ഞാൻതന്നെ തീർക്കുകയാണ്" എന്ന് ആദിച്ചപ്പിള്ള ഉറക്കെ വിളിച്ചു പറഞ്ഞു.

ഗംഗാധരൻപിള്ള—"അതിനെന്താമ്മാവാ അവനവന്റെ വീട്ടിൽ ജോലിചെയ്താൽ എന്തു കുറച്ചില്?

ഇലഞ്ഞിമൂട്ടുകാരുടെ ആഗമനം കണ്ടു സാന്ധില്യയും നാണിഅമ്മയും അറപ്പുരയിലേക്കു തിരിച്ചു. ഗംഗാധരൻപിള്ള അറപ്പുരയുടെ തെക്കേ പടിക്കൽ ചെന്നു.

ഗംഗാധരൻ—എന്തെല്ലാം, അക്കാ. ഇന്ന കോവിലിൽ പോയിരുന്നോ?"

നാണി—പോയിരുന്നു.

കജ്ജലത്തോടു കിടനിൽക്കുന്ന കറുത്ത നിറവും ക്ഷേത്രഗണിതത്തിലെ ചതുരശ്രത്തെപ്പോലെ ഔന്നിത്യത്തിന് സമമായ വിസ്തീർണ്ണതയും ആ വ്യവസായകായനായ ഗംഗാധരൻപിള്ളയ്ക്കു ഉണ്ടായിരുന്നു. കൃഷ്ണപക്ഷത്തിലെ നക്ഷത്രങ്ങൾപോലെ അദ്ദേഹത്തിന്റെ ചന്ദനതിലകവും ദന്തങ്ങളും വജ്രക്കടുക്കനും വിളങ്ങി. സമൃദ്ധിയായി വളർന്നിരുന്ന കേശത്തെ അദ്ദേഹം മുഖത്തിൽനിന്നും കാൽഅടി മുമ്പോട്ട് ഉന്തിനിൽക്കത്തക്കവണ്ണം കെട്ടിവച്ചിരുന്നു. ഘനംകൂറഞ്ഞ മേഘപടലങ്ങൾക്ക നഭസ്ഥലത്തിന്റെ നീലനിറത്തെ നിശ്ശേഷം ആവരണം ചെയ്യുവാൻ സാധിക്കാത്തതുപോലെ ഗംഗാധരൻപിള്ള ധരിച്ചിരുന്ന മദ്രാസ്മൽമലിനും ഈങ്കിൽകരയൻ

നേരിയതിനും അദ്ദേഹത്തിന്റെ ശ്യാമളവർണ്ണത്തെ മറയ്ക്കുവാൻ കഴിഞ്ഞില്ല. "കരിക്കട്ടപ്പൂതം" എന്നായിരുന്നു പാച്ചി ഇദ്ദേഹത്തെ സ്വകാര്യത്തിൽ വിളിച്ചുവന്നിരുന്നതു്.

ഗംഗാ—മേലാക്കോട്ട ഇനി എന്നു പോണു?

നാണി—അതു നിശ്ചയിച്ചില്ല.

ഗംഗാ—"അമ്മാവൻ അതാ നിര നന്നാക്കിക്കഴിഞ്ഞു. ഞാൻ വരാം."

ഇപ്രകാരം പറഞ്ഞു് ഗംഗാധരൻപിള്ള തളത്തിലേക്കു ചെന്നു. അവിടെ പാച്ചുപിള്ളയും കിട്ടുപിള്ളയും ആദിച്ചപ്പിള്ളയോടു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

പാച്ചു—"അണ്ണാ ആ വസ്തുവിന്റെ കാര്യം പറയാനാണു് കിട്ടണ്ണൻകൂടെ വന്നതു്.

കിട്ടു—അതേ അണ്ണാ ഞാൻ പഠിച്ച വിദ്യ പതിനെട്ടും നോക്കി. പറ്റുന്നില്ല. അവൻ മുറട്ടുപിടി പിടിക്കുന്നു. ഇനി പാച്ചുകൂടി പറഞ്ഞുനോക്കട്ടെ."

പാച്ചു—"ഞാൻ നോക്കാം അണ്ണാ. അഞ്ഞൂറായാൽ സമ്മതമാണോ?"

ആദിച്ച:—"പി-പി-പിന്നെ ഞാൻ ആലോചിക്കട്ടേ കു-കു-കുറഞ്ഞുകിട്ടുമോ എന്നു് നോക്കു്"

പാച്ചു—"ഗംഗാധരൻ അണ്ണനു് ഒരു കാര്യം കൊണ്ടുവന്നിട്ടുണ്ടു്."

തളത്തിലെ ഉടമ്പറയിൽ വച്ചിരുന്ന ഒരു കടലാസ്സ്പൊതി അഴിച്ചു് ഒരുവിരൽ വീതിയുള്ള ഒന്നാംതരം ഇരണിയിൽ നേരിയതു് എടുത്തു് ഗംഗാധരൻപിള്ള കാലത്താറ മൂപ്പക്കു് കൊടുത്തു.

ഗംഗാധരൻ—ഇത്തരം രണ്ടു നേരിയതു ഒരു ചാലിയൻ എനിക്കു തന്നു. അതിൽ ഒന്നാണു് ഇതു് അമ്മാവൻ എടുത്തുകൊ ണ്ണം.

ആദിച്ച—"ചുമ്മാ കിട്ടിയതു കളയരുതു്. നേരിയതു കൊള്ളാം."

അതിനെ വാങ്ങി ഉടമ്പറയിൽ വെച്ചതിനുശേഷം, ആദിച്ചപ്പിള്ള മുഖം കഴുകുന്നതിലേക്കു് അകത്തെ തളത്തിലേക്കു പോയി. അപ്പോൾ അദ്ദേഹം അടുപ്പിൽ അഗ്നി ജ്വലിക്കുന്നതു കണ്ടു.

ആദിച്ചപ്പിള്ള—"പാച്ചീ, തീ കെടുക്കാത്തതെന്തെടീ? വിറകു ചുമ്മാ കിട്ടുമോ?

പാച്ചി—"തീ കെടുത്തു അങ്ങുന്നേ. ഉമി കിടന്നു നീറുകയാണു്."

ആദിച്ച—"നീ കുറേ വെള്ളം കോരി ഒഴി."

ആദിച്ചപ്പിള്ള അതിഥികളുടെ സമീപത്തു തിരിച്ചു വന്നു.

പാച്ചു—"പട്ടരും ചിലപ്പോൾ വരാറുണ്ടോ?"

ആദി—"ഓഹോ."

ഗംഗാധരൻ—"നെല്ലു വിറ്റോ, അമ്മാവാ?"

ആദിച്ച—ഇല്ല. അതു പഴകിയാൽ പുളിക്കുകില്ലല്ലോ. നല്ല വില കിട്ടിയാലെ കൊടുക്കുവൊള്ളു."

ഗംഗാധരൻ—(പ്രകാശം)—"അത്തെ, വില കൂടട്ടെ." (ആത്മഗതം) ഞങ്ങൾ അറിയാതെ ഇയ്യാൾ വിറ്റുകളയുമോ?"

അപ്പോൾ അവിടെ അയ്യാത്തുരയ്യരും, ലക്ഷ്മിഅമ്മയും, ഗോവിന്ദപ്പിള്ളയും പ്രവേശിച്ചു. ലക്ഷ്മിഅമ്മ അറപ്പുരയിലേക്കു പോയി.

ഉത്സാഹശീലയും പരിഷ്കാരപ്രിയയും ആയിരുന്ന ഹ്രസ്വഗാത്രിയായ ലക്ഷ്മിഅമ്മയ്ക്കു ഇപ്പോൾ ഒരു പുത്രനും പുത്രിയും ഉണ്ട്. വയസ്സ് നാല്പതായെങ്കിലും യൌവനം ലക്ഷ്മിഅമ്മയെ തീരെ വിട്ടുപിരിഞ്ഞിരുന്നില്ല. ഗ്രാമപ്രദേശത്തു വളൎന്ന് ശുദ്ധവായുവിനെ ശ്വസിച്ചും കായികാഭ്യാസഫലം ചെയ്യുന്ന ഗൃഹജോലികളെ ശിഷ്യത്തികളുടെ സഹായം കൂടാതെ തന്നത്താൻ ചെയ്തുവരുന്ന മദ്ധ്യവയസ്സുള്ള സ്ത്രീകളിൽ ഒരുതരം സൌന്ദൎയ്യം നാം സാധാരണയായി കാണാറുണ്ട്. സന്ധ്യയ്ക്കു പിച്ചിച്ചെടിയിൽ നിന്നുതന്നെ വിടൎന്ന്, രാത്രി മുഴുവനും സൌരഭ്യത്തെ നാലുപാടും പൊഴിഞ്ഞു, പ്രഭാതത്തിലും അതിൽതന്നെ നില്ക്കുന്ന നേത്രാനന്ദകരവും പരിമളശൂന്യവും ആയ പുഷ്പത്തോട് ഈ സ്ത്രീകളെ നമുക്ക് സദൃശപ്പെടുത്താം. ഈ സൌന്ദൎയ്യത്തെ ലക്ഷ്മിഅമ്മ തന്റെ വസ്ത്രഭൂഷണാദികൾകൊണ്ട് വൎദ്ധിപ്പിച്ചിരുന്നതാനും. കുന്നുമേരംചെയ്ത ചെറുതായ തോടകളും ഒരു ക്ലാവർമാലയും ഞെറിവളകളും ലക്ഷ്മിഅമ്മ ധരിച്ചിരുന്നു. തന്റെ രക്തപ്രസാദമുള്ള വദനത്തിനു ചേരുന്നതായ ഒരു ചാന്തുതിലകവും, മൽമൽ പുടവയും, രണ്ടുവിരൽ കസവുള്ള നേര്യതും, വെള്ളപ്പട്ടുറവുക്കയും ആയിരുന്നു അയ്യാത്തുരയ്യരുടെ ധൎമ്മപത്നിയുടെ വേഷശിഷ്ടങ്ങൾ. പത്മനാഭപുരത്തും തക്കലെയും ഉള്ള പരിഷ്കാരതൃഷ്ണാലുക്കളായ തരുണീമണികൾ എല്ലാവരും ലക്ഷ്മിഅമ്മയെയാണ് മാതൃകയായി ഗണിച്ചുവന്നിരുന്നത്.

ആജാനുബാഹുവായ അയ്യാത്തുരയ്യർക്ക് വക്ഷസ്സിൽനിന്ന് ഒരു അടി മുമ്പോട്ട് ഉന്തിനില്ക്കുന്ന കുടവയറുണ്ട്. കെട്ടിയവൾ രണ്ടെങ്കിലും ആ ദ്വിജവരൻ ലക്ഷ്മിഅമ്മയെ മാത്രമെ സഹധൎമ്മചാരിണിയായി പരിഗണിച്ചിരുന്നുള്ളു. കൃശഗാത്രനും, രക്തപ്രസാദശൂന്യമായ വദനത്തോടുകൂടിയവനുമായ ഗോവിന്ദപ്പിള്ള തിരുവനന്തപുരത്തു പ്ലീഡർഷിപ്പ് ക്ലാസിൽ രണ്ടു വൎഷം പഠിക്കുന്നതിനായി രണ്ടായിരം രൂപാ വ്യയംചെയ്ത ഉദാരനായ യുവാവാണ്. നിയമപരീക്ഷയിൽ വിജയിയായി തീൎന്നിരുന്നതിനാൽ ഇദ്ദേഹം പത്മനാഭപുരം മുൻസിപ്പുകോടതിയിൽ സന്നതു വാങ്ങി വക്കീൽപണിയിൽ പ്രവേശിക്കുവാൻ നിശ്ചയിച്ചിരുന്നതാനും.

അയ്യാത്തുരയ്യരും ഗോവിന്ദപ്പിള്ളയും തളത്തിൽചെന്ന് കുവലത്തെറുമ്പുരോട് കുശലപ്രശ്നം ചെയ്തുതുടങ്ങി.

അയ്യാത്തുരയ്യൻ—"എന്ന സമാചാരം, ആദിച്ചപ്പിള്ളെ? ഇന്നേക്ക് വിഷുസംക്രമദിവസമല്ലവാ? പാച്ചു കാലമേ ഇങ്കെ വന്തെയാ?"

ആദിച്ച—"സ്വാമിയെ കാണാനില്ലല്ലൊ."

ഗോവിന്ദ—"അഛന്റെ പകരം ഞാനും അമ്മയും ഇവിടെ വന്ന് വൎത്തമാനങ്ങൾ അന്വേഷിക്കുന്നുണ്ടല്ലോ."

അയ്യാത്തുര—"എനക്കു നടക്കമുടിയവില്ലൈ. കാലിൽ ഒരു വലി. വാതമാ എന്നതോ തെരിയവില്ലൈ. ഉങ്കളുക്കു നാൻ ഒരു പ്രസന്റു കൊണ്ടുവന്തിരുക്കിറേൻ, ആദിച്ചപ്പിള്ളെ. പാക്കവേണ്ടാമാ? പച്ചാ, അതെ അവനിടം കുടു."

തുണിയിൽ പൊതിഞ്ഞിരുന്ന വലുതായ ഒരു കാശ്മീരകമ്പിളിപ്പുതപ്പിനെ ഗോവിന്ദപ്പിള്ള കാവലത്തറമൂപ്പരുടെ കയ്യിൽ കൊടുത്തു.

ഗോവിന്ദ—"ഇതു് അഛന്നു് ഒരു സേട്ടു് സമ്മാനിച്ചതാണു്."

അയ്യാത്തുര—"ഉനക്കെന്നെ തെരിയും, പൈത്യാറപ്പയല്ലെ? ഇന്ത കമ്പിളിയെ തിരുവനന്തപുരത്തിൽ ഒരു പെരിയ ഉദ്യോഗസ്ഥനുക്കാക അബ്ദുൽഹാസൻസേട്ടു് നെയ്വിത്തു കൊടുത്തനുപ്പിനതു്. ക്രയം ജാസ്തിപ്പെട്ടതിനാലെ അവർ വേണ്ടമെന്റു ചൊല്ലി ഇന്ത കമ്പിളിയെ സേട്ടിനിടം തിരുമ്പി അനുപ്പിവിട്ടാർ. എനക്കും സേട്ടുക്കും കൊഞ്ചം കുടുക്കൽവാങ്കൽ ഇടപാടു ഇരുക്കിറതു്. അവർ ഇതൈ എനക്കു പ്രസണ്ടാക അനുപ്പിയിരുക്കിറാർ. എനക്കിന്ത കമ്പിളി പ്രയോജനമില്ലൈ. നീർ എന്നുടയ പെരിയസ്നേഹിതരല്ലവാ. ഇതു ഉങ്കളുക്കിരുക്കട്ടും."

ആദിച്ച—"നല്ല പുതപ്പു്, സാമി."

ആദിച്ചപ്പിള്ളയും ഇലഞ്ഞിമൂട്ടുകാരും അതിനെ പരിശോധിച്ചു. പതിനഞ്ചുറുപ്പയിൽ കുറയാതെ അതിനു വിലയുണ്ടെന്നു് അപ്പോൾ അവക്കു മനസ്സിലായി. വിഷണ്ണന്മാരായി ആ ഖരദൂഷണന്മാർ ശിരസ്സുകൾ അന്യോന്യം നോക്കി. അയ്യാത്തുരയ്യർ തന്റെ പൊടിപ്പെട്ടി തുറന്നു കുറേ പുകയിലപ്പൊടി എടുത്തു ദന്തനിരയുടെയും അധരത്തിന്റെയും ഇടയിൽ വെച്ചു. അതിനുശേഷം അദ്ദേഹം പെട്ടിയെ ആദിച്ചപ്പിള്ളയുടെ നേരെ നീട്ടി. പുകയിലപ്പൊടി ഉപയോഗിക്കാത്ത ആദിച്ചപ്പിള്ള അതിൽ നിന്നും അല്പം പൊടിയെടുത്തു നാസികയ്ക്കു നിവേദ്യം കഴിച്ചു. തന്റെ വൈരികളെ നോക്കി ആ ബ്രാഹ്മണൻ നേത്രംകൊണ്ടു ജയഭേരി മുഴക്കി. ഉടമ്പറയിൽ വെച്ചിരുന്ന ഗംഗാധരൻപിള്ളയുടെ സമ്മാനത്തിൽ താമസിയാതെ അദ്ദേഹത്തിന്റെ കണ്ണുകൾ പതിഞ്ഞു. അതിന്റെ ചരിത്രത്തെ മനസ്സിലാക്കി, ഹാസ്യസൂചകമായ അതിശയത്തോടുകൂടി അയ്യാത്തുരയ്യൻ അതിനെ നോക്കിത്തുടങ്ങി. ഗംഗാധരൻപിള്ളയും, പുറകെ ഗോവിന്ദപ്പിള്ളയും, എണീറ്റു് അറപ്പുരയിലെ തെക്കേ പടിക്കലേക്കു പോയി.

ആദിച്ചപ്പിള്ള തനിക്കു ലഭിച്ച സമ്മാനങ്ങളെ വെച്ചു പൂട്ടുന്നതിനായി തെക്കേ പുരയിലേക്കു തിരിച്ചു. കിട്ടുപിള്ള വെററില തുപ്പുവാൻ പോകുന്ന ഭാവത്തിൽ എണീററു തുപ്പിയതിനുശേഷം അലസത നടിച്ചു സാവധാനത്തിൽ തെക്കേപ്പുരയുടെ പടിക്കൽ എത്തി.

കിട്ടു—(മന്ദസ്വരത്തിൽ) "ആ പട്ടരു പണം വാരി എറിയുന്നു."

ആദിച്ച—(അതേസ്വരത്തിൽ) "എന്റെ കയ്യിൽ അതു വന്നു ചേരുന്നേടത്തോളം എനിക്കു് അതുകൊണ്ടു ചേതമെന്തു്?

കിട്ടു—"അണ്ണൻ വിചാരിച്ചാൽ നടക്കാത്ത കാര്യമൊന്നുമില്ല."

ആദിച്ച—(ആത്മഗതം) "ഇവരെല്ലാം എന്റെ പണം മോഹിക്കുന്നു. സാന്ധില്യയെ കൈക്കലാക്കാൻ അവക്കു അതുകൊണ്ടു് ആഗ്രഹം ഉണ്ടു്. കൊള്ളാം എങ്കിൽ ഇവ രണ്ടും ഇവക്കു കിട്ടുകില്ല. എനിക്കു ലാഭമുണ്ടാകും. അത്രേയുള്ളു."

കിട്ടു—(ആത്മഗതം) "എത്ര മൂഢനാണു് എന്റെ മച്ചിനൻ! ആ കഴുതയ്ക്കു കുറേ കൂടി വിലയുള്ള വല്ലതും ഈ ബ്രാഹ്മണൻ കൊടുത്തുകൂടായിരുന്നോ?"

പാച്ചുപിള്ള തന്റെ സ്ഥാനത്തുനിന്നും ഇളകാതെ ഇപ്രകാരം മനസാ ചിന്തിച്ചു. "പട്ടരും ആ തേവിടിശ്ശിയും എന്തും കൊടുക്കട്ടെ. ഗംഗാധരനുതന്നെ ആ പെണ്ണു കിട്ടും. ഈ സമ്മാനങ്ങളെല്ലാം ഒടുവിൽ അവനല്ലെ വന്നുചേരുവാൻ പോകുന്നതു്."

ഈ സമയത്തു് അറപ്പുരയ്ക്കകത്തു സാന്ധില്യയും ലക്ഷ്മിഅമ്മയും പല്ലാങ്കുഴി കളിക്കുകയായിരുന്നു. സാന്ധില്യക്കു വിജയം നൾകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു ലക്ഷ്മിഅമ്മ കളിച്ചിരുന്നതു്. നാണിഅമ്മ അറപ്പുരയുടെ തെക്കേ പടിക്കൽ ഗോവിന്ദപ്പിള്ളയോടും ഗംഗാധരൻപിള്ളയോടും സംസാരിച്ചുകൊണ്ടു നിന്നു. സാന്ധില്യയുടെ കാമുകന്മാരുടെ ദൃഷ്ടികൾ കൂടക്കൂടെ അറപ്പുരയ്ക്കകത്തുപ്രവേശിക്കുന്നുണ്ടു്. ഓരോ കളികൾ ജയിക്കുമ്പോളെല്ലാം, "അക്കൻ ഇന്നു് എത്രതടി എടുത്തു?" എന്നു് സാന്ധില്യ ലക്ഷ്മി അമ്മയോടു ചോദിച്ചിരുന്നുതാനും.

ധനമാകുന്ന ദിവ്യഗുണത്താൽ അന്യരുടെ കപടസ്നേഹത്തിനു പാത്രമായ സാന്ധില്യയുടെ നിർവ്യാജമായ മന്ദഹാസവും, അതുകണ്ടു നാണിഅമ്മയ്ക്കു് ഉണ്ടായ മനഃപൂർവ്വമായ സന്തോഷവും, പാച്ചിയുടെ താണ്ഡുലമർദ്ദനധ്വനിയും, ഗംഗാധരപ്രഭൃതികളുടെ ഇരയിട്ടു മീൻ പിടിക്കാനുള്ള ശ്രമവും—ഇതെല്ലാം ജുഗുപ്സാജനകമായ ഒരുനാടകാഭിനയത്തിന്റെ അംശങ്ങൾ ആയിരുന്നു. ലോകത്തിൽ സർവ്വത്ര, സർവ്വദാ അഭിനയിച്ചു വരുന്ന ഒരു നാടകമല്ലേഇതു്? ഈ കപടസ്നേഹങ്ങളെ തന്റെ ഭണ്ഡാരപോഷണത്തിനു ഉപയോഗിച്ചു സ്വപ്നത്തിൽ കാണുന്ന ഒരു ഭയങ്കരസത്വം പോലെ ആ നടന്മാരെയെല്ലാം അതിക്രമിച്ചു നിൽക്കുന്നവൻ ആദിച്ചപ്പിള്ള ആയിരുന്നു.

പണത്തെ ഏകദൈവമായി ആരാധിച്ച ആദിച്ചപ്പിള്ള ഇതരസൌമ്യവികാരങ്ങളെ ഉപദേവതകളായിമാത്രമേ ഭജിച്ചിരുന്നൊള്ളു. ഈ സൌമ്യവികാരങ്ങൾ അവിടെ കളിയാടിയതു് നാണിഅമ്മയിലും, സാന്ധില്യയിലും, പാച്ചിയിലും മാത്രമായിരുന്നു. എന്നാൽ ഇതോടുകൂടിയുള്ള ഇവരുടെ അജ്ഞാനത്തിനു കണക്കും കയ്യുമില്ല. ആദിച്ചപ്പിള്ള ഒരു കുബേരനാണെന്നു് ഈ സ്ത്രീകൾ അറിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ പ്രവൃത്തിയും വാക്കും ഇവരുടെ അജ്ഞാനതിമിരത്തെ മാററിയതുമില്ല. മനുഷ്യരുടെ കാര്യം ഓർത്തു നോക്കിയാൽ ഭയമുണ്ടാകും. അന്ധതയിൽ നിന്നു മാത്രമേ മനുഷ്യനു് അല്പം സുഖമെങ്കിലും ഉണ്ടാകുന്നുള്ളു!.

---

## അദ്ധ്യായം ൩.

"പിന്നെനേരംകണ്ടുനന്ദനൻതന്നെയന്നു്
ശരങ്ങളോടുവില്ലുംപൂണ്ടയെഴുച്ചനവുംക-
ണ്ടറിഞ്ഞതില്ലയല്ലൊശന്തനുനന്ദനനെ."

ഈ നാടകം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പുതിയ നടനുംഅവിടെ വന്നുചേൎന്നു. ഒരു വലുതായ തകരപ്പെട്ടിയും കോസടിയും വഹിച്ചിരുന്ന ഒരു ഭൃത്യനോടുകൂടിയാണു് ഈ യുവാവു് രംഗത്തിൽ പ്രവേശിച്ചതു്. അന്യൻ വീട്ടിന്റെ വരാന്തയിൽ കയറി ഒരു എഴുത്തു് ആദിച്ചപ്പിള്ളയുടെ കൈയ്യിൽ കൊടുത്തു. എഴുത്തു വാങ്ങി, "ഇരിക്കണം" എന്നു് കുവലത്തറമൂപ്പർ അതിഥിസൽക്കാരം ചെയ്തു. എഴുത്തു പൊട്ടിച്ചു വായിച്ചു തുടങ്ങിയ ആദിച്ചപ്പിള്ള ഒഴികെ അവിടെ ഉണ്ടായിരുന്നവരെല്ലാം ജിജ്ഞാസയോടുകൂടി ആ യുവാവിൽ നേത്രങ്ങൾ പതിപ്പിച്ചു. അപ്പോഴേ

ക്കും ഗംഗാധരൻപിള്ളയും ഗോവിന്ദപ്പിള്ളയും അവിടെ വന്നെത്തി. ആ വീട്ടിൽ ഉണ്ടായിരുന്ന സ്ത്രീകളെല്ലാവരും തളത്തിന്റെ അകത്തെ പടിക്കൽ വന്ന് എത്തിനോക്കിത്തുടങ്ങി.

ഗോവിന്ദപ്പിള്ള എണീററ് ലക്ഷ്മിഅമ്മയുടെ സമീപത്തു ചെന്നു.

ഗോവിന്ദപ്പിള്ള (മന്ദസ്വരത്തിൽ)—"അമ്മാ, ഇയ്യാളെ ഞാൻ തിരുവനന്തപുരത്തുവെച്ചു കണ്ടിട്ടുണ്ട്. ആദിച്ചപ്പിള്ളയമ്മാവന്റെ മകനാണെന്നു തോന്നുന്നു."

ലക്ഷ്മിഅമ്മ—"നീ മിണ്ടാതിരി."

ഈ സംഭാഷണം അവിടെ നിന്നിരുന്ന സ്ത്രീകൾ എല്ലാവരും കേട്ടിരുന്നു.

അയ്യാത്തുരയ്യൻ—"എന്നയ്യാ, തിരുവനന്തപുരത്തിലിരുന്തു വരുകിറീർകളാ?"

അന്യനായ യുവാവ്, അവിടെ ഇരുന്നു തന്റെ കുപ്പായത്തിനോട് സ്വർണ്ണശൃംഖലയാൽ ഘടിപ്പിച്ചിരുന്ന "പാൻസ്നേ" എന്ന മൂക്കിൽക്കണ്ണാടി എടുത്തു നാസികയിൽ നിക്ഷേപിച്ച്, അവിടെ ഉണ്ടായിരുന്ന എല്ലാവരേയും സാവധാനത്തിൽ നോക്കി.

അന്യൻ—"അതെ തിരുവനന്തപുരത്തുനിന്നു തന്നെ."

നാണിഅമ്മ—"ഊണുകഴിച്ചോ?"

അന്യൻ—"ഉച്ചയ്ക്കു കുഴിത്തുറയിൽനിന്ന് ഊണുകഴിച്ചു, അമ്മായി."

അവിടെ കൂടിയിരുന്ന നാട്ടുമ്പുറത്തുകാരെ പുച്ഛരസത്തോടുകൂടി നോക്കുന്ന പരിഷ്കാരമൂർത്തിയായ ഹൃഷികേശൻനായരും, തങ്ങളെ നിസ്സാരമായി ഗണിക്കുന്നവനെ കളിയാക്കണമെന്ന ഉദ്ദേശത്തോടുകൂടി ആ യുവാവിനെ തുറിച്ചു നോക്കുന്ന ഗംഗാധരപ്രഭൃതികളും തമ്മിൽ എത്ര വ്യത്യാസമാണു കാണപ്പെടുന്നത്! യൌവനത്തിന്റെ പ്രാരംഭഘട്ടമായ ഇരുപത്തിമൂന്നു വയസ്സിൽ ബാല്യചേഷ്ടകളെ ഒരു യുവാവിനു തീരെ ത്യജിക്കുവാൻ സാധിക്കുന്നതല്ല. അതുകൊണ്ട് ഹൃഷികേശൻനായരുടെ അഹംഭാവത്തെപ്പററി അതിശയിക്കാൻ കാരണമില്ലതാനും.

കുറേ ദിവസങ്ങൾക്കു മുൻപ് ഹവൽദാർ മാതുപിള്ള ഹൃഷികേശൻനായരോട് പത്മനാഭപുരത്തുപോയി ഒരു മാസമെങ്കിലും പിതാവിനോടൊന്നിച്ചു താമസിക്കുവാൻ പറഞ്ഞിരുന്നു. ഗ്രാമനിവാസം ആദ്യമായി ചെയ്യുവാനായി പുറപ്പെട്ട ആ യുവാവ് അവിടത്തെ ജനങ്ങളോട് എങ്ങിനെ പെരുമാറണമെന്നു മുൻകൂട്ടി നിശ്ചയിച്ചു കഴിഞ്ഞു. ഒരു പരിഷ്കാരിയായ ബി. എ. ക്കാരന്റെ സകല ആഡംബരത്തോടും വിശാലഹൃദയത്തോടുംകൂടി പ്രവേശിച്ചു, പരിഷ്കാരസൂര്യന്റെ കിരണങ്ങൾ അല്പംപോലും പതിക്കാത്ത അന്ധകാരമയമായ അറയിലുള്ള ഗ്രാമനിവാസികളെ തന്റെ ദിവ്യപ്രഭകൊണ്ടു മുകളിതനയനന്മാരാക്കിത്തീക്കണമെന്നാണ് ഹൃഷികേശൻനായർ ഉദ്ദേശിച്ചിരുന്നത്. ഈ ഉദ്ദേശനിവ്വഹണത്തിനായി നായർ തന്റെ ഏററവും വിലയേറിയ കുപ്പായങ്ങളും, കണ്ഠാഭരണങ്ങളായ ടൈകളും ബോകളും കാലുറകളും, വ്യായാമ സാമഗ്രികളായ ടെന്നിസ് പന്തടിക്കോലുകളും, അവിടെ കൊണ്ടുവന്നിരുന്നു. തന്റെ രജതനിമ്മിതമായ സിഗററെറക്കൂടും, സ്വർണ്ണക്കൈക്കെട്ടോടുകൂടിയ സ്വർണ്ണ ഘടികാരവും, ജഡ്ജി ആശുതോഷൻപിള്ളയുടെ ഭാര്യ സുമതിഅമ്മ തനിക്കു സമ്മാനിച്ച കാഞ്ചനവലയവിഭൂഷിതമായ 'സ്വാൻ' ഫൌണ്ടൻപേനയും ആ യുവാവ് മറന്നിരുന്നില്ല.

യാത്രക്ക് അധികം പണം ചിലവാക്കരുതെന്നുള്ള മാതുലന്റെ ഉപദേശത്തെ കൈക്കൊണ്ടു നായർ ഒരു തപാൽവണ്ടി മുഴുവനും വാടകയ്ക്കു പിടിച്ചാണു പത്മനാഭപുരത്തു വന്നത്. പരിഷ്കാരരീതിയിൽ നിവസിക്കുവാൻ അത്യാവശ്യമായിരു

ന്ന കസേര, മേശ മുതലായ സാമാനങ്ങൾ നിറഞ്ഞ ഒരു വലുതായ ബംഗ്ലാവായിരിക്കും തന്റെ പിതൃഭവനം എന്നു നായർ വിചാരിച്ചിരുന്നു. ഒരു മാതൃകാപരിഷ്കാരിയുടെ വേഷത്തിൽ അവിടെ ആദ്യമായി പ്രവേശിക്കണമെന്നു നിശ്ചയിച്ചിരുന്നതുകൊണ്ട്, നായർ അന്നു രാവിലെ കുഴിത്തുറ മുസാവരി ബംഗ്ലാവിൽ ഇറങ്ങി "ഡിന്നർ" കഴിച്ചതിനു ശേഷം വേഷം ചമയുവാൻ രണ്ടുമണിക്കൂർ ചിലവു ചെയ്തു. സ്വയം അർദ്ധക്ഷൌരം ചെയ്തു "ചെറിബ്ളാസം" പൌഡർ മുഖത്തു തൂകിയതിനു ശേഷം, "ക്രാപ്പു" ചെയ്തിരുന്ന തന്റെ കുഞ്ചിതകേശത്തിൽ സൌരഭ്യമുള്ള "വാസിലൈൻ" തേച്ച് അസമങ്ങളായ രണ്ടു ഭാഗങ്ങളായി അതിനെ നായർ കോതി ഒതുക്കിവെച്ചു. പച്ച, മഞ്ഞ ഈ നിറങ്ങളിലുള്ള വരകളോടുകൂടിയ ഒരു വെള്ളഷർട്ടും സ്വർണ്ണഷർട്ട്ബട്ടൻസും, കണ്ണാടിപോലെ മുഖത്തെ പ്രതിബിംബിക്കത്തക്കവണ്ണം ഇസ്തിരിയിട്ടു മിനുസമാക്കിയ ഇരട്ടക്കോളറും, വെള്ളപ്പട്ടിൽ കറുത്ത പുള്ളികളോടുകൂടിയ ഒരു ടൈയും, തന്റെ വെളുത്ത നിറത്തിനു യോജിക്കുന്നതായ കറുത്ത "മെറീനൊ" കുപ്പായവും നായർ ധരിച്ചു. ചിത്രീകൃതമായ സ്വർണ്ണഘടികാരത്തെ കാഞ്ചനപാശങ്ങളാൽ നായർ തന്റെ വാമഹസ്തത്തിൽ ബന്ധിച്ചു. ഒരു ഒന്നാംതരം മദ്രാസ്മൽമലിനെ അദ്ദേഹം ഭൂമിദേവിയെ തലോടത്തക്കവണ്ണം ഉടുത്തു. വാർണ്ണീഷുകൊണ്ടു മിനുസമായിത്തീർന്നിരുന്ന ഒരു വളഞ്ഞവടി മദനസായകമായി നായർ കരത്തിൽ ഗ്രഹിച്ചു. ഈ വേഷത്തോടും, ഒരു ബി. ഏ. ക്കാരന്റെ സർവ്വജ്ഞഭാവത്തോടും, ധനപുഷ്ടികൊണ്ടുള്ള അഹമ്മതിയോടും, സുമതിഅമ്മയുടെ പ്രേമഭാജനമായതിൽ നിന്നുദിച്ച ആത്മതൃപ്തിയോടും കൂടിയാണ് ഹൃഷികേശൻനായർ കുവലത്തറ ഭവനത്തിൽ പ്രവേശിച്ചത്.

ഈ പഞ്ചബാണനും കുവലത്തറവീട്ടിന്റെ തളത്തിൽ ഇരുന്നിരുന്നവരും തമ്മിൽ എന്തു വ്യത്യാസമാണ് ഒരുവൻ കാണുന്നത്! ഒന്നാമതായി അവിടെ ഇരുന്നിരുന്നവരിൽ ഗോവിന്ദപ്പിള്ള ഒഴികെ എല്ലാവരും താംബൂലചർവ്വണംകൊണ്ട് വായ് കോളാമ്പി ആക്കിയിരുന്നു. അതിന്റെ അടയാളങ്ങൾ അവരുടെ മുഖങ്ങളിലും, വസ്ത്രങ്ങളിലും, കക്കരലേപനത്തോടുകൂടിയ തർജ്ജനികളിലും കാണാമായിരുന്നു. രണ്ടാമതായി ഗോവിന്ദപ്പിള്ളയും ഗംഗാധരൻപിള്ളയും ഒഴികെ അവിടെയുള്ളവരെല്ലാം മിനുസമില്ലാത്ത കട്ടിമുണ്ടുകളാണു ധരിച്ചിരുന്നത്. അവർ ധരിച്ചിരുന്ന വസ്ത്രങ്ങൾ മുഷിഞ്ഞു ചുളുങ്ങിത്തുടങ്ങിയിരുന്നുവെന്നു മാത്രമല്ല, അലക്കുദൂഷ്യംകൊണ്ട് അവയ്ക്കു അല്പം നീലനിറമുണ്ടായിരുന്നുതാനും. അർദ്ധക്ഷൌരം ചെയ്യിക്ക പതിവില്ലാത്ത അവരുടെ മുഖങ്ങളിൽ ശബരിമലയ്ക്കു പോകുന്ന വഴിയിൽ കാണാവുന്ന വനങ്ങളിൽ ഉള്ളതുപോലെ രോമതരുക്കൾ നിബിഡമായി വളർന്നിരിക്കുന്നു. ഗോവിന്ദപ്പിള്ളയും അശ്വത്ഥരശ്വനും ഒഴികെ അവിടെ ഉള്ളവർക്കെല്ലാം പൂർവ്വശിഖയുമുണ്ട്. സ്വദേശിവസ്ത്രങ്ങൾ ധരിച്ച് ശിഖ വളർത്തി താംബൂലചർവ്വണത്താൽ രക്തവക്ത്രന്മാരായി അവിടെ ഇരുന്നിരുന്ന ഗ്രാമനിവാസികളും, അർദ്ധപാശ്ചാത്യവേഷം ധരിച്ച് "ക്രൌൺ" സിഗററ്റ്, "ചെറിബ്ളാസം" ചൂർണ്ണം മുതലായവയുടെ സുരഭി പൊഴിക്കുന്ന ആ ജാതരൂപപരിഷ്കൃതനായ നാഗരികനും തമ്മിൽ അജഗജവ്യത്യാസമുണ്ടെന്നു പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല.

കാഞ്ചനമേഖലകളോടുകൂടിയ ഉപനേത്രത്തെ വീണ്ടും നാസികയിൽ വെച്ച നായർ ആ ഭവനത്തിനെ നോക്കിത്തുടങ്ങി. അവിടെ തൂക്കിയിരുന്ന കൃത്രിമദർപ്പണസ്യാദികൾ, ശിവന്റെ പടം, ഗോമലലേപനത്തോടുകൂടിയ തളം, ജീർണ്ണിച്ച ഇരുണ്ട നിര, വാതായനശൂന്യമായ മുറികൾ, ഇന്ധനശാലയായ പടിപ്പുര—ഇത്യാദികളിൽ ആ യുവാവിന്റെ നേത്രങ്ങൾ പതിഞ്ഞു. കേട്ടറിവുള്ളതു മാത്രമായ വ്യാളീമൃഗത്തെ

കണ്ടാൽ ജനങ്ങൾ എത്ര ജിജ്ഞാസയോടും വിസ്മയത്തോടും അതിനെ നോക്കുമോ, അതുപോലെ അവിടെ ഇരുന്നവർ ഹൃഷികേശൻനായരെ നോക്കിത്തുടങ്ങി. തിരുവനന്തപുരത്തു കുറേക്കാലം താമസിച്ചിരുന്ന ഗോവിന്ദപ്പിള്ളയ്ക്കുപോലും നായരിൽ നിന്നു ദൃഷ്ടികളെ മാററുവാൻ സാധിച്ചില്ല. ആദിച്ചപ്പിള്ള മാത്രം ഇപ്രകാരം ചെയ്യാതെ നായർ കൊണ്ടുവന്ന ദീർഘലേഖനത്തെ സശ്രദ്ധം മൂക്കിൽ കണ്ണാടിയുടെ സഹായത്തോടുകൂടി വായിക്കുകയായിരുന്നതാനും.

അതിഥികൾ ഇരിക്കുന്ന സ്ഥലത്തു നിന്നും അകത്തേ തളത്തിലേക്കു പോകുന്ന പടിക്കൽ അല്പം മറഞ്ഞു നായരെ നോക്കിനിന്നിരുന്ന സ്ത്രീകളുടെ കൂട്ടത്തിൽ സാന്ധില്യയും ഉണ്ടായിരുന്നു. നായർ ദേവലോകത്തു നിന്നു വന്ന ഒരു ദിവ്യപുരുഷനാണെന്നു അവർക്കു തോന്നി. കൃശഗാത്രനും, ദീർഘകായനും, കോമളനും ആയ നായരുടെ അണ്ഡാകാരമായ വദനവും, മൃദുലമായ കവിൾത്തടങ്ങളും, വിസ്തീർണ്ണമായ ലലാടപ്രദേശവും, പുതുമപോകാത്ത യൌവ്വനവും, പരിഷ്കാരവേഷവും സാന്ധില്യയുടെ മനസ്സിൽ അസൂയ ജനിപ്പിച്ചു. ആ യുവാവിൻെറ കുഞ്ചിതകേശത്തിൽ നിന്നു പുറപ്പെടുന്ന പരിമളധോരണി അവർക്കു പരമാനന്ദം നൾകി. താൻ വായിച്ചിരുന്ന കഥകളിലെ നായകന്മാരോടു നായർക്കു സാരൂപ്യമുണ്ടെന്നു് അവർ വിചാരിച്ചു. നാട്ടുമ്പുറത്തു ജനിച്ചു വളൎന്നു് അന്യപുരുഷന്മാരോടു സംസൎഗ്ഗം ലേശം ഇല്ലാതെ ജീവിതത്തെ നയിച്ചുവന്ന ഒരു തരുണിക്കു ആ നാഗരികരസികനോടു് ഇപ്രകാരം തോന്നിയതിൽ ഒട്ടും അതിശയിക്കാനില്ലല്ലോ.

ഹൃഷികേശൻനായർ കുപ്പായത്തിൻെറ അന്തർഭാഗത്തു നിന്നും പൂങ്കാവനംപോലെ സൌരഭ്യം പൊഴിക്കുന്ന വെള്ളപ്പട്ടുകൈലേസ് എടുത്തു മുഖം തുടച്ചു. അതിൽ കാണപ്പെട്ട നായരുടെ നാമത്തിൻെറ ആദ്യത്തെ ഇംഗ്ലീഷ് അക്ഷരമായ "എച്ച്" സുമതിഅമ്മ തുന്നിക്കൊടുത്തതാണു്. ഇതിനേയും നായരുടെ സ്വൎണ്ണക്കണ്ണാടിയേയും, വേഷത്തേയും, പുഞ്ചിരി ഫുരിക്കുന്ന വദനത്തേയും കണ്ടു സാന്ധില്യയ്ക്കു് ആ തളത്തിൽഇരിക്കുന്ന മററു് അതിഥികളോടും ആ ജീൎണ്ണിച്ച ഭവനത്തിനോടുതന്നെയും ഒരു വെറുപ്പു തോന്നി.

നാണിഅമ്മ പാച്ചിയോടു പടിപ്പുരയുടെ തളവും അടച്ചിട്ടിരുന്ന മുറിയും അടിച്ചുതളിച്ചു വൃത്തിയാക്കി, നായരുടെകൂടെ വന്ന ചുമട്ടുകാരൻ വരാന്തയിൽ വെച്ചിരുന്ന തകരപ്പെട്ടി അവിടെ കൊണ്ടുവെയ്ക്കുവാൻ ആജ്ഞാപിച്ചു. തൻെറ ഹൃദയത്തിൽ ഇദംപ്രഥമമായി ഉണ്ടായ അവൎണ്ണനീയമായ ഒരു വികാരത്താൽ പ്രേരിതയായി സാന്ധില്യയും പാച്ചിയെ സഹായിക്കുവാൻ തിരിച്ചു. ഹൃഷികേശൻനായൎക്കു അധിവസിക്കാനുള്ള പടിപ്പുര നല്ലതിൻവണ്ണം ശുദ്ധിയാക്കേണ്ടതു തൻെറ കടമയാണെന്നു് അവർക്കു തോന്നി. ബന്ധുവായ ഒരാളുടെ സൌകൎയ്യത്തിനുവേണ്ടി ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് എന്തുദോഷം!

തിരുമുമ്പിൽവേല എന്നതു കേട്ടിട്ടുപോലും ഇല്ലാതെയിരുന്ന പാച്ചിയുടെ ജോലിയിൽ അന്നു സാന്ധില്യ കുററം കണ്ടുതുടങ്ങി. പാച്ചിയുടെ കയ്യിൽ നിന്നും ചൂലുവാങ്ങി സാന്ധില്യ തന്നത്താനെ പടിപ്പുര ആസകലം രണ്ടാമതും സമ്മാൎജ്ജനം ചെയ്തു. അതിനുശേഷം അവർ നാണിഅമ്മയെ അറപ്പുരയിലേക്കു വിളിച്ചു്, അവിടെ ഉണ്ടായിരുന്ന ഒരു പുതിയ മെത്തപ്പായു് പടിപ്പുരയിൽ കൊണ്ടുവെയ്ക്കുവാൻ അനുവാദം ചോദിച്ചു. നാണിഅമ്മ അതു സമ്മതിച്ചതുകൊണ്ടു് അവർ അപ്രകാരം ചെയ്തു.

സാന്ധില്യ—"അദ്ദേഹം ഉച്ചയ്ക്കു് ഉണ്ടതല്ലെ? കാപ്പിയും പലഹാരവും തയ്യാറാക്കി കൊടുക്കണം അമ്മാ"

നാണി—"നിന്റെ അമ്മാവൻ എന്തുപറയുമോ!"

സാന്ധില്യ—"അമ്മാവൻ ഒന്നും പറയുവില്ല. എന്റെ കയ്യിൽ ചക്രമുണ്ട്. പാച്ചീ, നീ പോയി കുറെ പഴവും, കാപ്പിക്കുരുവും, പഞ്ചസാരയും വാങ്ങിച്ചുകൊണ്ടുവാ."

നാണി—"അണ്ണൻ അറിയുവില്ലെ? അങ്ങേരു ശണ്ഠപിടിക്കും."

സാന്ധില്യ—"അമ്മാവന്റെ മകൻ തന്നെയല്ലോ. ഒന്നും പറയുവില്ല."

സാന്ധില്യ ഉടനെ തന്റെ കാൽപെട്ടി തുറന്ന് ആദിച്ചപ്പിള്ള മാസംതോറും കൊടുത്തിരുന്ന പണത്തിൽ നിന്നു സമ്പാദിച്ച ഒരു രൂപ എടുത്തു പാച്ചിയുടെ കൈയ്യിൽ കൊടുത്തു, പാച്ചിക്കു കവലത്തറമൂപ്പരുടെ സ്വഭാവം നല്ലപോലെ അറിയാമായിരുന്നതുകൊണ്ടു സാന്ധില്യയുടെ ആജ്ഞയെ അനുസരിക്കാതെ അവൾ അവിടെത്തന്നെ നിന്നു.

സാന്ധില്യ—"പോ, പാച്ചീ. ഓടിപ്പോയിച്ചുവാ; എന്റെ പൊന്നുപാച്ചി അല്ലെ?"

ഇതുകേട്ടു മന്ദസ്മിതത്തോടുകൂടി പാച്ചി അവിടെ നിന്നുപോയി.

ഈ സമയത്തു ലക്ഷ്മിഅമ്മ ഹൃഷികേശൻനായരെ കടാക്ഷിച്ചുകൊണ്ടു തളത്തിന്റെ പടിക്കൽ നില്ക്കുകയായിരുന്നു. ആ ഭവനം ആസകലം നോക്കി നയനത്തെ ഭൂഷിപ്പിച്ചിരുന്ന നായരുടെ നേത്രങ്ങൾ ഒടുവിൽ ലക്ഷ്മിഅമ്മയിൽ പതിഞ്ഞു. അപ്പോൾ നായരുടെ മനസ്സിൽ തിരുവനന്തപുരത്തെ സ്മരണകൾ ഉണ്ടായിത്തുടങ്ങി. തന്നെ ആ യുവാവു സൂക്ഷിച്ചു നോക്കുന്നതു കണ്ടുടനെ ലക്ഷ്മിഅമ്മ അധോമുഖിയായി അല്പം മറഞ്ഞുനിന്നു. ഇതുകണ്ടു കിട്ടുപിള്ള പാച്ചുപിള്ളയുടെ കർണ്ണത്തിൽ "തേവിടിശ്ശി" എന്നു മന്ത്രിച്ചു.

ഗോവിന്ദപ്പിള്ള—"സാറിനെ ഞാൻ തിരുവനന്തപുരത്തുവെച്ചു കണ്ടിട്ടുണ്ട്. ലാകാളേജിൽ വെച്ചാണ്."

ഹൃഷികേശൻ—"അതു വാസ്തവമായിരിക്കാം. ഞാൻ ബി. എൽ. കോർസ് തീർത്തുകൊണ്ടിരുന്നു. നിങ്ങൾ ആരാണെന്ന് എനിക്കു മനസ്സിലാകുന്നില്ല."

അയ്യാത്തുരയ്യൻ—(തനിക്കു ഒരു പുത്രിയുള്ള കാര്യം ഓർത്തു)—"ഇവൻഎന്നുടെ പയ്യൻതാൻ. പരീക്ഷൈ കുടുത്തിരുക്കിറാൻ. ഇങ്കെ പ്രാക്ടീസ് ചെയ്കിറതുക്കാകപോകുറേൻ. എനക്കു ഉണ്ടിയൽവ്യാപാരം. തിരുവനന്തപുരത്തിൽ എന്നുടെയ സ്നേഹിതാൾ രൊമ്പവും ഇരുക്കിറാർകൾ. താങ്കളേയും താങ്കളുടയ മാമാവേയും ചൊല്ലിക്കേട്ടിരുക്കിറേൻ. മാതുപിള്ളസാർ രൊമ്പപെരുന്തന്മൈയുള്ളവർ."

ഹൃഷികേശൻ—(ഗോവിന്ദപ്പിള്ളയോട്)—"നിങ്ങൾ എന്നാണു പ്ലീഡർഷിപ്പ് എക്സാമിനേഷൻ പാസായതു്?"

ഗോവി—"കഴിഞ്ഞ കർക്കടകത്തിൽ"

ഗംഗാധരൻപിള്ള—"പരീക്ഷയിൽ ജയിക്കാൻ പ്രയാസമില്ല. കേസു കിട്ടാനാണു പ്രയാസം."

അയ്യാത്തുരയ്യർ—"എപ്പടി കേസുകിടയ്ക്കും സാറെ. കോട്ടുഗുമസ്താക്കൾക്കു ഏതാവതു കൊഞ്ചം കയ്യിൽ കുടുത്താൽ വക്കീൽവേണ്ടാം. അന്ത വട്ടകാളിപയക്കൾ കേസൈ സമ്പ്രദായമാക ജയിച്ചുകുടുപ്പാർ."

ഇതുഗംഗാധരൻപിള്ളയെ കുത്തിപ്പറഞ്ഞതാണെന്നു ഹൃഷികേശൻനായർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. നായർ മനസ്സുകൊണ്ടു് അയ്യാത്തുരയ്യർക്കു് "വിടുവായൻപട്ടർ" എന്നു ബിരുദു കൊടുത്തു.

# അദ്ധ്യായം ൩.

“കണ്ടാലും പിപീലികാജാതികൾപോലും പുന
രണ്ഡങ്ങൾക്കു ഉടയാതെ സംഭരിക്കുന്നുവല്ലോ
കോകിലാണ്ഡവും ഭരിച്ചീടുന്നു വാത്സല്യത്താൽ
കാകനാരാത്മീയമെന്നോർത്തതു ചിത്രം ചിത്രം
സർവ്വജ്ഞനായ ഭവാനിങ്ങിനെയിരിക്കുന്ന
ദിവ്യനാം പുത്രൻ തന്നെ ഭരിച്ചീടായ്‌വാനെന്തേ?”

ഈ സംഭവങ്ങൾ എല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ, ആദിച്ചപ്പിള്ള അനന്യമാനസനായി എഴുത്തുവായിക്കുകയായിരുന്നു. ആ ലേഖനത്തെ അദ്ദേഹം ആവർത്തിച്ചു വായിച്ചു. ഇത്ര ഗാഢമായ ശ്രദ്ധയ്ക്കു പാത്രീഭവിച്ച ലേഖനത്തിൽ എന്തായിരിക്കും വിശേഷങ്ങൾ എന്ന് പാച്ചുപിള്ള പ്രഭൃതികൾ കുവലത്തറമൂപ്പരുടെ മുഖഭാവത്തിൽ നിന്ന് അനുമാനിക്കാൻ ശ്രമിച്ചു. എന്നാൽ ഈ ശ്രമം നിഷ്ഫലമായി അവസാനിക്കയും ചെയ്തു. ആദിച്ചപ്പിള്ള പാരായണം ചെയ്ത ലേഖനം ഇപ്രകാരമായിരുന്നു.

“പ്രിയപ്പെട്ട ആദിച്ചണ്ണാ, —

നമ്മൾ തമ്മിൽ കണ്ടിട്ട് ഇപ്പോൾ ഇരുപതുവർഷത്തോളമായി. ഹൃഷികേശനെക്കാണാൻ അണ്ണൻ ഒരിക്കൽ ഇവിടെ വന്നപ്പോഴാണ് നാം തമ്മിൽ ഒടുവിൽ കണ്ടത്. അന്ന് അണ്ണനെ ഇങ്ങിനെ ആശ്രയിക്കേണ്ടിവരുമെന്ന് ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ഈ എഴുത്ത് അണ്ണന്റെ കയ്യിൽ കിട്ടുമ്പോൾ ഞാൻ ഇഹലോകവാസം വെടിഞ്ഞിരിക്കും. എന്റെ അഭിമാനം എന്നെ ജീവിച്ചിരിക്കുവാൻ സമ്മതിക്കുന്നില്ല. കുഴപ്പങ്ങളെല്ലാം തീരുമെന്നു വിചാരിച്ച് ഇതുവരെ ഞാൻ നാലുപേരുടെ ഇടയിൽ ഇറങ്ങിനടക്കുവാൻ മടിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ അതെല്ലാം അവസാനിച്ചിരിക്കുന്നു. ഞാൻ അനവധി ചിട്ടി മുതൽവെച്ചിരുന്നു എന്ന് അണ്ണന് അറിയാമെല്ലോ. ആ വകയിൽ, പല ചിററാളന്മാരുടെ വീഴ്ചകൊണ്ടും എന്റെ സൂക്ഷ്മക്കുറവുകൊണ്ടും, ഞാൻ ചിട്ടിക്കാർക്ക് ഇപ്പോൾ മുപ്പതിനായിരം രൂപാ കൊടുക്കാനുണ്ട്. എന്റെ സ്വത്ത് ആകപ്പാടെ പതിനയ്യായിരം രൂപയ്ക്കേ വരുവൊള്ളു. അതു മുഴുവനും അവർ എടുത്തുകൊള്ളട്ടെ. അതിനായി ഞാൻ ഇന്ന് പാപ്പർഹർജി കൊടുത്തു. പാപ്പരായി ജീവിച്ചിരിക്കുവാൻ എനിക്കു വയ്യാ. തറവാട്ടുവസ്തുവിനേയും ഞാൻ നശിപ്പിച്ചു. ഹൃഷികേശൻ എന്റെ ചിട്ടിപ്രമാണങ്ങളിലൊക്കെ കാര്യമിന്നതെന്ന് അറിയാതെ ഞാൻ പറഞ്ഞതിനെ വിശ്വസിച്ച് ഒപ്പിട്ടിട്ടുണ്ട്. അവന് ഇപ്പോൾ ഒരു കാശുപോലും ഇല്ല. അവന് ഈ സംഗതി അറിഞ്ഞുകൂടാ. കഷ്ടം! എന്റെ ഓമനസഹോദരിയുടെ മകനായ അവന് ഇതു സംഭവിച്ചല്ലൊ! ഇതു കാണാതെ മീനാക്ഷിയും അക്കനും മരിച്ചതു നന്നായി എന്നു ഞാൻ വിചാരിക്കുന്നു.

ഹൃഷികേശന് എന്നെപ്പററി ദുരഭിപ്രായം ജനിക്കരുത്. അതിനു അണ്ണൻ സഹായിക്കണം. അവൻ ബി. എ. ജയിച്ചിട്ടുണ്ട്. അതുകൊണ്ട് വല്ലജോലിയിലിരുന്നാലെങ്കിലും അവനു കാലക്ഷേപം കഴിക്കാമെല്ലോ. അവനും അഭിമാനിയാണ്. എന്റെ മരണശേഷം കടക്കാരുടെ ഉപദ്രവത്തോടുകൂടി ഇവിടെ താമസിച്ച് ജോലിനോക്കുവാൻ അവനു മനസ്സുവരുമെന്നു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ അവൻ വെളിയിൽ വല്ലിടത്തും പോകട്ടെ. മുട്ടത്തറ നാണുപിള്ളഅണ്ണന്റെ മകൻ ഇ

പ്പോൾ മലയയിൽ താമസിക്കുന്നു. അവനു അവിടെ ഇരുന്നൂറുരൂപാ ശമ്പളംഉണ്ടു്. അവൻ മെട്രിക്കുലേഷൻപരീക്ഷയ്ക്കു തോററുകിടന്നവനാണു്. അവനു ഇത്ര ശമ്പളം കിട്ടിയപ്പോൾ ബി. എ. ജയിച്ച നമ്മുടെ ഹൃഷികേശനു് അതിൽ കൂടുതൽ ശമ്പളം കിട്ടും. അവനു ഉടപ്പിറന്നവളും ശേഷക്കാരരും മററും ഇല്ലല്ലോ. അവൻ അവിടെ പോയി ഒരു പത്തുവർഷം ഇരുന്നു് കുറേ പണം ഉണ്ടാക്കിക്കൊണ്ടുവരട്ടെ. അതാണു് നല്ലതു്. അവിടെ ചെന്നുചേരുന്നതിനും ചെന്നുചേർന്നാൽ കുറെ മാസങ്ങൾക്കും അവനു ബുദ്ധിമുട്ടു കാണും. അതിൽ അണ്ണൻ അവനെ സഹായിക്കണം. അവന്റെ അച്ഛൻ അവനെ സഹായിക്കാതെ ഇരിക്കുമോ? ഇതു ചെയ്യുവാൻ അണ്ണനു ശേഷിയുള്ളതുകൊണ്ടു് എനിക്കു ഒരുവിധം സമാധാനമുണ്ടു്. അവനെ ശീമയ്ക്കയച്ചാൽ കൊള്ളാമെന്നായിരുന്നു എന്റെ വിചാരം. അതു എന്റെ ചിട്ടിക്കുഴപ്പങ്ങൾകൊണ്ടു എനിക്കു സാധിച്ചില്ല. തലയിലെഴുത്തുപോലെ അല്ലാണ്ടു് വല്ലതും നടക്കുമോ? അണ്ണൻ ഇതുവരെ അവന്റെ കാര്യമൊന്നും അന്വേഷിച്ചിട്ടില്ല. ഇന്നു മുതൽ ആ ഭാരമൊക്കെ അണ്ണൻ ഏൽക്കണം. അവനു് അച്ഛനും, അമ്മയും, അമ്മാവനും അണ്ണൻതന്നെ. ഇങ്ങിനെ അണ്ണൻ വിചാരിച്ചു പ്രവർത്തിക്കുമെന്നു വിചാരിച്ച സമാധാനത്തോടുകൂടി ഞാൻ മരിക്കുന്നു.

ഹൃഷികേശൻ ഒരു നല്ല പയ്യനാണു്. എന്നോടു് അവനു വളരെ സ്നേഹമുണ്ടു്. അവന്റെ പേരമ്മയുടെ മരണശേഷം ഞാനാണു് അവനെ ശുശ്രൂഷിച്ചു് വളർത്തിവന്നതു്. അവൻ ഇതുവരെ ദാരിദ്ര്യം അനുഭവിച്ചിട്ടില്ല. അവന്റെ ധാരാളത്വത്തിനു് ഞാൻതന്നെ കാരണം. അതൊക്കെ ഇനി അവൻ ക്രമേണ ഉപേക്ഷിക്കും. എന്റെ മരണവൃത്താന്തംകേട്ടു് അവൻ വ്യസനിക്കാതെ അണ്ണൻ നോക്കണം. അവന്റെ ദാരിദ്ര്യവും അണ്ണൻ ക്രമേണ അവനോടു പറഞ്ഞു മനസ്സിലാക്കണം. ചുരുക്കിച്ചിലവിടാൻ അണ്ണൻ അവനോടു ഉപദേശിക്കണം. അവൻ ആ ഉപദേശം കേൾക്കും. പക്ഷെ, ചട്ടെന്നു അവനു് ആ സ്വഭാവം കളയുവാൻ സാധിക്കുകയില്ല, അത്രയുള്ളു. അതുകൊണ്ടു് അണ്ണനു് വല്ലായ്മ തോന്നരുതു്. അവന്റെ തറവാട്ടുവസ്തുവിനെപ്പററി കേസിനൊന്നും പോകരുതെന്നാണു് എന്റെ ഒടുവിലത്തെ ആഗ്രഹം എന്നു അവനോടു പറയണം. അവന്റെ അഭിമാനവും അവനു് ഇതുതന്നെ ഉപദേശിക്കും. പണമല്ല വലുതു്; മാനമാണു്. അതു അവനു് അറിയാം. ഞാൻ എന്റെ ഭാര്യയ്ക്കുകൊടുത്തല്ല ഈ കടം വലിച്ചു തലയിൽവെച്ചതു്. അവനുവേണ്ടി പണം സമ്പാദിക്കണമെന്നുവെച്ചാണു്. അതു അവനു് അറിയാംതാനും. ഇതെല്ലാം വിചാരിച്ചു് അവൻ ഇനിയും എന്നെ സ്നേഹിക്കുന്നെങ്കിൽ അവനോടു ഞാൻ പറഞ്ഞതായി അണ്ണൻ ഇങ്ങിനെ പറയണം. 'എല്ലാവരും ലോകത്തിൽ ജനിക്കുന്നതു പണത്തോടുകൂടി അല്ല. അവനവന്റെ പരിശ്രമംകൊണ്ടു് പണം ധാരാളം ഉണ്ടാക്കാം.'

അവനു മലയയിൽ ജോലി കിട്ടുന്നവരെ അണ്ണൻ അവനെ സഹായിക്കണമെന്നു് ഞാൻ വീണ്ടും അപേക്ഷിക്കുന്നു. അവന്റെ അമ്മയെ ഓർമ്മിച്ചു് അണ്ണൻ അങ്ങിനെ ചെയ്യുമെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. മരിച്ചവർക്കു എല്ലാം അറിയാമെല്ലോ. അണ്ണൻ ഇങ്ങിനെ ചെയ്യുന്നോ ഇല്ലയോ എന്നു് എനിക്കു മരിച്ചാലും അറിയാൻ കഴിയും. ഇത്രയും പറഞ്ഞു് ഞാൻ അണ്ണനോടു യാത്ര പറയുന്നു.

എന്നു്
വി. മാധവൻപിള്ള."

എഴുത്തു വായിച്ചതിനുശേഷം തന്റെ വികാരങ്ങളെ മറച്ചു് ആദിച്ചപ്പിള്ള പുത്രന്റെ മുഖത്തു നോക്കാതെ സംസാരിക്കുവാൻ തുടങ്ങി.

ആദിച്ച—"നീ തപാൽ വണ്ടിയിലല്ലെ വന്നതു്?"
ഹൃഷികേശൻ—"അതെ അഛാ."

ആദിച്ചപ്പിള്ള എണീററു് അറപ്പുരയുടെ തെക്കേപടിക്കൽ ചെന്നു.

ആദിച്ച—"പടിപ്പുര ഒക്കെ തൂത്തുവാരിയോ, നാണി"
നാണി—"ഓ, അണ്ണു."
ആദിച്ച—"അവൻ അവിടെ ഇരിക്കട്ടെ."

ഇത്രയും പറഞ്ഞതിനുശേഷം കവലത്തറ മൂപ്പരു് തളത്തിൽ തിരിച്ചു വന്നു.

ആദിച്ച—"നീ വണ്ടിയിലിരുന്നു ക്ഷീണിച്ചിരിക്കും. പടിപ്പുരയിൽ പോയി കിടക്കയോ വല്ലതും ചെയ്യു്. അതു ഒരു മംഗ്ലാവല്ല. പാവപ്പെട്ട കൃഷിക്കാരുടെ വീടാണെന്നു വിചാരിച്ചു് അതിലുള്ള അസൌകര്യങ്ങളൊക്കെ നീ ക്ഷമിക്കണം."

അയ്യാത്തുരയ്യർ—(എണീററു്)—"നാൻ പോകറേൻ, ആദിച്ചപ്പിള്ളെ" ഉങ്കളുക്കും ഉങ്കംപയ്യനുക്കും റൊമ്പ സമാചാരം പേശവേണ്ടി ഇരുക്കലാം. ഒൻറു രണ്ടു തിനംപൊറുത്തു വാറേൻ," (ഹൃഷികേശൻനായരോടു്)—"സാർ, നീങ്കൾ എന്നുടയ ആത്തുക്കു സൌകര്യമാകവാരുങ്കൾ. എന്നതു പയ്യനെ താങ്കൾ കൂട അനപ്പിടൌൺ കാൺപിത്തു തരുകിറതുക്കാക ഏറ്പ്പാടു ചെയ്കിറേൻ.വരട്ടുമാ."

ഇലഞ്ഞിമൂട്ടുകാരും ഇതോടുകൂടി ആദിച്ചപ്പിള്ളയോടു യാത്രപറഞ്ഞു തിരിച്ചു.

ഈ രണ്ടു മത്സരകക്ഷികളും ഒരുമിച്ചാണു് അവിടെനിന്നും പുറത്തിറങ്ങിയതു്.

കിട്ടുപിള്ള—(അയ്യാത്തുരയ്യനോടു)—"എന്തുസാമീ ചൂണ്ടയിൽനിന്നും മീൻ ചാടിപ്പോയി. ശേഷകാരിയെ മകനു് കൊടുക്കുന്നതല്ലെ മുറ. ഗോവിന്ദപ്പിള്ളക്കു് വേറെപെണ്ണന്വേഷിച്ചുതുടങ്ങണം."
അയ്യാത്തുരയ്യൻ—"പാത്തുകൊള്ളലാം."

കിട്ടു—"ആ പഞ്ചവർണ്ണക്കിളിക്കു പെണ്ണു ബോധിക്കുമെന്നു തോന്നുന്നില്ല. അവളെക്കാൾ കണ്ടാൽ കൊള്ളാവുന്ന പെണ്ണുങ്ങൾ എത്രയോ തിരുവനന്തപുരത്തുണ്ടു്!"

ഗംഗാധരൻപിള്ള—"പെണ്ണുകാണാനാണു മാതുപിള്ള അനന്തരവനെ ഇങ്ങോട്ടു് അയച്ചതു്."

പാച്ചുപിള്ള—"അതിനെപ്പററി മുൻകൂട്ടി ഒരു വർത്തമാനവും കേട്ടില്ലല്ലൊ"

അയ്യാത്തുരയ്യൻ—"അവർ അന്ത വാർത്തൈയെ ഊരിലൈ എല്ലാം ചൊല്ലിക്കൊണ്ടുനടപ്പാരാ? അവൻ ലേശാകസംഗതികൾ ചൊല്ലിക്കൂടിനവനല്ലെ. നാൻ അന്ത അഴകിയരാവണനൈ ആത്തുക്കു ക്ഷണിച്ചിട്ടുണ്ടും. നീങ്കളും വാരുങ്കോ"

ഇത്രയും സംഭാഷണം കഴിഞ്ഞു് അവർ തമ്മിൽ പിരിഞ്ഞു. ഇലഞ്ഞിമൂട്ടുകാർ തനിച്ചായപ്പോൾ അവർ അന്നത്തെ സംഭവങ്ങളെയും അവയുടെ ഫലത്തെയും പററി വാദപ്രതിവാദം ചെയ്തു. ഒടുവിൽ. രണ്ടു മത്സരകക്ഷികൾക്കും പൊതുവായ ശത്രു ഹൃഷികേശൻ നായരാണെന്നും, നായരെക്കൊണ്ടു സാന്ധില്യയെ വിവാഹം ചെയ്യിക്കാതെ ഇരിക്കുവാൻ രണ്ടു കക്ഷികളും യോജിച്ചു പ്രവർത്തിക്കണമെന്നും, ആ ഉദ്ദേശസാദ്ധ്യത്തിനായി നായരോടു കവലത്തറ വീട്ടുകാരെപ്പററി അപശ്ലോകതി, കടാക്ഷാക്ഷേപം, വ്യാജസ്തുതി, സ്നേഹപൂർവ്വമായ ഉപദേശം, ഇത്യാദി തന്ത്രങ്ങൾ പ്രയോഗിക്കണമെന്നും അവർ നിശ്ചയിച്ചു.

# അദ്ധ്യായം ൭.

"ശുശ്രൂഷ ചെയ്വാനുമകൊത്തു നിൽക്കു
ന്നൊന്നാശു കൂപ്പീട്ടറിയിച്ചു നമ്മി."

അതിഥികൾ പോയതിനുശേഷം ആദിച്ചപ്പിള്ള ഹൃഷികേശൻ നായരോടു ഇപ്രകാരം പറഞ്ഞു.

ആദി—"നീ വണ്ടിയിൽ ഇരുന്നു ക്ഷീണിച്ചതല്ലെ? അതുകൊണ്ടു നമുക്കു വൎത്തമാനങ്ങളൊക്കെ നാളെ പറയാം. ഞങ്ങൾ അത്താഴം കഴിക്കുന്നതു നേരത്തെ ആണു്. ഇവിടത്തെ പതിവു കാലത്തെ കഞ്ഞിയും, ഉച്ചയ്ക്കും വൈകിട്ടും വല്ല രണ്ടു കൂട്ടാനുംകൂട്ടി ചോറുമാണു്. കാപ്പിയും മററും ഞങ്ങൾ കുടിക്ക പതിവില്ല. പത്മനാഭപുരത്തെ വിശേഷങ്ങളൊക്കെ നിനക്കു നാളെയോ മറേറാ ചെന്നു കാണാം. വീട്ടുകാൎയ്യം അന്വേഷിക്കേണ്ടിയിരിക്കുന്നതുകൊണ്ടു് എനിക്കു നിന്നോടുകൂടി വരാൻ സാധിക്കുവില്ല. ഞാൻ വലിയ പണക്കാരനെന്നു ഇവിടങ്ങളിൽ ഉള്ളവർ പറയുമായിരിക്കും. ആളുകൾക്കെന്തു പറഞ്ഞുകൂടാ! അവൎക്കു ബോധിച്ചതുപോലെ പറയട്ടെ. എനിക്കു് അതുകൊണ്ടു ചേതമൊന്നുമില്ല. വാസ്തവത്തിൽ എനിക്കു ഒരു കാശുപോലും സമ്പാദ്യമില്ല. നിത്യവൃത്തി കഴിക്കുന്നതുതന്നെ വളരെ ബുദ്ധിമുട്ടീട്ടാണു്. ദേഹം വിയൎത്തു ജോലി ചെയ്യാലെ ഒരു കാശുപോലും ഉണ്ടാക്കാൻ സാധിക്കയുള്ളു. നീ അതിനു തുടങ്ങുമ്പോൾ നിനക്കു് അതറിയാം. എന്തെടി, പാച്ചി, നിന്റെ കൈയ്യിൽ?"

പീടികയിൽനിന്നും വരുന്ന പാച്ചിയോടാണു കുവലത്തറമൂപ്പർ ഇങ്ങിനെ ചോദിച്ചതു്.

പാച്ചി—"പഴവും കാപ്പിയും."

ആദി—(നായരോടു്)—"നീ പോയി കിടക്കു്."

നാണിഅമ്മ—"വല്ലതും ആവശ്യമുണ്ടെങ്കിൽ പാച്ചിയെ വിളിക്കണം."

നായർ പടിപ്പുരയിലേക്കു പോയി.

ആദി—"ആരു പറഞ്ഞെടീ ഇതെല്ലാം വാങ്ങിക്കാൻ?"

പാച്ചി—"അപ്പി പറഞ്ഞു."

ആദി—"ചക്രം എവിടുന്നു?"

നാണി—"അവളുടെ കയ്യിലുള്ള ചക്രം കൊടുത്തയച്ചു."

ആദി—"ഇതു് എന്തു ക്രുത്താണു്? പണം ചുമ്മാകിട്ടുമോ?"

സാന്ധില്യ—"അമ്മാവൻ എനിക്കു തന്നതല്ലെ? അതിൽ കുറെ ചക്രം മാത്രമേ ഇതിനു ചിലവാക്കിയുള്ളല്ലോ. അമ്മാവന്റെ മകൻ ഉച്ചയ്ക്കു് ഉണ്ടതല്ലേ? ഊണുകാലമാകാൻ താമസിക്കും. അതുകൊണ്ടു് ഞാൻ കാപ്പിയും പഴവും വാങ്ങിച്ചു."

ആദി—"ഇങ്ങിനെ ദിവസവും അവനു കാപ്പിയും പലഹാരവും കൊടുക്കാനാണോ നീ നിശ്ചയിച്ചിരിക്കുന്നതു്? നല്ല കാൎയ്യം. നമുക്കു അതിനു ശേഷിയില്ല. ചേരതിന്നും നാട്ടിൽ ചെന്നാൽ നടുത്തുണ്ടും തിന്നണം."

സാന്ധി—(പാച്ചിയോടു)—"വേഗം കാപ്പി കാച്ചു്, പാച്ചി"

പാച്ചി—"ഇന്നു് അരി കൂടുതൽ ഇടണ്ടേ? കാലത്തു പായസവും വെച്ചിട്ടു് ഒരാൾക്കു കൂടി ചോറു തികയുകയില്ല"

നാണി—“അതെ, അണ്ണാ. അതിനു അരി കൊടുക്കണം. പിന്നെ കാലത്തെ കൂട്ടാനെ ഉള്ളു. ഒരു കൂട്ടാനെങ്കിലും വെയ്ക്കണ്ടേ?”

ആദി—“നിങ്ങൾക്ക് എന്തു്? ഭ്രാന്തോ? ഞാൻ ഇതിനൊക്കെ എവിടെ പോണു. ഉരി അരികൂടി തരാം. കൂട്ടാനൊന്നും വെയ്ക്കണ്ട. വേണെങ്കിൽ ഒരു മുരിങ്ങയിലത്തോരൻ വെച്ചേക്ക്.”

സാന്ധി—“അതു കുറച്ചില്ല്, അമ്മാവാ. അദ്ദേഹം നല്ല കൂട്ടാൻകൂട്ടി ഉണ്ടു ശീലിച്ചു വന്നല്ലേ?”

ആദി—“നിനക്ക് ഇന്നു് എന്തു ഇത്ര ഇളക്കം? ഞാൻ പറഞ്ഞതുകേട്ടു നടക്ക്. ഇങ്ങിനെ തുടങ്ങിയാൽ നമ്മുടെ തറവാടു മുടിയും.”

ഇത്രയും പറഞ്ഞതിനുശേഷം ആദിച്ചപ്പിള്ള തെക്കേപ്പുരയിലേക്കു പോയി.

സാന്ധി—“കാപ്പിക്കു പാലു വാങ്ങിച്ചില്ലെല്ലോ. പാച്ചി, കാപ്പി ഞാൻ കാച്ചാം. നീ പോയി വടക്കേതിൽചെന്നു് ഒരു ചക്രത്തിനു പാലു വാങ്ങിച്ചു കൊണ്ടുവാ. ഒരു ചക്രത്തിനു മോരും വാങ്ങിച്ചോ. ഒരു മോരൊഴിച്ചുകൂട്ടാനെങ്കിലും വെയ്ക്കണ്ടെ?”

നാണി—“നിന്റെ അമ്മാവൻ ശണ്ഠപിടിക്കും.”

സാന്ധി—“ശണ്ഠ പിടിക്കട്ടെ. അങ്ങേരുടെ മകനുവേണ്ടി അല്ലേ നമ്മൾ ഇതെല്ലാം ചെയ്യുന്നതു്? അല്ലെങ്കിൽ അദ്ദേഹം നമ്മളെക്കുറിച്ചു എന്തു വിചാരിക്കും?”

ഹൃഷികേശൻനായർ പടിപ്പുരയിൽ ചെന്നപ്പോൾ അതിന്റെ തളത്തിൽ ഒരു മെത്തപ്പായും, ശുഭ്രകോശത്തോടുകൂടിയ ഒരു ഉപധാനവും ഉണ്ടായിരുന്നു. പടിപ്പുരമുറിയിൽ നായർ പ്രവേശിച്ചു. അവിടെ പാച്ചി, നായരുടെ തകരപ്പെട്ടിയും കോസടിയുംകൊണ്ടുവെച്ചിരുന്നു. മുറിയുടെ വടക്കേ വാതൽ ബന്ധിച്ചിരുന്നതുകൊണ്ടു് അതിൽ തീരെ വെളിച്ചമില്ലായിരുന്നു. നായർ അതിനെ തുറന്നു പറമ്പിൽ നില്ക്കുന്ന പന, വാഴ, മുരിങ്ങ മുതലായ വൃക്ഷങ്ങളെ നോക്കിനിന്നു. പിന്നെ, നായർ മുറി പരിശോധിച്ചു തുടങ്ങി. അതിന്റെ മച്ചും കാലപ്പഴക്കമുള്ളതായിരുന്നു. അനു സാന്ധില്യ നശിപ്പിച്ച വേട്ടാവെളിയന്റെ കൂടുകളുടെ ഗോളാകാരമായ ലക്ഷ്യങ്ങൾ അതിലും തളത്തിന്റെ മച്ചിലും കാണ്മാനുണ്ടു്. മുറിയുടെ മൺഭിത്തികൾക്ക് ഇളംമഞ്ഞനിറമുണ്ടു്. അതിൽ പണ്ടു തേച്ചിരുന്ന കുമ്മായത്തിന്റെ വെള്ളനിറവും അവിടവിടെ കാണ്മാനുണ്ടു്. തറയിൽ ചാണകം മെഴുകിയിരുന്നു. ഈ ഗോമലസമ്പർക്കംകൊണ്ടു് ആ ഭിത്തികളുടെ അധോഭാഗങ്ങളും സങ്കീർണ്ണവർണ്ണമായിത്തീർന്നിരുന്നു.

ഇതെല്ലാം കണ്ടു് ജുഗുപ്സിതഹൃദയനായി നായർ തളത്തിൽ വന്നിരുന്നു. കസേരയിൽ മാത്രം ഇരുന്നു ശീലമുള്ള നായക്കു ആസനം നിലത്തു ഉറപ്പിച്ചതുകൊണ്ടു കുറെ അസ്വാസ്ഥ്യം തോന്നാതെയിരുന്നില്ല. “ഈ കോഴിക്കൂട്ടിൽ വന്നു താമസിക്കുവാൻ അമ്മാവൻ എന്നെ പറഞ്ഞയച്ചതെന്തിനു്?” എന്നു നായർ തന്നത്താൻചോദ്യം ചെയ്തു.

താമസിയാതെ നാണിഅമ്മ പാച്ചിയുടെ സഹായത്തോടുകൂടി കാപ്പിയും പഴവും നായരുടെ മുമ്പിൽ കൊണ്ടുവെച്ചു.

നാണി—“കുറെ കാപ്പി കുടിക്കണം.”

നായർ—എനിക്കു കാഫി മാത്രം മതി. ഫ്രൂട്ട്സ് വേണ്ട.”

പാച്ചി—“വെള്ളം കുടിച്ചാൽ വിശപ്പു ആറുമോ, പിള്ളെ.”

ഇതുകേട്ടു നായർ അതിശയത്തോടുകൂടി പാച്ചിയെ സൂക്ഷിച്ചുനോക്കി.

നാണി—“രണ്ടു പഴമെങ്കിലും തിന്നരുതോ? മുറി ഒക്കെ വൃത്തിയാക്കിയോ, പാച്ചീ.”

പാച്ചി—“ഞാൻ തൂത്തതു പോരാഞ്ഞിട്ടു് അപ്പിയുംകൂടി തൂത്തു.”

നാണി—"അമ്മാവനു സുഖം തന്നെയോ?"
ഹൃഷികേശൻ—"അതേ, താങ്ക്സ്."
നാണി—"ബി. എൽ. പരീക്ഷയ്ക്കു ചേരുന്നില്ലേ?"
ഹൃഷികേ—"ചേരണം."

"അമ്മാ, അമ്മാ" എന്നു സാന്ധില്യ വിളിക്കുന്നതുകേട്ടു നാണിഅമ്മ, "ഞാൻ അവൾ വിളിക്കുന്നതു് എന്തിനെന്നു ചോദിക്കട്ടെ" എന്നു പറഞ്ഞു് അവിടെ നിന്നു വീട്ടിലേക്കു പോയി.

ഹൃഷികേ—"നോക്കണം, സുബേദാരെ. ഇതാണോ അച്ഛൻെറ വീടു്? അച്ഛനു വേറെ വലിയ വീടുണ്ടോ?"
പാച്ചി—(പുഞ്ചിരിയോടുകൂടി) "കൊള്ളാം! പിള്ള വിളയാട്ടുകാരനാണു്. ഇതു തന്നെ അങ്ങുന്നിൻെറ വീടു്."
ഹൃഷികേ—"ആ മുറിയിൽ ലൈററില്ല. ട്രങ്ക് ഇവിടെ എടുത്തുകൊണ്ടു വരാമോ? അതു തുറന്നു് എൻെറ കോട്ടും മററും അതിനകത്തു വെയ്ക്കാനുണ്ടു്."

"അതിനെന്തിപ്പം" എന്നു പറഞ്ഞു പാച്ചി ആ തകരപ്പെട്ടി അവിടെ എടുത്തു കൊണ്ടുവന്നു. ഹൃഷികേശൻനായർ അതു തുറന്നു് അതിലുണ്ടായിരുന്ന കുറേ സാമാനങ്ങളെ പായിൽ നിക്ഷേപിച്ചു. അനവധി മൽമൽമുണ്ടുകളും ഷർട്ടുകളും അതിൽ കണ്ടു പാച്ചിക്കു് അതിശയം തോന്നി.

പാച്ചി—"എൻെറ അമ്മച്ചീ! ഇതെല്ലാം പിള്ളയ്ക്കു ഉടുപ്പാനാണോ? ഒരു വീട്ടിലെ ഉടുപ്പിനു ഇതു മതി. ഞാൻ അപ്പിയെ വിളിക്കട്ടോ ഇതു കാമ്മാൻ?"
ഹൃഷികേ—"ഞാൻ പോകുമ്പോൾ നിനക്കു രണ്ടു മുണ്ടു തരാം."

ഈ വാഗ്ദത്തത്തിൽ വിശ്വാസമില്ലാത്ത ഭാവം പാച്ചിയുടെമുഖത്തു സ്ഫുരിച്ചു.

പാച്ചി—"രണ്ടു മുണ്ടു് എനിക്കു തരുമോ! പിള്ള പറഞ്ഞു കൊതിപ്പിക്കുന്നു."
ഹൃഷികേ—"ഞാൻ നേരമ്പോക്കല്ല പറഞ്ഞതു്. നിനക്കു രണ്ടു മുണ്ടു തന്നേച്ചേ ഞാൻ പോകുകയുള്ളു. നീ പാത്രം എല്ലാം എടുത്തുകൊണ്ടുപോ."

അന്നു രാത്രിയിൽ നാണിഅമ്മ ഒഴികെ ആ ഗൃഹത്തിലുള്ള എല്ലാവക്കും ഓരോവിചാരങ്ങളാൽ പതിവിൽ താമസിച്ചേ ഉറങ്ങുവാൻ കഴിഞ്ഞൊള്ളു. സാന്ധില്യ ഹൃഷികേശൻനായരെപ്പററി ചിന്തിച്ചു വളരെ നേരം നഷ്ടനിദ്രയോടുകൂടി കിടന്നു. പാച്ചി തനിക്കു സമ്മാനമായി ലഭിക്കുവാൻ പോകുന്ന വസ്ത്രങ്ങളെയും അവയെ ഉപയോഗിക്കേണ്ട അവസരങ്ങളേയും കുറിച്ചു ദീഘാലോചന ചെയ്യുതുകൊണ്ടു പതിവുസമയത്തു് ഉറങ്ങിയില്ല. ഹൃഷികേശൻനായർ വായുസഞ്ചാരമില്ലാത്ത പടിപ്പുരമുറിയുടെ രണ്ടു വാതലും തുറന്നിട്ടു് ഉറങ്ങുവാൻ ശ്രമിച്ചു. എന്നാൽ അതു പുതിയ സ്ഥലമായതുകൊണ്ടും പതിവില്ലാതെ നിലത്തു കിടക്കേണ്ടി വന്നതുകൊണ്ടും നായക്കു വേഗത്തിൽ നിദ്രയുണ്ടായില്ല. ആദിച്ചപ്പിള്ള ചിന്താമഗ്നനായി വീട്ടിൻെറ മുൻവശത്തുള്ള വരാന്തയിൽ വളരെനേരം ഉലാത്തിക്കൊണ്ടിരുന്നു. "എന്തു നേരമ്പോക്കാണു്! മാതുപിള്ളയുടെ വിചാരം കൊള്ളാം! ഒരു കാശുപോലും ഒരുത്തനു കൊടുക്കുവാൻ ശേഷിയില്ലാത്ത ഞാൻ എങ്ങിനെ ആണു് ഈ കൊച്ചുങ്ങുന്നിൻെറ ആവശ്യങ്ങൾ നിറവേററുന്നതു്?. അവൻ എൻെറ വീട്ടിനെ പറക്കുടിയേപ്പോലെയല്ലേ നോക്കിയതു്" ഇപ്രകാരമുള്ള ചിന്തകളോടുകൂടി ആദിച്ചപ്പിള്ളയും അദ്ധരാത്രിവരെ ഉറക്കം ഒഴിഞ്ഞിരുന്നു.

# അദ്ധ്യായം—൮.

ശുഭകരപ്രിയതാൻ ഭഗവാനുമങ്ങ-
സ്സൽക്കാരമെല്ലാമങ്ങനെ തുനിഞ്ഞാൻ
കെൽപ്പോടുമപ്പാരമയക്കിയെന്ന
നൽബാണമപ്പകനും തൊടുത്താൻ ”

വിശുദ്ധമായും വൃത്താന്തവിഹീനമായും ജീവിതത്തെ നയിക്കുന്ന യുവതികളുടെ ഹൃദയങ്ങളിൽ പരമാനന്ദം പരന്ന്, കുസുമോപമമായ ചിന്തകൾ നിറഞ്ഞ് അവർ അവ്യക്തമായ ആശകളോടും അനിമിത്തമായ ആലസ്യത്തോടുംകൂടി കാലയാപനം ചെയ്യുന്ന ഒരു ജീവിതഘട്ടത്തെ നാം സാധാരണയായി കാണാറുണ്ട്. ഇദംപ്രഥമമായി ദീപം കാണുന്ന ഒരു ശിശു പുഞ്ചിരിതൂകുന്നതുപോലെ ആദിമാനുരാഗബാധിതയായ തരുണിയും നിഷ്കപടവും ദിവ്യവുമായ മന്ദഹാസം പൊഴിക്കുന്നു. സാന്ധില്യയും ഈ ജീവിതഘട്ടത്തിൽ ഇപ്പോൾ എത്തിയിരിക്കുന്നു.

പിറേറദിവസം അതിരാവിലെ എണീററു സാന്ധില്യ ദന്തശോധനാദികൾ ചെയ്തു വസ്ത്രം ധരിക്കുന്നതിനു തുടങ്ങി. വസ്ത്രപരിധാനത്തിലും ചികുരബന്ധനത്തിലും ഇന്ന് അവൾ പ്രത്യേക നിഷ്കൎഷ കാണിച്ചു. അംഗസംസ്കാരത്തിനു ശേഷം അവൾ അല്പനേരം കണ്ണാടി നോക്കി നിന്നു. ആദ്യമായി വിശേഷ വസ്ത്രങ്ങളിലും, ഭൂഷണാദികളിലും മോഹം ഇന്ന് അവളുടെ മനസ്സിൽ ഉദിക്കയും ചെയ്തു.

പത്മനാഭപുരം കൊട്ടാരത്തിലെ ഘണ്ടനാദം സാന്ധില്യയെ സമയം അറിയിച്ചു. താൻ വളരെ നേരത്തെ എണീററുവെന്ന് അവൾക്ക് അപ്പോൾ മാത്രമേ മനസ്സിലായുള്ളു. പാച്ചിയുടെ സമ്മാൎജ്ജനിയുടെ ശബ്ദം മാത്രമേ അവിടെ കേൾക്കാനുണ്ടായിരുന്നൊള്ളു. അതുകൊണ്ട് അവിടെയുള്ളവർ ഉറക്കം എഴുനീൽക്കുന്നതുവരെ സമയം ചിലവു ചെയ്വാനായി സാന്ധില്യ അറപ്പുരയുടെ തെക്കേ പടിക്കൽ പറമ്പിൽ നോക്കിക്കൊണ്ട് ഇരുന്നു.

കിഴക്കൻദിക്കുകളിൽ സാധാരണയായി കാണാവുന്ന നീലനഭസ്ഥലസായുക്തമായ ഒരു സുദിനമായിരുന്നു അന്ന്. പത്മനാഭപുരം കോട്ടമതിലിൻെറ ഒരു ഭാഗത്തെ അവൾക്കു കുറേ തെക്കുപടിഞ്ഞാറായി കാണാമായിരുന്നു. പത്തായപ്പുരയുടെ സമീപത്തിൽ ഉള്ള പിച്ചിച്ചെടിയിൽ കുറേ പുഷ്പങ്ങൾ നിന്നിരുന്നു. തെക്കേ മുററത്തിനും പറമ്പിനും മദ്ധ്യേ ഒരു പഴയ മതിലിൻെറ അവശിഷ്ടങ്ങൾ കാണ്മാനുണ്ട്. ഗ്രീഷ്മകാലത്തിൻെറ ഉഷ്ണാധിക്യത്താൽ സമൃദ്ധിയായി പൊഴിഞ്ഞു കിടക്കുന്ന ശുഷ്കപത്രങ്ങളെ പാച്ചി നെല്ലു പുഴുങ്ങുവാനായി ശേഖരിച്ചു പറമ്പിൽ അവിടവിടെ കൂട്ടിയിരുന്നു. അവിടെ നിന്നിരുന്ന താലാദിവൃക്ഷങ്ങളിലും നാരകം മുതലായ ചെടികളിലും ഫലപുഷ്ടി കാണ്മാനുണ്ട്. പത്തായപ്പുരയ്ക്കു സമീപത്തിൽ നിൽക്കുന്ന വേപ്പുമരവും, വീട്ടിൻെറ പടിഞ്ഞാറുവശത്തെ കയ്യാലയിൽ ചേൎന്നുനിൽക്കുന്ന രണ്ടു കള്ളിച്ചെടികളും സാന്ധില്യയ്ക്ക് അവിടെനിന്നും കാണാമായിരുന്നുതാനും.

ഈ കാഴ്ചകളെല്ലാം ദിവസംപ്രതി അവൾ കണ്ടുവന്നിരുന്നുവെങ്കിലും, ഇന്നു അവയ്ക്ക് ഒരു പ്രത്യേക മനോജ്ഞത ഉണ്ടെന്നു സാന്ധില്യയ്ക്കു തോന്നി. ബാലമാൎത്താണ്ഡൻെറ മന്ദോഷ്ണകിരണങ്ങൾ പ്രപഞ്ചവസ്തുക്കളിൽ വ്യാപിച്ചതുപോലെ, ചിന്താപ്രവാഹംകൊണ്ടു സാന്ധില്യയുടെ മനസ്സും നിറഞ്ഞു. വേളിമലയുടെ ഉന്നതശൃംഗങ്ങളെ ജീമൂതജാലങ്ങൾ ആവരണം ചെയ്യുന്നതുപോലെ, നവമായ ഒരു പര

മാനന്ദം അവളുടെ ഹൃദയകമലത്തെ പൊതിഞ്ഞു. ഉദയഭാനുവിന്റെ മന്ദമായ കരസമ്പർക്കംകൊണ്ടു് പുഞ്ചിരി തൂകുന്ന ആ തരുലതാദികളും, ഭിത്തിശകലങ്ങളും തന്റെ ആമോദത്തെ പങ്കുകൊള്ളുന്നുവെന്നു സാന്ധില്യയ്ക്കു് തോന്നിത്തുടങ്ങി. വെളിമലയുടെ സാനുപ്രദേശങ്ങളിൽനിന്നും ആഗതനായ മന്ദമാരുതന്റെ പരിഷ്വംഗത്താൽ സീൽക്കാരം ചെയ്യുന്ന ലതകൾ തന്റെ ആത്മപ്രശ്നങ്ങൾക്കു് ഉത്തരം പറയുന്നുവെന്നു് അവൾ വിചാരിച്ചു. എന്നാൽ ഇപ്രകാരം മനോഹരമായ മനോരാജ്യപന്ഥാവിൽ സോല്ലാസം സഞ്ചരിക്കുന്ന അവൾക്കു ഭീതിജനകമായ ചില ചിന്തകളും ഉണ്ടാകാതെ ഇരുന്നില്ല. ഈ ആശങ്കകൾ അവളെ, അറപ്പുരയ്ക്കകത്തു ചെന്നു് ദർപ്പണത്തെ എടുത്തുകൊണ്ടു് തിരികെ പൂർവസ്ഥാനത്തു വന്നു തന്റെ സൌന്ദര്യപരിശോധന ചെയ്യുന്നതിനു പ്രേരിപ്പിച്ചു. അപ്പോൾ, "അദ്ദേഹം എന്നെ ഒരു സുന്ദരിയായി വിചാരിക്കുകയില്ല" എന്നു് അവൾ മനസാ ചിന്തിച്ചു വിഷാദിക്കുകയുംചെയ്തു.

ഇപ്രകാരമുള്ള ആത്മപരീക്ഷയാൽ വ്യാകുലചിത്തയായിത്തീർന്ന ആ സ്ത്രീരത്നത്തിനു്, ഈ വിഷാദത്തിനു തക്കതായ കാരണമുണ്ടായിരുന്നില്ല. യഥാർത്ഥമായ അനുരാഗത്താൽ സ്ത്രീകൾ അനഹങ്കാരികളായും ആശങ്കമതികളായും ഭവിക്കുമെല്ലോ. ഗ്രാമനിവാസികളായ നായർസ്ത്രീകളിൽ സാധാരണയായി കാണാവുന്ന കായബലസംയുക്തമായ ആകർഷണശക്തി സാന്ധില്യയ്ക്കും ഉണ്ടായിരുന്നു. ലളിതമായ അംഗസൌഷ്ഠവം ഇവരിൽ കാണുകയില്ല. എന്നാൽ അതിനു പരിഹാരമായി ഇവർക്കു സൌശീലാദിഗുണങ്ങൾ ഉണ്ടായിരുന്നേക്കാം. സാന്ധില്യയുടെ മുഖം വൃത്താകാരമായിരുന്നു. ശിരസ്സു് അല്പം വലുതാണു്. അവളുടെ വർത്തുളമായ നേത്രങ്ങൾ പരിശുദ്ധജീവിതത്തെയും, നിഷ്കപടതയെയും പ്രതിബിംബിച്ചു. വസൂരിയുടെ മൂന്നോ നാലോ പാടുകൾ, ഇരുണ്ടു് അല്പം ചുവന്നു്, മാംസളമായ അവളുടെ വദനത്തിൽ കാണ്മാനുണ്ടു്. നാസിക അല്പം പരന്നതാണെങ്കിലും അതു് ആ മുഖത്തിനു വൈരൂപ്യത്തെ പ്രദാനം ചെയ്തിരുന്നില്ല. സാന്ധില്യയുടെ മൃദുലമായ അധരത്തിനു തൊണ്ടിപ്പഴത്തിന്റെ കടുംചുവപ്പില്ല, നീലലോഹിതപിംഗലരാഗസമ്മിശ്രമായ വാഴക്കുമ്പിന്റെ സങ്കീർണ്ണവർണ്ണമാണു കാണപ്പെടുന്നതു്. അവളുടെ ഓഷ്ഠാധരങ്ങളുടെ വടിവു് അനുകമ്പയേയും മനസ്ഥൈര്യത്തേയും സൂചിപ്പിച്ചു. ഹ്രസ്വഗാത്രിയായ സാന്ധില്യയുടെ ദേഹപ്രകൃതി അല്പം സ്ഥൂലിച്ചതാണെങ്കിലും, ഈ പ്രായത്തിൽ ചില യുവതികൾക്കു സഹജമായിരിക്കുന്ന ദേഹപുഷ്ടിയെ ഈ പീനത അധികം അതിക്രമിച്ചിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സൌന്ദര്യത്തെക്കാൾ ആരോഗ്യമാണു് അവളിൽ അധികം കളിയാടിയിരുന്നതു്.

ചുവന്ന കരയൻപുടവയും, ചുവന്ന പുള്ളിയുള്ള വെള്ളച്ചീട്ടി റവുക്കയും, കറുത്ത കരയൻതോർത്തുമാണു സാന്ധില്യ അന്നു ധരിച്ചിരുന്നതു്. ചുവപ്പുകല്ലുകൾ പതിച്ചിട്ടുള്ള ഒരു മൂക്കുത്തിയും, കൊത്തുപണിയോടുകൂടിയ വലുതായ തോടകളും, കറുത്ത ചരടിൽകോർത്തു ഇട്ടിട്ടുള്ള രത്നഖചിതമായ താലിയും, ഒരു ഈർക്കിലൊടിയൻ സ്വർണ്ണമോതിരവും മാത്രമേ അവൾക്കു ആഭരണമായി ഉണ്ടായിരുന്നൊള്ളു. മാരുതനാൽ ചലിപ്പിക്കാതെ പ്രശാന്തമായും അച്ഛസ്ഫടികമായും കിടക്കുന്ന ഒരു ജലാശയത്തിനോടു് അവളുടെ മുഖത്തെ നമുക്കു സദൃശപ്പെടുത്താം. ഈ തടാകത്തിന്റെ സൌവർണ്ണസികതാപൂരവും, പങ്കരഹിതവും ആയ അധോഭാഗത്തു തിളങ്ങുന്ന ശിലമാകുന്ന രത്നമാണു കാണികൾക്കു് അവളിൽ പ്രത്യേക കൌതുകമുണ്ടാക്കിത്തീർത്തതു്. അഗാധതയും, ആളുപ്രവാഹവും, ആവർത്തങ്ങളും, ഗുപ്തശിലകളും, അരുവികളുംകൊണ്ടു ഭയങ്കരമായ ജീവിതനദിയുടെ കുസുമവിഭൂഷിതമായ തീരത്തുനിന്നു്, നദീനിമജ്ജനത്താൽ നഷ്ടമാകാൻ പോകുന്ന സുഖസുരഭിയെ ആസ്വദിക്കുകയായിരുന്നു ഇപ്പോൾ

സാന്ധില്യ ചെയ്യിരുന്നതു്. ഈ കരയിൽ തന്നെ എന്നും മനുഷ്യൻ നില്ക്കുവാൻ സാധിക്കുമോ?

തൻെറ വൈരൂപ്യത്തെപ്പററി വിലാപിച്ചുകൊണ്ടു സാന്ധില്യ പടിപ്പുരമുററത്തു ചെന്നു. അപ്പോൾ ഹൃഷികേശൻനായർ ഉറക്കം എണീററില്ലെന്നു് അവൾക്കു മനസ്സിലായി. പാച്ചി വെള്ളം കോരുന്ന ശബ്ദംകേട്ടു് അവൾ കിണററിൻെറ സമീപത്തു ചെന്നു.

സാന്ധി—"കഞ്ഞിക്കു ചെറുപയറോ ഉഴുന്നോ വെയ്ക്കണം, പാച്ചി. പപ്പടവും ചുടണം."

പാച്ചി—"അങ്ങുന്നു മരച്ചീനിക്കിഴങ്ങു തരുമായിരിക്കാം പുഴുക്കുവെപ്പാൻ. പയറിനും പപ്പടത്തിനും ഞാൻ എവിടെ പോണ്. അങ്ങുന്നിൻെറ മോനെ കണ്ടാൽ കൊള്ളാം, അപ്പി. ആ പിള്ളയ്ക്കുള്ള മുണ്ടിൻെറ അമ്മച്ചീ! നമുക്കെല്ലാം രണ്ടാണ്ടു് ഉടുപ്പാൻ മതി. ഭേഷ്ക്കാർസാമിക്കും ഇത്ര മുണ്ടു കാണൂല്ല."

സാന്ധി—"പയറോ ഉഴുന്നോ നീ ചോദിച്ചാൽ അമ്മാവൻ തരും. പപ്പടത്തിനു ഞാൻ കാശുതരാം. ഒരു ചമ്മന്തിയും അരയ്ക്കു."

പാച്ചി—"തേങ്ങയ്ക്കു ഞാൻ എവിടെപ്പോട്ടു്? അപ്പിയുടെ അമ്മാച്ചനാണു് അങ്ങുന്നു്. അമ്മാച്ചനോടു് അപ്പിതന്നെ ചോദിപ്പിൻ. അപ്പി ചോദിച്ചാൽ അങ്ങുന്നു തരും. അതാ അങ്ങുന്നു് എഴിച്ചു മുററത്തിറങ്ങി. പോയി ചോദിപ്പിൻ"

ഈ ഉപദേശം അനുസരിച്ചു പ്രവൎത്തിക്കുവാൻ സാന്ധില്യയ്ക്കു ധൈൎയ്യമുണ്ടായില്ല. താൻ നൂതനമായി കണ്ടുപിടിച്ച നിധിയെ അന്യനെ കാണിക്കുവാൻ അവൾക്കു മനസ്സു വന്നില്ല. അതുകൊണ്ടു സാന്ധില്യ അകത്തേത്തളത്തിലേക്കു പോയി. അവിടെ അവൾ ചിന്താമഗ്നയായി ഇരുന്നു. ആ ഭവനം ഹൃഷികേശൻനായൎക്കു യോജിക്കുന്നതല്ലെന്നു അവൾ വിചാരിച്ചു തുടങ്ങി. ആദിച്ചപ്പിള്ള തൻെറ ഭാവിയുടെ വിധികൎത്താവാണെന്നും, അദ്ദേഹത്തിൽനിന്നും താൻ ചില വിചാരങ്ങൾ ഇദംപ്രഥമമായി ഗോപനം ചെയ്യുന്നുവെന്നും മനസ്സിലായതുകൊണ്ടു സാന്ധില്യയ്ക്കു മാതുലനെ ചിന്തിച്ചു ഭയം തോന്നി. അതിനുശേഷം അവൾ നായരുടെ ഭക്ഷണത്തിനു വേണ്ടുന്നതായ വട്ടങ്ങൾ എങ്ങിനെ ഉണ്ടാക്കണമെന്നു ആലോചിച്ചു.

ഇങ്ങിനെ ചിന്തിച്ചിരിക്കുമ്പോൾ പാച്ചിയും ആദിച്ചപ്പിള്ളയും ഉറക്കെ സംസാരിക്കുന്നതു് അവൾ കേട്ടു. കലവറമുറി തുറന്നു് അന്നത്തെ ആവശ്യത്തിനുള്ള അരിയും മററും എടുത്തുകൊടുക്കുമ്പോൾ ആണു് കുവലത്തറമൂപ്പരും പാച്ചിയുമായി വഴക്കു തുടങ്ങിയതു്.

ആദി—"പഴങ്ങഞ്ഞി ഇല്ലെ, പാച്ചി?"

പാച്ചി—"ഒരുതരിപ്പററുമില്ല."

ആദിച്ചപ്പിള്ള പതിവുള്ള രണ്ടു ഇടങ്ങഴി അരിയും അതിഥിക്കായി നാഴിഉരി അരിയും അളന്നു.

പാച്ചി—"ഇന്നു് ഒരാളു ക്രുടിയുണ്ടു്"

ആദി—"ശരിതന്നെ. അതിനാണു നാഴിഉരി അരി ക്രുടുതൽ തരുന്നതു്"

പാച്ചി—"അതു പോരാ, അങ്ങുന്നേ."

ആദി—"പോരയോ? ധാരാളം മതി. വലിയ അങ്ങുന്നന്മാൎക്കു ചോറു കുറച്ചു മതി."

പാച്ചി—"ക്രൂട്ടാനോ? പയറോ, ഉഴുന്നോ തരണം അങ്ങുന്നേ. കഞ്ഞിക്കു നല്ല ക്രൂട്ടാൻ വേണ്ടെ? പിന്നെ മൂന്നുക്രൂട്ടം ക്രൂട്ടാൻ രണ്ടുനേരത്തെ ചോറിനുവേണം"

ആദി—"മരച്ചീനിപുഴുക്കുവെയ്ക്കു കാലത്തെ കഞ്ഞിക്കു്. ചോറിനു എന്നത്തെപ്പോ

ലെ ഒഴിച്ചുകൂട്ടാനും ഒരു തൊട്ടുകൂട്ടാനും മോരും മതി. പോരെങ്കിൽ ഒരു മാങ്ങാച്ചമ്മന്തി അരച്ചോ."

പാച്ചി—"രണ്ടു പപ്പടം വാങ്ങിക്കട്ടെ? അവരൊന്നും മരച്ചീനിപ്പുഴുക്കു കൂട്ടില്ല. ഇല്ലെങ്കിൽ ഉഴുന്നു തരണം."

ആദി—"അവൻ വന്നതുകൊണ്ടു നിങ്ങൾക്കെല്ലാപേൎക്കും ഭ്രാന്തു പിടിച്ചോ!"

പാച്ചി—"അങ്ങുന്നിന്റെ മോൻ വന്നതുകൊണ്ടു ഞങ്ങക്കു് ഇളക്കമില്ല. കുറേക്കൂടി അരി തരണം. ഇതുപോരാ."

ആദി—"അതു മതിയെടി. എനിക്കു് ഇന്നു കുറച്ചു ചോറു മതി."

പാച്ചി—"അങ്ങുന്നു് ഈ വയതുകാലത്തു പട്ടിണികിടക്കാൻ പോണോ! അതു വേണ്ടങ്ങുന്നേ. എന്റെ ചക്രംകൊണ്ടു കടയിൽനിന്നു് അരി വാങ്ങിക്കാം."

ആദി—"നിന്റെ കാൎയ്യം മാത്രം നീ അന്വേഷിച്ചാൽ മതി."

പാച്ചി—"അരി വേണ്ടാ. ഞാൻ പട്ടിണി കിടന്നോളാം. ഉഴുന്നു തന്നാ മതി. അപ്പീ, അപ്പിക്കു് ഉഴുന്നു കൂട്ടണ്ടെ?"

ഈ ചോദ്യം തളത്തിൽ നിൽക്കുന്ന സാന്ധില്യയോടായിരുന്നു.

സാന്ധില്യ—"വേണ്ട, വേണ്ട"

തന്റെ ഭാഗിനേയിയുടെ ശബ്ദം കേട്ടയുടനെ ആദിച്ചപ്പിള്ള കലവറയിൽ പോയി ഉഴുന്നെടുത്തു കൊടുത്തു.

പാച്ചി—"പപ്പടമോ?"

ആദി—"നീ നശിച്ചുപോ. ഇതാ നാലു കാശു്. ഉച്ചയ്ക്കും അതുതന്നെ ഒരു കൂട്ടാൻ. കാച്ചി വെച്ചേക്കു്. കേട്ടോ പെണ്ണേ."

പാച്ചി—(തന്റെ ആഗ്രഹം സാധിച്ചതുകൊണ്ടുള്ള സന്തോഷത്തോടു്) "അങ്ങുന്നിനെ ഞാൻ മുടിക്കുമോ? അങ്ങുന്നു പറയുന്നപോലെ ചെയ്യാം."

ആദിച്ചപ്പിള്ള സ്നേഹത്തോടുകൂടി പാച്ചിയെ നോക്കി.

പാച്ചി—"അങ്ങുന്നേ! അങ്ങേക്കു കുളിക്കാൻ എണ്ണയും താളിപ്പൊടിയും വേണ്ടേ?"

ആദിച്ചപ്പിള്ള സാമാനങ്ങൾ എടുക്കുവാൻ കലവറ മുറയിൽ പോയി. സാന്ധില്യ തളത്തിന്റെ പടിക്കൽ വന്നു.

സാന്ധില്യ—"അങ്ങേരു തലയിൽ വാസനയുള്ള വെളിച്ചെണ്ണ പുരട്ടി കുളിക്കുമായിരിക്കും. എണ്ണ പോവാൻ തേയ്ക്കുന്നതു സോപ്പായിരിക്കും."

ആദി—(അവിടെ പ്രവേശിച്ചു്) "അതെ സോപ്പിനു തന്നെ നമുക്കു ഒരു മാസത്തെ ചിലവിനു വേണ്ട പണം വേണ്ടിയിരിക്കും."

പാച്ചി—"അങ്ങുന്നിന്റെ മോൻ ഇവിടെ ഉള്ള കാലം വല്ലപ്പോഴും മീനോ ഇറച്ചിയോ വാങ്ങിക്കണ്ടിയോ."

ആദി—"വേണം."

പാച്ചി—"ഞാൻ വൈകിട്ടു മീൻ വാങ്ങിക്കട്ടെ?"

ആദി—"വേണ്ട. ആ ഞാനപ്പുവിനോടു വിരാലു കൊണ്ടുവരാൻ പറ."

ഞാനപ്പുവു് ആദിച്ചപ്പിള്ളയുടെ ഒരു പാട്ടക്കാരനായിരുന്നു.

# അദ്ധ്യായം ൯.

"അമ്മാനമ്മുടെപെൺകൊടിയാളെ
സമ്മാനിപ്പാൻ നല്ലൊരുപാത്രം
അമ്മാമനെയുംകൊന്നുമുടിച്ചം-
അമ്മാനിപ്പോളെളരുവകയില്ല."

അന്ന് ആദിച്ചപ്പിള്ള കാലത്തെ ആഹാരംകഴിക്കുന്നതിനു മുൻപുതന്നെ ആധാരമെഴുത്തു പാച്ചുപിള്ള ശത്രുവിൻെറ ബലം അറിയുവാനായി കുവലത്തറയിൽ വന്നു. പാച്ചുപിള്ള വന്നപ്പോൾ കുവലത്തറമൂപ്പർ മുൻവശത്തെ തളത്തിലും സാന്ധില്യ ചിന്താമഗ്നയായി അകത്തെ തളത്തിലും ഇരിക്കുകയായിരുന്നു.

പാച്ചു—"അണ്ണാ, ഞാൻ കാലത്തു തക്കലെപോയി ആ ചാന്നാന്മാരെ വരാൻ പറഞ്ഞു. എന്തു വേലയ്ക്കാണ് അണ്ണൻ അവരെ വരാൻ പറഞ്ഞതു്?"

ആദിച്ച—"കുറേ മരച്ചീനി നടാൻ കുഴി എടുക്കണം. അതിന് അതിലുള്ള് മരങ്ങളൊക്കെ മുറിക്കണം."

പാച്ചു—"കുറെയൊക്കെ അന്നു അണ്ണൻ മുറിപ്പിച്ചല്ലോ. ആ ആയനിയിലും പ്ലാവിലും നിന്നു അണ്ണനു കുറേ ചക്രം കിട്ടിക്കാണുമെല്ലൊ."

ആദിച്ച—"കുറച്ചു ചക്രം കിട്ടി. ഈ മരം ഇങ്ങിനെ നിന്നാൽ പണം വെറുതേ പോകും. അതിനു പകരം മരച്ചീനി നട്ടാൽ വലിയ ലാഭമുണ്ട്."

പാച്ചു—"ആ പുരയിടത്തിൽ കുറേ പനയും തെങ്ങും മററും വൃക്ഷങ്ങൾ ഉണ്ടല്ലൊ. അവയെ മുറിപ്പിക്കുന്നതെന്തിന്?"

ആദിച്ച—"മേട്ടുംതറയിൽ അതിനെല്ലാത്തിനേയുംകാൾ നല്ലതു മരച്ചീനി നടുന്നതാണ്. ഞാൻ അതിൻെറ കണക്കു പറഞ്ഞു തരാം. കേട്ടോ. ഒരു തെങ്ങിനു പത്തുകോൽ സ്ഥലം വേണം. അതു് ഈ തറയിൽ കായ്ക്കാൻ ഒരു പത്തുവഷംവെച്ചോ. ഒരു തെങ്ങിന് ആണ്ടിൽ ആറൊഴിവിനും കൂടി അമ്പതു തേങ്ങ കിട്ടും. അതിനു എട്ടരപണമായി. അങ്ങിനെ കായ്ക്കുന്ന പത്തു വഷത്തിനും കൂടി പതിറെറട്ട് എൺപതു്, പതിററര അഞ്ചു്. അപ്പോൾ എത്ര പണം?"

പാച്ചു—"എമ്പത്തഞ്ചു പണം."

ആദിച്ച—"അതെ, എമ്പത്തഞ്ചു പണം. അതിൻെറ ഓലയും കൊതുമ്പും മററും കൂടി ഈ ഇരുപതു വഷത്തേക്കു പതിനഞ്ചു പണം വെച്ചോ. ഈ പണം അതിനു തടമെടുക്കാനും മററും പോകും."

പാച്ചു—"ഉള്ളതുതന്നെ, അണ്ണാ."

ആദിച്ച—"ആ സ്ഥലത്തു മരച്ചീനി നട്ടു നോക്കു്. ആ പ—പ—പത്തു കോൽ സമചതുരത്തിൽ മൂ—മൂ—മുപ്പതുമൂട് മരച്ചീനി നടാം. ഒരു മൂട്ട മരച്ചീനി പച്ചയായിതന്നെ കൊടുത്താൽ ഒരു ചക്രം കിട്ടും. ഉണക്കി തൂക്കി വിററാൽ ഒന്നര ചക്രം കിട്ടും. അപ്പോൾ ഇരുപതു വഷത്തേക്കു മൂ—മൂ—മുപ്പതു മൂട്ടിൽ നിന്നും മുപ്പെറ്ററിക്കാൽ ഏഴര, മുപ്പെററരക്കാൽ മൂന്നേമുക്കാൽ. അങ്ങിനെ പതിനൊന്നേകാൽ ഒരു ആണ്ടിൽ കിട്ടു. ഇരുപതു വഷത്തേക്ക്—ഇരുനൂററി ഇരുപത്തിഅഞ്ചു പണം. അതു നടാൻ ഇരുപത്തിഅഞ്ചു പണം കളയു. വ

ളത്തിനു പ്രത്യേകം ചിലവിടേണ്ടാ. അതിന്റെ മൂട്ടിൽ വീട്ടിലുള്ള വല്ല ചാമ്പലും ചാണകവും ഇട്ടാൽ മതി. പിന്നെ അതിന്റെ ഇടയ്ക്കു കരനെല്ലു വിതച്ചു നോക്കു്. ഇതെല്ലാം കൂട്ടി നോക്കിയാൽ കുറഞ്ഞ പക്ഷം ഈ ഒരു മൂട്ട തെങ്ങിനുള്ള സ്ഥലത്തു നിന്നു ഇരുപത്തു വർഷം കൊണ്ടു മരച്ചീനിയിൽ നിന്നു ഇരുന്നൂറു പണം ഉണ്ടാക്കാം. പന്നയ്ക്കും അധികം വ്യത്യാസമില്ല. ഇങ്ങിനെ മരച്ചീനികൊണ്ടു് ഒന്നിനിരട്ടി ലാഭം കിട്ടും."

പാച്ചു"—അതു ശരിതന്നെ, അണ്ണാ. പിന്നെ അണ്ണൻ തേങ്ങ പാവിയിരിക്കുന്നതോ?"

ആദിച്ച—"അതു ഏലാ വരമ്പിൽ നടാൻ. അവിടെ അതു നല്ലവണ്ണം കാ—കാ—കായ്ക്കും."

പാച്ചുപിള്ളയ്ക്കു കുവലത്തറ മൂപ്പരുടെ ബുദ്ധിശക്തിയിൽ അസൂയ തോന്നി.

പാച്ചു—"അണ്ണൻ പറഞ്ഞതു് ഉള്ളതു തന്നെ."

ഈ സംഭാഷണം അകത്തെ തളത്തിൽ ഇരുന്നു സാന്ധില്യ കേട്ടുവെങ്കിലും, ഇതരചിന്തകളിൽ മുങ്ങിയിരുന്നതുകൊണ്ടു് അവൾ ഇതിനെ അത്ര നല്ലതിൻവണ്ണം ശ്രദ്ധിച്ചില്ല. എന്നാൽ ഇതിനെ തുടർന്നുള്ള സംഭാഷണത്തെ അവൾ തുടിക്കുന്ന ഹൃദയത്തോടുകൂടി കേൾക്കുവാൻ തുടങ്ങി.

പാച്ചു—"അണ്ണന്റെ മകന്റെ കാര്യമാണു പത്മനാഭപുരത്തെല്ലാം സംസാരം. എന്നാണു് മരുമകളുടെ മുണ്ടുകൊട?"

ആദിച്ച—"ഇതു ചോദിക്കാനാണോ നീ കാലത്തെ വന്നതു്? കൊള്ളാം. നമ്മൾ ഇഷ്ടന്മാരല്ലെ. ഞാൻ നിന്റെ അടുക്കൽ സത്യം പറയാം. എന്റെ മരുമകളെ വെട്ടിക്കുഴിച്ചിട്ടാലും അവനു കൊടുക്കുവില്ല. അതു് എല്ലാവരോടും പറഞ്ഞേക്കു്. ഇല്ലെങ്കിൽ വേ—വേ—വേണ്ടാ. ആളുകൾ അങ്ങിനെ വി—വി—വിചാരിച്ചോട്ടെ."

സാന്ധില്യയ്ക്കു തല ചുററുന്നതുപോലെ തോന്നി. അവളുടെ അഭിലാഷങ്ങൾ പൂത്തു കായു് പിടിക്കുവാൻ തുടങ്ങിയപ്പോൾ ഇതാ ഹതവിധി അതിനെ ഖണ്ഡിച്ചു് ഇട്ടിരിക്കുന്നു. രണ്ടുതരം ആത്മാക്കളാകുന്ന ന്തുലകൾ കൊണ്ടു് അവൾ ഇന്നാലെ മുതൽ നെയ്തു ശീലയിൽ ഇപ്പോൾ ദുഃഖമാകുന്ന കഞ്ഞിപ്പശ ബലത്തിനായി ചേർക്കേണ്ടിവന്നിരിക്കുന്നു. സ്ത്രീപുരുഷജാതികളിൽ വെച്ചു സ്ത്രീക്കു് അല്ലേ ഈ ലോകത്തിൽ അധികം വേദന അനുഭവിക്കേണ്ടിവരുന്നതു്? അതുകൊണ്ടല്ലെ അവർ പുരുഷന്മാരെക്കാൾ സമസ്തസൃഷ്ടികളിൽ അനുകമ്പകൂട്ടുന്നതു്? അതിനാൽ സാന്ധില്യയുടെ ഈ വ്യസനം അദൃഷ്ടപൂർവ്വമല്ലെന്നു വിചാരിച്ചു നമുക്കു സമാധാനപ്പെടാം.

ഹൃഷികേശൻനായർ അമ്മാവനു് എന്തു ദ്രോഹം ചെയ്തു? അദ്ദേഹം അമ്മാവന്റെ മകനല്ലെ? ഈ ചോദ്യങ്ങൾ സാന്ധില്യ തന്നെത്താനെ ചോദിച്ചു തുടങ്ങി. വ്യസനാക്രാന്തയായി അവൾ എണീററു് അറപ്പുരയിലെ തെക്കേ വരാന്തയിലേക്കു പോയി. അന്നു രാവിലെ പുഞ്ചിരി തൂകിക്കൊണ്ടിരുന്ന തരുലതാദികൾ ഇപ്പോൾ ദുഃഖത്താൽ ആനമിതശീർഷകളായി നിൽക്കുന്നുവെന്നു അവൾക്കു തോന്നി.

വീട്ടിന്റെ മുററത്തു് ഒരു അഞ്ചൽ ശിപായി പ്രവേശിച്ചു.

ശിപായി—"ഹൃഷികേശൻനായർ ആരു്, അമ്മാവാ. ഒരു വർത്തമാനക്കടലാസ് കൊടുക്കാനുണ്ടു്."

ആദിച്ച—"ഇങ്ങുതാ. ഞാൻ കൊടുത്തേക്കാം. അവൻ ഉറക്കം എഴിച്ചില്ല."

* ● *

ആദിച്ചപ്പിള്ള—പത്രം വാങ്ങി തന്റെ മൂക്കിൽ കണ്ണാടി എടുത്തു കൊണ്ടുവന്നു അതിനെ പൊട്ടിച്ചു വായിക്കുവാൻ തുടങ്ങി. അതിൽ തിരുവനന്തപുരം വിശേഷങ്ങളുടെ കൂട്ടത്തിൽ താഴെ കാണിക്കുന്ന വൎത്തമാനവും ഉണ്ടായിരുന്നു.

"ഒരു ദുഃഖവാൎത്ത—തിരുവനന്തപുരത്തുള്ള ഒരു പുരാതന കുടുംബത്തിലെ കാരണവനും, ധനികനും ആയിരുന്ന പഞ്ഞിവിളയിൽ അവൽദാർ മാതുപിള്ള ഇന്നലെ തൂങ്ങി മരിച്ചിരിക്കുന്നു. ചിട്ടി മുൻപനായിരുന്ന ഇദ്ദേഹം ചിട്ടിക്കാൎക്കു വളരെ രൂപ കൊടുക്കാനുണ്ടു്. ഇതുകൊണ്ടാണു മിസ്റ്റർ മാതുപിള്ള ആത്മഹത്തി ചെയ്തതു് എന്നു ഞങ്ങൾ അറിയുന്നു. ഇദ്ദേഹത്തിന്റെ വീട്ടുകാരോടു ഞങ്ങൾ മനഃപൂൎവ്വമായി സഹതപിക്കുന്നു."

ആദിച്ചപ്പിള്ള ആ പത്രത്തെ പാച്ചുപിള്ളയുടെ കയ്യിൽ കൊടുത്തു.

പാച്ചു—"ഞാൻ ഇതൊന്നും നോക്കാറില്ല. പ്രത്യേകിച്ചു വല്ല വിശേഷവുമുണ്ടോ?"

ആദിച്ചപ്പിള്ള മുൻപു ഉദ്ധരിച്ച വൎത്തമാനത്തെ ചൂണ്ടിക്കാണിച്ചു്, അതു വായിക്കുവാൻ പാച്ചുപിള്ളയോടു പറഞ്ഞു.

പാച്ചു (വായിച്ചതിനുശേഷം)—"അയ്യോ! എന്റെ ദൈവമേ!"

ആദിച്ച—"എനിക്കു് ഇതു് അറിയാമായിരുന്നു."

ദയവില്ലാത്ത ഈ വാക്കുകൾകേട്ടു പാച്ചുപിള്ളയ്ക്കു കുവലത്തറ മൂപ്പരോടു് അല്പം വെറുപ്പു തോന്നി.

പാച്ചു—"ഇതു മകൻ അറിഞ്ഞിട്ടില്ലെ?"

ആദിച്ച—"ഇല്ല."

പാച്ചു—"ഞാൻ പോണു, അണ്ണാ."

പാച്ചുപിള്ള ബദ്ധപ്പെട്ടു് ഈ വൎത്തമാനങ്ങളെ ഗംഗാധരൻപിള്ളയെ അറിയിക്കുവാനായി ഇലഞ്ഞിമൂട്ടിലേക്കു പോയി.

കഞ്ഞി കാലമായി എന്നു് അറിയിക്കുവാൻ പാച്ചി തളത്തിൽ ചെന്നു.

പാച്ചി—"കഞ്ഞികുടിപ്പാൻ വരണം, അങ്ങുന്നേ. ആ പിള്ള ഇതുവരെ ഉണൎന്നില്ല. ഞാൻ അതിനകത്തുചെന്നു വിളിച്ചു. എന്നിട്ടും അതാ കിടക്കണു."

ആദി—"അവൻ കിടന്നുറങ്ങട്ടെ. ഉറങ്ങി എഴിക്കുമ്പോൾ നല്ല വൎത്തമാനമല്ല കേൾക്കാൻ പോകുന്നതു്"

അകത്തെ തളത്തിൽ ഇരുന്നിരുന്ന നാണിഅമ്മയും സാന്ധില്യയും ഇതുകേട്ടു എണീറ്റു മുൻവശത്തെ തളത്തിന്റെ പടിക്കൽ ചെന്നു.

സാന്ധില്യ—"എന്താമ്മാവാ അങ്ങിനെ പറഞ്ഞതു്?"

നാണി അമ്മയും ഇതിനുള്ള ഉത്തരം കാത്തു നിന്നു.

ആദിച്ച—"അവന്റെ അമ്മാച്ചൻ തൂങ്ങിച്ചത്തു."

സാന്ധില്യ—"തൂങ്ങിച്ചത്തോ!"

നാണി—"എന്റെ കുമാരസ്വാമീ! ആ പാവം!"

ആദിച്ച—"പാവം തന്നെ. അവനു് ഒരു കാശുപോലുമില്ല."

പാച്ചി—"കഷ്ടം! ആ പിള്ള ഇതറിയാണ്ടു വെച്ചിറവണനെപ്പോലെ അവിടെ കിടന്നുറങ്ങുന്നു!"

സാന്ധില്യ കരഞ്ഞുതുടങ്ങി.

ആദിച്ച—"മാതുപിള്ള ചത്തതുകൊണ്ടു നിനക്കു് എന്തു ചേതം?"

പാച്ചി—"ആ പിള്ളയെ വിചാരിച്ചു് ആരു കരയാതിരിക്കും? ഒന്നും അറിയാണ്ടു് ആ പാവം കിടന്നുറങ്ങുണു."

ആദിച്ച—"ഞാൻ നിന്നോടു് ഒന്നും ചോദിച്ചില്ല. നീ നിന്റെ പാട്ടിനിരി."

അപ്പോൾ സ്നേഹിക്കുന്ന സ്ത്രീകൾ തങ്ങളുടെ വികാരങ്ങളെ അടക്കണം എന്നു സാന്ധില്യക്കു മനസ്സിലായി. അതുകൊണ്ടു് അവൾ കരയാതെ നിന്നു.

ആദിച്ചപ്പിള്ള കഞ്ഞി കുടിച്ചതിനുശേഷം നാണി അമ്മയോടു് ഇപ്രകാരം പറഞ്ഞു.

ആദി—"ഞാൻ വരുന്നവരെ ഈ വൎത്തമാനം അവൻറടുക്കെ പറയരുതു്. ഞാൻ കുറവവിളയിൽ പോണു. അവിടെ കുറേ കുഴി എടുപ്പിക്കാനുണ്ടു്. ഉച്ചയ്ക്കു ഞാൻ വന്നിട്ടു് അവൻറടുക്കെ അതു പറഞ്ഞോളാം. വേറെയും കുറേ കാൎയ്യങ്ങൾ അവൻറടുക്കെ പറയാനുണ്ടു്. സാന്ധില്യേ! നീ ആ കൊച്ചുങ്ങുന്നിനുവേണ്ടി കരയരുതു്. അവൻ മൂന്നുനാലുദിവസത്തിനകം തിരുവിതാംകൂറിനു വെളിയിൽ പോകും. പിന്നെ നീ അവനെ ഒരിക്കലും കാണുവില്ല."

ആദിച്ചപ്പിള്ള ഒരു ഓലക്കുടയും എടുത്തുകൊണ്ടു് അവിടെ നിന്നുപോയി.

സാന്ധി:—"ഞാൻ ഇതുപോലെ ഒരിക്കലും സങ്കടം അനുഭവിച്ചിട്ടില്ല, അമ്മ"

ഒന്നുകൊണ്ടും ഇളകാത്ത തന്റെ പുത്രിയുടെ ഈ വാക്കുകൾ കേട്ടു്, നാണിഅമ്മ അവളുടെ മുഖത്തു കുറേനേരം നോക്കിനിന്നു. അപ്പോൾ ആ മാതാവിനു് തന്റെ പുത്രിയുടെ രഹസ്യം മനസ്സിലാക്കുവാൻ കഴിഞ്ഞു. ഭൎത്താവിന്റെ അകാലനിൎയ്യാണംമുതൽ പുത്രിക്കുവേണ്ടി മാത്രം ജീവിച്ചിരുന്ന ആ സ്ത്രീയും മകളുംതമ്മിൽ ദേഹം രണ്ടു് എന്നു മാത്രമേയുള്ളു; ആത്മാവു് ഒന്നായിരുന്നു. അതുകൊണ്ടു് ആ സതീരത്നത്തിനു മകളുടെ അനുരാഗത്തെ നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിഞ്ഞു. "എന്റെ ഓമനമകളേ" എന്നു പറഞ്ഞു നാണിഅമ്മ സാന്ധില്യയെ തന്റെ മാറോടണച്ചു. അശ്രുക്കൾ നിറഞ്ഞ നേത്രങ്ങളോടുകൂടി സാന്ധില്യ നാണിഅമ്മയുടെ മുഖത്തു സൂക്ഷിച്ചുനോക്കി.

സാന്ധി—"അദ്ദേഹത്തിനെ തിരുവിതാംകൂറിനു വെളിയിൽ ഇത്രവേഗം പറഞ്ഞയയ്ക്കുന്നതു് എന്തിനു്? ദുഃഖകാലത്തു അങ്ങിനെ ചെയ്യാമോ? അച്ഛനല്ലേ ഇവിടെ താമസിക്കുന്നതു്?"

നാണി—"നീ പറയുന്നതു ശരിതന്നെ. എന്നാൽ നിന്റെ അമ്മാവനു് അങ്ങിനെ ചെയ്യുവാൻ വല്ല കാരണവും കാണും. അതു് എന്തെന്നു നമുക്കു് അറിഞ്ഞുകൂടാ. അമ്മാവന്റെ വാക്കിനെ അനുസരിച്ചു നടക്കണം."

അതിനുശേഷം ആ മാതാവും പുത്രിയും അല്പനേരത്തേക്കു സംഭാഷണത്തിനു തുനിഞ്ഞില്ല. മാതാവു തന്നോടു സഹതപിക്കുന്നുവെന്നു സാന്ധില്യയ്ക്കു അറിയാമായിരുന്നു. അതുകൊണ്ടു അവൾക്കു നാണിഅമ്മയോടു കൃതജ്ഞത തോന്നി.

സാന്ധി—"അദ്ദേഹത്തിനോടു അമ്മയ്ക്കു വിരോധമൊന്നുമില്ലല്ലോ?"

നാണി—(ചിരിച്ചുകൊണ്ടു) "എനിക്കു വിരോധം ഇല്ല. നിന്റെ കാൎയ്യം കഷ്ടം"

സാന്ധി—"എന്തുകൊണ്ടു കഷ്ടം അമ്മാ. അദ്ദേഹത്തിനെ അമ്മയ്ക്കുപിടിച്ചു. പാച്ചിക്കുംപിടിച്ചു. പിന്നെ ഞാൻഅദ്ദേഹത്തിനെ സ്നേഹിച്ചാലെന്തു്? അതുപോട്ടെ, ഈ ഇറയംതൂത്തു തടുക്കു് ഇടണം. അദ്ദേഹം ഇപ്പോൾ കഞ്ഞികുടിക്കാൻ വരും"

നാണി—(വാത്സല്യത്തോടുകൂടി) "നീ ഒരു വെവളിപ്പെണ്ണാണു്"

# അദ്ധ്യായം ൯.

"ഒന്നിച്ചോരോ കഥകൾപറഞ്ഞു
നന്ദിച്ചവരു രമിക്കുന്നേരം
പെന്നകമേറി മുകുന്ദനുമവിടെ."

സാന്ധില്യ പാച്ചിയെ വിളിച്ചു.

പാച്ചി—"എന്തുവേണം അപ്പി"

സാന്ധി—"അദ്ദേഹത്തിനു ചോറിനു നെയ്യുവേണം"

പാച്ചി—"നെയ്യു ഞാൻ എവിടെ പോണു?"

സാന്ധി—"കുറേ വെണ്ണ കോനാത്തിയുടെ അടുക്കൽനിന്നും വാങ്ങിയ്ക്കു"

പാച്ചി—"പോണവഴിക്കു അങ്ങുന്ന് എന്നെ കണ്ടാലോ?"

സാന്ധി—"അമ്മാവൻ കുറവവിളയിൽ പോയിരിക്കയാണ്"

പാച്ചി—"എങ്കി ഞാൻ പോവാം. മാച്ചനത്തു പരമുഅണ്ണൻ ഇവിടെ എന്തൊരു അടിയന്തിരമെന്നു എൻെറ അടുക്കേ ചോദിച്ചു."

നാണി—"ഇതു നിൻെറ അമ്മാവനറിഞ്ഞാൽ നമ്മളും രണ്ടുപേരെയും അടിയ്ക്കാൻ വരും."

സാന്ധി—"അതു നമുക്കു മിണ്ടാതെ കൊണ്ടുകൊള്ളാം"

നാണിയമ്മ ഇതിനുത്തരമൊന്നും പറഞ്ഞില്ല. പാച്ചി അവിടെ നിന്നു പോയി. സാന്ധില്യ ആ തളം തൂത്തതിനുശേഷം അവിടെ ഒരു പുതിയ തടുക്കു കൊണ്ടു വന്നു. പിന്നെ അവൾ പടിപ്പുരയ്ക്കു സമീപംചെന്നു ഹൃഷികേശൻനായർ എണീറ്റോ എന്നു നോക്കി.

നായർ എണീററിട്ടില്ലായിരുന്നു. കുറേകഴിഞ്ഞു രണ്ടാമത്തും സാന്ധില്യ പടിപ്പുരയുടെ സമീപത്തുചെന്നു നായർ ഉണർന്നോ എന്നന്വേഷിച്ചു. ഇപ്രകാരം കൂടക്കൂടെ പടിപ്പുരയ്ക്കു സമീപംപോയി അവൾ സമയം ചിലവു ചെയ്തു. അപ്പോൾ പാച്ചി അവിടെ വെണ്ണയും രണ്ടു താറാമുട്ടയും കൊണ്ടുവന്നു. ഇതുകണ്ടു സാന്ധില്യയ്ക്കുണ്ടായ സന്തോഷത്തിനു കണക്കുംകയ്യുമില്ലായിരുന്നു.

പാച്ചി—"ഞാൻ പോണവഴിക്കു കൊച്ചപ്പിഅണ്ണൻ മുട്ടയുംകൊണ്ടു കടയിൽ പോണതു കണ്ടു. അതു രണ്ടു അങ്ങേരു എനിക്കു തന്നു."

സാന്ധില്യ പാച്ചിയോടുകൂടി അടുക്കളയിൽ പ്രവേശിച്ച് ഊണിനുള്ള വട്ടങ്ങളെല്ലാം ഉണ്ടാക്കുന്നതിൽ അവളെ സഹായിക്കുവാൻ തുടങ്ങി. ഇതിനിടയ്ക്കു അവൾ കൂടക്കൂടെ മുൻവശത്തെ തളത്തിൽവന്നു നായർ ഭക്ഷണം കഴിക്കുവാൻ വരുന്നോ എന്നു നോക്കുകയും ചെയ്യും. കഞ്ഞിക്കു ഉപയോഗിക്കാനുള്ള പപ്പടം സാന്ധില്യതന്നെ ചുട്ടു തയ്യാറാക്കി. അതിനോടുകൂടി ഉപയോഗിക്കുവാൻ അവൾ പാച്ചിയോടു വഴക്കുപറഞ്ഞു കുറേ ഏത്തങ്ങാക്കറിപ്പഴം വാങ്ങിവെച്ചു. ഈ വിഭവങ്ങളോടുകൂടി നായർ ഭക്ഷണം കഴിക്കുമ്പോൾ ആതിഥ്യപ്പിള്ള തിരിച്ചു വന്നേക്കുമെന്നു വിചാരിച്ചു സാന്ധില്യ ഭയന്നു. ഇതുകണ്ടു നാണിയമ്മ അവളെ സമാധാനപ്പെടുത്തി.

നാണി—"സാന്ധില്യേ, നീ പേടിക്കണ്ട. നിൻെറ അമ്മാവൻ വരുകയാണെങ്കിൽ കുററമെല്ലാം ഞാൻ ഏറ്റോളാം."

ഇതുകേട്ടയുടനെ മാതാവിനെ താൻ മതിയാകുംവണ്ണം സ്നേഹിച്ചിരുന്നില്ലെന്നു സാന്ധില്യയ്ക്കു തോന്നി.

മദ്ധ്യാഹ്നത്തിന് ഒന്നരമണിക്കൂറിനു മുമ്പേ ഹൃഷികേശൻനായർ കാലത്തെ ആഹാരം കഴിക്കുവാനായി തളത്തിൽ ചെന്നു. ഒരു പുതിയ മൽമൽമുണ്ടും, സ്വർണ്ണബട്ടൺസോടുകൂടിയ ഒരു 'ടിൽ' ഷർട്ടും, ചുവന്ന കരയോടുകൂടിയ ഉറുമാലും അദ്ദേഹം ധരിച്ചിരുന്നു. തന്റെ കാഞ്ചനഘടികായന്ത്രത്തിനെ കയ്യിൽ കെട്ടുവാൻ അദ്ദേഹം മറന്നിരുന്നില്ല. കേശവൻനായർ കോതി ഒതുക്കിയിരുന്നു,

നാണി—"ഉറക്കം സുഖമായോ?"

ഹൃഷി—"ഓഹോ. താങ്ക്സ്"

ഹൃഷികേശൻനായരെക്കണ്ടപ്പോൾ സാന്ധില്യ എഴുന്നേറ്റ് അറപ്പുരയുടെ പടിക്കൽ ചെന്നു നിന്നു

നാണി—"തട്ടുക്കിൽ ഇരുന്നു കഞ്ഞി കുടിക്കണം. നേരം ഉച്ചയായല്ലോ. വിശക്കുന്നില്ലേ?"

ഹൃഷി—"ഞാൻ കഞ്ഞികുടിക്ക പതിവില്ല. മാർണിങ്ങിൽ കാപ്പിയും മുട്ടയും കുടിക്കും. പിന്നെ ഉച്ചയ്ക്കു മീത്സ് ഉള്ളു."

സാന്ധില്യ താൻ പ്രയാസപ്പെട്ടത് നിഷ്ഫലമായെല്ലോ എന്നു വിചാരിച്ചു വിഷാദിച്ചു.

സാന്ധി—"മുട്ടയും കാപ്പിയും ഉണ്ട്. അതു കൊണ്ടുവരട്ടോ"

പാച്ചി—"ഇപ്പം തിന്നാൽ ഉച്ചക്കില്ല"

ഹൃഷി—"വേണ്ട. കഞ്ഞി കുടിക്കുന്നതിനു എനിക്കു വിരോധമില്ല"

ഹൃഷികേശൻനായർ അവിടെ കാലുകുത്തിയിരുന്നു കഞ്ഞി കുടിച്ചു തുടങ്ങി.

ഹൃഷി—"നിങ്ങളെല്ലാം എപ്പൊഴും ഈ ഹൌസ്സിൽതന്നെയാണോ താമസിക്കുന്നതു"

നാണി—"അതെ"

ഹൃഷി—"വെളിയിൽ ഒരിടത്തും ഇറങ്ങുവില്ലേ?"

നാണി—"കോവിലിൽ കുളിച്ചു തൊഴാൻ വല്ലപ്പോഴും പോകും."

ഹൃഷി—"ഇവിടെ ടൌൺഹാൾ ഉണ്ടോ?"

നാണി—"എന്തു് ഉണ്ടോ എന്നു ചോദിച്ചു?"

ഹൃഷി—"ടൌൺഹാൾ പബ്ളിക്ക് മീററിംഗ്സിനു അതു യൂസ് ചെയ്യും."

നാണി—"അതു് ഇവിടെ ഇല്ല"

ഹൃഷി—"പാക്കു ഇവിടെ ഉണ്ടോ?"

നാണി—"പാക്ക് എന്നു വെച്ചാൽ എന്തു്?

ഹൃഷി—"പാക്കിൽ പുരുഷന്മാരും സ്ത്രീകളും കാററുകൊള്ളുവാൻ പോകും. അതു് ഒരു പബ്ളിക് തോട്ടമാണ്"

നാണി—"പെണ്ണുങ്ങളും കാററുകൊള്ളുവാൻ പോകുമോ? എങ്കിൽ അവർ മാനമര്യാദയുള്ളവർ അല്ല. ഇവിടെ അതൊന്നുമില്ല. വീട്ടിലിരുന്ന് ഇവിടങ്ങളിൽ നല്ല കാററുകൊള്ളാം."

ഹൃഷി—"ഇവിടത്തെ ക്ലബ്ബിൽ എത്ര ടെന്നിസ്കോർട്ടുണ്ട്?"

നാണി—"പട്ടന്മാരുടെ ക്ലബ്ബ് മൂന്നുനാലുണ്ട്"

ഹൃഷി—(ചിരിച്ചുംകൊണ്ട്) "ഞാൻ ആ ക്ലബ്ബല്ല ചോദിച്ചതു്. പന്തു കളിക്കാനും പേപ്പർ വായിക്കുവാനും ഉപയോഗിക്കുന്ന ക്ലബ്ബാണ് ഞാൻ ഉദ്ദേശിച്ചതു്"

സാന്ധി—"അതു ഇവിടെ ഇല്ല"

നാണി—"ആ തേങ്ങാപ്പൂളും പപ്പടവും കൂട്ടണം. നല്ല രുചിയായിരിക്കും"

നാണിഅമ്മയുടേയും സാന്ധില്യയുടേയും ശുദ്ധതയും തന്നെ ശുശ്രൂഷിക്കുവാനുള്ള ആഗ്രഹവും കണ്ടു ഹൃഷികേശൻനായക്കു അവരിൽ ദയ തോന്നിത്തുടങ്ങി. ഇവ

രെക്കറിച്ചു ഇന്നലെ മനസ്സിലുദിച്ച നിന്ദ ഇന്നു നായർ മറന്നു. സാന്ഡില്യയെ നായർ കൂടക്കൂടെ നോക്കിത്തുടങ്ങി. അവരം ഇതുകണ്ടു് അറപ്പുരയുടെ പടിക്കൽ ദേഹം പാതി മറച്ചു നിന്നു. ആരോഗ്യംകൊണ്ടു വിളങ്ങുന്ന സാന്ഡില്യയെ കണ്ടു "തീരെ മോശമല്ല" എന്നു നായർ മനസാ ചിന്തിച്ചു.

ഹൃഷി—"അമ്മായിയും മകളും തിരുവനന്തപുരത്തു വല്ലപ്പോഴം വരാത്തതെന്തു്? അവിടെ എന്തെല്ലാം വിശേഷങ്ങളം കാണാം."

നാണി—"ഞങ്ങരം ഇവിടുന്നു വേറെ ഒരിടത്തും പോവുക പതിവില്ല"

ഹൃഷി—"അതെന്തു്? നിങ്ങളേപ്പോലെ നല്ലവിമ്മന്നു് കുറേ പരിഷ്ക്കാരംകൂടിവേണം"

നാണി—"ഞങ്ങരം നാട്ടുംപുറത്തുകാരാണു്. ഞങ്ങളെ കണ്ടാൽ തിരുവനന്തപുരത്തുകാർ ചിരിക്കും"

ഹൃഷി—"അതൊന്നുമില്ല. എന്തിനു ചിരിക്കുന്നു? നിങ്ങളേക്കാരം സൌന്ദര്യവും വേറെ ഗുണങ്ങളും കുറഞ്ഞവർ അവിടെ ഉണ്ടു്. അവരേക്കണ്ടു പീപ്പിരം ലാഫ് ചെയ്യുകയാണോ?"

സാന്ഡി—"ഞങ്ങളെ ഇങ്ങനെ പരിഹസിക്കുന്നതെന്തിനു്?"

ഹൃഷി—"നെവർ. അങ്ങിനെ എന്നെ മിസ്റ്റേക്കു ചെയ്യരുതു്. ആളുകളെ പരിഹസിക്കുന്ന ശീലം എനിക്കില്ല"

സാന്ഡി—കയ്യിൽ ഇട്ടിരിക്കുന്നതു് എന്താണു്. വളയോ?"

ഹൃഷി—"അതു റിസ്റ്റ്‌വാച്ചാണു്. എളുപ്പത്തിൽ ടൈംനോക്കാനാണു്, കയ്യിൽകെട്ടുന്നതു നോക്കണമെങ്കിൽ ഇതാ വാച്ചു്"

ഹൃഷികേശൻനായർ കഞ്ഞി കുടിച്ചുകൊണ്ടിരുന്നതായ പ്ലാവില പാത്രത്തിൽ വെച്ചു തന്റെ ഘടികാരത്തിനെ അഴിച്ചു നാണിയമ്മയുക്കു കൊടുത്തു. സാന്ഡില്യയും പാച്ചിയും അതിനെക്കാണുവാനായി നാണിയമ്മയുടെ സമീപത്തു വന്നു.

സാന്ഡി—"അമ്മ നോക്കണം. എത്ര നന്നായിരിക്കുന്നു."

പാച്ചി—"എന്തു്പൊന്നു് എന്റെ അമ്മച്ചി"

നാണി—ഇതിന്നെന്തു വിലയുണ്ടു?"

ഹൃഷി—"നൂറു രൂപാ"

അപ്പോരം ആദിച്ചപ്പിള്ള വീട്ടിന്റെ തളത്തിൽ വന്ന ശബ്ദം ആ സ്ത്രീകരം കേട്ടു.

സാന്ഡി—"അതാ അമ്മാവൻ വന്നു"

ഇപ്രകാരം പറഞ്ഞു സാന്ഡില്യ നായർ ഭക്ഷിക്കാതെ വച്ചിരുന്ന തേങ്ങാക്കഷണങ്ങളെ പാത്രത്തോടുകൂടി എടുത്തുകൊണ്ടു അടുക്കളയിൽ ഓടിപ്പോയി. അവരം ബദ്ധപ്പെട്ടു് ഇങ്ങിനെ ചെയ്തതുകൊണ്ടു അതിൽ രണ്ടു കഷണങ്ങരം നായർ കഞ്ഞി കുടിക്കുന്നതിനു സമീപത്തു വീണു. പാച്ചിയും അടുക്കളയിലേക്കു തിരിച്ചു. നാണിയമ്മ ഭയന്നു്എണീററു. ഇവരുടെ ഈ പരിഭ്രമത്തിന്റെ കാരണം ഹൃഷികേശൻ നായക്കു മനസ്സിലായില്ല.

ഹൃഷി—"എന്തു്? എന്തു്?"

അടുക്കളയിൽ നിന്നും തിരിച്ചു വന്ന സാന്ഡില്യ "അമ്മാവൻ വരുന്നു" എന്നു പറഞ്ഞു അറപ്പുര വാതൽക്കൽ ചെന്നുനിന്നു.

ഹൃഷി—"അതുകൊണ്ടെന്താ?"

ആദിച്ചപ്പിള്ള ആ തളത്തിൽ പ്രവേശിച്ചു. ഹൃഷികേശൻനായരുടെ മുമ്പിൽ വീണു കിടന്നിരുന്ന തേങ്ങാക്കഷണങ്ങളിൽ ആദിച്ചപ്പിള്ളയുടെ നേത്രങ്ങരം പ

തിഞ്ഞു. അപ്പോൾ കുവലത്തറമൂപ്പരുടെ ഭാവം പകൎന്നു.

ആദിച്ച—(നാണിയമ്മയെ നോക്കി) "മരുമകനു സദ്യ കൊടുക്കുകയാണ്. ഇല്ലേ? കൊള്ളാം, കൊള്ളാം."

നാണിയമ്മ വിയൎത്തു വിറച്ചു.

ആദിച്ച—"ഈ തേങ്ങ എവിടുന്നു്?"

നാണി—"കൂട്ടാൻ വെയ്ക്കാൻ അണ്ണൻ തന്നതു്"

ഹൃഷി—"ഇവിടെ ഇരുന്ന തേങ്ങാക്കഷണങ്ങൾ എവിടെ? ഞാൻ അതും പപ്പടവും കൂട്ടി തിന്നുനോക്കട്ടെ."

ആദിച്ച—"പച്ചതേങ്ങ തിന്നരുതു്. വയററിനു നല്ലതല്ല. പപ്പടം കൂട്ടിനോക്കു."

ഉടനെ സാന്ധില്യ ഓടി അടുക്കളയിൽ ചെന്നു താൻ എടുത്തുകൊണ്ടുപോയ തേങ്ങാക്കഷണങ്ങളെ പാത്രത്തോടുകൂടി നായരുടെ മുൻപിൽ രണ്ടാമതുംകൊണ്ടുവെച്ചു. അതിനുശേഷം അവൾ ധൈൎയ്യസമേതം ആദിച്ചപ്പിള്ളയുടെ മുഖത്തു നോക്കി. ഇടവിടാതെ വൎഷിച്ചുകൊണ്ടിരിക്കുന്ന പീരങ്കി ഉണ്ടകളേയും, അഗ്നിഗുളികകളേയും ഗണിക്കാതെ, മുറിവേററുകിടക്കുന്ന തന്റെ ചങ്ങാതിയെ രക്ഷിക്കുവാൻ പോൎക്കളത്തിൽ മുൻപോട്ടു ചെല്ലുന്ന വീരനായ ഭടനും സാന്ധില്യ കാണിച്ച ധൈൎയ്യത്തെ പ്രദൎശിപ്പിക്കുന്നില്ല. മരിച്ചാലും മരിച്ചില്ലെങ്കിലും ആ ധീരനു കീൎത്തിമുദ്രയും പ്രസിദ്ധിയും നേടാം. എന്നാൽ തനിക്കുവേണ്ടി സാന്ധില്യ എത്ര സാഹസമാണു പ്രവൎത്തിച്ചതെന്നു ഹൃഷികേശൻനായർ ഒരിക്കലും അറിയുകയില്ല. കോപം കൊണ്ടു ജ്വലിക്കുന്ന ആദിച്ചപ്പിള്ളയുടെ നേത്രങ്ങൾ കണ്ടപ്പോൾ അവൾക്കു് ഉണ്ടായ ഭയത്തിന്റെ പരിമാണവും നായൎക്കു ഗ്രഹിക്കുവാൻ സാധിച്ചിരുന്നില്ലതാനും.

ആദിച്ച—"നീ കൊലപ്പുള്ളികളെപ്പോലെ വേഗം സദ്യകഴിച്ചുവാ, എനിക്കു ചില കാൎയ്യങ്ങൾ നിന്നോടു പറയാനുണ്ടു്."

നാണിഅമ്മയും സാന്ധില്യയും അനുകമ്പയോടുകൂടി നായരെ നോക്കി. ഈ നോട്ടങ്ങളിൽ നിന്നും, ആദിച്ചപ്പിള്ളയുടെ വാക്കുകളിൽ നിന്നും, താൻ ഒരു ദുഃഖവാൎത്തയാണു് കേൾക്കുവാൻ പോകുന്നതെന്നു നായർ അനുമാനിച്ചു.

ഹൃഷികേശൻ—"എന്താ അഛാ, അങ്ങിനെ പറഞ്ഞതു്? പേരമ്മ മരിച്ചതിൽ പിന്നെ എനിക്കു ഇതുവരെ ഒരു ദുഃഖവുമുണ്ടായിട്ടില്ല."

നാണി—"ദൈവം തരുന്നതൊക്കെ അനുഭവിക്കാതെ ഇരിക്കാൻ നിവൃത്തിയില്ല."

ആദിച്ച—"നീ മിണ്ടാതിരി, നാണി." (ഹൃഷികേശൻ നായരോടു്)—"നിന്റെ കൈയ്യു വെളുത്തു് മിനുസമായിരിക്കുന്നു. എന്റെ കൈയ്യു നോക്കു്. ഇതാ നമ്മട്ടിയുടെ തഴമ്പു്. ഒരു വെട്ടിനു ഒരു ചക്രം ഉണ്ടാക്കാം. നിനക്കു് അതു സാധിക്കുവില്ല. അതെല്ലാം നിന്നെ വളൎത്തിയതിന്റെ ദോഷമാണു്."

ഹൃഷികേശൻ—"എന്തു് അഛാ ഇങ്ങിനെ പറയുന്നതു്? എനിക്കു ഒരു അക്ഷരവും മനസ്സിലാകുന്നില്ല."

ആദിച്ച—"എഴിച്ചു് കൈ കഴുകിക്കൊണ്ടു വാ."

ആദിച്ചപ്പിള്ള മുൻവശത്തെ തളത്തിലേക്കു പോയി.

സാന്ധില്യ—"ധൈൎയ്യം വേണം."

സാന്ധില്യ ഈ വാക്കുകൾ ഉച്ചരിച്ച സ്വരംകേട്ടു് എന്തോ കഠിനമായ ദുഃഖവാൎത്ത താൻ കേൾക്കുവാൻ പോകുന്നുവെന്നു് നായൎക്കു ബോധം വന്നു. നായർ ഹസ്തപ്രക്ഷാളനം കഴിഞ്ഞു പിതാവിന്റെ സമീപത്തേക്കു പോയി. സാന്ധില്യയും നാണിഅമ്മയും പാച്ചിയും അവിടെ തന്നെ നിന്നു.

# അദ്ധ്യായം ൧൧.

“രാവിപ്പോൾക്ഷണമങ്ങൊടുങ്ങിടുമുഷസ്സെത്തുംപ്രകാശിച്ചിടും
ദേവൻസൂൎയ്യനളിക്കമിക്കമലവുംകാലേവിട്ടുനീട്ടുമേ
ഏവംമൊട്ടിനകത്തിരുന്നളിമനോരാജ്യംതുടങ്ങീടവേ
ദൈവത്തിൻമനമാരുകണ്ടു? പിഴുതാൻദന്തീന്ദ്രനപ്പത്മിനീം.”

ഹൃഷികേശൻനായർ തളത്തിൽ ചെന്നപ്പോൾ ആദിച്ചപ്പിള്ള അതിൻെറ വരാന്തയിൽ ലാത്തുകയായിരുന്നു. നായരെ ആ ദുഃഖവാൎത്ത ധരിപ്പിക്കേണ്ട ക്രമത്തെ ആലോചിച്ചു് ആദിച്ചപ്പിള്ള ബുദ്ധിമുട്ടി. മാതുലൻെറ ആത്മഹത്തിയെ നായരെ അറിയിക്കുന്നതിലല്ല അദ്ദേഹത്തിനു പ്രയാസം തോന്നിയതു്. നായരുടെ അകിഞ്ചനത്വത്തെപ്പററി പറയുന്നതിൽ മാത്രം കുവലത്തെര മൂപ്പക്ക് വൈമനസ്യം ഉണ്ടായി. ദാരിദ്ര്യം കൊണ്ടു് അദ്ദേഹത്തിനു പുത്രനോടു അല്പം അനുകമ്പ തോന്നിയിരുന്നു.

ജീവിതത്തിലെ എല്ലാ പ്രധാന ഘട്ടങ്ങളിലും,—സന്തോഷമായാലും ശരി,—സന്താപമായാലും ശരി—ചുററുമുള്ള പ്രപഞ്ചവസ്തുക്കളുടെ ഛായ നമ്മുടെ മനസ്സിൽനിന്നു് ഒരിക്കലും മായുന്നതല്ല. ഹൃഷികേശൻനായരും ഇതുപോലെ ആ ജീൎണ്ണിച്ച നിരയും, ഭസ്മനിൎമ്മിതമായ കൃത്രിമസന്ധ്യാദികളും ശിവൻെറ പടവും മരണപൎയ്യന്തം ഓൎത്തിരുന്നു.

ആദിച്ച—“എന്തു വെയില്!”

ഹൃഷികേശൻ—“എന്താണു് എന്നോടു പറയാനുള്ളതു്?

ആദിച്ച—“നീ വ്യസനിക്കരുതു്. നിൻെറ അമ്മാവനു സുഖക്കേടു കലശലാണു്.

ഹൃഷി—“എങ്കിൽ ഞാൻ എന്തിനു ഇവിടെ താമസിക്കുന്നു! ചാച്ചീ, ഒരു ജട്കാ വിളിച്ചുകൊണ്ടുവാ. ഇവിടെ വല്ല വണ്ടിയും കിട്ടുമോ?”

ആദി—(വിമുഖനായി) “വണ്ടിയും കാളയുംകൊണ്ടു പ്രയോജനമില്ല. മകനേ, സംഗതി എന്തെന്നു നിനക്കു മനസ്സിലായല്ലോ. മാതുപിള്ള മരിച്ചുപോയി. അതു സാരമില്ല. അതിനെക്കാൾ കഷ്ടമായ ഒരു കാൎയ്യമുണ്ടു്. മാതുപിള്ള തൂങ്ങിച്ചത്തു—”

ഹൃഷി—“എൻെറ അമ്മാവനോ?”

ആദി—“അതെ. അതും സാരമില്ല. വൎത്തമാനപ്പത്രത്തിൽ സംഗതി മുഴുവനും ഉണ്ടു്. ഇതാ നോക്കു്.”

താൻ കാലത്തു പൊട്ടിച്ചു വായിച്ച പത്രത്തെ ആദിച്ചപ്പിള്ള നായരുടെ കയ്യിൽ കൊടുത്തു. അതു വായിച്ചു നോക്കിയപ്പോൾ നായരുടെ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞു.

ആദി—“നീ വ്യസനിക്കരുതു്. അതു സാരമില്ല. അതൊക്കെ നീ വേഗം മറക്കും—”

ഹൃഷി—“മറക്കുമോ! ഒരിക്കലുമില്ല. അയ്യോ എൻെറ അമ്മാവാ!—”

ആദി—“അമ്മാവൻ നിന്നെ തെരുവിലാക്കി. നിനക്കു ഒരു കാശുപോലുമില്ല.”

ഹൃഷി—“അതുകൊണ്ടെന്തു്? എൻെറ അച്ഛനും അമ്മയും അമ്മാവനും അങ്ങേരുതന്നെ ആയിരുന്നു. , അയ്യോ ദൈവമേ!”

നായർ പൊട്ടിക്കരഞ്ഞു തുടങ്ങി. രോദനം പകരുന്ന വ്യാധിയാണല്ലോ. ഇതുകേട്ടുകൊണ്ടു നിന്ന ആ മൂന്നു സ്ത്രീകളും കരഞ്ഞു. ഉടനെ തന്നെ ശേഷമുള്ള വൎത്തമാനങ്ങൾ ഒന്നും കേൾക്കുവാൻ നില്ക്കാതെ നായർ പടിപ്പുരയിലേക്കു പോയി അവിടെ കിടന്നു. ആദിച്ചപ്പിള്ള തളത്തിൻെറ പടിക്കൽ വന്നു് ആ സ്ത്രീകളോടു ഇപ്രകാരം പറഞ്ഞു.

ആദിച്ച—"വ്യസനം ഒന്നു കുറയുന്നതുവരെ അവനെ ആരും ഉപദ്രവിക്കരുത്."

ആദിച്ചപ്പിള്ളയെ കണ്ടയുടനെ ആ സാധുസ്ത്രീകൾ ഝടുതിയിൽ കണ്ണുനീർ തുടച്ചു.

ആദിച്ച—"അവൻ മടയനാണ്. ചത്തവരെപ്പററി മാത്രമേ അവനു വിചാരമുള്ളു. പണത്തിനെപ്പററി ഒരു വ്യസനവുമില്ല"

ഈ വാക്കുകൾ കേട്ടപ്പോൾ സാന്ധില്യക്കു മാതുലനോടു ഇദംപ്രഥമമായി ഒരു വെറുപ്പുതോന്നി. അന്നുമുതൽ ആദിച്ചപ്പിള്ളയുടെ ന്യൂനതകൾ അവൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു.

നാണി—"പാവം"

ഇതു കേട്ടയുടനെ ആദിച്ചപ്പിള്ള ആ മാതാപുത്രികളുടെ മുഖത്തു നോക്കി. തേങ്ങാക്കഷണങ്ങളുടെ സംഗതി അപ്പോൾ അദ്ദേഹത്തിനു ഓർമ്മവന്നു. കുപിതനായി അദ്ദേഹം അകത്തെ തളത്തിൽ ചെന്നു-

ആദിച്ച—"അതിരിക്കട്ടെ. ഇനിയെങ്കിലും നീ പണം നാനാവിധമായി കളയുവില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കു തെങ്ങുംതോപ്പില്ല."

സാന്ധില്യ—"അമ്മയല്ല അതു ചെയ്തതു്. ഞാനാണ്."

ആദിച്ച—"നിനക്കു പ്രായമായതുകൊണ്ടു ബോധിച്ചതുപോലെ ചെയ്യാമെന്നോ! നിന്റെ അഛൻ സമ്പാദിച്ചതൊന്നുമല്ല. അതൊക്കെ നിങ്ങൾ തിന്നു മുടിച്ചു. ഞാൻ വേലചെയ്തു് ഉണ്ടാക്കുന്ന ചക്രമാണ്. അതു ഓർമ്മിച്ചോ."

സാന്ധില്യ—"അമ്മാവന്റെ മകനുവേണ്ടി രണ്ടുകഷണം തേങ്ങ ചിലവാക്കിയതിൽ ഇത്ര പറയാനെന്തുണ്ടു് അമ്മാവാ."

ആദിച്ച—"ഛീ, മിണ്ടാതിരിയെടി. എപ്പൊഴും അമ്മാവന്റെ മകൻ, അമ്മാവന്റെ മകൻ! മകനായതുകൊണ്ടു് എനിക്കെന്തു്? അവന് ഒരു കാശുപോലുമില്ല. വലിയ പ്രതാപത്തിലിരുന്ന അവന്റെ അമ്മാവൻ ഒരു പാപ്പരു്. ആ ചെറുക്കന്റെ കരച്ചിൽ തീന്നാൽ ഉടനെ അവൻ വെളിയിൽ. അവനുവേണ്ടി എന്റെ വീട്ടു് കുട്ടിശ്ശരമാക്കാൻ ഞാൻ സമ്മതിക്കുവില്ല."

സാന്ധില്യ—"പാപ്പരു് എന്നുവച്ചാൽ പണം ഇല്ലാത്തവനെന്നല്ലേ അർത്ഥം അമ്മാവാ?"

ആദിച്ച—"ഒരുത്തനു ചെയ്യാവുന്ന നീചപ്രവൃത്തികളിൽ വെച്ചു ഏററവും നീചപ്രവൃത്തി ചെയ്യുന്നവനാണ് ഒരു പാപ്പരു്."

നാണി—"അങ്ങിനെ പാപം ചെയ്തെങ്കിൽ അങ്ങേരു നരകത്തിൽ കിടന്നു കഷ്ടപ്പെട്ടുമെല്ലൊ."

ആദിച്ച—(ഹാസ്യത്തോടുകൂടി)—"തുടങ്ങിയല്ലൊ നിന്റെ വേദാന്തം! സാന്ധില്യേ, ഒരു പാപ്പരെന്നു വെച്ചാൽ കോടതി ശിക്ഷിക്കാതെ രക്ഷിക്കുന്ന ഒരു കള്ളൻ. പാവങ്ങൾ മാതുപിള്ള നല്ലവനാണെന്നു വിശ്വസിച്ചു് അയാളോടു ചിട്ടികെട്ടി. അവർ കഷ്ടപ്പെട്ടുണ്ടാക്കിയ പണമത്രയും ആ വഞ്ചകി മോഷ്ടിച്ചു് അവക്കു തെരിവും തിണ്ണയും ആധാരമാക്കി. തീവെട്ടിക്കൊള്ള ചെയ്യുന്ന മറവനെക്കാൾ ദുഷ്ടനാണ് ഒരു പാപ്പരു്. ആൾസ്വാധീനമുണ്ടെങ്കിൽ മറവനിൽനിന്നും രക്ഷപ്പെടാം. ആ മറവനും വെട്ടും കുത്തും ഏറ്റുൾക്കേണ്ടിവരും. അതുകൊണ്ടു് അവനും അവന്റെ ജീവനെ പണയം വെച്ചുകൊണ്ടാണു കൊള്ളയ്ക്കു പോകുന്നതു്. എന്നാൽ പാപ്പരോ!—ഞാൻ ഒന്നും പറയുന്നില്ല. ഹൃഷീകേശനു് ഇനി തലപൊക്കി നടക്കാൻ വയ്യാ."

പാപ്പർ എന്ന പദത്തിനുള്ള ആദിച്ചപ്പിള്ളയുടെ വ്യാഖ്യാനം കേട്ടപ്പോൾ, ലോകപരിചയമില്ലാത്ത സത്യസന്ധയായ സാന്ധില്യയുടെ മനഃകമലം ശോകഭാര

ത്താൽ തലതാഴ്ത്തി. അന്യരെ വഞ്ചിച്ചു പണം അപഹരിച്ചു് അവരെ നിരാധാരമാക്കുന്നതിനും, അനിവാര്യമായ യാദൃച്ഛികസംഭവങ്ങളാൽ അന്യൻെറ പണം നഷ്ടമാക്കുന്നതിനും തമ്മിൽ ഉള്ള വ്യത്യാസം ആ ശുദ്ധയ്ക്കു് അറിയാൻ പാടില്ലായിരുന്നു. അതുകൊണ്ടു് ആദിച്ചപ്പിള്ളയുടെ വാക്കുകൾ വേദവാക്യമാണെന്നു വിചാരിച്ചു അവൾ വ്യസനിച്ചു.

സാന്ധില്യ—"അമ്മാവന്നു് അങ്ങേരെ ഗുണദോഷിക്കാൻ വയ്യായിരുന്നോ?"

ആദിച്ച—"അയാൾ എൻെറ ഉപദേശം ചോദിച്ചില്ല. അതുകൂടാതെ അയാൾക്കു് മുപ്പതിനായിരം രൂപ കടമുണ്ടു്."

സാന്ധില്യ—"ഇത്ര ഒരുപാടൊ? ഇത്ര പണമുള്ളവർ ഈ തിരുവിതാംകൂർ സംസ്ഥാനത്തു വല്ലവരും ഉണ്ടോ?

ആദിച്ചപ്പിള്ള മന്ദഹാസം ചെയ്തു.

സാന്ധില്യ—"അപ്പോൾ അദ്ദേഹം എന്തുചെയ്യാൻ പോണു?"

ആദിച്ച—"മലയ എന്ന സ്ഥലത്തു പോകും. അവിടെപ്പോയി പണം സമ്പാദിക്കണമെന്നാണു മാതുപിള്ളയുടെ ഉപദേശം."

സാന്ധില്യ—"അവിടെ പോകാൻ പണം വേണ്ടേ?"

ആദിച്ച—"അതു—അതു—തി—തി—തിരുനൽവേലിവരെയുള്ള ചിലവു് ഞാൻ കൊടുക്കാം"

സാന്ധില്യക്കു് അപ്പോൾ മാതുലനോടു് അളവററ കൃതജ്ഞത തോന്നി.!

സാന്ധില്യ—"അമ്മാവൻ എൻെറ പൊന്നമ്മാവൻ."

ഈ സ്തുതിഗീതം കേട്ടു സന്തോഷിക്കുവാൻ അദ്ദേഹത്തിൻെറ മനോസാക്ഷി അദ്ദേഹത്തെ അനുവദിച്ചില്ല.

സാന്ധില്യ—"എത്ര വഷംകൊണ്ടു മുപ്പതിനായിരം രൂപ ഉണ്ടാക്കാം, അമ്മാവാ?"

ആദിച്ച—"അതിനു വഷം കുറേ വേണം."

സാന്ധില്യ—"അദ്ദേഹം സുഖമായി അവിടെ ചെന്നുചേന്നെന്നു് എഴുത്തു വന്നാലുടനെ കുമാരകോവിലിൽ ഒരു നെയ്‌വിളക്കും ഒരു കട്ടിപ്പായസവും കഴിച്ചേക്കാം എൻെറ കുമാരസ്വാമി. ഇല്ലെ, അമ്മാ?"

നാണി—"അങ്ങിനെ ചെയ്യാം, മകളെ. അതുതന്നെയാണു ഞാനും വിചാരിച്ചതു്."

ആദിച്ച—"നിങ്ങൾ രണ്ടുപേരും അതുമല്ല, അതിൻെറ അപ്പുറവും വിചാരിക്കും. എപ്പൊഴും ചക്രം ചിലവാക്കാനുള്ള വഴി ഒമ്മിച്ചു കൊള്ളിൻ. എൻെറ പത്തായം നിറച്ചു പവനില്ല."

അപ്പോൾ പടിപ്പുരയിൽ അവർ ഒരു ശബ്ദം കേട്ടു.

ആദിച്ച—പാച്ചീ, അവൻ ചാവാൻ പോണോ എന്നു നോക്കീച്ചുവാ. നിങ്ങൾ അമ്മയോടും മകളോടും ഞാൻ ഒരു കാര്യം പറയുന്നു. ഇവിടെ നിങ്ങൾക്കു ബോധിച്ചതുപോലെ ചെയ്യാൻ നടക്കുവില്ല. ഞാൻ ഉണ്ടയുടനെ വെളിയിൽപോണു. നെല്ലിനു നല്ല വില കിട്ടുമോ എന്നു നോക്കട്ടെ. എന്നിട്ടു് എനിക്കു പാച്ചുവിനെ കണ്ടു് ഒരു കാര്യം പറയാൻ പോണം."

ആദിച്ചപ്പിള്ള തെക്കേപുരയിലേക്കു പോയി. പാച്ചി ഉടനെ അവിടെ വന്നു.

പാച്ചി—"എന്നെ ആ പാവം കണ്ടതേയില്ല. അവിടെക്കിടന്നു കരയുണു."

നാണി—"അണ്ണന്നു ചോറു കൊടു്, പാച്ചി."

ആദിച്ചപ്പിള്ള ഊണു കഴിഞ്ഞു പോയതിനുശേഷം നാണിഅമ്മയും സാന്ധില്യയും നായരുടെ കാര്യം യഥേഷ്ടം സംസാരിച്ചു.

സാന്ധില്യ—"അമ്മാ, ഒരു പറ നെല്ലിനു വില എന്തു്?"

നാണി—"നാലുപണം വരും."

സാന്ധില്യ—"അമ്മാവന്ന് ഒരു പൂവിൽ എത്ര നെല്ലുകിട്ടും?"

നാണി—"എനിക്കു് അറിഞ്ഞുകൂടാ. നിന്റെ അമ്മാവൻ അതൊന്നും എന്നോടു് പറയുവില്ല."

സാന്ധില്യ—"എന്നാലും അമ്മാവന്നു പണം കുറേ കാണുമല്ലോ"

നാണി—"കുറേ മുൻപേ കോട്ടശ്ശേരി തമ്പിയുടെ വസ്തു വാങ്ങിച്ചെന്നു് പാച്ചുപിള്ള അണ്ണൻ എന്റെ അടുക്കൽ പറഞ്ഞു. അതിനു വളരെ പണം കൊടുത്തിരിയ്ക്കും. അതുകൊണ്ടു് ഇപ്പോൾ അധികമൊന്നും അണ്ണന്റെ കൈയ്യിൽ കാണവില്ല."

സാന്ധില്യ—"അമ്മാവൻ ഇവിടെ ഇല്ലല്ലോ. നമുക്കു് അദ്ദേഹം എന്തു ചെയ്യുന്നൊന്നു് ചെന്നു നോക്കാം."

മകളുടെ ഈ അപേക്ഷയെ നാണിഅമ്മയ്ക്കു് നിരസിക്കുവാൻ മനസ്സുവന്നില്ല. സാന്ധില്യയുടെ കുട്ടിക്കാലം കഴിഞ്ഞു് അവൾ പ്രായപൂത്തി വന്ന ഒരു സ്ത്രീയായി എന്നു നാണിഅമ്മയ്ക്കു് തോന്നി.

അവർ പടിപ്പുരയിൽ ചെന്നപ്പോൾ നായർ മുറിയിൽ വിരിച്ചിരുന്ന മെത്തപ്പായിൽ തന്റെ ചുരുട്ടിയ കോസടി ഉപധാനമായി ഉപയോഗിച്ചു് അതിൽ മുഖം മറച്ചു കിടക്കുകയായിരുന്നു. അവരുടെ ആഗമനം നായർ അറിഞ്ഞില്ല.

സാന്ധില്യ—(താണസ്വരത്തിൽ)—"അമ്മാവനെ എന്തു സ്നേഹം!"

ഇതിൽ വ്യംഗിതമായതും അവൾക്കു തന്നെത്താൻ അറിയുവാൻ പാടില്ലാത്തതും ആയ മോഹം നാണിഅമ്മയ്ക്കു് അവളുടെ സ്വരത്തിൽ നിന്നു ഗ്രഹിക്കുവാൻ സാധിച്ചു. ഇതു മനസ്സിലാക്കി നാണിഅമ്മ മകളുടെ കണ്ണത്തിൽ ഇപ്രകാരം മന്ത്രിച്ചു.

നാണി—"നീ സൂക്ഷിച്ചോ. ഇല്ലെങ്കിൽ അയാളെ പിരിയാൻ നിനക്കു മനസ്സു വരുവില്ല."

സാന്ധില്യ—"അമ്മയ്ക്കു് അമ്മാവൻ കാലത്തു് എന്തു പറഞ്ഞുവെന്നു അറിയാൻ വയ്യാ."

അപ്പോൾ ഹൃഷികേശൻനായർ തലപൊക്കി നോക്കി.

ഹൃഷികേശൻ—"എന്റെ അമ്മാവൻ മരിച്ചു. എന്നെ വിശ്വസിച്ചു അങ്ങേരു് എത്ര കടമുണ്ടെന്നു പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾക്കു രണ്ടുപേക്കുംകൂടി ജോലി ചെയ്തു വല്ല വിധത്തിലും ആ കടത്തെ വീട്ടാമായിരുന്നു. ദൈവമേ! അങ്ങേരു് എന്നെ ഇതുവരേ ദേഷ്യപ്പെട്ടിട്ടില്ല. ഞാൻ പോരാൻ കാലത്തു് ഇതറിഞ്ഞിരുന്നെങ്കിൽ—"

ഒരു ദീഘശ്വാസം ഈ വാചകത്തെ പൂരിപ്പിച്ചു.

നാണി—"വിധിച്ചതു് ആക്കു തടുക്കാൻ കഴിയും?

സാന്ധില്യ—"വ്യസനിക്കരുതു് എത്ര വ്യസനിച്ചാലും ഇനി അമ്മാവൻ ജീവിക്കയില്ലല്ലോ. ഇനി നമ്മുടെ മാനത്തെ രക്ഷിക്കണം."

സ്ത്രീകൾക്കു സമയോചിതമായി സംസാരിക്കുവാൻ വശമുണ്ടെന്നു സുപ്രസിദ്ധമാണല്ലോ. ഹൃഷികേശൻനായർ തന്റെ സ്വന്ത കാര്യത്തെപ്പററി ചിന്തിച്ചു് മാതുലന്റെ മരണസംഗതി വിസ്മരിക്കുവാനായിട്ടാണു് അവൾ ഇങ്ങനെ പറഞ്ഞതു്.

ഋഷികേശൻനായർ എണീററിരുന്നു.

ഋഷികേശൻനായർ—"എന്റെ മാനമോ? അതെ വാസ്തവംതന്നെ. അമ്മാവനു ഒരുപാടു കടമുണ്ടെന്ന് അച്ഛൻ പറഞ്ഞു."

നായർ ദീർഘശ്വാസത്തോടുകൂടി വീണ്ടും മുഖം മറച്ചു.

ഋഷികേശൻ—"നിങ്ങൾ പോണം. എന്റെ അമ്മാവൻ എന്തു വ്യസനിച്ചിരിക്കണം! എന്റെ ദൈവമേ!"

ചിലൎക്കു തങ്ങളുടെ ദുഃഖങ്ങളെ അന്യരെ കാണിക്കുവാൻ വൈമുഖ്യം തോന്നും. ഇപ്രകാരമുള്ള മനോദുഃഖത്തിൽ നിന്നാണു നായരും ഇപ്പോൾ വലഞ്ഞിരുന്നതു്. ഈ സംഗതി മനസ്സിലാക്കി ആ മാതാവും പുത്രിയും വിഷാദത്തോടുകൂടി തളത്തിലേക്കു പോന്നു. പടിപ്പുരയിൽ നിന്നു പോരുന്നതിനു മുൻപിൽ സാന്ഡില്യയുടെ നയനങ്ങൾ നായരുടെ മുറിയിൽ പ്രവേശിച്ചിരുന്നു. ആ യുവാവിന്റെ തകരപ്പെട്ടിയുടെ മുകളിൽ ഉണ്ടായിരുന്ന ക്ഷൌരസാമഗ്രികളും കാഞ്ചനഘടികാരവും അവൾ കണ്ടിരുന്നു. ഇങ്ങനെ ആഡംബരസൂചകങ്ങളായ വസ്തുക്കളെ ഈ വ്യസനത്തിനിടയ്ക്കു കണ്ടതുകൊണ്ടു താരതമ്യത്തിന്റെ ബലം ഹേതുവാൽ നായരിൽ അവളുടെ കൌതുകം വൎദ്ധിച്ചു. അവളുടെ ഇതുവരെയുള്ള ജീവിതം ഏകരൂപതയോടും ഏകാന്തമായും ആയിരുന്നു കഴിഞ്ഞിരുന്നതു്. ഇപ്പോൾ ദുഃഖത്തിൽ കലാശിച്ച നാടകം അവളുടെ മുമ്പിൽ അഭിനയിക്കപ്പെട്ടുന്നതുകൊണ്ടു സാന്ഡില്യയുടെ മനസ്സു ക്രമത്തിലധികം ഇളകിപ്പോയി.

കുറേനേരം കഴിഞ്ഞപ്പോൾ ആദിച്ചപ്പിള്ള തിരിച്ചു വന്നു. അദ്ദേഹത്തിന്റെ മുഖത്തു സന്തോഷം സ്ഫുരിക്കുന്നുണ്ടു്. നടന്നു ക്ഷീണിച്ചു വന്ന ആദിച്ചപ്പിള്ള സ്വസ്ഥനായി ഇരിക്കാതെ ആ തളത്തിൽ ലാത്തിത്തുടങ്ങി.

ആദിച്ച—"ഞാൻ അവരെ പററിച്ചു. നാണി, നമ്മുടെ നെല്ലുവിററു. തിരുനൽവേലിക്കാർ ഇന്നു പോകാൻ പോയതാണ്. ഞാൻ അവർ താമസിക്കുന്ന വീട്ടിന്റെ അടുക്കൽ ഒന്നും അറിയാത്ത ഭാവത്തിൽ ചുററിപ്പററി നിന്നു. അവരിൽ ഒരുത്തൻ—അവന്റെ പേരു ഞാൻ മറന്നുപോയി—എന്റെ അടുക്കൽ വന്നു. ഇവിടെയുള്ള നെല്ലു വില്ക്കുന്നവരൊക്കെ വിലകൂട്ടുമെന്നു വിചാരിച്ചു അതു വില്ക്കാണ്ടിരിക്കയാണ്. അവർ വില്ക്കണ്ട. വിൽക്കേണ്ടെന്നുഞാൻ പറഞ്ഞില്ലല്ലോ. അവന് നെല്ലിന് അത്യാവശ്യമാണെന്നു എനിക്കു മനസ്സിലായി. അതുകൊണ്ടു ഞങ്ങൾ തമ്മിൽ ഒരുഏൎപ്പാടു ചെയ്തു. നമ്മുടെ നെല്ലത്രയും അവൻ പറയ്ക്കു് നാലരപ്പണം വെച്ചു വാങ്ങിച്ചു. പാതിപ്പണം രൂപയായിക്കിട്ടി. പാതിക്കു നോട്ടെഴുതിത്തന്നു. ഇതാ നിനക്കു് ആറു രൂപ. രണ്ടുമാസത്തിനകം നെല്ലിനു വില കുറയും."

കുവലത്തറമൂപ്പരുടെ ധാന്യവിക്രയം അറിഞ്ഞു നൈരാശ്യത്തോടും കോപത്തോടും നിന്നിരുന്ന പത്മനാഭപുരത്തെ കൃഷികന്മാർ ഈ ഒടുവിലത്തെ വാക്കുകളുടെ സ്വരം കേട്ടിരുന്നുവെങ്കിൽ, അവർ കാതരരായിത്തീൎന്നു കിട്ടുന്ന വിലയ്ക്കു നെല്ലു വിററേനെ.

സാന്ഡില്യ—"ഒരു പൂവിൽ ആയിരപ്പറ നെല്ലു കിട്ടുമോ, അമ്മാവാ?"

ആദിച്ച—"കിട്ടും."

സാന്ഡില്യ—"അപ്പോൾ നാലായിരം പണത്തിലധികം കിട്ടുമെല്ലോ, അമ്മാവാ".

ആദിച്ച—"അതെ, മരുമകളെ."

സാന്ഡില്യ—"എങ്കിൽ അതിൽനിന്നു് അമ്മാവന്റെ മകനു കുറേ പണം കൊടുത്തുകൂടെ?"

ദേവകീപരിണയാനന്തരം സ്വസ്രീയവാത്സല്യത്താൽ ആ ദമ്പതിമാരുടെ സാരഥ്യകർമ്മം തന്നെത്താനെ വഹിച്ചുവന്നിരുന്ന കംസൻ, ദേവകീസന്താനങ്ങളിൽനിന്നുതന്നെ തനിക്കു നാശം സംഭവിക്കുമെന്നുള്ള അശരീരിവാക്കു കേട്ടപ്പോഴ്, അദ്ദേഹത്തിൽ ഉദിച്ച വിസ്മയത്തിനും, ആശാഭംഗത്തിനും, ക്രോധത്തിനും ആദിച്ചപ്പിള്ളയുക്കു തന്റെ ഭാഗിനേയിയുടെ വാക്കുകഠം മൂലം ജനിച്ച അതേ വികാരങ്ങളോടു കിടനില്ക്കുവാൻ കഴിയുകയില്ലായിരുന്നു. നായരുടെ കാര്യം നിശ്ശേഷം വിസ്മരിച്ചിരുന്ന ആദിച്ചപ്പിള്ളയുക്കു്, സാന്ധില്യ ആ യുവാവിനെത്തന്നെ സദാ ഏകതാനതയോടുകൂടി ചിന്തിച്ചിരിക്കുന്നുവെന്നും, തന്റെ വിത്തപരിമിതിയിൽ അവഠം കൌതുകം പ്രദർശിപ്പിച്ചതു് അതിനെ അന്യന്നു ദാനം ചെയ്യുവാനാണെന്നും അപ്പോഴം ബോധംവന്നു. ഇതു് കുവലത്തറമൂപ്പരെ കോപാന്ധനാക്കിത്തീൎത്തു.

ആദിച്ച—(ഉറക്കെ)—"എടീ, നോക്കിവിടെ. ആ ഏരപ്പാളി എന്റെ വീട്ടിൽ വന്നതിൽപിന്നെ നിങ്ങഠംക്കെല്ലാവൎക്കും ഭ്രാന്തുപിടിച്ചു. കാപ്പി, തേയില, എന്തെല്ലാമാണു് ഇവിടെ ഉണ്ടാക്കുന്നതു്! ഞാൻ അതൊന്നും സമ്മതിക്കുവില്ല. വീട്ടിൽ കാരണവൻ ഞാനാണു്. അതു് ഓൎമ്മിച്ചോ. എനിക്കു മരുമക്കളോ ഉടപ്പിറന്നവളോ ഒരു ഉപദേശവും തരണ്ട. എനിക്കു മനസ്സുള്ള വല്ല സഹായവും ഞാൻ അവന്നു ചെയ്യും. അതു നിങ്ങഠം അമ്മയും മകഠംക്കും അറിഞ്ഞിട്ടാവശ്യമില്ല. നീ ഇനി ഒരക്ഷരം പറയുകയാണെങ്കിൽ ഞാൻ നിങ്ങഠം രണ്ടുപേരെയും മണലിക്കരെക്കൊണ്ടാക്കും. സൂക്ഷിച്ചോ. ആ ചെറുക്കൻ എവിടെ? അവൻ ഉണ്ണാൻ വന്നോ?"

നാണി—"ഇല്ലണ്ണാ."

ആദിച്ച—"അവൻ എന്തു ചെയ്യുന്നു?"

സാന്ധില്യ—"അമ്മാവൻ മരിച്ചതിനെപ്പററി വ്യസനിച്ചു കരയുന്നു."

ആദിച്ചപ്പിള്ള സാന്ധില്യയുടെ മുഖത്തു നോക്കി. ഉടനെ അദ്ദേഹം ഒന്നും സംസാരിക്കാതെ ആ വരാന്തയിലിറങ്ങി ലാത്തിത്തുടങ്ങി. നെല്ലു വിററു കിട്ടിയ പണത്തിനെ പലിശയുക്കു കൊടുക്കുവാനുള്ള മാൎഗ്ഗങ്ങഠം അദ്ദേഹം ആലോചിക്കുകയായിരുന്നു. ഉണ്ടിയൽകട അയ്യാത്തുരയ്യനെ കണ്ടുപിടിക്കണമെന്നു കുവലത്തറമൂപ്പർ നിശ്ചയിച്ചു. ഇതിൽനിന്നും ലഭിക്കാവുന്ന പലിശയും മററും അദ്ദേഹം കണക്കുകൂട്ടി നിൽക്കുമ്പോഠം പാച്ചി മുററത്തു വന്നു.

ആദിച്ച—"അവൻ ഉണ്ണാൻ എഴിച്ചോ?"

പാച്ചി—"ഞാൻ വിളിച്ചു. ഒന്നും വേണ്ടെന്നു പറയുണു."

ആദിച്ച—"ഉരി അരി ലാഭമായി."

പാച്ചി—"എന്റെ പരവാനെ!"

ആദിച്ച—"അവൻ എന്നും കരഞ്ഞുകൊണ്ടിരിക്കുവില്ല. വിശപ്പുവരുമ്പോഠം ഉണ്ണാൻ വരും."

നാണിഅമ്മയും സാന്ധില്യയും അന്നു് ഉച്ചയുക്കു ശരിയാകുംവണ്ണം ആഹാരം കഴിച്ചില്ല. സാന്ധില്യയുടെ തന്ദ്രാലുക്കളായിരുന്ന അനുകമ്പാദിശീലഗുണങ്ങഠം അന്നു് ഉണൎന്നിരുന്നു. അവയെ നശിപ്പിക്കുവാൻ ആദിച്ചപ്പിള്ള ശ്രമിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഉദ്യമങ്ങഠം സഫലങ്ങളായിത്തീൎന്നിരുന്നില്ല. മനോരാജ്യത്തിൽ നിമഗ്നരായിത്തന്നെ പകൽ മുഴുവനും ആ മാതാവും പുത്രിയും കഴിച്ചുകൂട്ടി. ഒരുത്തരും അവരെ അന്നു കാണുവാൻ വന്നിരുന്നില്ല. പത്മനാഭപുരനിവാസികഠം ആസകലം കുവലത്തറമൂപ്പരുടെ ധാന്യവിക്രയവഞ്ചനയേയും മാതുപിള്ളയുടെ ആത്മഹത്യയേയുംപററി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു.

സന്ധ്യ ആയപ്പോൾ നാണിഅമ്മയും മകളും നായരെ വീണ്ടും ആഹാരം കഴിക്കുവാൻ നിർബ്ബന്ധിച്ചു. എന്നാൽ ആ യുവാവ് ഈ ക്ഷണത്തെ സ്വീകരിച്ചില്ല.

അത്താഴം കഴിച്ചതിനുശേഷം ആദിച്ചപ്പിള്ള പടിപ്പുരയിലേക്കു പോയി. നാണിഅമ്മയും സാന്ധില്യയും അദ്ദേഹം എന്തു പറയുന്നുവെന്നു കേൾക്കുവാൻ പടിപ്പുരമുററത്തു ചെന്നുനിന്നു.

ആദിച്ച—"മകനെ, നീ കരഞ്ഞുതീർന്നില്ലെ? നിനക്കു മതിയാകുന്നിടത്തോളം കരയു്. നമുക്കുവരുന്ന കഷ്ടപ്പാടുകൾ ഒക്കെ നാം സഹിക്കേണ്ടെ? നീ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ ഞാൻ നിൻെറ ഗുണത്തിനുള്ള വഴി ആലോചിച്ചു വരികയാണു്. ഏതായാലും നി എൻെറ മകനല്ലെ? വ്യസനിക്കരുതു്. കുറെ കഞ്ഞിയുംപററുമെങ്കിലും കുടിക്കു്." (ആ മുറിയിൽ കത്തിച്ചു വെച്ചിരുന്ന കമ്പിവിളക്കിനെ നോക്കിക്കൊണ്ടു്)—"ഹാ ഹാ വെളിച്ചെണ്ണയൊ! ഇതു് അവൾക്കു് എവിടെനിന്നു കിട്ടി? അവർ ഇവനുവേണ്ടി എന്തും ചെയ്യും."

ഇതു കേട്ടയുടനെ നാണിഅമ്മയും സാന്ധില്യയും അറപ്പുരയിലേക്കു് ഓടിപ്പോന്നു. നായർ നിശ്ചലനായി കിടക്കുന്നതു കണ്ടു് ആദിച്ചപ്പിള്ള അറപ്പുരയുടെ പടിക്കൽ വന്നു.

ആദിച്ച—"നാണീ, നീ എവിടെയോ പണം കുഴിച്ചിട്ടിട്ടുണ്ടു്."

നാണി—"ഞാൻ രാമായണം വായിക്കാൻ പോണു, അണ്ണെ. എന്നെ ഉപദ്രവിക്കരുതു്."

ആദിച്ച—"നീയും നിൻെറ രാമായണവും!"

ലോഭികൾക്കു നരകത്തിൽ വിശ്വാസമില്ല. ഇഹലോകത്തിൽ മാത്രമേ അവർ വിശ്വസിക്കുന്നുള്ളു. ഈ സ്വഭാവം ലോഭികൾക്കു മാത്രമല്ല, ലോകർക്കു സാധാരണയായി നാം കാണാറുണ്ടു്. ധനദേവനാണു് ഇക്കാലത്തു സർവ്വശക്തൻ. പരിഷ്കാരം വർദ്ധിക്കുംതോറും പ്രാചീനകാലങ്ങളിൽ മനുഷ്യർക്കുണ്ടായിരുന്ന ഈശ്വരവിശ്വാസം കുറഞ്ഞുകുറഞ്ഞു വരുന്നു. ഇഹലോകത്തിൽത്തന്നെ സ്വർഗ്ഗവും നരകവും എന്നാണു് അവർ വിശ്വസിച്ചുവരുന്നതു്. പ്രാചീനകാലങ്ങളിൽ മോക്ഷത്തിനായി ഋഷികൾ തപസ്സു ചെയ്യുന്നതുപോലെ, ഇക്കാലങ്ങളിൽ ജനങ്ങൾ ധനാഗമത്തിനായി അപ്രകാരം പ്രവർത്തിക്കുന്നു. ധനദേവൻെറ ഈ പ്രാബല്യം സാമുദായികമായും, രാഷ്ട്രീയമായും ഉള്ള സകല കാര്യങ്ങളിലും നാം കാണുന്നു. ഈ ധനമോഹത്തിൻെറ പരിണാമം ഏതു വിധത്തിലായിരിക്കുമെന്നു നമുക്കു സധൈര്യം പറയുവാൻ കഴിയുകയില്ലതാനും.

ആദിച്ച—"നീ വായിച്ചോ. എനിക്കു കുറെ പറയാനുള്ളതു നാളെ ആയക്കൊള്ളാം." അനന്തരം ആദിച്ചപ്പിള്ള അവിടെ നിന്നു പോയി.

പാഠങ്ങളെ പഠിക്കാത്തതുകൊണ്ടു ക്രൂരനായ ഗുരുവരൻെറ താഡനം ഭയന്നു നിദ്രയെ പ്രാപിക്കുന്ന ഒരു വിദ്യാർത്ഥിയെപ്പോലെ ആ സാധ്വസ്ത്രീ ഉറങ്ങുവാനായി ഭാവിച്ചു. സാന്ധില്യ അപ്പോൾ മാതാവിനെ ആലിംഗനംചെയ്തു മൂർദ്ധാവിൽ ചുംബിച്ചു.

സാന്ധില്യ—"അമ്മാ, ഞാനാണു വെളിച്ചെണ്ണ വാങ്ങിച്ചതെന്നു് അമ്മാവനോടുപറയാം."

നാണി—"അണ്ണൻ നിന്നെ അടിക്കും. കുററം ഞാൻ ഏറ്റേറാളാം. എന്നെ അങ്ങേരു തിന്നുകളയുകയില്ല. നീ പോയിക്കിടന്നുറങ്ങു്."

കുബേരനായ ആ ലുബ്ധൻെറ ലക്ഷങ്ങൾക്കു അവകാശിയായ സാന്ധില്യക്കു മരണപര്യന്തം നിലനിൽക്കുന്ന വ്യസനത്തെ പ്രദാനംചെയ്തു ആ ദുർദ്ദിനം ഇപ്രകാരം

അവസാനിച്ചു. ഇന്നാലെവരെയുണ്ടായ സുഖസുഷുപ്തി ഇനിമേൽ ഒരിക്കലും സാന്ധില്യക്കു് ലഭിക്കുന്നതല്ല. ഒരുത്തനെക്കുറിച്ചു്, "അവൻ ഇങ്ങിനെ ചെയ്യുമെന്നു ഞങ്ങൾ ഒരിക്കലും വിചാരിച്ചിരുന്നില്ല" എന്നു നാം ചിലപ്പോൾ പറയാറുണ്ടു്. അവന്റെ പ്രവൃത്തികൾക്കു ഹേതുഭൂതമായ കാൎയ്യങ്ങളെ മനശ്ശാസ്ത്രതത്വങ്ങളുടെ സഹായത്തോടുകൂടി പടിപ്പടി തുടൎന്നു പഠിച്ചു് അവയുടെ പരസ്പരസംബന്ധങ്ങളെ മനസ്സിലാക്കാതെയാണു നാം ഇപ്രകാരം അഭിപ്രായം പുറപ്പെടുവിക്കുന്നതു്. ഇതുപോലെയുള്ള സൂക്ഷ്മപരിശോധനകൊണ്ടു മാത്രമേ നമുക്കു സാന്ധില്യയുടെ ഹൃദയപ്പൊയ്കയിൽ ജനിച്ച അനുരാഗാബ്ജത്തിന്റെ ഉല്പത്തിയുടെയും വളൎച്ചയുടെയും കാരണങ്ങൾ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. അവളുടെ ജീവിതകാലം മുഴുവൻ നിലനിന്നു് ജനങ്ങളെക്കൊണ്ടു് "ഒരു ഒഴിയാത്ത രോഗം" എന്നു പറയിച്ച ഒന്നായിരുന്നു ഈ അനുരാഗം. ഇങ്ങിനെ ദൎശനമാത്രയിൽ അനുരാഗം ജനിക്കുന്നതു കഥാപുസ്തകങ്ങളിലല്ലാതെ ലോകത്തിൽ കാണുന്നുണ്ടോ എന്നു ചിലർ ചോദിക്കുമായിരിക്കാം. സംഭവശൂന്യവും ഏകരൂപവും ആയി ഇതുവരെ കഴിഞ്ഞ സാന്ധില്യയുടെ ജീവിതത്തെ അറിയാവുന്ന മനുഷ്യസ്വഭാവജ്ഞന്മാർ ഇതു് അസംഭാവ്യമെന്നു വിചാരിക്കുകയില്ല. വേഗാനുവൎത്തതയും അനുകമ്പയും സാന്ധില്യയുടെ കൂടപ്പിറവികളായിരുന്നു. തിങ്ങിവിങ്ങുന്ന ഈ അനുകമ്പാതടാകത്തിനു കൂലംകവിഞ്ഞു പ്രവഹിക്കുവാൻ ഏതൽപൎയ്യന്തം ഒരു മാൎഗ്ഗവും ഉണ്ടായിരുന്നില്ല. ഇപ്പോൾ അതിനു് ഒരു വഴിയുണ്ടായിത്തീൎന്നിരിക്കുന്നു. സാന്ധില്യയുടെ പ്രായത്തിലുള്ള തരുണികളുടെ അനുകമ്പാതരംഗിണികൾ അനുരാഗാൎണ്ണവത്തിൽ ചെന്നുചേരുന്നതു് അദൃഷ്ടപൂൎവ്വവും അല്ലല്ലൊ.

ആ രാത്രിയിൽ സാന്ധില്യക്കു സുഖനിദ്ര ഉണ്ടായില്ല. കൂടക്കൂടെ അവൾ ഉണൎന്നു പടിപ്പുരയിൽ വല്ല ശബ്ദവും കേൾക്കുന്നുണ്ടോ എന്നു ശ്രവിക്കും. ഉറങ്ങുമ്പോൾത്തന്നെ ഹൃഷികേശൻനായർ മരിച്ചുപോയിയെന്നും മററും ദുസ്സ്വപ്നങ്ങൾ അവൾ കണ്ടുതുടങ്ങി. ഇങ്ങിനെ നിദ്രാശൂന്യയായിക്കിടന്ന സാന്ധില്യക്കു വെളുപ്പാൻകാലമായപ്പോൾ പടിപ്പുരയിൽ ആരോ കരയുന്നുവെന്നു തോന്നി. സാന്ധില്യ വേഗം എണീററു മുഖസ്നാനവും വസ്ത്രപരിധാനവും കഴിച്ചു പടിപ്പുരയിലേക്കു ബദ്ധപ്പെട്ടു ചെന്നു. പടിപ്പുരമുറിയിലെ രണ്ടു ദ്വാരങ്ങളും തുറന്നു കിടന്നിരുന്നു. അതിനകത്തു് അവൾ തലേദിവസം കണ്ടപ്രകാരംതന്നെ ഹൃഷികേശൻനായർ പായിൽ ശയിച്ചിരുന്നു. ഉറങ്ങുന്ന ആ യുവാവിന്റെ വദനത്തിലും നേത്രങ്ങളിലുമുള്ള ബാഷ്പങ്ങൾ ഉണങ്ങിയിരുന്നില്ല. ഇതു കണ്ടു വ്യസനിച്ചു നിന്നിരുന്ന സാന്ധില്യയുടെ മുഖത്തു് ആ യുവാവു പെട്ടെന്നു കണ്ണു തുറന്നു നിദ്രയുടെ ചൊരുക്കു വിട്ടിട്ടില്ലാത്ത നേത്രങ്ങളോടുകൂടി നോക്കി. അരുണോദയം ആസന്നമായിരിക്കുന്നുവെന്നു് നായർ അറിഞ്ഞിരുന്നില്ല.

സാന്ധില്യ—"ചേട്ടനെക്കുറിച്ചു ഞങ്ങൾ വ്യസനിക്കുകയാണു്. പട്ടിണി കിടക്കുന്ന ചേട്ടനു വല്ലതും വേണോ എന്നറിയാനാണു ഞാൻ ഇങ്ങോട്ടുവന്നതു്. ഇങ്ങിനെ കിടന്നാൽ കഴുത്തു കഴക്കുവില്ലെ? കിടക്ക വിരിച്ചു കിടക്കണം."

ഹൃഷികേശൻ—"അതു വാസ്തവം തന്നെ."

സാന്ധില്യ—"ഞാൻ പോകുന്നു."

ഇപ്രകാരം പറഞ്ഞു ലജ്ജയോടും സന്തോഷത്തോടുംകൂടി അവൾ അറപ്പുരയിലേക്കു് ഓടി. ലോകപരിചയമില്ലാത്ത ശുദ്ധയായ ഒരു സ്ത്രീ മാത്രമേ ഇപ്രകാരം പ്രവൎത്തിക്കുകയുള്ളു. ലോകപരിചയമുള്ള സദ്വൃത്തയും വേശ്യയും ഒരുപോലെ അവരവരുടെ കൃത്യങ്ങളുടെ ഭവിഷ്യൽഫലങ്ങളെ മുൻകൂട്ടി ആലോചിച്ചുമാത്രമേ പ്രവൎത്തിക്കുന്നുള്ളു.

സന്ധ്യെയ്യും പടിപ്പുരയിലേക്കുപോയ സാന്ധില്യ അറപ്പുരയിൽ തിരിച്ചു വന്നപ്പോൾ വേപഥുഗാത്രിയായിത്തീൎന്നു. അപ്പോൾ അവൾക്കു ആത്മജ്ഞാനം വന്നു. താൻ ചെയ്ത സാഹസകൃത്യത്തിനെ ഓൎത്തു് അവൾ തന്നെത്താനെ ശാസിച്ചുതുടങ്ങി. "അദ്ദേഹം എന്നെപ്പററി എന്തുവിചാരിക്കും! എൻെറ സ്നേഹത്തെ അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയുമെല്ലൊ" എന്നായിരുന്നു അവളുടെ വിചാരം. എന്നാൽ ഇതു തന്നെ അദ്ദേഹം മനസ്സിലാക്കണം എന്നായിരുന്നു സാന്ധില്യയുടെ മനഃപൂൎവ്വമായ ആശയം.

അനുരാഗം അനുരാഗത്തെ ജനിപ്പിക്കുമെന്നു് അവളുടെ മനസ്സിനു ബോധമുണ്ടായിരുന്നു. ഏകാന്തയായി താൻ ആ യുവാവിൻെറ ശയനഗൃഹത്തിൽ പ്രവേശിച്ച സംഭവം അവളുടെ തമോമയമായ ജീവിതത്തിൽ ഒരു ദീപസ്തംഭംപോലെ ആയിത്തീൎന്നു. ചില പ്രവൃത്തികളും വിചാരങ്ങളും ചിലൎക്കു സകലഘടങ്ങളോടുംകൂടിയ പരിണയംപോലെ തോന്നുന്നതു് അജ്ഞാതപൂൎവ്വമല്ലതാനും.

---

## അദ്ധ്യായം ൧൨.

"അന്നേരംകാണാഞ്ഞു കാൎയ്യകാരത്വംതന്നെ
മന്നവൻമറന്നിതു തന്നെയുമതുനേരം"

പിറേറദിവസം രാവിലെ ആദിച്ചപ്പിള്ള കഞ്ഞികുടിക്കുവാൻ ആരംഭിച്ചപ്പോൾ നാണിഅമ്മയും സാന്ധില്യയും അദ്ദേഹത്തിൻെറ ശാസന കേൾക്കുവാൻ സന്നദ്ധരായി അറപ്പുരപ്പടിക്കൽ ചെന്നുനിന്നു.

ആദിച്ച—"അവനെന്തുചെയ്യുന്നു?"

പാച്ചി—"ഉറങ്ങുന്നു."

ആദിച്ച—"കൊള്ളാം. പകലു് വെളിച്ചെണ്ണവിളക്കു് വേണ്ടല്ലോ."

ആദിച്ചപ്പിള്ള വെളിച്ചെണ്ണയുടെ കാൎയ്യത്തെപ്പററി കലശൽകൂട്ടാതെ ഇരുന്നതു കണ്ടു് അവൎക്കു അതിശയംതോന്നി.

ആദിച്ച—"ഞാൻ വെളിയിൽ പോണു. എനിക്കു് ഇലഞ്ഞിമൂട്ടിൽപോയിട്ടു കാൎയ്യമുണ്ടു്."

ആദിച്ചപ്പിള്ള പോയയുടനെ നാണിയമ്മ മകളോടു ഇപ്രകാരം പറഞ്ഞു.

നാണി—"നിൻെറ അമ്മാവൻ എന്തോ വിചാരിച്ചിട്ടുണ്ടു്."

വാസ്തവത്തിൽ തലേദിവസം രാത്രിയിൽ ആദിച്ചപ്പിള്ളക്കു് പതിവുപോലെയുള്ള സ്വല്പനേരത്തെ ഉറക്കവും ഉണ്ടായിരുന്നില്ല. അൎദ്ധരാത്രിവരെ ധനാഗമനത്തിനുള്ള ഓരോ മാൎഗ്ഗങ്ങളെപ്പററി ചിന്തിച്ചുകൊണ്ടു അദ്ദേഹം പ്രജാകരനായിരിക്കുന്നതു് പതിവാണു്. ഇങ്ങനെ മുൻകൂട്ടി ദീൎഘാലോചനചെയ്തതിനുശേഷമേ സകലപ്രവൃത്തികളും അദ്ദേഹം ചെയ്തിരുന്നൊള്ളു. ഇതുകൊണ്ടാണു് അദ്ദേഹം സൎവ്വദാ വിജയിയായിത്തീൎന്നിരുന്നതു്. ക്ഷമയും പരിശ്രമശീലവുംകൊണ്ടു് ഒരുത്തനു സകലതും സാധിക്കാമെല്ലൊ. ഒരു ലോഭിതൻെറ സകല ഇന്ദ്രിയങ്ങളേയും ഒരു ഉദ്ദേശസാദ്ധ്യത്തിനായി അനന്യചിന്തയോടുകൂടി സദാ പ്രയോഗിക്കുന്നു. ആത്മസ്നേഹവും സ്വാൎത്ഥപ്രതിപത്തിയും മാത്രമെ മനുഷ്യരുടെ സകല പ്രവൃത്തികൾക്കും കാരണമായിരിക്കുന്നുള്ളു എന്നാണു് ഒരു ലുബ്ധൻെറ ദൃഢവിശ്വാസം. സ്വാൎത്ഥപ്രതിപത്തി ആത്മസ്നേഹ

ത്തിൻെറ ഒരു വകഭേദം മാത്രമാണ്. ഇന്ദ്രിയങ്ങൾക്കു ഗ്രഹിക്കാവുന്ന വിധത്തിൽ ആത്മസ്നേഹം ഇതരവസ്തുക്കളിൽ മൂർത്തീകരിക്കുമ്പോൾ അതു് സ്വാതന്ത്ര്യപ്രതിപത്തിയായിത്തീരുന്നു. ഇതു രണ്ടും അഹംഎന്ന ഭാവത്തിൻെറ രണ്ടു് അവതാരങ്ങളത്രെ. ഇതുകൊണ്ടാണു് ഒരു ലുബ്ധൻെറ കഥയിൽ മനുഷ്യൎക്കു അമിതമായ കൌതുകം ജനിക്കുന്നതു്. ആശകൾ ഇല്ലാത്ത മനുഷ്യനുണ്ടോ? ഏതു് ആഗ്രഹങ്ങളാണ് പണം കൂടാതെ സാധിക്കുന്നതു്? അതിനാൽ എല്ലാ മനുഷ്യൎക്കും ഒരു ലുബ്ധൻെറ സ്വഭാവത്തിലുള്ള ചില അംശങ്ങളുണ്ടു്. മനുഷ്യരുടെ ഒരു ന്യൂനത ഭയങ്കരമാകുംവണ്ണം മൂർത്തീകരിച്ച സത്വമാണ് ഒരു ലോഭി. അതുകൊണ്ടുതന്നെ മനുഷ്യൎക്കു അവനിൽ കൌതുകവും വെറുപ്പും ഒരേ സമയത്തു തോന്നുന്നതു്.

നാണിയമ്മയുടെ അനുമാനം ശരിയായിരുന്നു. ആദിച്ചപ്പിള്ള ഒരു കാൎയ്യത്തെപ്പററി ചിന്തിക്കയാണു ചെയ്തിരുന്നതു്. ആത്മപോഷണത്തിനായി വേട്ടക്കാർ ശ്വാക്കളെക്കൊണ്ടു് സാധുജന്തുക്കളെ ഹിംസിക്കുന്നതുപോലെ ആദിച്ചപ്പിള്ളയെപ്പോലെയുള്ള ലോഭികൾ വിധികർത്താക്കന്മാരുടെ കയ്യിൽ അകപ്പെടാതെ അന്യരെ തമ്മിൽ കടിപിടികൂട്ടി അതിൽനിന്നും സ്വാൎത്ഥത്തെ പോഷിപ്പിക്കുന്നതിൽ വൈദഗ്ദ്ധ്യം കാണിക്കുന്നു. തൻെറ വലയിൽ ഓരോ പക്ഷികൾ വീഴുംതോറും ഒരു വ്യാധനു് ആവിഹഗങ്ങളോടു പുച്ഛരസം വൎദ്ധിക്കുകയും സ്വബലത്തിലുള്ള വിശ്വാസം കൂടുകയും ചെയ്യും. അവയുടെ മരണവേദന ഗണിക്കാതെ അവയെ പചിച്ചു് ഭക്ഷിക്കുന്നതിനും ആ വ്യാധൻ മടിക്കുന്നില്ല. ഇങ്ങനെയുള്ള ധനമോഹംകൊണ്ടും പരനിന്ദകൊണ്ടുമാണ് ഒരു ലോഭി പുഷ്ടിയെ പ്രാപിക്കുന്നതു്.

തലേദിവസം രാത്രിയിൽ ആദിച്ചപ്പിള്ള തിരുവനന്തപുരത്തുള്ള കുറേ പക്ഷികളെ തൻെറ വലയിൽ അകപ്പെടുത്തുവാൻ മാൎഗ്ഗം കണ്ടുപിടിച്ചിരുന്നു. അതുകൊണ്ടുണ്ടായ ആഹ്ലാദം ഹേതുവാൽ അദ്ദേഹം ഭഗിനിയോടു കലഹിക്കുവാൻ മറന്നുപോയി. തൻെറ പുത്രനും തനിക്കും ഒരു കാശുപോലും ചിലവാകാതെ മാതുപിള്ളയുടെ സ്മരണയെ നിഷ്കളങ്കമാക്കിത്തീൎക്കണമെന്നായിരുന്നു അദ്ദേഹം ആ രാത്രിയിൽ നിശ്ചയിച്ചതു്. നെല്ലുവിററ പണം നല്ല പലിശയ്ക്കു ലോണദാനം ചെയ്യുന്നതിൽ അയ്യാത്തുരയ്യരുടെ സഹായം അദ്ദേഹത്തിനു ലഭിക്കും. പിന്നെ വൃഥാ ഇരിക്കണമെല്ലോ എന്നു വിഷാദിക്കുമ്പോൾ ആണ് ഈ ചിന്ത അദ്ദേഹത്തിൻെറ മനസ്സിൽ ഉദിച്ചതു്. തൻെറ വലയിൽ മാതുപിള്ളയുടെ ചിററാളന്മാരെ അകപ്പെടുത്തി അവരുടെ പ്രാണവേദനകണ്ടു് രസിക്കുകയും,തന്മൂലംപുത്രൻെറ കാൎയ്യങ്ങൾ സശ്രദ്ധം നിൎവ്വഹിച്ചുഎന്നുള്ള പ്രശംസ ലഭിക്കുകയും ചെയ്യാമല്ലോഎന്നു വിചാരിച്ചു് അദ്ദേഹം സന്തോഷിച്ചു. വാസ്തവത്തിൽ പുത്രനെക്കുറിച്ചോ, പുത്രൻെറ അഭിമാനത്തെക്കുറിച്ചോ അദ്ദേഹം ഒന്നും വിചാരിച്ചിരുന്നില്ല. ഒരു അക്ഷക്രീഡാപ്രേക്ഷകൻ ദ്യൂതകാരന്മാർ ശരിയായി കളിക്കണമെന്നു വിചാരിക്കുന്നതുപോലെയുള്ള ഉത്സാഹമേ ആദിച്ചപ്പിള്ളയ്ക്കു് ഈ വിഷയത്തിൽ ഉണ്ടായിരുന്നൊള്ളു. ഇതിനു് ഇലഞ്ഞിമൂട്ടുകാരുടെ സഹായം അദ്ദേഹത്തിനു ആവശ്യമുണ്ടായിരുന്നു. അവരെ താൻ ക്ഷണിക്കാതെ ആ കാൎയ്യത്തിൽ പ്രവേശിപ്പിക്കണമെന്നും അദ്ദേഹം നിശ്ചയിച്ചു. അന്നു വൈകുന്നേരം മുതൽ ആ നാടകം അഭിനയിച്ചുതുടങ്ങണം. നാളെ പത്മനാഭപുരനിവാസികളെല്ലാം താൻ ഒരു മാതൃകാപിതാവാണെന്നു സ്തുതിക്കണം. ഇതു നിൎമ്മൂല്യമായി അവർ ചെയ്യുകയും വേണം.

ആദിച്ചപ്പിള്ള ഗൃഹത്തിൽ ഇല്ലായിരുന്നതുകൊണ്ടു സാന്നിദ്ധ്യംകൊണ്ടു മാതാവിനും നായരെ യഥേഷ്ടം ശുശ്രൂഷിക്കുവാനും അദ്ദേഹത്തിനോടു സഹതപിക്കുവാനും സൌകൎയ്യം ലഭിച്ചു. അനുകമ്പയിൽ മാത്രം തങ്ങളുടെ ഔന്നത്യത്തെ പുരുഷന്മാർ സമ്മ

തിക്കണമെന്നോ സ്ത്രീകൾ കാംക്ഷിക്കുന്നുള്ളു. ഇതു സമ്മതിച്ചാൽ മറ്റെല്ലാ ഗുണങ്ങളും പുരുഷനിൽ മൂർത്തീകരിച്ചിരിക്കുന്നുവെന്നു അവർ അനുവദിച്ചുകൊടുക്കും. മൂന്നുനാലുപ്രാവശ്യം സാന്ധില്യ പടിപ്പുര മുററത്തു ചെന്നു നായർ ഉത്ഥാനം ചെയ്തോ എന്നു് അന്വേഷിച്ചു. ഒടുവിൽ ആ യുവാവു് എണീററുവെന്നറിഞ്ഞ ഉടനെ അവൾ പടിപ്പുരയിൽ ചെന്നു.

സാന്ധില്യ—"കഞ്ഞി ഇവിടെ കൊണ്ടുവരട്ടെ?"

ഹൃഷികേശൻ—"എവിടെ ആയാലും വിരോധമില്ല."

സാന്ധില്യ—"വളരെ ക്ഷീണമില്ലെ?"

ഹൃഷികേശൻ—"എനിക്കു വളരെ ക്ഷീണവും വിശപ്പും ഉണ്ടെന്നു സമ്മതിച്ചേ തീരു."

ഉടനെ സാന്ധില്യ ഓടി അടുക്കളയിൽ ചെന്നു.

സാന്ധില്യ—"പാച്ചീ, വേഗം ചെന്നു പടിപ്പുര തൂത്തുവാരു്."

പാച്ചി ഒടുവിൽ പടിപ്പുരത്തളത്തിൽ കഞ്ഞി വിളമ്പി. സാന്ധില്യയും നാണിഅമ്മയും സമീപത്തു നിന്നു നായരെ നിർബന്ധിച്ചു ധാരാളം കഞ്ഞി കുടിപ്പിച്ചു. ഇവരുടെ ഈ സ്നേഹപൂർവ്വമായ ശുശ്രൂഷകൾ കണ്ടു നായരുടെ ദുഃഖത്തിനു അല്പം ശമനം വന്നു. ദുഃഖസാഗരത്തിൽ നിമഗ്നനായിരുന്ന ആ യുവാവിന്റെ നേരെ നിന്നു ലജ്ജ കൂടാതെ സംസാരിക്കുവാൻ നമ്മുടെ കഥാനായിക മടിച്ചിരുന്നില്ല. സാമുദായികനിബന്ധനകളെ ദുഃഖത്തിൽ ആരാണു് ഓക്കുന്നതു്? നായർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ സാന്ധില്യ പടിപ്പുരമുറിയിൽ പ്രവേശിച്ചു് അവിടെ ഉണ്ടായിരുന്ന സാമാനങ്ങളെ കണ്ടു് ആനന്ദിക്കയും ചെയ്തു.

തന്റെ ദാരിദ്ര്യാവസ്ഥയിൽ തിരുവനന്തപുരത്തുള്ള സ്നേഹിതന്മാരൊരുത്തരും തന്നെ തിരിഞ്ഞുനോക്കുകപോലും ചെയ്യുകയില്ലെന്നു നായക്കു് അറിയാമായിരുന്നു. അതുകൊണ്ടു് ഈ സ്ത്രീകളുടെ അനുകമ്പയും ശുശ്രൂഷയും അദ്ദേഹത്തിന്റെ മനസ്സിൽ നല്ലതിൻവണ്ണം പതിഞ്ഞു. ഇന്നാലെ പരിഷ്കാരമില്ലാത്ത ഒരു ഗ്രാമനിവാസിയായ പെണ്ണെന്നു നായർ പുഛിച്ചിരുന്ന സാന്ധില്യയെ ഇന്നു് അദ്ദേഹം ഒരു ശ്രേഷ്ഠതരുണിയായി പരിഗണിച്ചു. ഈ വിചാരത്തോടുകൂടി നായർ കുറേനേരം സാന്ധില്യയെ സൂക്ഷിച്ചു നോക്കി. ഇതു കണ്ടപ്പോൾ സാന്ധില്യക്കു ലജ്ജ തോന്നി അവൾ അധോമുഖിയായി ദൂരെ പോയി നിന്നു. എന്നാൽ അപ്പോൾ അവൾക്കുണ്ടായ സന്തോഷത്തിനു സീമയില്ലായിരുന്നുതാനും. ഒരേ വിചാരംതന്നെ അവർ രണ്ടുപേരുടേയും അന്തരംഗങ്ങളിൽ അപ്പോൾ അങ്കുരിച്ചു. ഭാവി തങ്ങളുടേതു തന്നെ എന്നു അവക്കു ബോധംവന്നു. ഈ വിചാരം നായരുടെ ദുഃഖശല്യത്തെ ധാരാഹീനയാക്കിത്തീക്കയും ചെയ്തു.

മദ്ധ്യാഹ്നത്തിനു മുമ്പിൽ ആദിച്ചപ്പിള്ള തിരിച്ചു വന്നു. ആദിച്ചപ്പിള്ളയുടെ ഭക്ഷണം കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ പറമ്പിൽ കുടിപാക്കുന്ന കൊച്ചപ്പിപ്പിള്ള അവിടെ രണ്ടു വരാൽമത്സ്യങ്ങളോടും ഒരു കോഴിയോടും കൂടി പ്രവേശിച്ചു.

കൊച്ചപ്പിപ്പിള്ളക്കു് പുരയിടം കിളച്ച വകയിൽ കുവലത്തറ മൂപ്പർ കുറേ പണം കൊടുക്കാനുണ്ടായിരുന്നു. ഇതു ചോദിച്ചു വാങ്ങിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു കൊച്ചപ്പിള്ള അവിടെ വന്നതു്.

ആദിച്ച—"നിന്റെ കാര്യം ഞാൻ വിചാരിച്ചേയുള്ളു. അപ്പോൾ നീ വന്നു കഴിഞ്ഞു. നല്ലവരാലാണോടേ?"

കൊച്ചപ്പി—"ആണു്, അങ്ങുന്നേ."

ആദിച്ച—"പാച്ചീ, ഇതെടുത്തു കൂട്ടാൻ വെയ്ക്കു്. കോഴിയെ കൊത്തി തുവരൻ വെ

യ്ക്കു്. വെച്ചിട്ട് ഇലഞ്ഞിമൂട്ടുകാർ ഇവിടെയാണ് ഉണ്ണുന്നതു്. അരി പിന്നെ എടുത്തു തരാം."

പാച്ചി—(അതിശയത്തോടുകൂടി)—"മുളകിനും തേങ്ങക്കും ഞാൻ എവിടെ പോണു?"

ആദിച്ച—(അകത്തെ തളത്തിൽ നിന്നിരുന്ന നാണി അമ്മയോടു)—"നാണീ, നാണീ, നാലു ചക്രം പാച്ചിക്കു കൊടുക്കു."

തനിക്കു കിട്ടുവാനുള്ള കൂലി ചോദിക്കുവാൻ കൊച്ചപ്പിപ്പിള്ള ഒരുങ്ങി.

കൊച്ചപ്പി—"അങ്ങുന്നേ, പിന്നെ—പിന്നെ—"

ആദിച്ച—"മതിയെടെ, മതി. നീ പറയാൻ പോണതു് എന്താണെന്ന് എനിക്കു അറിയാം. നീ അവിടെ മുഴുവൻ കിളച്ചു. അതു സമ്മതിച്ചു. ഇന്ന് എനിക്കു കുറെ ജോലിയുണ്ട്. നാളെ ആകട്ടെ. നാണീ, അവനു നാലു ചക്രം കൊടുക്കു്."

ഇത്രയും പറഞ്ഞതിനുശേഷം ആദിച്ചപ്പിള്ള തെക്കേപ്പുരയിലേക്കു പോയി. ആദിച്ചപ്പിള്ളയെ സന്തോഷിപ്പിക്കുവാനായി തനിക്കു ആ പൂവിനുതന്നിരുന്ന ആറു രൂപയിൽ നിന്നും എട്ടുചക്രം കൊച്ചപ്പിപ്പിള്ളക്കു കൊടുക്കുവാൻനാണിഅമ്മ തയ്യാറായിരുന്നു. ഇങ്ങിനെ അല്പാല്പമായി നാണിഅമ്മയുടെ ആറു രൂപയും ചിലവാക്കി തീർന്നാൽ പിന്നെ കുറേ ദിവസത്തേക്കു കുവലത്തറ മൂപ്പർ സഹോദരിയോടും ഭാഗിനേയിയോടും കലഹിക്കുക പതിവില്ല. നാണിഅമ്മ കൊച്ചപ്പിപ്പിള്ളയെ സമീപത്തു വിളിച്ചു് എട്ടുചക്രം അയാൾക്കു കൊടുത്തു.

നാണി—"ഇതു വെച്ചോളു, കൊച്ചപ്പിപ്പിള്ളെ. ശേഷം പിന്നെ ആകട്ടെ."

കൊച്ചപ്പി—"അതു മതി, കൊച്ചമ്മാ"

ഉടനെ കൊച്ചപ്പിപ്പിള്ള അവിടെനിന്നുപോയി. പാച്ചി അവിടെ വന്നു.

പാച്ചി—"രണ്ടുചക്രം മതി കൊച്ചമ്മാ."

സാന്ധില്യ—"നാലു ചക്രവും കൊടുക്കണം അമ്മാ. ഊണു നന്നാകട്ടെ പാച്ചി. അദ്ദേഹവും ഉണ്ണാനുണ്ടല്ലോ."

നാണി—"എന്തോ വിശേഷമെല്ലാം നടക്കുന്നു. നമ്മൾ ഇവിടെ വന്നതിൽ പിന്നെ ഇതു മൂന്നാമത്തെ തവണയാണ് അണ്ണൻ ആരെയെങ്കിലും ഉണ്ണാൻ ക്ഷണിക്കുന്നതു്."

സന്ധ്യയായപ്പോൾ സദ്യക്കുള്ള വട്ടങ്ങൾ എല്ലാം തയ്യാറായിത്തീർന്നു. ആദിച്ചപ്പിള്ള ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്ന ഉപ്പിലിട്ട നാരങ്ങയിൽ നാലെണ്ണത്തിനെ എടുത്തു അദ്ദേഹം പാച്ചിയുടെ കൈയ്യിൽ ഏല്പിച്ചു. വിശേഷദിവസങ്ങളിൽ മാത്രമേ ആദിച്ചപ്പിള്ള ഈ നാരങ്ങാഭരണിയുടെ കെട്ട് അഴിക്കുകയുള്ളൂ.

സന്ധ്യയായപ്പോൾ ഹൃഷികേശൻനായർ ഒരു നേര്യതു പുതച്ചുകൊണ്ടു മുൻവശത്തെ തളത്തിൽ വന്നു. ആദിച്ചപ്പിള്ള കുളിക്കുവാൻ പോയിരിക്കുകയായിരുന്നു. നായരുടെ വരവുകണ്ടു നാണിഅമ്മയും പുത്രിയും അകത്തെ തളത്തിന്റെ പടിക്കൽ വന്ന് ആ യുവാവിനോടു സംസാരിക്കുവാൻ തുടങ്ങി.

നാണി—"ഇന്ന് ഇലഞ്ഞിമൂട്ടുകാർക്ക് ഊണ് ഇവിടെ ആണ്."

ഹൃഷികേശൻ—"ഞാൻ വന്നപ്പോൾ ഇവിടെ ഇരുന്നിരുന്നവരാണൊ അവര്?"

നാണി—"അതെ."

ഹൃഷികേശൻ—"അച്ഛൻ എവിടെ പോയിരിക്കുന്നു?"

സാന്ധില്യ—"അമ്മാവൻ കുളിക്കുന്നു. ഇപ്പോൾ വരും"

സാന്ധില്യ നായരെ സൂക്ഷിച്ചുനോക്കി നിൽക്കുകയായിരുന്നു. ആ യുവാവിന്റെ മുഖത്തിൽ വ്യസനത്തിന്റെ വിളച്ച് കാണ്മാനുണ്ട്. അദ്ദേഹത്തിന്റെ മുഖ

വും, ആംഗ്യങ്ങളും, സ്വരവും ഒരുപോലെ ദുഃഖത്തെ സൂചിപ്പിച്ചു. ഇതുകണ്ടു സാന്ധില്യയുടെ അനുരാഗം പതിന്മടങ്ങു വൎദ്ധിച്ചു. ഈ ദുഃഖം അവർ തമ്മിലുണ്ടായിരുന്ന അന്തരത്തെ നശിപ്പിച്ചു. തന്റെ സ്ഥിതിക്കു ചേരാത്തതായ ഒരു ധനികനും പരിഷ്കാരിയും ആയിട്ടല്ല സാന്ധില്യ ഇന്നു നായരെ വിചാരിച്ചിരുന്നതു്. മാതുലന്റെ ദുൎമ്മരണത്താൽ ഉണ്ടായ യാതനയോടുകൂടിയ ഒരു ബന്ധു എന്നു മാത്രമേ അവൾ നായരെപ്പററി വിചാരിച്ചിരുന്നൊള്ളു. ദുഃഖം മനുഷ്യരെ സമന്മാരാക്കിത്തീൎക്കുമെല്ലോ. സ്ത്രീകൾക്കു് ആതുരരായ സമസൃഷ്ടികളോടു ഒരു ദിവ്യമായ കരുണ തോന്നുന്നതു് അവരുടെ ജാതിവിശേഷമാണുതാനും.

അവർ രണ്ടുപേൎക്കും അന്യോന്യമുള്ള അഭിലാഷത്തെ വാക്കുകളുടെ സഹായം കൂടാതെ അവർ ഗ്രഹിക്കാമായിരുന്നു. ആധുനികപരിഷ്കാരബാഹുല്യത്താൽ പരനിന്ദാസാഗരമായ ആ യുവാവു് ഇന്നു ബന്ധുശൂന്യനായ ഒരു പാകതയുള്ള പുരുഷനായിത്തീൎന്നിരിക്കുന്നു. വ്യാകുലചിത്തനായ ആ യുവാവിനോടു നാണിഅമ്മ അധികം സംസാരിക്കുവാൻ തുനിഞ്ഞില്ല. അനുകമ്പാസംയുക്തമായ ആ സ്ത്രീകളുടെ വീക്ഷണങ്ങൾ നായരെ നിൎഭയം ഭാവിയെ നേരിടുവാൻ ധൈൎയ്യപ്പെടുത്തി.

---

## അദ്ധ്യായം ൧൩.

"ഒരുനാൾഭരദ്വാജൻ രഹസി വിളിച്ചുടൻ
കുരുവീരന്മാരാം ശിഷ്യരോടുരചെയ്തു
എന്നുടെമനോരഥം നിങ്ങൾസാധിപ്പിക്കേണം."

കുവലത്തറ കാരണവരുടെ ധാന്യവിക്രയത്തിനേക്കാൾ അദ്ദേഹത്തിന്റെ സദ്യയാണു് പത്മനാഭപുരനിവാസികളുടെ ഇടയിൽ പ്രധാന സംഭാഷണവിഷയമായിത്തീൎന്നതു്. അയ്യാത്തുരയ്യരും ലക്ഷ്മിഅമ്മയും മാതുപിള്ളയുടെ ആത്മഹത്തിയും, ആദിച്ചപ്പിള്ളയുടെ സദ്യവൎത്തമാനവും അറിഞ്ഞിരുന്നു. അതുകൊണ്ടു് അന്നുതന്നെ കുവലത്തറെപ്പോയി മാതുപിള്ളയുടെ മരണത്തെപ്പററി അന്വേഷിക്കുവാനും സദ്യയുടെ ഉദ്ദേശം ഗൂഢമായി ഗ്രഹിക്കുവാനും അവർ നിശ്ചയിച്ചു.

സന്ധ്യ കഴിഞ്ഞയുടനെ ഗംഗാധരൻപിള്ളയും പാച്ചുപിള്ളയും കുവലത്തറയിൽ എത്തി. സദ്യ ഉണ്ടുകൊണ്ടിരിക്കുമ്പോൾ ആദിച്ചപ്പിള്ള വ്യസനത്തെ നടിച്ചു് അധികമൊന്നും സംസാരിച്ചില്ല. ഹൃഷികേശൻനായർ മൌനിയായിരുന്നു. ഇളഞ്ഞിമൂട്ടുകാരും സംഭാഷണത്തിനു തുനിഞ്ഞില്ല. ഭക്ഷണം കഴിഞ്ഞയുടനെ നായർ തനിക്കു കുറെ എഴുത്തുകൾ എഴുതുവാനുണ്ടെന്നുപറഞ്ഞു് പടിപ്പുരയിലേക്കു പോയി

ഊണുകഴിഞ്ഞു് ആദിച്ചപ്പിള്ളയും അതിഥികളും മുൻവശത്തെ തളത്തിൽവന്നു് താംബൂലചവ്വണംചെയ്തു. ഉടനേതന്നെ കുവലത്തറമൂപ്പർ താൻ തലേദിവസം രാത്രിയിൽ രചിച്ചതായ നാടകം അഭിനയിക്കുവാൻ തുടങ്ങി. ദീൎഘമായ ജീവിതകാലത്തിൽ പലതരം ജനങ്ങളോടു ഇടഞ്ഞതിൽനിന്നും തനിക്കു ലഭിച്ച ബുദ്ധിക്രൂൎമ്മത മുഴുവനും ആദിച്ചപ്പിള്ള ഈ നാടകാഭിനയത്തിൽ പ്രദൎശിപ്പിച്ചു. ആദിച്ചപ്പിള്ളക്കു് ഒരു സൎക്കാർജീവനം ലഭിക്കുകയും, അതിൽ തന്റെ ബുദ്ധിതീക്ഷ്ണതയെ പൊതുജനനന്മയ്ക്കായി പ്രയോഗിക്കുവാൻ അദ്ദേഹത്തിനു തോന്നുകയും ചെയ്തിരുന്നുവെങ്കിൽ തിരുവിതാംകൂറിന്നു് അദ്ദേഹത്തിൽനിന്നും അളവററ ഗുണം സിദ്ധിക്കുമായിരുന്നു. ഒരുപക്ഷേ മണ്ണിന്റെ ഗുണം അനുസരിച്ചു് തരുക്കൾ തളിൎക്കുകയും ശുഷ്കിക്കുകയും ചെയ്യു

ന്നതുപോലെ, ആദിച്ചപ്പിള്ള രാഷ്ട്രീയവിഷയങ്ങളിൽ പ്രശോഭിക്കുകയില്ലെന്നുംവന്നേക്കാം.

ആദിച്ച—(ഗംഗാധരൻപിള്ളയോട്ട്)—"പാ—പാ—പാ—പാപ്പരു് എന്നു് പേ—പേ—പേരുകേ—കേ—കേൾക്കാതെ ഇരിക്കാൻ വഴിയുണ്ടെന്നല്ലെ പ—പ—പറഞ്ഞതു്?

ഇങ്ങിനെ വിക്കിപ്പറഞ്ഞതുകേട്ട് ഇലഞ്ഞിമൂട്ടുകാരുടെ ക്ഷമ നശിച്ചുതുടങ്ങി. ഈ വിക്കു് അദ്ദേഹത്തിനു് ജന്മനാൽ ഉള്ളതല്ലെന്നും അതു് തന്റെ കാൎയ്യസാദ്ധ്യത്തിനായി ആദിച്ചപ്പിള്ള നടിച്ചിരുന്നതാണെന്നും മുൻപു പറഞ്ഞതു് വായനക്കാർ ഓൎമ്മിക്കുമെല്ലൊ. ഇതുപോലെതന്നെ ആദിച്ചപ്പിള്ള തന്റെ കണ്ണുകൾക്കു അല്പം മന്ദതയുണ്ടെന്നും നടിച്ചിരുന്നു. ഇതിന്റെ കാരണം ഇപ്രകാരമാണു്.

ഒരിക്കൽ ഒരു ഇടപാടിൽ ഒരു ശൈവപ്പിള്ളക്കു് കുവലത്തറമൂപ്പരെ തോല്പിക്കുവാൻ കഴിഞ്ഞു. ഈ ഏൎപ്പാടിനു് പ്രാരംഭമായ സംഭാഷണത്തിൽ ആ ശൈവപ്പിള്ള ചെവിക്കു് മന്ദതയും, വിക്കും നടിച്ചതുകൊണ്ടു് ആദിച്ചപ്പിള്ളക്കു് അയാളോടു് ദയവുതോന്നി ആ സൂത്രശാലി അൎദ്ധോക്തിയിൽ അവസാനിപ്പിച്ച വാചകങ്ങളെ അദ്ദേഹംതന്നെ പൂരിപ്പിക്കുകയും തന്മൂലംതന്റെസ്വന്തഗുണത്തെ വിസ്മരിച്ചു് എതിരാളിയുടെ വിചാരങ്ങളെ അദ്ദേഹംതന്നെ പറയുകയുംചെയ്തു. ഇതുകൊണ്ടു് ആദിച്ചപ്പിള്ളക്കു തന്റെ വാദത്തെ സ്ഥാപിക്കുവാൻ സാധിച്ചില്ല. കുവലത്തറമൂപ്പർ ലാഭമില്ലാതെ ചെയ്ത ഏൎപ്പാട്ടു് ഇതു് ഒന്നുമാത്രമായിരുന്നു. എന്നാൽ ഇതിൽ നിന്നും ധനലാഭമുണ്ടായിരുന്നില്ലെങ്കിലും ശത്രുവിനെ നഷ്ടസഹിഷ്ണുവാക്കിത്തീൎത്തു വിജയം നേടുവാനുള്ള മാൎഗ്ഗത്തെ അദ്ദേഹത്തിനു ഗ്രഹിക്കുവാൻ കഴിഞ്ഞു. ഇപ്പോൾ അഭിനയിക്കാൻപോകുന്ന നാടകത്തിൽ വളരെ വിക്കലുംമററും പ്രയോഗിക്കണമെന്നു് ആദിച്ചപ്പിള്ളക്കു് അറിയാമായിരുന്നു. തന്റെ വിചാരങ്ങൾ അന്യരിൽ നിന്നു ജനിച്ചതായി വരുത്തി, അവയുടെ ഉത്തരവാദിത്വം അവരിൽ ആരോപിക്കണമെന്നും, തന്റെ ഗൂഢമായ ഉദ്ദേശങ്ങളെ അന്യരെ അറിയിക്കരുതെന്നും കുവലത്തറ മൂപ്പർ നിശ്ചയിച്ചു.

ഗംഗാധരൻ—"അതെ, അമ്മാവാ. പാപ്പരാകാതെ ഇരിക്കാൻ ഒരുവഴിയുണ്ടു്. അതു് ഞാൻ പറയാം."

ആദിച്ച—(ഒരു വിദ്യാൎത്ഥി വിദ്യാസാഗരമായ ഗുരുനാഥന്റെഅമൂല്യമായ വാക്കുകളെ ശ്രദ്ധിച്ചുകേൾക്കുന്ന ഭാവത്തോടുകൂടി):—"പ-പ-പറയണം."

ഗംഗാ—"ഒരു ഇൻസാൾവൻറു് അല്ലെങ്കിൽ പാപ്പരു് ആകുന്നതു് രണ്ടുവിധത്തിലാണു്."

ആദിച്ച—"അതെങ്ങിനെ?"

ഗംഗാ—"ഒന്നുകിൽ കടംവാങ്ങിയവൻ തന്നത്താനെ തനിക്കു് ഇത്ര കടമുണ്ടെന്നും, അതു ഇന്നാൎക്കെല്ലാമാണെന്നും, അതിനെ വീട്ടാൻ തനിക്കു നിവൃത്തിയില്ലെന്നും, അതു വീട്ടുന്നതിനായി താൻ തന്റെ സകല സ്ഥാവരജംഗമവസ്തുക്കളേയും കോടതിയുടെ അധീനത്തിൽ വിട്ടിരിക്കുന്നുവെന്നും കാണിച്ചു് സ്ഥലം ജില്ലാക്കോട്ടിൽ ഒരു പാപ്പർഹൎജ്ജി കൊടുക്കണം. അല്ലെങ്കിൽ അയാൾക്കു കടം കൊടുത്തവർതന്നെ അയാളെ പാപ്പരാക്കി വിധിക്കാൻ അപേക്ഷിച്ചു് ഒരു ഹൎജി കോടതിയിൽ കൊടുക്കണം."

ആദിച്ച—"അങ്ങിനെയാണോ?"

ഗംഗാ—"അതെ. പിന്നെ ഇതിനു രണ്ടിനും തുടങ്ങാതെ, കോടതിയുടെ സഹായം കൂടാതെ കടക്കാരുമായി സൌജന്യമായി പെരുമാറി അവരുടെ കടം കുറേശ്ശ കൊടു

ത്തീക്ക് ട്ട എന്ന് ഏൎപ്പാടുചെയ്യാം. അങ്ങിനെ ചെയ്യാനായിരിക്കാം അമ്മാവൻ വിചാരിച്ചിരിക്കുന്നതു്?"

പാച്ചു—"അണ്ണാ, അതാണ നല്ലതു്. അണ്ണന്റെ മകന്റെ തറവാട്ട് പുരാതനതറവാടാണ്. അതിലുള്ള ആളുകൾ പാപ്പരായി എന്നു് കേൾപ്പിക്കുന്നതു് അണ്ണന്റെ സ്ഥിതിക്കു പോരാത്തതാണു്."

ഗംഗാ—"പാച്ചുഅണ്ണൻ പറയുന്നതു് ശരിയാണു് അമ്മാവാ."

ആദി—"അതെ. പ-പ-പഞ്ഞിവിള ഒരു പ-പ-പഴയ ത-ത-തറവാടാണു്. എന്റെ മകന്ന് അങ്ങിനെ വന്നാൽ കു-കു-കു-കു-കുറച്ചിലാണു്. എനിക്ക് ചി-ചി-ചിട്ടിഇടപാട്ട് ഒന്നും അറിഞ്ഞുകൂടാ. കൃഷിക്കാൎയ്യം മാത്രമേ എനിക്കറിയാവൂ. ലായും ച-ച-ചട്ടവും ഞാൻ പ-പ-പഠിച്ചിട്ടില്ല. പി-പി-പിന്നെ എനിക്കു് തി-തി-തി-തിരുവനന്ത പു-പു-പുരത്തു പോ-പോ-പോവാൻ പ-പ-പററില്ല. വീട്ടുകാൎയ്യവും കൃഷിക്കാ-ക്കാ-ക്കാൎയ്യവും ആരു നോ-നോ-നോക്കും? ഞാ-ഞാ-ഞാനില്ലെങ്കിൽ കൃഷി നാ-നാ-നാനാവിധമായി പോ-പോ-പോകും. നിങ്ങൾ പ-പ-പറയുന്നതു പോ-പോ-പോലെ ചി-ചി-ചിട്ടിക്കാരെക്കണ്ടു് ഏൎപ്പാട്ട ചെ-ചെ-ചെയ്യാൻ ഞാ-ഞാ-ഞാൻ തി-തി-തി-തി-തിരുവനന്ത പു-പു-പുരത്തു പോ-പോ-പോണ്ടേ? ഇതു രണ്ടുംക്രു-ക്രു-ക്രുടി ഒരുത്തനാൽ സാ-സാ-സാധിക്കുവില്ല."

പാച്ചു—"അണ്ണൻ പറയുന്നതു് എ,നിക്കു മനസ്സിലായി. അണ്ണൻ അതിനെപ്പററി വിചാരിക്കണ്ടാ. അണ്ണനുവേണ്ടി എന്തും ചെയ്യുവാനു തയ്യാറുള്ള ആളുകൾ ഇവിടെ ഉണ്ടു്."

ആദി—(ആത്മഗതം) "അങ്ങിനെ വരട്ടെ. നിങ്ങൾ അതിനു തയ്യാറാണു്. ഇല്ലേ?"

പാച്ചു—അണ്ണന്റെ മകനുവേണ്ടി തിരുവനന്തപുരത്തുചെന്നു് ചിട്ടിക്കാരെ കണ്ടു പറയുവാൻ വല്ലവരും ഉണ്ടെങ്കിൽ—"

ആദിച്ച—"ഞാൻ പ-പ-പറയാം കേൾക്കു്. ചി-ചി-ചിട്ടിക്കാരെക്കണ്ടു് ഇങ്ങിനെ പ-പ-പറയണം. 'കു-കു-കുവലത്തറ ആദിച്ചപ്പിള്ളയ്ക്കു് മകനോടു സ്നേ-സ്നേ-സ്നേഹമുണ്ടു്. അവന്റെ ത-ത-തറവാട്ടിന്റെ മാ-മാ-നം ര-ര-രക്ഷിക്കണമെന്നും വിചാരമുണ്ടു്. ഇപ്പൂവിനു ന-ന-നല്ലവിലയ്ക്കു നെ-നെ-നെല്ലുവിററു. അതുകൊണ്ടു് അന്യായം കൊ-കൊ-കൊടുക്കാൻ പോ-പോ-പോവരുതു്. പോയാലും മകന്റെ ത-ത-തറവാട്ടുകടമല്ലെന്നു മകൻ തക്കിക്കും. ക്ഷ-ക്ഷ-ക്ഷമിച്ചിരുന്നാൽ ക്രമേണ പ-പ-പണം മുഴവൻ കിട്ടും., അങ്ങിനെ അല്ലെ പ-പ-പറയേണ്ടതു്?"

ഗംഗാധരൻ—"അതെ, അമ്മാവാ."

ആദിച്ച—"അങ്ങിനെ വേണം ചെ-ചെ, ചെയ്യാൻ. ആലോചിച്ചുവേണം ഒന്നു പ്രവൎത്തിക്കുവാൻ. ഇത്ര വലിയ ക-ക-കടം വീട്ടവാൻ കു-കു-കുറേ കാ-കാ-കാ-കാലംവേണ്ടേ?"

ഗംഗാധരൻ—"അതു വേണ്ടേ? കുറേശ്ശെ കൊടുത്തു തീൎത്താൽ മതി. മുഴവൻ കിട്ടുമെന്നുള്ള ധൈൎയ്യം കൊണ്ടു് അവർ ക്ഷമിച്ചിരിക്കും. അപ്പോൾ കേസിനു പോകയോവേണ്ടാ. അതു കേൾക്കാതെ അവർ അന്യായം കൊടുക്കാൻ തുടങ്ങുകയാണെങ്കിൽ മകനെക്കൊണ്ടു് ആ കടം തറവാട്ടു കടം അല്ലെന്നും, മാതുപിള്ള അങ്ങേരുടെ പ്രത്യേക കടമാണെന്നും, തറവാട്ടാവശ്യത്തിനല്ല അതു വാങ്ങിച്ചിട്ടുള്ളതെന്നും മററും പറഞ്ഞു് ഒരു പത്രിക കൊടുപ്പിക്കണം. എങ്കിൽ കുറേക്കാലം കേസു നീണ്ടു കിടക്കും."

ആദിച്ച—"അങ്ങിനെ ചെയ്യാമോ?"

ഗംഗാധരൻ—"അങ്ങിനെഅല്ലേ മരുമക്കത്തായ തറവാട്ടുകാർ കടക്കാരെ പററിക്കു ന്നതു്? പത്രിക കൊടുത്താൽ പിന്നെ പായിൻറിനു വെയ്ക്കും. അങ്ങിനെ പായിൻറു് ഏറ്റപ്പെട്ടത്താനായി മാററി മാററി കേസു് ഒന്നുരണ്ടുവൎഷം കിടക്കും. പിന്നെ പായിൻറു് ഏറ്റപ്പെട്ടത്തി തെളിവിനു വെയ്ക്കും. അതും മാററാനപേക്ഷ കൊടുത്തു നീട്ടാം. സാക്ഷിവിസ്താരം തുടങ്ങിയാൽ ആ സ്ഥിതിയിൽ തന്നെ കേസു് കുറേനാറം കിടക്കും."

ആദിച്ച—"പിന്നെ?"

ഗംഗാധരൻ—"സാക്ഷികളെ എല്ലാം വിസ്തരിച്ചുകഴിഞ്ഞതിനു ശേഷം ഇരുരങ്കിക്കു വെയ്ക്കും. അതും കുറേ നീട്ടാം. ഒടുവിൽ വിധി പറയും. വിധി നമുക്കു ദോഷമാണെന്നിരിക്കട്ടെ. എന്നാലും ഉടനെ പണം കെട്ടിവെയ്ക്കണ്ടാ. ഡിക്രിപ്പകൎപ്പു വാങ്ങിക്കാൻ കുറേ താമസം കാണും. പിന്നെ ജപ്തിക്കു് അപേക്ഷിക്കണം. ജപ്തിചെയ്തു കുറേക്കാലം കിടക്കും. പിന്നെ ലേലത്തിനു അപേക്ഷിക്കണം. ലേലം മാററിവെയ്ക്കാനും സൂത്രമുണ്ടു്. ഇങ്ങിനെ അഞ്ചാറു വൎഷം കഴിഞ്ഞേ കേസിനു പോയാൽ കിട്ടാനുള്ളതിൽ കുറേ എങ്കിലും പണം ഈടാക്കാവു."

ആദിച്ച—"എന്നാൽ ഇതൊക്കെ ക-ക-കടക്കാരെ പ-പ-പ-പ-പറഞ്ഞു മ-മ-മനസ്സിലാക്കാൻ ആളു വേണ്ടേ?"

ഗംഗാധരൻ—"അതിനൊന്നും അമ്മാവൻ ബുദ്ധിമുട്ടണ്ടാ. അമ്മാവനുവേണ്ടി ഞാൻ തിരുവനന്തപുരത്തു പോകാം. എനിക്കു് അവധിക്കു് അവകാശമുണ്ടു്. വണ്ടിക്കൂലിമാത്രം അമ്മാവൻ തന്നാൽ മതി. അതും അവിടത്തെ താമസച്ചിലവും കൂടി കുറച്ചേ വരുവൊള്ളു. അണ്ണന്റെ മകനെക്കൊണ്ടു് എനിക്കു ഒരു മുക്തിയാർനാമ എഴുതിച്ചുതന്നാൽ മതി. വേറെ ഒന്നും അമ്മാവൻ അന്വേഷിക്കേണ്ടാ."

ആദിച്ച—"നീ പ-പ-പറഞ്ഞ ലായും ചട്ടവും കേട്ടു് എനിക്കു് തല കിറുങ്ങുണു. ഇങ്ങിനെയുള്ള കാൎയ്യങ്ങൾ ഞാ-ഞാ-ഞാനിപ്പോഴാണു് ആദ്യമായി ചെ-ചെ-ചെ-ചെ-ചെയ്യുവാൻ തു-തു-തു-തു-തുടങ്ങുന്നതു്.

ഗംഗാധരൻ—"അമ്മാവൻ ഒരു കോടതി ഗുമസ്തനോ വക്കീലോ അല്ലല്ലോ."

ആദിച്ച—"ഞാൻ ഒരു പാ-പാ-പാവപ്പെട്ട കൃഷിക്കാരനാണു്. നീ പ-പ-പറഞ്ഞതിനെപ്പററി ആലോചിക്കട്ടെ. എന്നിട്ടു പ-പ-പറയാം.

ഗംഗാധരൻ—"എന്താണു് ആലോചിക്കാനുള്ളതു്"

പാച്ചു—"ഗംഗാധരാ."

ഗംഗാധരൻ—"എന്തു പാച്ചു അണ്ണാ?"

പാച്ചു—"ആദിച്ചപ്പിള്ള അണ്ണൻ എന്തു നിശ്ചയിച്ചു എന്നു പറയട്ടെ. അണ്ണൻ പറയുന്നതു ഡീ കേട്ടു ചെയ്താൽ മതി. എന്തു വേണമെന്നു—"

അപ്പോൾ അവിടെ അയ്യാത്തുരയ്യരും ഗോവിന്ദപ്പിള്ളയും പ്രവേശിച്ചു. അതുകൊണ്ടു് പാച്ചുപിള്ള തന്റെ വാചകത്തെ പൂരിപ്പിച്ചില്ല. ഇവരുടെ വരവു് പാച്ചുപിള്ളയ്ക്കു ആശ്വാസകരമായും തീൎന്നു. ആദിച്ചപ്പിള്ളതന്നെ കോപത്തോടുകൂടി നോക്കിയിരുന്നതു പാച്ചുപിള്ള കണ്ടു. ആ സംഭാഷണത്തെ ശ്രവിച്ചുകൊണ്ടിരുന്ന പാച്ചുപിള്ളയ്ക്കു് ആദിച്ചപ്പിള്ളയുടെ കൂടോപായത്തെ അല്പമായി മനസ്സിലാക്കുവാൻ കഴിഞ്ഞു. ആദിച്ചപ്പിള്ള പണം ചിലവാക്കുന്ന കാൎയ്യത്തെ വിസ്മരിച്ചിരുന്നതും പാച്ചുപിള്ള ഓൎത്തിരുന്നു. തന്റെ സ്യാലനെ കുഴിയിൽ ചാടിക്കാനുള്ള വിദ്യയാണു് ആദിച്ചപ്പിള്ള ചെയ്തിരുന്നതെന്നു പാച്ചുപിള്ളയ്ക്കു സംശയം ജനിച്ചു. അതുകൊണ്ടു്

അന്യ അതിഥികൾ വന്നയുടനെ പാച്ചുപിള്ള എണീററു വരാന്തയിൽ ഇറങ്ങി ഗംഗാധരൻപിള്ളയെ തന്റെ സമീപത്തു ശിരഃകമ്പനംകൊണ്ടു വിളിച്ചുവരുത്തി.

പാച്ചു—(താണസ്വരത്തിൽ) "നിനക്കു ചെയ്യാൻ കഴിയുന്നതൊക്കെ നീ പറഞ്ഞു. ആ പെണ്ണിനെ കിട്ടാനുള്ള മോഹംകൊണ്ട് നീ കുഴിയിൽ ചാടാൻ പോണു. സൂക്ഷിച്ചോ. ഇനി നീ ഒന്നും പറയണ്ടാ. ഞാൻ ഒക്കെ ശരിയാക്കാം."

അവിടെ ആഗതനായ അയ്യാത്തുരയ്യർ ആദിച്ചപ്പിള്ളയോടു സംഭാഷണം ചെയ്തുതുടങ്ങി.

അയ്യാത്തുര—"നാൻ താങ്കൾ പയ്യൻ മാമാളരന്തുപോനതാകഃകോവിപ്പെട്ടു വന്തേൻ. അതു എനക്കും രെമ്പ സങ്കടമായിരുക്കിറതും."

പാച്ചു—"മാത്തുപിള്ള അങ്ങേക്ക് ഒരുപാടു കടമുണ്ട്. അങ്ങേരു മച്ചിനന്റെ അടുക്കൽ സംഗതി എല്ലാം പറഞ്ഞിരുന്നെങ്കിൽ ആദിച്ചപ്പിള്ളയണ്ണൻ അതിന് ഒരു നിവൃത്തി ഉണ്ടാക്കിക്കൊടുത്തേനെ. അണ്ണനു മകനോടു വളരെ സ്നേഹമുണ്ട്. മകൻ പാപ്പരായി എന്നൊരു കുറച്ചിലിന് അണ്ണൻ ഇടയാക്കിത്തീക്കുവില്ല. ആദിച്ചപ്പിള്ളയണ്ണൻതന്നെ ആ കടമൊക്കെ ക്രമേണ കൊടുത്തുതീക്കുവാൻ പോകുകയാണ്. അങ്ങേരെ വയസ്സുകാലത്തു ബുദ്ധിമുട്ടിക്കാതെ ഇരിക്കാൻ ഗംഗാധരൻതന്നെ തിരുവനന്തപുരത്തുപോയി ചിട്ടിക്കാരെ കണ്ടു് അവരുടെ ഇടപാടു തീക്കുവാൻപോകയാണ്.

ഇതു കേട്ടയുടനെ അയ്യാത്തുരയ്യരും പുത്രനും വിഷണ്ണരായിത്തീൎന്നു. ആദിച്ചപ്പിള്ള ഒന്നും സംസാരിക്കാതെ താടി തടവി നിൽക്കുന്നതു കണ്ടു് അദ്ദേഹത്തിന് ഇതു സമ്മതമാണെന്ന് അയ്യാത്തുരയ്യർ മനസ്സിലാക്കി. കുവലത്തറ വരുന്ന വഴിക്കു പുത്രനിൽ ഉദാസീനത കാണിച്ചതിന് ആദിച്ചപ്പിള്ളയെ ദൂഷിച്ചുവന്ന ആ ദ്വിജവരൻ ഉടനേതന്നെ ഇലഞ്ഞിമൂട്ടുകാരെ തോൽപ്പിക്കണമെന്നു നിശ്ചയിച്ച് ഇപ്രകാരം പറഞ്ഞു.

അയ്യാത്തുര—"ഇന്ത സമാചാരം താൻ നാങ്കളും പേശിക്കൊണ്ടു വന്തോം. ആദിച്ചപ്പിള്ള രെമ്പം ധനമുടയവരും രെമ്പ ഉതവിചെയ്യപ്പെട്ടവരും നല്ല മനസ്സുടയവരും ആകും എൻറു നാൻ ചൊന്നേനില്ലയാ? അവാളുക്കു ഇന്ത കടം പെരിശാ. നീങ്കൾ ഇന്തപ്പടി ചെയ്കിറതു രെമ്പ പൊരുന്തമ്മയായിരുക്കും. നാൻ വൃദ്ധബ്രാഹ്മണനാക്കും. എനക്കു മനസ്സിലെ ഒന്നും ഒളിപ്പുകിടയാതു. നാൻ എന്ത കാര്യവും വിട്ടുപേശുവൻ. ഉങ്കൾ കാര്യം എന്നാ ചൊല്ലുകിറതുക്കു ഇരിക്ക്."

ആദിച്ച—"ഈ യോഗ്യത കിട്ടുവാൻ പണം ഒരുപാടു ചിലവാകുമല്ലോ."

അയ്യാത്തുര—"നീങ്കൾ ഇതർക്കാക കവലപ്പെടവേണ്ടാം. ഇന്ത സംഗതിക്കു തിരുവനന്തപുരത്തിൽ ജനങ്കൾ തെരിയുകിറവനായ ഒരു ഉണ്ടിയൽ വ്യാപാരി താൻ വേണ്ടിയിരുക്കിറതു. എനക്കു അനന്തശയനത്തിൽ കൊഞ്ചം സ്വന്ത കാര്യം മുടിക്കിറതുക്കു ഉണ്ടും. ആകയാൽ നാൻ അതു അവളവും—"

ആദിച്ച—"അതിനെപ്പററി ആലോചിക്കാനുണ്ട്. എനിക്കു ദോ-ദോ-ദോഷംവല്ലതും വരുമോ എന്നു സൂ-സൂ-സൂക്ഷിക്കണം. ഗംഗാധരൻപിള്ള അവിടെ പോകുന്നതിനുള്ള ചിലവു കൊടുക്കണമെന്നു പറയുന്നു."

ഗോവിന്ദപ്പിള്ള—"എന്തു! തിരുവനന്തപുരത്തു താമസിക്കുന്നതു് എത്ര സുഖമാണ്! ഞാൻ ആണെങ്കിൽ എന്റെ ചിലവിൽ അവിടെ പോയേനേ."

ഗോവിന്ദപ്പിള്ള പുച്ഛരസത്തോടു ഗംഗാധരൻപിള്ളയെ നോക്കി. ആദിച്ചപ്പിള്ള, "സ്വാമീ വരണം" എന്നുപറഞ്ഞു് അയ്യാത്തുരയ്യനെ വരാന്തയിലേക്കു വിളിച്ചുകൊണ്ടുപോയി അദ്ദേഹത്തിനോടു സ്വകാര്യമായി സംസാരിച്ചു തുടങ്ങി.

ആദിച്ച—"അങ്ങേ എനിക്കു കുറേക്കൂടി വിശ്വാസമുണ്ട്. അതുകൂടാതെ എനിക്കു കുറേ പണം പലിശയ്ക്കു കൊടുക്കാനുമുണ്ട്. അതിനു നല്ല ആളുകളെ അങ്ങുതന്നെ അന്വേഷിക്കണം"

അയ്യാത്തുര—"അതുക്കെന്നാ വരുത്തം? ആദിച്ചപ്പിള്ളേ, അതു നാൻ സുമാറുചെയ്കിറേൻ"

ആദിച്ച—"തിരുവനന്തപുരത്ത് ഇവിടത്തെക്കാൾ പലിശ തരുന്നവർ കാണും. പക്ഷെ നല്ല ഈടുവേണം. അതു സ്വാമിക്കറിയാമല്ലോ. രണ്ടു പണം പലിശ കിട്ടാൻ നോക്കണം. ഒന്നരപ്പണത്തിൽ കുറയരുത്. ഇതു ഇലഞ്ഞിമൂട്ടുകാരോടു പറയണ്ട. അങ്ങ് തിരുവനന്തപുരത്തു പോകുന്നല്ലോ. അപ്പോൾ എന്റെ മകന്റെ കാര്യവുംകൂടി അന്വേഷിക്കണം"

അയ്യാത്തുര—"അതു നീങ്കൾ ചൊല്ലവാവേണം? നാളൈ നാൻ തപാൽവണ്ടി ഏറപ്പോകുറേൻ. മററു സമാചാരം നാളെദിനം നമുക്കു പേശിക്കൊള്ളലാം"

അവർ തിരിയെ തളത്തിൽ വന്നിരുന്നു.

അയ്യാത്തുര—"പുത്രവാത്സല്യമുള്ള പിതാ നീങ്കൾതാൻ ആദിച്ചപ്പിള്ളേ"

ആദിച്ച—"അതെ എനിക്ക് എന്റെ മകനോടു സ്നേഹമുണ്ട്. അവനുവേണ്ടി ദേഹംകൊണ്ടും പ—പ—പ—പ—പണം———"

അയ്യാത്തുര—"ദേശകാലമാകരുത്. നാൻ ആത്തുക്കു പോയി വരുകിറേൻ. എനക്കു കൊഞ്ചം അവസരമാന സങ്കതികൾ ഇരുക്കു."

ആദിച്ച—"അങ്ങനെ ആകട്ടെ സ്വാമി എനിക്കും കുറെ ആലോചിക്കാനുണ്ട്."

ഇലഞ്ഞിമൂട്ടുകാരും ശത്രുകക്ഷിയും ഒരുമിച്ചു കുവലത്തറയിൽ നിന്നും പോയി. രണ്ടുകക്ഷികളും അന്യോന്യം എതിർകക്ഷിയുടെ വിചാരങ്ങളേയും ആദിച്ചപ്പിള്ളയുടെ ഉദ്ദേശത്തേയും അറിയുവാൻ ശ്രമിച്ചു. എന്നാൽ രണ്ടു പക്ഷക്കാർക്കും ഇവയെ മനസ്സിലാക്കുവാൻ സാധിച്ചില്ല. അവർ തമ്മിൽ പിരിഞ്ഞ ഉടനെ ഗോവിന്ദപ്പിള്ള ഇപ്രകാരം പറഞ്ഞു.

ഗോവിന്ദ—"അവരുടെ മുഖം കാണേണ്ടതായിരുന്നു."

അയ്യാത്തുര—"ശത്തംപോടാതെടാ. ആത്തുക്കുപോനപുറവു അതെപ്പററി പേശലാം"

ഗംഗാധരൻപിള്ളയും പാച്ചുപിള്ളയുമായി ഒരു ചെറിയ സംഭാഷണവും നടന്നു.

ഗംഗാധര—"കാര്യം മോശമായി അണ്ണാ"

പാച്ചു—"നിനക്കു ദേഷ്യം വന്നൊന്ന് എനിക്കു മനസ്സിലായി. നീ മിടുക്കനാണെങ്കിലും എന്തു മണ്ടത്തരം കാണിച്ചു. ആ പട്ടര് അയാളുടെ വലയിൽ വീഴട്ടേ. അയാൾ ഒന്നും തെളിച്ചു പറയാതെയല്ലേ ആ പട്ടര് അതിനു ചാടി പുറപ്പെട്ടത്. നമുക്കു കാണാം അതിന്റെ അവസാനം. എന്തായാലും നീ പേടിക്കണ്ടാ. ആ പെണ്ണിനെ നിനക്കുതന്നെ കിട്ടും."

അന്നു രാത്രിതന്നെ പത്മനാഭപുരനിവാസികളിൽ ചിലർ ആദിച്ചപ്പിള്ളയുടെ ഔദാര്യശീലത്തെപ്പററി പ്രശംസിച്ചു തുടങ്ങി. നെല്ലുവിററ കാര്യം അവർ മറന്നുപോയിരുന്നതാനും. മനുഷ്യരുടെ ഓർമ്മ എത്ര ക്ഷണത്തിൽ നശിക്കുന്നു.!

322 / O82:1 3M732:13 / FO

# അദ്ധ്യായം ൧൪.

“കുന്ദിച്ചീടുംകുളിർമതിരുചാസുന്ദരേമന്ദിരേന്ദ്രാ
മൊന്നിച്ചിന്ദീവരദളഗളഗ്രാഹിനേത്രേസുഖേന
ചെന്നിട്ടോരോകളികളിലെഴുംകൌതുകാത്തോട്ടുവാണോ
രന്നിക്കഷ്ടസ്ഥിതിവരുവതായോർത്തിരുന്നാതരിമ്പം.”

**അ**തിഥികൾ പോയതിനുശേഷം ആദിച്ചപ്പിള്ള പാച്ചിയെ വിളിച്ചു.

ആദിച്ച—“പാച്ചി അവരൊക്കെ കിടന്നോടീ?”

പാച്ചി—“ഓഹോ”

ആദിച്ച—“നീ കിടക്കാൻപോണതു വരട്ടെ. പട്ടിയെ അഴിച്ചുവിടണ്ട. ഒരു ജോലിയുണ്ട്. അതിനു നീയുംകൂടി വേണം. കൊച്ചപ്പി ഒരു ഒററക്കാളവണ്ടിയും കൊണ്ടു പന്ത്രണ്ടുമണിക്ക് ഇവിടെ വരും. അവൻ വാതലിനു തട്ടുമ്പോൾ നീ ചെന്നു കതകു തുറന്നുകൊടുക്കണം. അവനോടു ശബ്ദമുണ്ടാക്കരുതെന്നു പറയണം. ഞാൻ ഇവിടുന്നു പോയെന്നും ഒരുത്തരോടും പറയണ്ട.”

ഇങ്ങനെ ഏർപ്പാടുചെയ്തതിനുശേഷം ആദിച്ചപ്പിള്ള തന്റെ ഭണ്ഡാരമുറിയിലേക്കു പോയി. അവിടെ ശബ്ദമുണ്ടാക്കാതെ ആദിച്ചപ്പിള്ള പെട്ടികൾ മാററുന്നതും തുറക്കുന്നതും പാച്ചി ദൂരെ നിന്നു കണ്ടു. അവിടെയുള്ളവരെ അറിയിക്കാതെ എന്തോ ചെയ്വാനാണ് ആദിച്ചപ്പിള്ള ഉദ്ദേശിച്ചിരുന്നതെന്നു പാച്ചി മനസ്സിലാക്കി. പടിപ്പുരയിൽ വെളിച്ചം കണ്ടതുകൊണ്ട് ആദിച്ചപ്പിള്ള മകനെ ശപിക്കയും ചെയ്തു.

അർദ്ധരാത്രിയാകാറായപ്പോൾ ചിന്താമഗ്നയായി ഉറങ്ങാതെ കിടന്നിരുന്ന സാന്ധില്യക്കു പടിപ്പുരയിൽ ആരോ കരയുന്നു എന്നു തോന്നി. ഹൃഷികേശൻനായരെ ത്തന്നെ ചിന്തിച്ചുകൊണ്ടിരുന്ന സാന്ധില്യ ഇതു് ആ യുവാവിന്റെ ശബ്ദമാണെന്നു നിശ്ചയിച്ചു. അന്നു സന്ധ്യക്കു് താൻ നായരെ കണ്ടപ്പോൾ അദ്ദേഹം വിളറി ചിന്താപരവശനായിരുന്നില്ലേ? ഇപ്പോൾ അദ്ദേഹം ശോകാധിക്യംകൊണ്ടു ആത്മഹത്തി ചെയ്തുകളഞ്ഞെങ്കിലോ? ഈ വിചാരങ്ങളോടുകൂടി സാന്ധില്യ എണീററു് ഇരുട്ടുള്ളതന്നെ വസ്ത്രം ധരിച്ചു നിശ്ശബ്ദമായി അറപ്പുരയുടെ വടക്കേവാതൽ തുറന്നു് അകത്തെ തളത്തിൽചെന്നു. ആദിച്ചപ്പിള്ളയുടെ ഭണ്ഡാരമുറിയിൽ ഒരു മങ്ങിയ വെളിച്ചം കണ്ടു് അവൾ അവിടെത്തന്നെ നിന്നു. അപ്പോൾ ഒരു വണ്ടി വീട്ടിന്റെ പടിക്കൽ വന്നു നില്ക്കുന്നതും ആരോ പടിവാതലിൽ തട്ടുന്നതും അവൾ കേട്ടു. ഉടനെ പാച്ചി മുൻവശത്തെ തളത്തിൽനിന്നു വീട്ടിന്റെ പടിക്കലേക്കു പോകുന്നതും അവൾ കണ്ടു. അചിരേണ പാച്ചി വേറെ ഒരാളോടുകൂടി ആ മുററത്തു വന്നു. “അദ്ദേഹത്തിനെ അമ്മാവൻ വല്ലിടത്തും കൊണ്ടുപോകുകയാണോ” എന്നു സാന്ധില്യ തന്നാത്താൻ ചോദിച്ചു. ഈ വിചാരംകൊണ്ടു് അവൾ വിഷാദിച്ചു നില്ക്കുമ്പോൾ പാച്ചി തളത്തിലേക്കു കയറുന്നതും ആദിച്ചപ്പിള്ള ഭണ്ഡാരമുറിയിൽ നിന്നും ഒരു ചെറിയ വീഞ്ഞപ്പെട്ടി തളത്തിൽ കൊണ്ടുവെയ്ക്കുന്നതും അവൾ കണ്ടു. പാച്ചി ഉടനെ അതിനെ എടുത്തു വരാന്തയിൽ വെയ്ക്കുകയും ചെയ്തു.

പാച്ചി—(മന്ദസ്വരത്തിൽ) “കനക്കണു അങ്ങുന്നേ.”

ആദിച്ച—(അതേസ്വരത്തിൽ) “അതുനിറച്ചു് ഒററച്ചക്രത്തുട്ടു്. കൊച്ചപ്പീ ഇതു് എടുത്തു വണ്ടിയിൽ കൊണ്ടുവെയ്ക്കു. കാള നല്ലതാണോടേ?”

കൊച്ചപ്പി—“ആണു് അങ്ങുന്നേ. ഞാനപ്പുവിന്റെ മാടു്”

ആദിച്ച—“പണ്ടത്തെ വെള്ളിച്ചക്രമായിരുന്നെങ്കിൽ ഈ ബുദ്ധിമുട്ടൊന്നും വേണ്ട. ഞാൻ എവിടെപ്പോണെന്നു നീ ഞാനപ്പുവിനോടു പറഞ്ഞോ?”

കൊച്ചപ്പി—"ഏകദേശം അതറിഞ്ഞുകൂടാ അങ്ങുന്നേ."

ആദിച്ച—"പാച്ചീ, ഞാൻ ഇവിടെ അടുത്തു ഒരു കാൎയ്യമായിപ്പോയിരിക്കുന്നെന്നു നാണിയോടു പറഞ്ഞേക്കുക. നാളെ വൈകുന്നേരം ഞാൻ തിരിച്ചു വരും. ഇതു എടുത്തോ, കൊച്ചപ്പി. നമുക്കു വെളുക്കുന്നതിനു മുമ്പേ നാഗരുകോവിലിൽ എത്തണം."

ആ പെട്ടി എടുത്തുകൊണ്ടുപോയ കൊച്ചപ്പിപ്പിള്ളയുടെ പുറകിൽ ആദിച്ചപ്പിള്ളയും പാച്ചിയും പോയി.

ആദിച്ചപ്പിള്ളയുടെ അൎദ്ധരാത്രിയിലെ യാത്രയുടെ ഉദ്ദേശം കുറേ പവൻ വില്ക്കുവാനായിരുന്നു. നാഗരുകോവിലിൽ പവനു പതിനാറുരൂപാ കൊടുക്കുന്നുവെന്നു് അദ്ദേഹം കേട്ടതുകൊണ്ടു തന്റെ ഭണ്ഡാരത്തിലുള്ള പവൻ ആസകലം ഈ വിലയ്ക്കു വിറ്റു ലാഭം ഉണ്ടാക്കണമെന്നുദ്ദേശിച്ചാണു കുവലത്തറമൂപ്പർ അവിടേക്കു തിരിച്ചതു്. അദ്ദേഹം തന്റെ വസ്തുക്കളുടെ കാൎയ്യം അന്വേഷിക്കുവാൻ പോയിരിക്കുകയാണെന്നു മാത്രമേ പത്മനാഭപുരത്തുള്ള ജനങ്ങൾ വിചാരിക്കുകയുള്ളു എന്നു് അദ്ദേഹത്തിനു അറിയാമായിരുന്നുതാനും.

പാച്ചി തിരിച്ചു വന്നു. അവളുടെ ശയനഗൃഹം അകത്തെ തളമായിരുന്നതിനാൽ അവൾ വരുന്നതിനു മുൻപു സാന്ധില്യ അടുക്കളയെ പ്രദക്ഷിണംചെയ്തു പടിപ്പുരയ്ക്കു സമീപം ചെന്നു നിന്നു. പാച്ചിയെപ്പോലും അപ്പോൾ അവൾക്കു വിശ്വാസമില്ലായിരുന്നു. ഇങ്ങിനെ നിന്നിരുന്ന സാന്ധില്യ രണ്ടാമതും ഒരു രോദനം പടിപ്പുരയിൽ കേട്ടു. ഝടുതിയിൽ സാന്ധില്യ പടിപ്പുരമുറിയുടെ തെക്കേപ്പടിക്കൽ എത്തി.

അവിടെ ഒരു കമ്പിവിളക്കു കത്തുന്നുണ്ടായിരുന്നു. നായർ കോസടി വിരിക്കാതെ അതു ചുരുട്ടി ഉപധാനമായി വെച്ചുകൊണ്ടു നിദ്രചെയ്യുന്നതു് അവൾ കണ്ടു. ആ യുവാവിന്റെ സമീപത്തു് ഒരു ഫൌണ്ടൻപേന തുറന്നു കിടക്കുന്നു. പേനയുടെ സമീപത്തു് ഒരു പുസ്തകവും കുറെ എഴുത്തുകളും കാണ്മാനുണ്ടു്. നായർ സ്വപ്നം കണ്ടു കരഞ്ഞതാണെന്നു് അവൾക്കു് അപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞു. നായരുടെ ശിരസ്സു ക്രമത്തിലധികം പൊങ്ങിയിരുന്നതിനാൽ അദ്ദേഹത്തിനു സുഖനിദ്ര ഉണ്ടാകുന്നില്ലെന്നു സാന്ധില്യ അനുമാനിച്ചു. അവൾ ആ മുറിക്കകത്തു പ്രവേശിച്ചു നിദ്ര ചെയ്യുന്ന നായരുടെ ശിരസ്സിനെ ഒരു കയ്യിൽ താങ്ങി, ഒരു കയ്യുകൊണ്ടു കോസടിയുടെ അന്തൎഭാഗത്തുനിന്നും അതിൽ ഉണ്ടായിരുന്ന ഉപധാനത്തെ വലിച്ചെടുത്തു. അതിൻശേഷം അവൾ ആ കോസടിയെ കുറേ പുറകോട്ടു മാററി അതിന്റെ സ്ഥാനത്തു് ആ ബാലിശത്തെ വച്ചു നായരുടെ ശിരസ്സിനെ മന്ദമായി അതിൽ നിക്ഷേപിച്ചു. ഈ സ്നേഹപൂൎവ്വമായ ശുശ്രൂഷകൾകൊണ്ടും ക്ഷീണിച്ചുറങ്ങുന്ന നായർ ഉണൎന്നില്ല. സാന്ധില്യയുടെ നയനങ്ങൾ അനന്തരം നായർ എഴുതിവച്ചിരുന്ന ലേഖനങ്ങളിൽ പതിഞ്ഞു. അവയിൽ രണ്ടു ലേഖനങ്ങളൊഴികെ ശേഷമുള്ള പത്തും കൂടുകളിൽ അടയ്ക്കപ്പെട്ടിരുന്നു അവയുടെ മേൽവിലാസങ്ങൾ ഇംഗ്ലീഷിൽ ആയിരുന്നതുകൊണ്ടു് അവൾക്കു അതു വായിക്കുവാൻ കഴിഞ്ഞില്ല. തുറന്നുകിടന്നിരുന്ന എഴുത്തുകൾ മലയാളത്തിലായിരുന്നു. അവയിൽ അവളുടെ ദൃഷ്ടികൾ പതിഞ്ഞു. കുനിഞ്ഞു നോക്കിയപ്പോൾ അവയിൽ ഒന്നിൽ, "എന്റെ പ്രാണപ്രിയയായ സുമതിഅക്കാ" എന്നുള്ള പ്രാരംഭം അവൾക്കു കാണുവാൻ കഴിഞ്ഞു. ഉടനേ ഹൃദയത്തിൽ തീകത്തുന്നതുപോലെ സാന്ധില്യക്കു തോന്നി. ദേഹമാസകലം സ്തംഭിച്ചു് ആ ലേഖനത്തിൽ നയനങ്ങളോടുകൂടി അവൾ അവിടെ നിന്നു.

സാന്ധില്യ—(ആത്മഗതം)—"പ്രാണപ്രിയയായ സുമതിഅക്കനോ! അതു് ആരാണു്?

അപ്പോൾ അദ്ദേഹം അവളെ സ്നേഹിക്കുന്നുണ്ടല്ലോ! എന്റെ മോഹമെല്ലാം

വൃഥാ ആയിപ്പോയി. അദ്ദേഹം എന്താണ് അവരോടു പറയുന്നതെന്നു നോക്കട്ടെ. എൻെറ ആശകളൊന്നും സാധിക്കുകയില്ല. ഈ എഴുത്തു വായിക്കുന്നതു ശരിയാണോ?—എന്നാലും അതു ഞാൻ വായിച്ചുനോക്കും."

സാന്ധില്യ കുറേനേരം സംശയിച്ചുനിന്നു. അന്യൻെറ എഴുത്തിനെ വായിക്കുവാൻ അവളുടെ സത്യസന്ധത അവളെ അനുവദിച്ചില്ല. ഇതുവരെ അവൾ അറിഞ്ഞു് ഒരു ദുഷ്പ്രവൃത്തിയും ചെയ്യിട്ടില്ല. എന്നാൽ ഇപ്പോൾ അനുരാഗവും,അതിയായ ജിജ്ഞാസയും അവളുടെ സന്മാർഗ്ഗനിഷ്ഠയെ നശിപ്പിച്ചു. അവൾ ആ ലേഖനം എടുത്തു വായിച്ചുതുടങ്ങി.

എഴുത്തു വായിച്ചു തുടങ്ങിയപ്പോൾ അവൾക്കു പുനർജ്ജീവൻ വീണതുപോലെ തോന്നി. ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന സന്തോഷത്തോടുകൂടി അവൾ അതിനെ പാരായണം ചെയ്തു.

"എൻെറ പ്രാണപ്രിയയായ സുമതിഅക്കാ,

അപ്രതിവാര്യമായ ഈ ആപത്തിനുമാത്രമേ നമ്മൾ രണ്ടുപേരേയും വേർപെടുത്തുവാൻ ശക്തിയുള്ളൂ. ഇതു സംഭവിച്ചിരുന്നില്ലെങ്കിൽ നമ്മൾ ഒരിക്കലും പിരിയേണ്ടിവരികയില്ലായിരുന്നു. എൻെറ അമ്മാവൻ ആത്മഹത്തി ചെയ്തു. എനിക്കു ഒരു കാശുപോലുമില്ല. ഞാൻ ബി. എ. പാസായിട്ടുണ്ടെങ്കിലും എനിക്കു ലോകപരിചയം വളരെ കുറവാണു്. എന്നാലും ഈ ദുർഘടാവസ്ഥയിൽ നിന്നും രക്ഷപ്പെടുവാൻ ശ്രമിക്കേണ്ടതു് എൻെറ കടമയാണു്. ഇന്നു വളരെനേരം ഞാൻ എൻെറ ഭാവിയെപ്പററി വിചാരിച്ചുകൊണ്ടിരുന്നു. മാനത്തോടുകൂടി തിരുവിതാംകൂറിൽനിന്നും പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുകൊണ്ടു് എനിക്കു യാത്രച്ചിലവിനുപോലും പണമില്ല. ഞാൻ മലേസ്റ്റേറ്റ്സിൽ പോകുവാൻ നിശ്ചയിച്ചിരിക്കുകയാണു്. ആ മലമ്പനിയുള്ള സ്ഥലത്തു പണത്തിനുവേണ്ടി പോകുവാൻ എനിക്കു ഭയം തോന്നുന്നില്ല. അവിടെ വല്ല തോട്ടങ്ങളിലോ, ബാങ്കുകളിലോ നല്ല ശമ്പളമുള്ള ഉദ്യോഗം എനിക്കു കിട്ടും. തിരുവനന്തപുരത്തു ഒരു ബി. എ. ക്കാരനു് ഉദ്യോഗം ലഭിക്കുവാൻ വലിയ പ്രയാസമാണോ എന്നു് അക്കൻ ചോദിക്കുമായിരിക്കും. എനിക്കു തിരുവിതാംകൂറിൽ ഉദ്യോഗം വേണ്ട. അതിനു് എനിക്കു പല കാരണങ്ങളും ഉണ്ടു്. അതിൽ പ്രധാനമായതു് എൻെറ അമ്മാവൻെറ ദുർമ്മരണമാണു്. അതുകൊണ്ടു് ആളുകളുടെ മുഖത്തു നോക്കുവാൻ എനിക്കു ലജ്ജ തോന്നുന്നു. രണ്ടാമതു്, ഉദ്യോഗം ഒന്നും വേണ്ടെന്നു പറഞ്ഞുകൊണ്ടു നടന്നിരുന്ന എനിക്കു് ഇപ്പോൾ ഉദ്യോഗത്തിനായി വല്ലവരുടെയും പുറകേ നടക്കാൻ മനസ്സു വരുന്നില്ല. എൻെറ പണം കണ്ടിട്ടു് അനേകംപേക്കു് എന്നോടു അസൂയയുണ്ടു്. ഇപ്പോൾ അവരൊക്കെ എന്നെ പരിഹസിക്കും. മൂന്നാമതു് ഉദ്യോഗം കിട്ടണമെങ്കിൽ പണമോ, ശുപാർശയോ വലിയ ഉദ്യോഗസ്ഥന്മാരുടെ മക്കളെ സംബന്ധം ചെയ്കയോ വേണം. പണവും ശുപാർശയും എനിക്കില്ല. ഉദ്യോഗസ്ഥന്മാരുടെ മക്കളെ സംബന്ധം ചെയ്യാമെന്നുവെച്ചാൽ അതിനു തിരുവനന്തപുരത്തുവന്നു താമസിക്കണം. കുറേ കാലതാമസവും വേണം. ഇതിനൊന്നും എനിക്കു മനസ്സില്ല. നാലാമതു് ഉദ്യോഗം കിട്ടിയാലും എത്ര രൂപാ ശമ്പളം കിട്ടും. കൂടിയാൽ ഇരുപതുരൂപയെ ഉള്ളൂ. ഇതെൻെറ ഡ്രസ്സിനുതന്നെ മതിയാകുകയില്ല. / എൻെറ സുമതിഅക്കാ, എന്നെ അങ്ങോട്ടേക്കു് ആകർഷിക്കരുതേ. അവിടെവന്നു് അക്കനോടു യാത്രചോദിച്ചു വരുവാൻപോലും എൻെറ കൈവശം പണമില്ല——"

ഇത്രയും വായിച്ചപ്പോൾ സാന്ധില്യ വായനയിൽ നിന്നും വിരമിച്ചു് ഇപ്രകാരം ചിന്തിച്ചു. "അതിനെന്തു്? പണമില്ലെങ്കിൽ ഞാൻ തരാം." അവളുടെ നേത്രങ്ങൾ അശ്രുകലുഷങ്ങളായിത്തീർന്നിരുന്നതുകൊണ്ടു് അവൾക്കു കുറേനേരം ആ ലേഖനത്തെ

മുഴുവൻ വായിച്ചുതീൎക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ അവൾ അതിനെ വീണ്ടും വായിച്ചുതുടങ്ങി.

"ദാരിദ്ര്യത്തിന്റെ കഷ്ടപ്പാടുകളെപ്പററി ഞാൻ ഇതുവരെ വിചാരിച്ചുതുടങ്ങിയില്ല. അവിടെ ചെന്നുചേരുവാൻ പത്തിരുനൂറുറുപ്പികയോളം വേണം. അതു് എവിടെ നിന്നും ഉണ്ടാകുമെന്നു എനിക്കു് അറിഞ്ഞുകൂടാ. വല്ല കൂലിവേല ചെയ്തെങ്കിലും സ്വല്പം പണം ഉണ്ടാക്കി ഞാൻ ഇവിടെനിന്നും പോകും. എന്നെ അമ്മയും അമ്മാവനും ലാളിച്ചുവളൎത്തിയിരുന്നതുകൊണ്ടും, ഞാൻ ഗ്രാഡുവേററായതുകൊണ്ടും എനിക്കു കൂലിവേല ചെയ്യുവാൻ ശക്തിയും മനസ്സും ഇല്ലായിരുന്നു. ഇപ്പോൾ മനസ്സുണ്ടു്, ശക്തിമാത്രമില്ല. കായബലമല്ല, മനോബലമാണു മനുഷ്യൎക്കു വേണ്ടതു്. അതു് എനിക്കു ഉണ്ടെന്നു തോന്നുന്നു. അതുകൊണ്ടു് ഏതുതരം കഷ്ടപ്പാടുകളും സഹിക്കുവാൻ ഞാൻ തയ്യാറാണു്.

ഞാൻ നമ്മൾ രണ്ടുപേരുടേയും സ്ഥിതിയെപ്പററി ആലോചിച്ചു. ഒരു ദിവസം കൊണ്ടു് എനിക്കു വളരെ വൎഷങ്ങൾകൊണ്ടുണ്ടാകുന്ന വള൪ച്ച വന്നുകഴിഞ്ഞിരിക്കുന്നു. അഛൻ എന്നോടുകൂടി അവിടെ വരാമെന്നു പറയുകയാണെങ്കിലും ആ സാഹസത്തെ സ്വീകരിക്കാൻ എനിക്കു നിവൃത്തിയില്ല. നമ്മൾ പട്ടിണി കിടക്കേണ്ടി വരും. അതുകൊണ്ടു് ഇന്നുമുതൽ നമ്മൾ എന്നെന്നേക്കും പിരിയുന്നു—"

സാന്ധില്യ—(ആത്മഗതം) "അപ്പോൾ ഇതു യാത്ര പറവാനാണോ എഴുതിയതു്? എനിക്കു സന്തോഷം സഹിക്കാൻ വയ്യാ."

അപ്പോൾ ഹൃഷികേശൻനായർ ഒരു വശത്തേക്കു ചരിഞ്ഞു കിടന്നു. ആ യുവാവു് ഉണൎന്നേക്കുമെന്നു സാന്ധില്യക്കു ഭയം തോന്നിയെങ്കിലും അദ്ദേഹം വീണ്ടും സുഖസുഷുപ്തിയെ പ്രാപിച്ചു കണ്ടു് അവൾ പിന്നെയും എഴുത്തു വായിച്ചു തുടങ്ങി.

"ഞാൻ എന്നു തിരിച്ചുവരുമെന്നു് എനിക്കുതന്നെ അറിഞ്ഞുകൂടാ. ഒരു പക്ഷെ പത്തുവൎഷം കഴിഞ്ഞായിരിക്കും ഞാൻ തിരിച്ചു വരുന്നതു്. അപ്പോൾ അമ്മുക്കുട്ടിക്കു പതിനെട്ടു വയസ്സാകും. അപ്പോൾ നമ്മുടെ സ്നേഹത്തിനു് അവൾ ഒരു പ്രതിബന്ധമായി വരും. അഛന്റെ പ്രവൃത്തികളെല്ലാം അവൾ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കും. ഇതു വല്ലതും അവൾ കണ്ടുപിടിക്കുകയാണെങ്കിൽ അവൾക്കു അമ്മയോടു വെറുപ്പു തോന്നും. ഇതെല്ലാം വിചാരിച്ചു നമ്മൾ സൂക്ഷിച്ചിരിക്കണം. എന്നെ മറന്നുകളയരുതെന്നു മാത്രം ഞാൻ അപേക്ഷിക്കുന്നു. സാധാരണ ആളുകൾ പ്രവൎത്തിക്കുന്നതുപോലെ ഇനി എനിക്കും പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. എന്റെ ഈ പുതിയ ജീവിതത്തിൽ വിവാഹം അത്യാവശ്യമായി വരും. എന്റെ അഛന്റെ അനന്തരവൾ ഒരു കൊച്ചുപെണ്ണു് ഇവിടെ ഉണ്ടു്. അവൾ നല്ല സ്വഭാവമുള്ളവളാണു്. അഛനെപോലും അവളുടെ സ്വഭാവത്തിലും നടത്തയിലും ഒരു കുററവും കണ്ടുപിടിക്കുവാൻ കഴിയുകയില്ല. അതിനും പുറമേ അവൾക്കു——"

ഇവിടെ എഴുത്തു് അവസാനിച്ചു.

സാന്ധില്യ—(ആത്മഗതം) "അവൎക്കു് എഴുതിയ എഴുത്തും ഇങ്ങിനെ പാതിയാക്കി നിറുത്തിയതുകൊണ്ടു് അദ്ദേഹത്തിനു് എന്തുമാത്രം ക്ഷീണമുണ്ടായിരുന്നിരിക്കണം!"

ഈ ലേഖനത്തിൽ അന്തൎഭവിച്ചിരുന്ന സ്വാൎത്ഥപ്രതിപത്തിയും നിസ്പൃഹതയും ആ ലൌകികാനഭിജ്ഞയായ യുവതിക്കു് എങ്ങിനെ ഗ്രഹിക്കുവാൻകഴിയും? അനുരാഗാരാമത്തിൽ പ്രവേശിച്ചിരുന്ന സാന്ധില്യ എരുക്കിന്റെ കുസുമത്തെയും മല്ലികയായി പരിഗണിച്ചു. അവളുടെ അച്ഛസ്ഫടികമാകുന്ന അന്തരംഗത്തിൽ അങ്കിതമായിരുന്ന നായരുടെ ചിത്രത്തിൽ താരാപഥസ്സിൽ നിന്നു് ഒരു തേജസ്സു വീണു്, അതിനു് ഒരു അയഥാൎത്ഥമായ ആഭയെ പ്രദാനം ചെയ്തിരുന്നു. സ്ത്രീകളുടെ അപരാധങ്ങ

ളിൽ നൂറിൽ തൊണ്ണൂറു ഭാഗവും നന്മയിലും സത്യത്തിലും ഉള്ള വിശ്വാസംകൊണ്ടാണു് ഉണ്ടാകുന്നതു്. "എന്റെ പ്രാണപ്രിയയായ സുമതിയക്കാ" എന്ന വാക്കുകൾ യഥാർത്ഥമായ അനുരാഗത്തിന്റെ ലക്ഷ്യമാണെന്നാണു സാന്ധില്യ മനസ്സിലാക്കിയതു്. അവിടെ നിദ്ര ചെയ്തിരുന്ന യുവാവിന്റെ അശ്രുക്ലിന്നവദനം അദ്ദേഹത്തിന്റെ മനോഗുണങ്ങളെ സൂചിപ്പിച്ചിരുന്നില്ലേ? മാതുപിള്ളയുടെ അകാലനിര്യാണത്തെപ്പററി നായർക്കു മനഃപൂർവ്വമായ ദുഃഖമുണ്ടായിരുന്നുവെന്നു സമ്മതിച്ചേ തീരൂ. എന്നാൽ മാതുപിള്ളയോടുള്ള ഗാഢമായ സ്നേഹംകൊണ്ടല്ല, ആ മാതുലൻ തന്നെ ഗാഢമായി സ്നേഹിച്ചിരുന്നു എന്നുള്ള വിചാരംകൊണ്ടു മാത്രമാണു നായർ ഇങ്ങിനെ വ്യസനിച്ചതു്. മാതുപിള്ള ഹൃഷീകേശൻനായരുടെ സകല ആഗ്രഹങ്ങളേയും സാധിച്ചുകൊടുത്തിരുന്നു. അതുകൊണ്ടു് സാധാരണ നായർതറവാടുകളിലുള്ള ശേഷക്കാരെപ്പോലെ നായർ അമ്മാവന്റെ കഴുത്തിൽ കത്തിവെയ്ക്കുവാൻ ആഗ്രഹിച്ചിരുന്നില്ല. എന്നാലും, പരിഷ്കാരജീവിതത്തിന്റെ സകല ദുർഗ്ഗുണങ്ങളും നായരിലും കാണ്മാനുണ്ടായിരുന്നു. "സുമതി അക്കൻ" ആയിരുന്നു ഇതിൽ അദ്ദേഹത്തിന്റെ ഗുരുനാഥ. യുവാവായ നായർക്കു യുവാക്കളുടെ സ്വഭാവം തുലോം ചുരുങ്ങിയിരുന്നു.

വർഷംപ്രതി ഒരു ക്രിമിനൽകോടതിയുടെ മുമ്പാകെ വരുന്ന ദുഷ്ടകർമ്മങ്ങളേക്കാൾ അധികം പാപകർമ്മങ്ങൾ ഒരു രാത്രിയിൽത്തന്നെ ചെയ്യുന്ന പരിഷ്കൃതലോകത്തിലാണു ഹൃഷീകേശൻനായർ വളർന്നുവന്നിരുന്നതു്. ഇവരുടെ ഇടയിൽ സദുദ്ദേശങ്ങളും സദാചാരങ്ങളും ഉള്ള ഒരുവൻ പരിഹാസത്തിനു പാത്രമായിത്തീരുന്നു. ലോകത്തിലുള്ള സകലത്തിന്റെയും യഥാർത്ഥസ്വഭാവം മനസ്സിലാക്കി പ്രവർത്തിക്കുന്നതാണു് ഇവർ സാമർത്ഥ്യമായി ഗണിച്ചുവന്നിരുന്നതു്. അതായതു്, ഒരുത്തരെയും ഒന്നിനേയും വിശ്വസിക്കരുതു്; മനഃപൂർവ്വമായ അഭിപ്രായവും സ്നേഹവും ഈ ലോകത്തിൽ കാണുന്നില്ല; സംഭവങ്ങളുടെ യാഥാർത്ഥ്യത്തിലും വിശ്വസിക്കരുതു്; അവയും കൃത്രിമനിർമ്മിതങ്ങളെന്നു വന്നേക്കാം. ഈ തത്വങ്ങളെ അനുകരിച്ചു നടക്കുന്നവൻ തന്റെ സ്നേഹിതന്റെ മടിശ്ശീലയുടെ ഘനം കാലത്തും വൈകിട്ടും തൂക്കി നോക്കും. ഇവൻ തന്റെ സ്വന്തലാഭത്തിനുതകുന്ന അവസരങ്ങളെ വിട്ടുകളയുകയില്ല. ഈ യോഗ്യൻ ഒന്നിനെക്കുറിച്ചുമുള്ള തന്റെ മനഃപൂർവ്വമായ അഭിപ്രായങ്ങളെ പുറത്തു പറയുകയില്ല. സൽകൃത്യങ്ങളെ ഈ മഹാത്മാവു സൂക്ഷിച്ചേ സ്തുതിക്കുകയുള്ളൂ. എല്ലാവരും സ്വാർത്ഥതല്പരന്മാരാണെന്നു മാത്രമേ ഈ വിശാലഹൃദയൻ വിശ്വസിക്കുന്നുള്ളുതാനും.

യൌവ്വനത്തിനു സഹജമായുള്ള വിഡ്ഢിത്വങ്ങൾക്കുശേഷം, "സുമതിഅക്കൻ" ഹൃഷീകേശൻനായരെ ലൌകീകതന്ത്രങ്ങളിൽ പരിചയിപ്പിച്ചു. ആദ്യമായി ആ സതീരത്നം നായരുടെ പൌരുഷത്തെ നശിപ്പിച്ചു. പിന്നെ ആ യുവാവിന്റെ സന്മാർഗ്ഗവിശ്വാസങ്ങളെയാണു് ആ മഹതി ഇല്ലായ്മ ചെയ്യുവാൻ ഉദ്യമിച്ചതു്. ഇപ്രകാരം ആ സ്ത്രീ നായരോടു് ഉപദേശിക്കാറുണ്ടു്. "ഹെയ്! നിങ്ങൾ ഒരുകഥയില്ലാത്തവനാണു്. നിങ്ങളോടു ലൌകീകാചാരങ്ങളെ പറഞ്ഞു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുകയില്ല നിങ്ങൾ എന്തിനു പേഷ്കാരദ്ദേഹത്തിനോടു വഴക്കു പിടിച്ചു? അദ്ദേഹം നല്ലവനല്ല. അതു സമ്മതിച്ചു എന്നാലും അദ്ദേഹം ഒരു വലിയ ഉദ്യോഗസ്ഥനല്ലേ? നിങ്ങൾ ഒരിക്കൽ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥനായി വന്നാലൊ? അതുകൊണ്ടു് ഇനിയെങ്കിലും വലിയ ആളുകളോടു് അവർക്കു് ഉദ്യോഗമുള്ള കാലത്തു് ഇടയരുതു്. അവർ അടുത്തൂൺ പററുന്ന ദിവസം മുതൽ നിങ്ങൾ അവരോടു് എന്തും പ്രവർത്തിച്ചുകൊള്ളണം. ഉദ്യോഗമുള്ള കാലം അവർ ദൈവത്തിനു സമന്മാരാണു്. അതിനുശേഷം അവർ ശ്വാക്കളെന്നു വിചാരിച്ചുകൊള്ളണം. ജീ

വിതത്തിനു ചതുരംഗക്കളിയോടു സാദൃശ്യം ഉണ്ടു്. നല്ലതിന്മണ്ണം ആലോചിച്ചു ക
ളിക്കുന്നവനു മാത്രമേ അതിൽ ജയം ലഭിക്കുകയുള്ളൂ."

നായൎക്കു ശ്രേഷ്ഠമായ ഉദ്ദേശങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇതിന്റെ ഉത്തരവാദിത്വം ആ യുവാവിനെ ലാളിച്ചു വളൎത്തിയ മാതുപിള്ളയിൽ ആരോപിക്കേണ്ടിയിരിക്കുന്നു. എന്നാലും പങ്കനിൎമ്മിതമായ നായരുടെ മനസ്സിൽ അദ്ദേഹത്തിന്റെ പേരമ്മയാൽ നിക്ഷേപിക്കപ്പെട്ട ഒരു കഷണം സ്വൎണ്ണം പുതഞ്ഞുകിടന്നിരുന്നു. ഈ തങ്കശകലം തിരുവനന്തപുരത്തെ പരിഷ്കാരമുദ്ഗരംഘട്ടനത്താൽ തുലോം സൂക്ഷ്മമായിച്ചമഞ്ഞിരുന്നുതാനും.

ഹൃഷീകേശൻനായൎക്കു ഇപ്പോൾ ഇരുപത്തിമൂന്നു വയസ്സ് പ്രായമേ ഉള്ളൂ. യൌവനത്തിന്റെ പുതുമ കളിയാടുന്ന ഈ പ്രായത്തിൽ ഹൃദയത്തിനു കാഠിന്യമുണ്ടാകുമെന്നു നാം എങ്ങിനെ വിശ്വസിക്കും? മൃദുവായ ലലാടവും, ബാഷ്പാകുലനയനങ്ങളും ഉള്ള ഒരു യുവാവിന്റെ മനസ്സു മുററിമരവിച്ചിരിക്കുമെന്നു വല്ലവരും വിചാരിക്കുമോ? ഇതുവരെ നായൎക്കു താൻ ഉരുക്കഴിച്ചിരുന്ന തത്വങ്ങളെ പ്രവൃത്തിയിൽ പ്രയോഗിക്കുവാൻ സംഗതിവന്നില്ലെന്നു മാത്രമേ ഉള്ളൂ. എന്നാൽ തന്നെത്താൻ അറിയാത്ത ആത്മപ്രതിപത്തി അദ്ദേഹത്തിന്റെ അന്തരംഗത്തിൽ നാരായവേരു് ഊന്നിയിരുന്നു. ആ വിഷവൃക്ഷം പൂത്തു കായ്ക്കുന്നതിനു സമയംമാത്രം വേണ്ടിയിരുന്നു. കൎമ്മത്തിലേക്കു തുനിയുമ്പോൾ താൻ ഗ്രഹിച്ചിരുന്ന തത്വങ്ങളെ അനുസരിച്ചു പ്രവൎത്തിക്കുവാൻ ആ യുവാവു മടിക്കുന്നവനല്ലതാനും.

പ്രത്യക്ഷമായ സൌന്ദൎയ്യംകണ്ടു തരുണികൾ അന്തൎഭാഗത്തും രമണീയത ഉണ്ടെന്നു വിശ്വസിക്കുന്നു. സാന്ധില്യ സൂക്ഷ്മദൃക്കും, അദ്ഭുതഗതിമതിയും ആയ ഒരു യുവതി ആയിരുന്നാൽതന്നെയും, വാക്കിലും പ്രവൎത്തികളിലും അകൃത്രിമയോഗ്യതയെ പ്രദൎശിപ്പിച്ച നായരെ അവൾ ഒരു വഞ്ചകിയെന്നു എങ്ങിനെ വിചാരിക്കും? മാതുലവിരഹത്തിൽ കാണിച്ച ഈ നിൎവ്യാജമായ ദുഃഖം നായരുടെ ആസന്നമരണമായ അന്തഃകരണത്തിന്റെ അവസാനത്തെ ദീൎഘശ്വാസങ്ങളായിരുന്നു. ഈ ഘട്ടത്തിലാണു ഹതവിധി അവർ തമ്മിൽ കണ്ടുമുട്ടുവാൻ ഇടയാക്കിത്തീൎത്തതു്.

സുമതിഅമ്മയ്ക്കുള്ള ലേഖനത്തെ പൂൎവ്വസ്ഥാനത്തുവെച്ചു സാന്ധില്യ നിശ്ചലവായ ആ യുവാവിന്റെ മുഖത്തു നോക്കിനിന്നു. യൌവനത്തിന്റെ മോഹങ്ങളും ആശകളും ആ വദനത്തിൽ കളിയാടുന്നതായി അവൾക്കുതോന്നി. ഉടനേതന്നെ അവൾ ആ യുവാവിനെ താൻ എന്നേക്കും സ്നേഹിക്കുമെന്നു ശപഥംചെയ്തു. അനന്തരം തുറന്നു കിടന്നിരുന്ന വേറൊരു ലേഖനത്തെ അവൾ വായിക്കുവാൻ തുടങ്ങി. അതിൽനിന്നും ഹൃഷീകേശൻനായരുടെ അപരസൽഗുണങ്ങളെ ഗ്രഹിക്കാമെന്നു അവൾ വിചാരിച്ചു.

"എന്റെ പ്രിയസ്നേഹിതാ,

ഈ എഴുത്തു നിങ്ങൾക്കു കിട്ടുമ്പോൾ എനിക്കു വേറെ സ്നേഹിതന്മാർ ആരുംതന്നെ കാണുകയില്ല. എന്നാലും അവരെപ്പോലെ അല്ല ഞാൻ നിങ്ങളെ വിചാരിക്കുന്നതു്. നിങ്ങൾക്കു് എന്നോടു ഗാഢമായ സ്നേഹമുണ്ടെന്നു് എനിക്കറിയാം. അതുകൊണ്ടു് എന്റെ ചില കാൎയ്യങ്ങളെ നടത്തുവാൻ ഞാൻ നിങ്ങളെ ഏല്പിക്കുന്നു. ഈ സമയംകൊണ്ടു നിങ്ങൾക്കു് എന്റെ സ്ഥിതി മനസ്സിലായിരിക്കുമല്ലൊ. എനിക്കു ഒരു കാൎയ്യവും പോലുമില്ല. ഞാൻ മലെസ്റ്റേട്ട്സിൽ പോകുവാൻ നിശ്ചയിച്ചിരിക്കുകയാണു്. ഞാൻ പണം കൊടുക്കാനുള്ളവൎക്കെല്ലാം ഇതോടുകൂടി എഴുത്തുകൾ അയയ്ക്കുന്നുണ്ടു്. അവൎക്കു കൊടുക്കാനുള്ള തുകകളുടെ കണക്കു് ഇതിൽ വെച്ചിട്ടുണ്ടു്. എന്റെ പുസ്തകങ്ങളും, മേശ, കസേര മുതലായ സാമാനങ്ങളും, സൈക്കിളും വിററാൽ എന്റെ സ്വന്തകടം വീടാനുള്ള രൂപ കിട്ടും. ചില ചില്ലറസാമാനങ്ങൾ മാ

ത്തമേ ഞാൻ വില്ക്കാതെ വെച്ചുകൊണ്ടിരിക്കുവാൻ വിചാരിക്കുന്നുള്ളു. എന്റെ സാമാനങ്ങൾ വില്ക്കുന്നതിനു നിങ്ങളെ അധികാരപ്പെടുത്തി ഒരു പൌവർ ആഫ് അറ്റോർണി ഞാൻ താമസിയാതെ അയച്ചുതരാം. എന്റെ ബോറവും മററും ഇങ്ങോട്ടു അയച്ചേക്കണം. ഞാൻ മദ്രാസിൽനിന്നും ഒരു ഡോഗ്കാർട്ടു് ആർഡർ ചെയ്തിട്ടുണ്ടു്. അതു വേണ്ടെന്നു് ഞാൻ ഓക്ക്സ് ആൻഡ്" കമ്പനിയ്ക്കു എഴുതി അയയ്ക്കുന്നു. ഈ ലെററർ കിട്ടുന്നതിനുമുമ്പെ അവർ അതിനെ അയയ്ക്കുകയാണെങ്കിൽ അവിടെ വല്ലവർക്കും അതു വില്ക്കണം. ഞാൻ മാർസിനു സോഡകുടിച്ച വകയിൽ ആറുറുപ്പിക കൊടുക്കാനുണ്ടു്. അതു കണക്കിൽ എഴുതുവാൻ ഞാൻ മറന്നുപോയി. അതും കൊടുത്തുതീർക്കണം—"

ഇത്രയും വായിച്ചതിനുശേഷം സാന്ധില്യ ആ ലേഖനത്തെ അവിടെ വെച്ചു. ഉടനേതന്നെ അവൾ നിശ്ശബ്ദമായി അറപ്പുരയിലേക്കു പോരുകയുംചെയ്തു.

---

## അദ്ധ്യായം ൧൫.

"മനമെ! ഭവദഭിലാഷമിപ്പോൾ
ഫലമാകേശിം പ്രതിസംശയങ്ങൾ തീൎന്നു
കണലെന്നുനിനച്ചുപോയിതിതാ
നനംഘവക്ഷസി ധാൎയ്യമായ രത്നം."

അറപ്പുരയിൽ ശബ്ദമുണ്ടാക്കാതെ സാന്ധില്യ തിരിച്ചുവന്നു ചെറിയ കാല്പെട്ടി തുറന്നു തന്റെ ധനകോശമായ ഒരു ചുവന്ന ചുരുക്കുമടിശ്ശീല എടുത്തു. അതും കൊണ്ടു അവൾ ഉടനേതന്നെ പടിപ്പുരയിലേക്കു വീണ്ടുംപോയി. അവിടെയുള്ള ദീപത്തിന്റെ സമീപംചെന്നു് അവൾ അതിലുണ്ടായിരുന്ന നാണയങ്ങളെ കിലുക്കാതെ എണ്ണിത്തുടങ്ങി. അതിൽ പത്തു തുലാഭാരക്കാശുകളും, രണ്ടു് അരപ്പവനും, ഒരു കുഴവെച്ച പവനും നാലു ഉറുപ്പികയും ഉണ്ടായിരുന്നു. തുലാഭാരക്കാശു് ആദിച്ചപ്പിള്ള തരണനല്ലൂർമഠത്തിൽപിള്ള ആയിരുന്നപ്പോൾ സമ്പാദിച്ചതും, ഭാഗിനേയിക്കു വിഷുക്കൈനീട്ടമായി കൊടുത്തിരുന്നതും ആയിരുന്നു. അരപ്പവൻ നാണിഅമ്മയുടെ സമ്മാനമാണു്. അവളുടെ ബാല്യകാലത്തെ ആഭരണമായിരുന്ന ആ കുഴവെച്ച പവൻ. ഉറുപ്പിക അവളുടെ സ്വന്ത സമ്പാദ്യവുമാണു്. ഇവയെ എണ്ണിനോക്കി സാന്ധില്യ സന്തോഷിച്ചു. മാതുലനും ഭാഗിനേയിയും ആ രാത്രിയിൽതന്നെ തങ്ങളുടെ ഭണ്ഡാരപരിശോധന നടത്തിയിരുന്നു. എന്നാൽ ആദിച്ചപ്പിള്ള അവയെ വില്ക്കുവാനാണു് അപ്രകാരം ചെയ്തിരുന്നതു്; സാന്ധില്യ, അവയെ അനുരാഗസാഗരത്തിൽ വാരിയെറിയുവാൻ മാത്രമാണു പരിശോധിച്ചതും.

സാന്ധില്യ ആ നാണയങ്ങളെ മടിശ്ശീലയിൽ തിരികെ ഇട്ടു. താൻ ഒരു യുവാവിന്റെ മുറിയിൽ രാത്രിയിൽ ഏകയായി നില്ക്കുകയാണെന്നു അവൾ ഓർത്തില്ല. ആ യുവാവിന്റെ ദാരിദ്ര്യത്തെ തന്നാൽ കഴിയുന്നിടത്തോളം ശമിപ്പിക്കാമല്ലോ എന്നൊരു വിചാരം മാത്രമേ അവളുടെ മനസ്സിൽ ഉദിച്ചുള്ളു.

ഇങ്ങിനെ ഗ്രന്ഥിഹസ്തയായി സാന്ധില്യ നില്ക്കുമ്പോൾ ഹൃഷികേശൻനായർ ഉണൎന്നു് അവളുടെ മുഖത്തു നോക്കി. അപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു് അതിശയം സ്ഫുരിച്ചു.

സാന്ധില്യ—"ചേട്ടാ ഞാൻ ഒരു തെററു ചെയ്തു. അതിനു മാപ്പുതരണം."

ഹൃഷികേശ—(എണീററിരുന്നു) "എന്താണതു്?"

സാന്ധില്യ—"ഞാൻ ആ എഴുത്തു വായിച്ചു."

ഹൃഷികേശൻനായരുടെ ദൃഷ്ടികൾ തുറന്നു കിടന്നിരുന്ന ലേഖനങ്ങളിൽ പതിഞ്ഞു. അദ്ദേഹം ഒന്നും സംസാരിക്കാതെ അധോമുഖനായിരുന്നു.

സാന്ധില്യ—"ഞാൻ ഇവിടെ വന്നു് അതു വായിക്കാൻ ഇടയായതു് എന്തുകൊണ്ടെന്നു് അറിയാമോ? അതു് എനിക്കുതന്നെ നിശ്ചയമില്ല. ആ എഴുത്തുകൾ വായിച്ചതു നന്നായിയെന്നു് എനിക്കു് ഇപ്പോൾ തോന്നുന്നു. അതുകൊണ്ടു ചേട്ടന്റെ മനസ്സിലുള്ള സൽഗുണങ്ങളേയും——"

ഹൃഷികേശ—"പിന്നെ?"

സാന്ധില്യ—"ചേട്ടൻ ഇനി എന്തു ചെയ്യാൻ പോണെന്നും, ചേട്ടനു പണത്തിനുള്ള ബുദ്ധിമുട്ടും——"

ഹൃഷികേശ—"സാന്ധില്യേ—"

സാന്ധില്യ—"പതുക്കെ പറയണം. ഉറങ്ങിക്കിടക്കുന്നവർ വല്ലവരും ഉണരും. ഇതാ ഒരു പാവപ്പെട്ട പെണ്ണിന്റെ സമ്പാദ്യം. എനിക്കു് ഇതുകൊണ്ടു് ഒരു പ്രയോജനവും ഇല്ല. ഇതു വാങ്ങിക്കണം ചേട്ടാ. ഇന്നു രാത്രിവരെ പണത്തിന്റെ പ്രയോജനം എനിക്കു് അറിഞ്ഞുകൂടായിരുന്നു. ഇപ്പോൾചേട്ടനിൽനിന്നും അതു് ഒരു ഉദ്ദേശം നിറവേററുവാനായി ഉപയോഗപ്പെടുത്തുന്ന ഒരു സാധനമാണെന്നു് എനിക്കു മനസ്സിലായി. എന്നെ ചേട്ടന്റെ ഉടപ്പിറന്നവളായി വിചാരിച്ചെങ്കിലും ഇതു വാങ്ങിക്കണം. ഉടപ്പിറന്നവളോടു പണം വാങ്ങിക്കാൻ വല്ലവരും മടിക്കുമോ?"

തന്റെ സമ്മാനത്തെ നായർ സ്വീകരിക്കുകയില്ലെന്നു സാന്ധില്യ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. നായർ അവളുടെ അപേക്ഷയ്ക്കു് ഒരു മറുപടിയും പറയാതെ ഇരുന്നു.

സാന്ധില്യ—"ചേട്ടൻ വാങ്ങിക്കുവില്ലയോ?"

ഇതിനും ആ യുവാവു് ഉത്തരം പറഞ്ഞില്ല. ഇതു കണ്ടു് അവളുടെ ഗർവ്വിനു് ഇടിവുതട്ടിയെങ്കിലും, നായരുടെ ദാരിദ്ര്യത്തെ ഓർത്തു് അവൾ അദ്ദേഹത്തിന്റെ കാൽക്കൽ വീണു.

സാന്ധില്യ—"ചേട്ടൻ ഇതു വാങ്ങിക്കുന്നവരെ ഞാൻ ഇങ്ങിനെ കിടക്കും. ദയവു തോന്നി വല്ലതും പറയണം ചേട്ടാ. എങ്കിലേ ചേട്ടൻ ഔദാര്യമുള്ളവനും എന്നോടു—"

ഈ വിലാപം കേട്ടു ഹൃഷികേശൻനായരുടെ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞു. അദ്ദേഹത്തിന്റെ ചുടുകണ്ണീർ അവളുടെ ഹസ്തങ്ങളിൽ പതിച്ചു. ഉടനെ അവൾ എണീററു് ആ മടിശ്ശീലയെ നായരുടെ കയ്യിൽ കൊടുത്തു.

സാന്ധില്യ—(സന്തോഷത്തോടുകൂടി) "ചേട്ടൻ ഇതു വാങ്ങിക്കാൻ മടിക്കണ്ട. ഇതു ചേട്ടനു ഭാഗ്യമുണ്ടാക്കും. ചേട്ടനു പണം കിട്ടുമ്പോൾ എനിക്കു തിരിച്ചു തരാമെല്ലോ. ഇതു് അത്ര വലിയ കാൎയ്യമായി വിചാരിക്കരുതു്."

നായൎക്കു് ഒടുവിൽ സംസാരിക്കുവാൻ ശക്തി ഉണ്ടായി.

ഹൃഷികേശ—"ഇതിനെ വാങ്ങിക്കാതെയിരിക്കാൻ ഞാൻ ഒരു മനുഷ്യനല്ലാതെ ഇരിക്കണം. എന്നാൽ ഇതിനു പകരം എന്റെ കൈയ്യിൽനിന്നും നീ ഒരു കാൎയ്യം സ്വീകരിക്കണം."

സാന്ധില്യ—"എന്താണതു്?"

നായർ എണീററു തകരപ്പെട്ടി തുറന്നു സ്വൎണ്ണം പൊതിഞ്ഞ ഒരു രുദ്രാക്ഷമാല എടുത്തു.

ഹൃഷികേശ—"ഇതിനെ ഞാൻ എന്റെ ജീവനേക്കാൾ വിലമതിക്കുന്നു. എന്റെ പേരമ്മ മരിക്കാൻകാലത്തു് അവർ എനിക്കു തന്നതാണു് ഈ മാല. ഇതി

ലുള്ള സ്വൎണ്ണം വിററാൽ കുറേ രൂപ കിട്ടും. എന്നാൽ ആ ദ്രോഹം ഞാൻ ഒരിക്കലും ചെയ്യുകയില്ല."

അവർ മുഖത്തോടു മുഖം നോക്കി.

ഹൃഷികേശ—"ഇതു് എന്റെ കൈയ്യിൽ ഇരുന്നാൽ ഒരുപക്ഷെ കളഞ്ഞുപോയേക്കും. അതുകൊണ്ടു നിന്റെ കൈയ്യിൽ ഏല്പിക്കയാണു്. ഞാൻ മരിച്ചുപോയാൽ എനിക്കു തന്ന പണം നിനക്കു് ഇതിൽനിന്നും ഈടാക്കാം."

സാന്ധില്യ ഒന്നും സംസാരിച്ചില്ല.

ഹൃഷികേശ—"ഇതുവെച്ചുകൊള്ളുമെല്ലൊ, സാന്ധില്യേ."

സാന്ധില്യ അതിനെ വാങ്ങി, തന്റെ ഹൃദയത്തിലുള്ള അനുരാഗത്തെ സ്പഷ്ടമാക്കുന്ന വിധത്തിൽ ആ യുവാവിന്റെ മുഖത്തു നോക്കി.

ഹൃഷികേശ—"നീ സകല സൽഗുണങ്ങൾക്കും ഇരിപ്പിടമാണു്. നമ്മൾ തമ്മിലുള്ള പണമിടപാടു നിസ്സാരം. അല്ലെ? അതിനു കാരണമായ സ്നേഹമാണു് വലുതു്."

സാന്ധില്യ—"ഇനി കിടക്കവിരിച്ചു് ഉറങ്ങണം ചേട്ടാ. ചേട്ടൻ വളരെ ക്ഷീണിച്ചിരിക്കുന്നു. ഞാൻ പോകുന്നു."

ഹൃഷികേശൻനായർ അവളുടെ കരം പിടിച്ചു. അവൾ സാവധാനത്തിൽ തന്റെ ഹസ്തത്തെ വലിച്ചെടുത്തു.

ഹൃഷികേശ—"ദൈവമേ ഞാൻ ഒരു പാപ്പരല്ലായിരുന്നെങ്കിൽ—"

സാന്ധില്യ—"ചേട്ടന്റെ അച്ഛന്റെ കൈവശം പണം ഉണ്ടെന്നു തോന്നുന്നു."

നായർ ആ മുറിയുടെ തെക്കേ വാതലിൽ കൈയ്യു വെച്ചുകൊണ്ടു നിന്നു.

ഹൃഷികേശ—"എന്റെ ശുദ്ധയായ സാന്ധില്യേ നിന്റെ അമ്മാവനു പണം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം ഈ കോഴിക്കൂട്ടിൽ താമസിക്കുകയില്ലായിരുന്നു."

സാന്ധില്യ—"അമ്മാവനു നാഞ്ചിനാട്ടു നിലമുണ്ടു്."

ഹൃഷികേശ—"എത്ര പറ നിലം?"

സാന്ധില്യ—"അതു് എനിക്കു് അറിഞ്ഞുകൂടാ. പിന്നെയും ഇവിടെത്തന്നെ പുരയിടങ്ങൾ ഉണ്ടു്."

ഹൃഷികേശ—"പത്തുനൂറു രൂപ വിലപിടിക്കുന്നതായിരിക്കാം."

സാന്ധില്യ—"കുറേ പുതുവൽസ്ഥലങ്ങളുമുണ്ടു്."

ഹൃഷികേശ—(പുഛരസത്തോടുകൂടി) "അതു നിസ്സാരമാണു്. അദ്ദേഹത്തിനു പണമുണ്ടായിരുന്നെങ്കിൽ ഇതിനു് ഈ ചെത്തക്കതകു് ഉണ്ടായിരിക്കുമോ?"

ഇപ്രകാരം പറഞ്ഞു ഹൃഷികേശൻനായർ താൻ കൈയ്യുവച്ചുകൊണ്ടിരുന്ന വാതലിനെ അടച്ചു. സാന്ധില്യ വേഗത്തിൽ അതിനെ തുറന്നു പുറത്തിറങ്ങി.

സാന്ധില്യ—"കിടന്നുറങ്ങണം ചേട്ടാ. ഞാൻ പോകുന്നു."

ഉടനേതന്നെ സാന്ധില്യ അറപ്പുരയിലേക്കു പോയി.

അന്നുമുതൽ ഹൃഷികേശൻനായരുടെ ശോകഭാരം കുറഞ്ഞു കുറഞ്ഞു വന്നു. പിറേറദിവസം പ്രഭാതത്തിൽ നായർ കഞ്ഞികുടിക്കുവാൻ അകത്തെ തളത്തിൽ വന്നപ്പോൾ നാണിഅമ്മ കുറേ കൂലിവേലക്കാരോടു് ആദിച്ചപ്പിള്ള അവിടെ ഇല്ലെന്നും അദ്ദേഹം വൈകുന്നേരത്തേ വരികയുള്ളുവെന്നും പറയുന്നതു കേട്ടു. ആദിച്ചപ്പിള്ള മുൻകൂട്ടി പറയാതെപോയതുകൊണ്ടു് അദ്ദേഹത്തിന്റെ പുരയിടങ്ങളിലുള്ള ജോലികളെല്ലാം അവസാനിച്ചിരുന്നു. ഇങ്ങിനെ വേലക്കാരെ പറഞ്ഞയയ്ക്കുന്നതിലും അവരുടെ സങ്കടങ്ങൾ കേൾക്കുന്നതിലും നാണിഅമ്മയെ സാന്ധില്യ സഹായിച്ചിരുന്നതിനാൽ ഹൃഷികേശൻനായരോടു് അവൾക്കു് അധികം സംസാരിക്കുന്നതിനു സൌകൎയ്യമുണ്ടായില്ല. നായരുടേയും സാന്ധില്യയുടേയും അന്യോന്യമുള്ള നോട്ടങ്ങൾകൊണ്ടു് അവൎക്കു് അന്യോന്യം സ്നേഹമുണ്ടെന്നു നാണിഅമ്മ അനുമാനിക്കുകയും ചെയ്തു.

മദ്ധ്യാഹ്നം കഴിഞ്ഞപ്പോൾ ആദിച്ചപ്പിള്ള തിരിച്ചു വന്നു. പവൻ വിററതിൽനിന്നും അദ്ദേഹത്തിന്ന് ആയിരം രൂപയോളം ലാഭം കിട്ടി.

ആദിച്ച—"ഞാൻ നാഗരുകോവിലിൽപോയിരുന്നു നാണി. എനിക്കു വിശക്കുന്നു."

പാച്ചി—"അങ്ങുന്നു വഴീന്നു പലഹാരം തിന്നില്ലെ?"

ആദിച്ച—"ഇല്ല."

ആദിച്ചപ്പിള്ള ഭക്ഷണം കഴിച്ചതിന്നു ശേഷം അയ്യാത്തുരയ്യർ അവിടെവന്നു.

അയ്യാത്തുര—"പവനുക്കു പതിനാറുരൂപൈ കോട്ടാററു കിടയ്ക്കുമെൻറു കേൾവിപ്പെട്ടേൻ. ഉങ്കളുക്കു തെരിയുമോ? നാൻ കൊഞ്ചം പവൻ അങ്കെ അനുപ്പ യോജിക്കിറേൻ."

ആദിച്ച—"സാമി ബുദ്ധിമുട്ടണ്ട. ഇനി ആ വില കിട്ടുമെന്നു തോന്നുന്നില്ല. ഏതായാലും എൻെറ ഇഷ്ടനല്ലെ സാമി. ആളയച്ചു ബുദ്ധിമുട്ടാതിരിക്കാനാണു ഞാൻ ഇതു മുൻകൂട്ടി പറഞ്ഞതു്."

അയ്യാത്തുര—"നേത്തു പതിനാറു രൂപയാക പവൻ കുടുത്തവാൾ ഉണ്ടു്.

ആദിച്ച—"ഇനി ആ വില കിട്ടുകില്ല."

അയ്യാത്തുര—"ഇന്ത സമാചാരം ഉങ്കളുക്കു എപ്പടി തെരിയും?"

ആദിച്ച—"ഞാൻ ഇന്നലെ രാത്രി അവിടെ പോയിരുന്നു."

ഇതു കേട്ടയുടനെ അയ്യാത്തുരയ്യരുടെ മുഖം വാടി. അതിന്നുശേഷം അവർ രണ്ടുപേരും തമ്മിൽ രഹസ്യമായി എന്തോ സംസാരിച്ചുകൊണ്ടിരുന്നു. ഈ സംസാരം കഴിഞ്ഞു് അവർ പടിപ്പുരയിൽ ചെന്നു.

അയ്യാത്തുര—"സാറെ നാൻ തിരുവനന്തപുരത്തുക്കു പോകുറേൻ. ഉങ്കളുക്കു ഏതാവതു സങ്കതികൾ അങ്കേ നിവ്വഹിക്കവേണ്ടതുകളുണ്ടുമാ?"

ഹൃഷികേശ—"ഇല്ല."

ആദിച്ച—"സാമി നിൻെറ അമ്മാവൻെറ കാൎയ്യങ്ങളെപ്പററി അന്വേഷിക്കാൻ പോകുന്നുണ്ടു്. കടക്കാരെ ഒക്കെ സാമി കണ്ടു ശരിപ്പെടുത്തും."

ഹൃഷികേശ—"അവക്കു പണം കൊടുക്കാതെ എങ്ങനെ സമാധാനപ്പെടുത്തും."

ആദിച്ച—"നീ എൻെറ മകനല്ലേ നിന്നെ അവരു് ഉപദ്രവിക്കാൻ ഞാൻ സമ്മതിക്കുമോ?"

ഹൃഷികേശൻനായരുടെ നേത്രങ്ങളിൽ ബാഷ്പം നിറഞ്ഞു. കൃതജ്ഞത, സ്നേഹം, ബഹുമാനം ഇത്യാദി വികാരങ്ങളോടുകൂടി നായർ തൻെറ പിതാവിൻെറ മുഖത്തു നോക്കി.

ആദിച്ച—"എങ്കിൽ സാമി പോണം. ആ കടക്കാരെ ഒക്കെ പറഞ്ഞു സമാധാനപ്പെടുത്താൻ മറക്കരുതു്."

അയ്യാത്തുരയ്യർ പോയതിന്നുശേഷം ആദിച്ചപ്പിള്ള വീട്ടിൻെറ തളത്തിൽ തിരിയെ വന്നു ലാത്തിത്തുടങ്ങി. ഉടനെ അദ്ദേഹം ആ ചിരയിൽ പതിച്ചിരുന്ന ശിവൻെറ പടത്തെ നോക്കി,

"അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും
ഗുണഗണമേറിന പുരിചിടയുടയോൻ"

എന്നു പാടുകയും ചെയ്തു.

ഇതുകണ്ടു നിന്നിരുന്ന സാന്ധില്യയും നാണിഅമ്മയും അതിശയത്തോടുകൂടി അന്യോന്യം നോക്കി. ആദിച്ചപ്പിള്ളയുടെ ആഹ്ലാദസൂചകങ്ങളായ മൂളിപ്പാട്ടുകൾ അന്യൎക്കു ദോഷംചെയ്യുന്നതിൻെറ പൂവ്വലക്ഷണങ്ങളായിരുന്നു എന്നു് അവക്കു് അറിയാമായിരുന്നതാനും.

അന്നു മുഴുവനും ആദിച്ചപ്പിള്ള വളരെ സൌമ്യനായിരുന്നു. അദ്ദേഹത്തിനു പതിവുള്ള പഴഞ്ചൊല്ലുകളും, മററും പാച്ചിയോടും സാന്ധില്യയോടും അദ്ദേഹം പറഞ്ഞുതുടങ്ങി. അത്താഴത്തിനു പതിവില്ലാത്തപോലെ ആദിച്ചപ്പിള്ള കുറേ ഉപ്പിലിട്ട നാരങ്ങകൾ എടുത്തു പാച്ചിയുടെ കയ്യിൽ കൊടുത്തു.

ആദിച്ച—"ഇതിൽ ഒരു നാരങ്ങ നീ എടുത്തോ പാച്ചി."

പാച്ചി—"ഇന്നു മഴപെയ്യുമങ്ങുന്നേ!"

ആദിച്ച—(ചിരിച്ചുകൊണ്ടു്) "എങ്കിൽ നന്നായെടീ. മരച്ചീനി വെക്കാം പൊടിക്കും"

---

## അദ്ധ്യായം ൧൩.

"നാമിരുവരുംകൂടിക്രീഡിച്ചുവസിച്ചതോ
നാമിരുവരുമുള്ളകാലത്തുംമറക്കുമോ
ഖേദവുമടക്കിനീയാത്രയുമയയ്ക്കണം
മോദേനപിതാവിനെശുശ്രൂഷിച്ചിരിക്കടോ."

പിറേറദിവസംമുതൽ ഹൃഷികേശൻനായരോടു് ആ വീട്ടിലുള്ള ഒരാളോടു് എന്നപോലെ കുവലത്തറയിലെ സ്ത്രീകൾ പെരുമാറി. തന്റെ ധനമോഹം സഫലമായി വന്നതുകൊണ്ടുള്ള സന്തോഷത്താൽ ആദിച്ചപ്പിള്ള നായരുടെ കാൎയ്യം മറന്നിരുന്നു. പുത്രന്റെ സംഗതി ചിലപ്പോൾ അദ്ദേഹം ഓൎക്കാതെ ഇരുന്നില്ല. അപ്പോൾ ആ യുവാവിനെ തിരുനൽവേലിവരെയുള്ള യാത്രച്ചിലവുകൊടുത്തു വേഗത്തിൽ അയയ്ക്കാമെന്നു വിചാരിച്ചു് അദ്ദേഹം സമാധാനപ്പെട്ടു. സാന്ധില്യക്കും നായൎക്കും പരസ്പരം ഉദിച്ച സ്നേഹം ആദിച്ചപ്പിള്ള അറിഞ്ഞിരുന്നില്ല. നാണിഅമ്മ ആ സംഗതി അദ്ദേഹത്തെ ധരിപ്പിച്ചുമില്ല.

സാന്ധില്യയുടെ അനുരാഗച്ചെടി പൂത്തു സുരഭി പൊഴിച്ചുതുടങ്ങി. തന്റെ അല്പമായ സമ്പാദ്യത്തെ നായൎക്കു സമ്മാനിച്ച രാത്രിമുതൽ ആ യുവാവിനു തന്റെ ഹൃദയവും അവൾ സമൎപ്പിച്ചിരുന്നു. ഈ സംഗതി നായൎക്കു് അറിയാമായിരുന്നതുകൊണ്ടു് അവരുടെ ആത്മാക്കൾക്കു തമ്മിൽ ഐക്യമുണ്ടായിത്തീൎന്നു. കാണികൾ അവളുടെ ശുശ്രൂഷകളെപ്പററി അതിശയിച്ചിരുന്നില്ല. അവളുടെ അമ്മാവന്റെ മകനെ സല്ക്കരിക്കേണ്ടതു സാന്ധില്യയുടെ കടമയാണെല്ലോ.

സാന്ധില്യ തന്റെ നിൎവ്യാജമായ മന്ദഹാസങ്ങൾകൊണ്ടും സ്നേഹപൂൎവ്വമായ ശുശ്രൂഷകൾകൊണ്ടും, വൎദ്ധമാനമായ പ്രണയത്തിന്റെ ബാലിശസന്തോഷപ്രദൎശനംകൊണ്ടും നായരുടെ ശോകത്തെ ശമിപ്പിക്കുവാൻ ശ്രമിച്ചു. അനുരാഗത്തിന്റെയും ജീവിതത്തിന്റെയും പ്രാരംഭദശ ഒന്നുപോലെ ആണു്. ശിശുക്കൾ പുഞ്ചിരികൊണ്ടും, താരാട്ടുകൊണ്ടും, ശുഭപരിണാമസംയുക്തമായ കഥകൾകൊണ്ടും സന്തുഷ്ടരാകുന്നില്ലേ? ഭാവിയെപ്പററി ആ ശിശുക്കൾ ചിന്തിക്കുന്നുണ്ടോ? നിസ്സാരമായ സംഗതികളെപ്പററി ശിശുക്കൾ ശോകിക്കയും ആഹ്ലാദചിത്തരായിത്തീരുകയും ചെയ്യുന്നില്ലേ? ഇതുപോലെ, അനുരാഗവും ആത്മാവിന്റെ രണ്ടാമത്തെ ബാല്യദശതന്നെ.

ആ തരുണീതരുണന്മാരുടെ ശോകതമസ്സടഞ്ഞ ചിത്തങ്ങളിൽ അനുരാഗദീപം അംശുകണങ്ങളെ പൊഴിച്ചു. ദുഃഖത്തിൽ ഉല്പത്തിസ്ഥാനമുള്ള ഈ പ്രണയം ജീൎണ്ണിച്ചു് ഇരുട്ടടഞ്ഞ ആ ഭവനത്തിനു ചേരുന്നതായിരുന്നുതാനും. സാന്ധില്യയുമായുള്ള കടാക്ഷവിക്ഷേപങ്ങൾകൊണ്ടു നായൎക്കു് അനുരാഗത്തിന്റെ ദിവ്യമായ വ്യാപ്തിയെ മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇതുവരെ "സുമതിഅക്ക"നോടുകൂടി അനുരാഗ

ണ്ണവത്തിൻെറ കാററും പിശറുകളേയും മാത്രമേ നായർ അറിഞ്ഞിരുന്നൊള്ളു. ഇപ്പോൾ ആ അപായകരമായ സ്ഥലം കഴിഞ്ഞു സ്ഫടികതുല്യവും പ്രശാന്തവുമായ പ്രണയസമുദ്രവിഭാഗത്തിൽക്കൂടി നായർ ചരിക്കുകയായിരുന്നുതാനും.

ആദ്യകാലങ്ങളിൽ തൻെറ പരിഹാസത്തിനു പാത്രമായ ആ പഴയ ഭവനത്തെ നായർ ഇപ്പോൾ സ്നേഹിക്കുവാൻ തുടങ്ങി. പ്രഭാതത്തിൽ നായർ ദന്തശോധനത്തിനായി കിണററിൻെറ സമീപത്തുള്ള മാതളവൃക്ഷത്തിൻെറതടത്തിൽ ചെല്ലുമ്പോൾ അടുക്കളെവരാന്തയിൽ സാന്ധില്യ ദിവസവും ഹാജരുണ്ടായിരുന്നു. അവിടെവെച്ച് അവർ ദിവസംപ്രതി ഒരു ചെറിയ സംഭാഷണം നടത്തിവന്നിരുന്നു. പാച്ചി ഒഴികെ അവിടെയുള്ള ഒരുത്തരും ഈ സമാഗമത്തെ അറിഞ്ഞിരുന്നില്ല. പാച്ചി ഇത് അറിഞ്ഞ ഭാവം നടിച്ചിരുന്നുമില്ല. പിന്നെ നായർ ആഹാരം കഴിക്കുമ്പോൾ നാണിഅമ്മയുടെ മുമ്പിൽവെച്ച് അവർ തമ്മിൽ ദിവസംപ്രതി സംസാരിക്കുകയും ചെയ്തിരുന്നു.

ഈ മാതാപുത്രികളുടെ പരിശുദ്ധമായ ജീവിതംകണ്ടു നായർക്ക് അവരോടു ബഹുമാനം തോന്നി. ഇങ്ങിനെയുള്ള വിശുദ്ധജീവിതം തിരുവിതാംകൂറിൽ ഉണ്ടായിരിക്കുമെന്നു നായർ വിചാരിച്ചിരുന്നില്ല. താൻ വായിച്ചിരുന്ന അസംഖ്യം ആഖ്യായികകളിൽ അപൂർവ്വം ചിലതിൽമാത്രമേ ഇങ്ങിനെയുള്ള ജീവിതമുണ്ടായിരുന്നൊള്ളു എന്നായിരുന്നു നായരുടെ ഇതുവരെയുള്ള വിശ്വാസം.

ദിവസം ചെല്ലുന്തോറും സാന്ധില്യ നായരുടെ ഓരോ സംഭാഷണങ്ങൾ ഓർത്ത് അനുരാഗനദിയുടെ ഒഴുക്കനുസരിച്ചു പൊയ്ക്കൊണ്ടിരുന്നു. അവർ തമ്മിൽ പിരിയേണ്ടതായ കാലം അടുത്തുവരുന്നില്ലേ? ആശുഗാമികളായ അഹസ്സുകളുടെ പ്രഭയെ വിപ്രയോഗവിമർശനങ്ങളാകുന്ന വാരിദങ്ങൾ മങ്ങിക്കുവാൻ തുടങ്ങി. ആസന്നമായ വിരഹം അതിൻെറ ഛായയെ മുൻപോട്ടു പതിപ്പിക്കുവാനും മടിച്ചിരുന്നില്ല.

അയ്യാത്തുരയ്യർ തിരുവനന്തപുരത്തേക്കു പോയതിനു മൂന്നാംദിവസം ആദിച്ചപ്പിള്ള നായരെ സബ്‌രജിസ്ത്രർകച്ചേരിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെവെച്ച് അയ്യാത്തുരയ്യർക്ക് ഒരു പൊതുമുക്തിയാർനാമയും തൻെറ തിരുവനന്തപുരത്തുള്ള ഒരു സ്നേഹിതനു സാമാനങ്ങളെ വില്ക്കുവാൻ ഒരു മുക്തിയാർനാമയും നായർ രജിസ്റ്റരാക്കി. പിന്നെ നായർ തൻെറ അസംഖ്യം വിലയേറിയ കുപ്പായങ്ങളെ ഒരു തയ്യൽക്കാരനു വിററു. ഇതുകണ്ട് ആദിച്ചപ്പിള്ള സന്തോഷിച്ചു.

ആദിച്ച—"ഇപ്പോൾ നീ പണമുണ്ടാക്കുന്നവനെപ്പോലെ പ്രവർത്തിച്ചു."

ഹൃഷികേശൻ—"കാലത്തിനു തക്ക കോലം കെട്ടുവാൻ എനിക്കു മടിയില്ല, അഹ്ഹാ. ഇതാ നോക്കണം."

നായർ തൻെറ സ്വർണ്ണബട്ടൻസു, സ്വർണ്ണവാച്ചു, മോതിരം മുതലായവയെ ആദിച്ചപ്പിള്ളയുടെ കൈയ്യിൽ കൊടുത്തു

ഹൃഷികേശൻ—"എനിക്ക് ഇവിടെ തട്ടാന്മാരെ പരിചയമില്ല. അതുകൊണ്ട് അഛൻ—"

ആദിച്ച—"വാങ്ങിക്കണോ?"

ഹൃഷികേശൻ—"ഇതു ആവശ്യമുള്ളവരുടെ പേരു പറഞ്ഞുതന്നാൽ കൊള്ളാം".

ആദിച്ച—"ഞാൻ കൊണ്ടുപോയി എത്ര രൂപയ്ക്കു വരുമെന്നു നോക്കട്ടെ."

ആ സ്വർണ്ണ ഉരുപ്പടികൾ എടുത്തുകൊണ്ട് ആദിച്ചപ്പിള്ള തെക്കേപ്പുരയിലേക്കു പോയി. ഹൃഷികേശൻനായർ അറപ്പുരയുടെ തെക്കേ പടിക്കൽ ചെന്നു.

ഹൃഷികേശൻ—"ഇതാ അമ്മായി, രണ്ടു സ്വർണ്ണബട്ടൺസ്. ഇതു ഞാൻ വില്ക്കുന്നില്ല. അമ്മായിക്കും സാന്ധില്യക്കും റവുക്ക ബട്ടൺസായി ഇതു ഉപയോഗിക്കാം"

അതു വാങ്ങിക്കുവാൻ നാണിഅമ്മ മടിച്ചു.

സാന്ധില്യ—"അതു വാങ്ങിച്ചോളണം, അമ്മാ. ഞങ്ങൾ ഇതു് ഒരിക്കലും കളയുവില്ല, ചേട്ടാ"

നാണി—"നിങ്ങൾക്കു കുമാരസ്വാമി സഹായിക്കണം എന്നാണു് എന്റെ പ്രാൎത്ഥന."

ആദിച്ചപ്പിള്ള ഉടനേ അവിടെ വന്നു.

ആദിച്ച—"അതിനു അറുപതുരൂപ വിലവരും, ഹൃഷികേശാ. ഇതു വാങ്ങിക്കാൻ ആളന്വേഷിക്കാൻ പ്രയാസമാണു്. അതുകൊണ്ടു ഞാൻതന്നെ എടുത്തോളാം."

ഹൃഷികേശ—"ഞാൻ അഛൻ ബുദ്ധിമുട്ടണമെന്നു പറഞ്ഞില്ല. എനിക്കു ആളുകൾ പരിചയമില്ലാത്തതുകൊണ്ടാണു് ഇക്കാൎയ്യം അഛനോടു പറഞ്ഞതു്. അഛനു ആവശ്യമുണ്ടെങ്കിൽ ആ ബുദ്ധിമുട്ടു വേണ്ടല്ലോ."

ആദിച്ചപ്പിള്ള പത്താഴപ്പുര നോക്കിനിന്നു.

ഹൃഷികേശ—"(മടിയോടുകൂടി) അഛാ, അഛനും എന്നെ ഓൎമ്മിക്കുവാനായി ഞാൻ ഇതാ ഈ സ്വൎണ്ണംകെട്ടിയ കണ്ണാടി തരുന്നു. ഇതു പേരമ്മ വെള്ളെഴുത്തിനു ഉപയോഗിച്ചിരുന്നതാണു്. എനിക്കു് ഇതുകൊണ്ടു് ഉപയോഗമില്ല. അഛനു വല്ലതും വായിക്കുവാൻ ഉപയോഗിക്കാം."

ആദിച്ച—"നീ ഇങ്ങിനെ എല്ലാം കൊടുത്തുകളഞ്ഞാലോ?—നാണീ, നിനക്കു് എന്തു കിട്ടിയെടീ ഓ! സ്വൎണ്ണപ്പിത്താനോ! കൊള്ളാം. മകനെ, നിന്റെ കണ്ണാടി ഞാൻ എടുത്തോളാം. എങ്കിൽ ഒരു കാൎയ്യം എന്നെക്കൊണ്ടു ചെയ്യാൻ നീ സമ്മതിക്കണം. നീ തിരു—അല്ല പട്ടണത്തിൽനിന്നു കപ്പൽകയറുന്നവരെയുള്ള വണ്ടിച്ചിലവു ഞാൻ തരാം. നിന്റെ ഉരുപ്പടികളുടെ സ്വൎണ്ണത്തിന്റെ വിലയെ ഞാൻ കണക്കുകൂട്ടിയൊള്ളു. കൂലി ഞാൻ നോക്കിയില്ല. ആ വകയിൽ നിനക്കു ഒരു പത്തുരൂപയോളം വരുമായിരിക്കും. ഞാൻ നിനക്കു എഴുതുരൂപ തരാം. അതു പാച്ചു എനിക്കു കടം തരും. അല്ലാതെ എന്റെ കൈവശം ഒരു ചക്രവും ഇരിപ്പില്ല. കുറേ പാട്ടപ്പണം എനിക്കു് ഒരു മാസത്തിനകം കിട്ടും. അതുകൊണ്ടു് ആ കടം കുറേ തീൎക്കാം"

ഇത്രയുംപറഞ്ഞതിനുശേഷം ആദിച്ചപ്പിള്ള തളത്തിലേക്കു പോയി.

സാന്ധില്യ—"അപ്പോൾ പോകാൻ തീൎച്ചയാക്കി, ഇല്ലെ?"

ഹൃഷികേശ—"അല്ലാതെ നിവൃത്തിയില്ല."

കുറേ ദിവസംകൂടി ഹൃഷികേശൻനായർ വ്യസനാക്രാന്തനായിരുന്നു. ദുഃഖം ആ യുവാവിന്റെ പൌരുഷത്തെ വൎദ്ധിപ്പിച്ചു നായൎക്കു അല്പം ഈശ്വരവിചാരവുംവന്നുതുടങ്ങി. ദുഃഖകാലത്തല്ലേ നാം ദൈവത്തെ ഓൎക്കുന്നതു്. ബാല്യകാലം കഴിഞ്ഞതിൽ പിന്നെ യാതൊരു ക്ഷേത്രങ്ങളേയും സന്ദൎശിച്ചിട്ടില്ലാത്ത നായർ ഒരു ദിവസം നാണിഅമ്മയോടും സാന്ധില്യയോടുംകൂടി നീലകണ്ഠസ്വാമികോവിലിൽ പോകുകയും ചെയ്തു.

ഒരുദിവസം ഉച്ചയ്ക്കു ഹൃഷികേശൻനായരും ആദിച്ചപ്പിള്ളയും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അറപ്പുരപ്പടിക്കൽ നിന്നിരുന്ന സാന്ധില്യ അന്നുകാലത്തു നായൎക്കു തിരുവനന്തപുരത്തിൽനിന്നു കിട്ടിയ എഴുത്തിൽ വിശേഷം എന്താണെന്നു് അദ്ദേഹത്തിനോടു ചോദിച്ചു.

ആദിച്ച—"നിനക്കു് അതു് അറിഞ്ഞിട്ടെന്തുകാൎയ്യം?"

ഹൃഷികേശ—"പ്രത്യേകിച്ചു് ഒന്നുമില്ല സാമാനങ്ങൾ എല്ലാം വിററു"

ആദിച്ച—"നിന്റെ ഇടപാടുകളെല്ലാം ഇങ്ങിനെ ചോദിക്കുന്നവരോടെല്ലാം വിളിച്ചു പറഞ്ഞാൽ നിനക്കു പണം ഉണ്ടാക്കാൻ പററുവില്ല."

അന്നു വൈകുന്നേരം നായർ അറപ്പുരപ്പടിക്കൽ ചെന്നു. അവിടെ സാന്ധില്യ മാത്രമേ ഉണ്ടായിരുന്നൊള്ളു. ഇതുകണ്ടു നായർ അറപ്പുരയ്ക്കകത്തു പ്രവേശിച്ചു. സാന്ധില്യ നായരെ കണ്ട ഉടനേ എണീററുനിന്നു.

ഹൃഷികേശ—"എൻെറ സാമാനമെല്ലാം വിററു തിരുവനന്തപുരത്തുള്ള കടങ്ങൾ ഒക്കെ വീട്ടി. ശിഷ്ടം കുറേ രൂപയുണ്ടു്. അതു് എൻെറ യാത്രച്ചിലവിനു ഉപയോഗിക്കാം. അഞ്ചുദിവസംകൂടി കഴിഞ്ഞാൽ നമ്മൾ തമ്മിൽ പിരിയണം. മലെസ്റ്റേററ്സിൽ ചെന്നാൽ ആദ്യം വളരെ ബുദ്ധിമുട്ടുകൾ കാണും. ക്രമേണയെ പണം സമ്പാദിക്കുവാൻ സാധിക്കയുള്ളു. കുറഞ്ഞപക്ഷം ഒരു ഏഴെട്ടുവഷം വേണ്ടിവരും. സാന്ധില്യേ, അതുകൊണ്ടു നമ്മൾ തമ്മിൽ ഒരു ബന്ധവും ഉണ്ടെന്നു വിചാരിക്കരുതു്. ഞാൻ അവിടെവെച്ചു വല്ല ദീനവും പിടിച്ചു മരിച്ചുപോയി എന്നുവന്നേക്കാം. നിനക്കു നല്ല സംബന്ധക്കാർ വന്നാൽ നീ അവരെ എന്നെ വിചാരിച്ചു് ഉപേക്ഷിച്ചുകളയരുതു്"

സാന്ധില്യ—"ചേട്ടനു് എന്നോടു സ്നേഹമുണ്ടോ?"

ഹൃഷികേശ—"അതു ചോദിക്കണമോ, സാന്ധില്യേ!"

സാന്ധില്യ—"എങ്കിൽ ചേട്ടൻ തിരിച്ചുവരുന്നതുവരെ ഞാൻ ഇന്നത്തെപ്പോലെ തന്നെ ഇരിക്കും. അമ്മ ഇപ്പോൾ വരും—" തന്നെ ആലിംഗനം ചെയ്യുവാൻ വന്ന നായരുടെ സമീപത്തിൽനിന്നും മാറിക്കൊണ്ടാണ സാന്ധില്യ അമ്മയുടെ വരവിനെപ്പററി പറഞ്ഞതു്. ഇതു വകവെയ്ക്കാതെ നായർ അവളുടെ സമീപത്തിൽ പിന്നെയും ചെന്നു. സാന്ധില്യ ഓടി അറപ്പുരമുറിയിൽ കയറി വാതൽ ബന്ധിക്കുവാൻ തുടങ്ങി. നായർ അവിടെ ഓടിച്ചെന്നു തൻെറ കാലു് വാതലിൻെറ ഇടയ്ക്കുവെച്ചതുകൊണ്ടു് അവൾക്കു് അതു ബന്ധിക്കുവാൻ കഴിഞ്ഞില്ല. നായർ ആ മുറിയിൽ കടന്നു വേപഥു അണിഞ്ഞുനില്ക്കുന്ന സാന്ധില്യയെ ബലാൽക്കാരേണ തൻെറമാറോടണച്ചു അവളുടെ അധരപാനംചെയ്തു.

ഹൃഷികേശ—"എൻെറ ഓമനേ! നിന്നെ ഞാൻ എങ്ങിനെ സംബന്ധം ചെയ്യാതെ ഇരിക്കും!."

"അതുവേണം, പിള്ളേ, എന്നു പറഞ്ഞുകൊണ്ടു പാച്ചി ആ മുറിയുടെ സമീപത്തു വന്നു. പാച്ചിയെക്കണ്ടു ലജ്ജയോടുകൂടി സാന്ധില്യ അവിടെനിന്നും അടുക്കളയിലേക്കു ഓടിപ്പോയി. ഹൃഷികേശൻനായർ പുഞ്ചിരിയോടുകൂടി പടിപ്പുരയിലേക്കു തിരിച്ചു. പാച്ചി താമസിയാതെ അടുക്കളയിൽ ചെന്നു അവിടെ നില്ക്കുന്ന സാന്ധില്യയോടു, "കൊള്ളാമപ്പി വേലത്തരം" എന്നു പറകയും ചെയ്തു.

ഈ സംഭവത്തിനുശേഷം ദിവസങ്ങൾ അതിശീഘ്രത്തിൽ പോകുന്നുവെന്നു സാന്ധില്യക്കു തോന്നി. ചിലപ്പോൾ, ഹൃഷികേശൻനായരോടുകൂടി തനിക്കും പോയാൽ കൊള്ളാമെന്നുള്ള വിചാരം അവളുടെ മനസ്സിൽ ഉദിച്ചു. മനുഷ്യരെ അന്യോന്യം ഘടിപ്പിക്കുന്ന ബന്ധങ്ങളിൽവെച്ചു ബലിഷ്ഠവും നേർത്തതുമായതു് അനുരാഗമാണു്. കാലയാപനം, രോഗം, വാദ്ധക്യം ഇത്യാദി ശത്രുക്കളുടെ ആഗമനം അനുരാഗത്തിൻെറ സ്വച്ഛഗതിക്കും, ദീർഘായുസ്സിനും പ്രതിബന്ധമായിത്തീരുന്നു എന്നു ഓർമ്മിക്കുന്നവക്കു മാത്രമേ സാന്ധില്യ ഈ സ്വല്പദിവസങ്ങളിൽ അനുഭവിച്ച മനോവ്യഥയുടെ ആധിക്യത്തെ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. അവൾ അശ്രുക്കൾ പൊഴിക്കാത്ത സമയമില്ലായിരുന്നു. സാന്ധില്യ ചിന്താപരവശയായി തൻെറ ദിനചയ്യകളേയും മറന്നുതുടങ്ങി.

നായരുടെ യാത്രദിവസം പുലൎന്നു. അന്നു രാവിലേതന്നെ ആദിച്ചപ്പിള്ള തക്കലെപ്പോയി നായക്കു നാഗരുകോവിലിൽ പോകുവാൻ ഒരു കാളവണ്ടി ഏപ്പാടു ചെയ്തു. തിരിച്ചുവന്ന ഉടനേ പുത്രനു നേരത്തേ ഭക്ഷണം കാലമാക്കണമെന്നു പാ

ച്ചിയോട്ട് അദ്ദേഹം ആജ്ഞാപിച്ചു. ഇങ്ങിനെ നായരെ യാത്രയയയ്ക്കുവാൻ ആദി ച്ചപ്പിള്ള ഉത്സാഹം കാണിച്ചുവെങ്കിലും ആ വീട്ടിലുള്ള മററുള്ളവർ അന്ന ദുഃഖസാഗരത്തിൽ മുങ്ങിയിരിക്കുകയായിരുന്നു. അന്നു കാലത്തു നാണിഅമ്മയും മകളും ശരിയാകുംവണ്ണം ഭക്ഷണം കഴിച്ചില്ല. സാന്ധില്യയുടെ നേത്രങ്ങരം അശ്രുക്കളാൽ കലുഷങ്ങളായിരിക്കുന്നതു കുവലത്തറയുള്ള എല്ലാവരും കണ്ടു. നാണിഅമ്മയുടെ മുഖത്തും വ്യസനം സ്ഫുരിക്കുന്നുണ്ട്. പാച്ചിയും അന്ന് അധികമായി ആരോടും സംസാരിച്ചതുമില്ല. അവരം നായരുടെ സമ്മാനമായ രണ്ടു മൽമൽമുണ്ടുകളെ നാണിഅമ്മയേയും സാന്ധില്യയേയും കാണിച്ചു നായരുടെ സ്തുതിഗീതം പാടി. "അന്യരാജ്യത്തുപോണ ആ പാവം" എന്നു പാച്ചി അന്നു മുഴവനും നായൾക്ക നാമം കല്പിച്ചു.

മദ്ധ്യാഹ്നത്തിനുമുൻപേ ആദിച്ചപ്പിള്ളയുടേയും പുത്രന്റെയും ഭക്ഷണം കഴിഞ്ഞു. എന്നത്തേപ്പോലെ സാന്ധില്യ ഇന്ന് അവർ ആഹാരം കഴിക്കുന്നതു കാണുവാൻ അറപ്പുരപ്പടിക്കൽ വന്നിരുന്നില്ല. ഊണു കഴിഞ്ഞ ഉടനേ നായർ യാത്രചോദിക്കുവാനായി അറപ്പുരയിലേക്കു ചെന്നു. അപ്പോരം സാന്ധില്യ ഒരു പായിൽ അവിടെ കിടക്കുന്നതു നായർ കണ്ടു. നായരെ കണ്ട ഉടനേ സാന്ധില്യ എണീററ് അശ്രുക്കരം തുടച്ചു നാണിഅമ്മയുടെ സമീപത്തു ചെന്നുനിന്നു.

ഹൃഷികേശ—"ഞാൻ പോട്ടെ, അമ്മായി?"

നാണി—"അവിടെ ചെന്നുചേന്നാൽ എഴുത്തയയ്ക്കണം."

ഹൃഷികേശ—അയയ്ക്കാം; പോട്ടെ സാന്ധില്യേ"

സാന്ധില്യയ്ക്ക് ഒരക്ഷരംപോലും സംസാരിക്കുവാൻ കഴിഞ്ഞില്ല; ഉടനേ ആദിച്ചപ്പിള്ള അവിടെ വന്നു.

ആദിച്ച—"നേരമാകുന്നു. നേരത്തെ നാഗരുകോവിൽ ചെല്ലണ്ടെ?"

സാന്ധില്യ നായരുടെ മുഖത്തു നയനങ്ങളെ പതിപ്പിച്ചു. അതിനു ശേഷം ആദിച്ചപ്പിള്ളയുടെ മുഖത്തും ഒരു ദയനീയമായ ഭാവത്തോടുനോക്കി. നാണിഅമ്മയ്ക്കു മാത്രം ഈ നോട്ടങ്ങളിൽ അന്തർഭവിച്ചിരുന്ന പ്രാർത്ഥന മനസ്സിലാക്കാൻ കഴിഞ്ഞു.

ഹൃഷികേശ—"നമുക്കു പോകാം അച്ഛാ."

അവർ രണ്ടുപേരും അറപ്പുരയിൽ നിന്നും പോയതിനു ശേഷം സാന്ധില്യ പൊട്ടിക്കരഞ്ഞുകൊണ്ട് വീണ്ടും അവിടെ വിരിച്ചിരുന്ന കിളിഞ്ഞത്തെ പ്രാപിച്ചു.

സാന്ധില്യ—(ഗദ്ഗദസ്വരത്തോടുകൂടി):—"എനിക്കു പണമുണ്ടായിരുന്നെങ്കിലോ, ദൈവമേ—"

നാണിഅമ്മ മകളെ സമാധാനപ്പെടുത്താൻ തുനിഞ്ഞില്ല.

പാച്ചി ആദിച്ചപ്പിള്ളയുടെയും പുത്രന്റെയും പുറകിൽ പടിക്കലേക്കു പോയി. അവിടെ നായരുടെ യാത്ര കാണ്മാനായി പാച്ചുപിള്ള നില്ക്കുന്നുണ്ടായിരുന്നു. നായർ വണ്ടിയിൽ കയറുന്നതിനു മുമ്പേ പിതാവിനെ തൊഴുതു അദ്ദേഹത്തിനോടു യാത്ര ചോദിച്ചു.

ആദിച്ച—"നീ പോയി പണം സമ്പാദിച്ചുകൊണ്ടുവാ, നിന്റെ തറവാട്ടുകാര്യമൊക്കെ ഞാൻ നോക്കിക്കൊള്ളാം. നിന്റെ അമ്മാവന്റെ കടക്കാരെയെല്ലാം ഞാൻ——"

ഹൃഷികേശ—"അച്ഛന്റെ വാക്കുകേട്ട് എന്റെ വ്യസനത്തിനു കുറവുണ്ട്. ഇത്രയും ചെയ്തതിനു എനിക്കു അച്ഛനോടു പറഞ്ഞറിയിക്കാൻ പാടില്ലാത്ത നന്ദിയുണ്ട്. പാച്ചീ പോട്ടെ."

നായർ ഉടനെ പാച്ചുപിള്ളയോടുകൂടി യാത്ര ചോദിച്ചുകൊണ്ടു വണ്ടിയിൽ കയറി. വണ്ടി നീങ്ങിയ ഉടനേ ആദിച്ചപ്പിള്ള മന്ദസ്വരത്തിൽ "തൊല്ലതീന്നു" എന്നു പറഞ്ഞു. ഇതു് സമീപത്തു നിന്നിരുന്ന പാച്ചുപിള്ള കേരംക്കുകയും ചെയ്തു.

# അദ്ധ്യായം ൧൭.

പാർത്ഥന്മാരിനിവന്നാലുടനേ
തീർത്തുരചെയ്യാമില്ലവിവാദം
തീർത്ഥസ്നാനമൊരിരുപതുവർഷം
പാർത്ഥന്മാർക്കിനിയുംകൽപിക്കാം
പിന്നെവരുമ്പോൾപിന്നെയുമുണ്ടാ-
മെന്നുടെകൌശലമതിലുമൊരധികം."

ഈ കഥയുടെ രസച്ചരടു പൊട്ടിക്കാതെ ഇരിക്കുവാനായി തിരുവനന്തപുരത്തുള്ള ചിട്ടിക്കാരുടെ കാര്യം ഇവിടെ തുടർച്ചയായി സംഗ്രഹിക്കുന്നു. അയ്യാത്തുരയ്യർ തിരുവനന്തപുരത്തു വന്നു മാതുപിള്ളയുടെ ചിററാളന്മാരോട് ആദിച്ചപ്പിള്ളയുടെ സന്ദേശം പറഞ്ഞു. അവരിൽ ചിലർ ആദിച്ചപ്പിള്ളയുടെ ധനബാഹുല്യത്തെപ്പററി കേട്ടിട്ടുണ്ടായിരുന്നു. ഇവർ മററുള്ള ചിററാളന്മാരെ ഈ വിവരം ധരിപ്പിച്ചു. തിരുവനന്തപുരത്തെ കച്ചവടക്കാരിൽ നിന്നും അയ്യാത്തുരയ്യർ ധനികനാണെന്നും അവർ അറിഞ്ഞു. അദ്ദേഹത്തിനെ കാര്യസ്ഥനാക്കിയെന്ന് അറിഞ്ഞപ്പോൾ ചിററാളന്മാർക്കു പണം കിട്ടുമെന്നു ധൈര്യം വന്നു. അതുകൊണ്ട് അവർ എല്ലാവരും ആദിച്ചപ്പിള്ളയുടെ വാക്കിനെ വിശ്വസിച്ചു കോടതികളുടെ സഹായം അപേക്ഷിക്കാതെ അടങ്ങിപ്പാർത്തു.

ഇപ്രകാരം എട്ടുമാസം കഴിഞ്ഞപ്പോൾ അയ്യാത്തുരയ്യർ മാതുപിള്ളയുടെ വസ്തുക്കൾ വിററ് ഓരോ ചിട്ടിക്കാർക്കും അവരവർക്കു ചെല്ലേണ്ടതായ തുകയിൽ രണ്ടിൽ ഒരംശം കൊടുത്തു. ഇതു ലഭിച്ചയുടനെ അവർ ആദിച്ചപ്പിള്ളയെ സ്തുതിച്ചുതുടങ്ങി. ശേഷമുള്ളവയും ആദിച്ചപ്പിള്ള തന്നെ തന്നുതീർക്കുമെന്നു അവർക്കു വിശ്വാസം ജനിക്കുകയും ചെയ്തു. ഈ വിശ്വാസത്തോടുകൂടി ചിട്ടിക്കാർ പിന്നെയും ഒരു വർഷം ക്ഷമിച്ചിരുന്നു.

ഒരുവർഷം കഴിഞ്ഞതിനു ശേഷവും പണത്തിന്റെ വർത്തമാനം യാതൊന്നും കേൾക്കാത്തതുകൊണ്ടു ചിട്ടിക്കാർ ഒന്നുചേർന്നു ആദിച്ചപ്പിള്ളയ്ക്കു അതിനെപ്പററി എഴുതി അയച്ചു. ചിട്ടിപ്പത്രങ്ങൾപ്രകാരം വരുവാനുള്ള തുകയെയും പററിയ തുകയെയും അവർ അയ്യാത്തുരയ്യരെ ബോദ്ധ്യപ്പെടുത്തണമെന്നും, ശേഷമുള്ള പണങ്ങളുടെ കണക്കു കണ്ടതിനു ശേഷം ചിട്ടിപ്പുസ്തകങ്ങളും കൈക്കണക്കുകളും പരിശോധിച്ചു വേണ്ടതുപോലെ ചെയ്യാമെന്നും ആദിച്ചപ്പിള്ള ചിട്ടിക്കാർക്ക് മറുപടി അയച്ചു.

ഋണദാനംചെയ്തവനെ ഒരു ഭ്രാന്തനോടു നമുക്ക്സദൃശപ്പെടുത്താം. അവൻഇന്നസമയത്തു ഇന്നതു പ്രവർത്തിക്കുമെന്നു നിശ്ചയമായി പറയുവാൻ പ്രയാസമാണ്. ഒരിക്കൽ തനിക്കു കിട്ടുവാനുള്ള പണത്തിന്റെ ഒരു അംശംമാത്രം തൽക്കാലം ലഭിച്ചാൽ മതിയാകും എന്ന് അവൻ വിചാരിക്കും. വേറെ ഒരിക്കൽ അവൻ അന്ന്യായം കൊടുക്കുന്നതിന് ഒരുങ്ങും. പിന്നൊരിക്കൽ കടം വാങ്ങിയവനോടു കലഹിക്കാതെ പണംവാങ്ങുവാൻ അവൻശ്രമിക്കും. ഇന്ന് അവൻ തന്റെ വീട്ടുകാരോടു സന്തോഷിച്ചിരിക്കും. അപ്പോൾ അവരെ സന്തോഷിപ്പിക്കുവാനായി തന്റെ പണത്തിൽ ഒരു കാശുപോലും വിട്ടുകൊടുക്കുകയില്ലെന്ന് അവൻ നിശ്ചയിക്കും. നാളെ അവൻ അവരോടു പിണങ്ങും. "ഞാൻ എന്തിനാണ് നടന്നു ബുദ്ധിമുട്ടുന്നതു്? ആർക്കു സമ്പാദിച്ചു കൊടുക്കുവാനാണ്? തരുമ്പോൾ തരട്ടെ," എന്ന് അപ്പോൾ അവൻ വിചാരിച്ച് അടങ്ങിയിരിക്കും. മൂന്നാം ദിവസം അവർ വക്കീലിനെക്കണ്ടു് അന്ന്യായം കൊടുക്കുവാൻ ഏർപ്പാടു ചെയ്യുകയുംചെയ്യും.

ഒരു കാകന്റെ ശിരസ്സിൽ അല്പം വെണ്ണവെച്ച് അതു ഉരുകി ആ പക്ഷിയുടെ നേത്രങ്ങളിൽ വീഴുമ്പോൾ അതിനെ പിടിക്കണം എന്നൊരു ബുദ്ധിപൂർവ്വമായ ഉപായത്തെ വായനക്കാർ കേട്ടിരിക്കുമെല്ലോ. ഇതുപോലെതന്നെയാണ് ഒരു നായർതറവാട്ടിലുള്ള ഋണകർത്താവിന്റെ പ്രമാണങ്ങളിൽനിന്ന് ഋണദാനം ചെയ്യുവൻ പണം ഈടാക്കുന്നതു്. ആദിച്ചപ്പിള്ളക്കു കുസീദകന്മാരുടെ ചേഷ്ടകൾ നല്ലതിൻവണ്ണം അറിയാമായിരുന്നു. തിരുവനന്തപുരത്തുള്ള ചിട്ടിക്കാരിൽ ചിലർ കോപിച്ചു തങ്ങൾക്കു കണക്കു ബോധിപ്പിക്കുവാൻ മനസ്സില്ലെന്നും മററും പറഞ്ഞുതുടങ്ങി. ചിലർ ഹൃഷികേശൻനായരുടെ പേരിൽ അന്യായം കൊടുത്തു ഏകപക്ഷം വിധിസമ്പാദിച്ചു. അധികം ആളുകളും കണക്കുകളെ അയ്യാത്തുരയ്യരെ ബോദ്ധ്യപ്പെടുത്തി.

ഇങ്ങനെ ആറുമാസങ്ങൾ കഴിഞ്ഞു. അപ്പോൾ തങ്ങൾക്കു കിട്ടുവാനുള്ള പണങ്ങളിൽ ഒരു ഓഹരി കിട്ടിയാൽ ശേഷം ഉപേക്ഷിക്കാം എന്നു ചിട്ടിക്കാർ പറഞ്ഞുതുടങ്ങി. ഈ വിവരം അടങ്ങിയിരുന്ന എഴുത്തു വായിച്ചപ്പോൾ ആദിച്ചപ്പിള്ള മനസാ ചിരിച്ചു. ഈ ലേഖനത്തിനു മറുപടിയായി, ഒരുവർഷത്തിനകം അവർ ആവശ്യപ്പെടുന്നഭാഗം കൊടുത്തുതീർക്കാമെന്നും, ചിട്ടികൾപിടിച്ച് അവയെകെട്ടിഅടയ്ക്കാതെ മുടക്കിയ ചില ചററാളന്മാരിൽനിന്നും ഒരു അംശം ഈടാക്കേണ്ടതാണെന്നും അയ്യാത്തുരയ്യർ മുഖേന ആദിച്ചപ്പിള്ള ചിട്ടിക്കാരെ ധരിപ്പിച്ചു. ഈ ഒരുവർഷവും അവർ ക്ഷമിച്ചിരിക്കുകയും ചെയ്തു.

അതിനുശേഷം ചിട്ടിക്കാർ ആദിച്ചപ്പിള്ളക്കുപിന്നെയും ലേഖനങ്ങൾ എഴുതിത്തുടങ്ങി. ഹൃഷികേശൻനായർ മലയിൽ താമസിച്ചു പണംഉണ്ടാക്കുന്നുവെന്നും, കുറേക്കാലംകൂടി ക്ഷമിച്ചിരുന്നാൽ നായർ കടം ആസകലം വീട്ടുമെന്നും, അവർതന്നെ ബുദ്ധിമുട്ടിക്കുന്ന വിവരം താൻ നായർക്ക് എഴുതി അയച്ചിട്ടുണ്ടെന്നും, അതിനു മറുപടി താൻ പ്രതീക്ഷിച്ചിരിക്കുകയാണെന്നും ആദിച്ചപ്പിള്ള ഉടനേ ചിട്ടിക്കാരെ മനസ്സിലാക്കി. പണം മുഴുവനും ലഭിക്കുമെന്നുള്ള ആശകൊണ്ട് അവർ പിന്നെ നാലുവർഷം ക്ഷമിച്ചിരിക്കുകയും ചെയ്തു.

അയ്യാത്തുരയ്യർ തിരുവനന്തപുരത്തുനിന്നും പത്മനാഭപുരത്തേക്കു തിരിച്ചു ചെന്നിരുന്നില്ല. ആ ദ്വിജവരൻ ഒരു പാട്ടുകാറിയെക്കണ്ടു ഭ്രമിച്ച് അവളോടുകൂടി തിരുവനന്തപുരത്തു സ്ഥിരതാമസം തുടങ്ങി. ഈ സംഭവം ലക്ഷ്മിഅമ്മയെ വിഷാദിപ്പിച്ചുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആ സതീരത്നത്തിനു കാലക്ഷേപത്തിനു മുതലുണ്ടായിരുന്നതുകൊണ്ടു ലക്ഷ്മിഅമ്മയുടെ വിരഹതാപം അധികം കാലം നിലനിന്നില്ല. തന്റെ പുത്രനെക്കൊണ്ടു സാന്ധില്യയെ വിവാഹം ചെയ്യിപ്പിക്കുവാൻ സാധിക്കാതെവന്നതുകൊണ്ടു മാത്രമേ ലക്ഷ്മിഅമ്മയ്ക്കു മനസ്താപം ഉണ്ടായൊള്ളു. ലക്ഷ്മിഅമ്മയുടെ പുത്രിക്കും നല്ല ഭർത്താക്കന്മാരെ ലഭിക്കുവാൻ പ്രയാസമായിത്തീർന്നു. അതുകൊണ്ട് ഒടുവിൽ ആ സ്ത്രീ തന്റെ മകളെ ഒരുവിധം കാലക്ഷേപത്തിനുള്ള ഒരു പത്മനാഭപുരത്തുകാരനുതന്നെ വിവാഹം ചെയ്യിച്ചുകൊടുത്തു. ഗോവിന്ദപ്പിള്ള പിതാവിനെ പിൻതുടൎന്നു തിരുവനന്തപുരത്തുപോയി അവിടെത്തന്നെ സന്നതുവാങ്ങി വക്കീൽപണിയിൽ പ്രവേശിക്കുകയും ചെയ്തു. ഇപ്രകാരം ഇലഞ്ഞിമൂട്ടുകാർക്കു ശത്രുബാധ ഒഴിഞ്ഞു.

ഒരിക്കൽ ലക്ഷ്മിഅമ്മ കുറേ രൂപ ഈടുവെച്ചു കടംവാങ്ങിക്കുവാനായി കുവലത്തറയിൽ ചെന്നു. അപ്പോൾ ആ സ്ത്രീയും ആദിച്ചപ്പിള്ളയും തമ്മിൽ അയ്യാത്തുരയ്യരെപ്പററി ഒരു സംഭാഷണം ഉണ്ടായി.

ആദിച്ച—"അദ്ദേഹം ഇങ്ങനെ ചെയ്യുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. നിങ്ങളുടെ കാൎയ്യം വിചാരിച്ച് എനിക്കു വളരെ മനസ്താപം ഉണ്ട്."

ലക്ഷ്മി—(വ്യസനത്തോടുകൂടി)—"അണ്ണന്റെ കാൎയ്യം അന്വേഷിക്കാൻ പോയതുകൊ

ങ്ങളല്ലേ ഇങ്ങിനെയൊക്കെ വന്നത്."

ആദിച്ച—"ഈശ്വരനാണെ ഞാൻ സ്വാമിയോട് അവിടെ പോവാൻ പറഞ്ഞില്ലെ. ഗംഗാധരൻപിള്ള പോവാൻ തയ്യാറായിരുന്നതാണ്. അപ്പോൾ അദ്ദേഹം പോകാമെന്ന് വലിയെകേറിഏററു. ഞാൻ അദ്ദേഹത്തെ തടയാനേ നോക്കിയുള്ളു."

ഇതുകൊണ്ട് അയ്യാത്തുരയ്യർ തനിക്ക് ഒരു ഉപകാരവും ചെയ്യതായി ആദിച്ചപ്പിള്ള വിചാരിച്ചിരുന്നില്ലെന്നു നമുക്കു മനസ്സിലാക്കാം.

---

## അദ്ധ്യായം ൰൮.

"മലിനതരചികുരവസനംപൂണ്ടുദീനയായ്
മൈഥിലിതാൻകൃശഗാത്രിയായെത്രയും
ഭയവിവശമവനിയിലുരുണ്ടുംസദാഹൃദി
ഭർത്താവുതന്നെനിനച്ചുനിനച്ചലം
നയനജലമനവരതമൊഴുകിയൊഴുകിപ്പതി
നാമത്തെരാമരാമേതിജപിക്കയും"

എല്ലാ ദുഃഖഘട്ടങ്ങളിലും സ്ത്രീകൾ പുരുഷനെക്കാൾ അധികം മനോവ്യഥ അനുഭവിക്കേണ്ടിവരുന്നു. പുരുഷനു് ഇതരകർമ്മങ്ങളിൽ പ്രവേശിച്ചു തന്റെ ദുഃഖത്തിന്റെ തീക്ഷ്ണതയെ മറക്കുവാൻ സാധിക്കുന്നതാണ്. ഇങ്ങിനെതന്നെയാണു ഹൃഷികേശൻനായർ ഇപ്പോൾ ചെയ്തുവന്നിരുന്നത്. എന്നാൽ സ്ത്രീകൾക്കാകട്ടെ അന്യകാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചു തങ്ങളുടെ മനോവേദനയെ വിസ്മരിക്കുവാൻ സൌകര്യങ്ങൾ ഇല്ലതാനും. അതുകൊണ്ട് അവർ കണ്ണുനീരുംകയ്യുമായി സമയം കഴിക്കുന്നു. ഇതുപോലെ ആയിരുന്നു സാന്ധില്യയുടെ അവസ്ഥയും. സ്ത്രീജീവിതമാകുന്ന പൂഞ്ചേല എല്ലായ്പോഴും രാഗം, ദുഃഖം, മോഹം, ഭീതി, ആത്മത്യാഗം എന്നുള്ള പട്ടുനൂലുകൾകൊണ്ടാണു നെയ്യപ്പെട്ടിട്ടുള്ളതെന്നു സാന്ധില്യക്കു മനസ്സിലായിത്തുടങ്ങി. സ്ത്രീകൾ അനുഭവിക്കുന്ന സുഖങ്ങളൊന്നും കൂടാതെ അവരുടെ ദുഃഖംമാത്രമേ അവൾക്ക് ഈശ്വരൻ വിധിച്ചിട്ടുണ്ടായിരുന്നൊള്ളു. ഒരുപാത്രം ജലത്തിന്റെ ഉപരിഭാഗം ആസകലം വ്യാപിച്ചുകിടക്കുന്ന സ്നേഹമയം വാസ്തവത്തിൽ ഒന്നോ രണ്ടോ ആജ്യബിന്ദുക്കളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഇതുപോലെതന്നെ സാന്ധില്യയുടെ ദീർഘമായ ജീവിതകാലത്തിൽ വ്യാപിച്ചുകിടന്നിരുന്ന സ്നേഹസൌഖ്യങ്ങൾ യഥാർത്ഥത്തിൽ തീരെ പരിമിതങ്ങളായിരുന്നുതാനും.

ഹൃഷികേശൻനായരുടെ ഗമനംമുതൽ കുവലത്തറവീട്ടുകാർ മുൻപിലത്തെപ്പോലെതന്നെ സമയംകഴിച്ചുവന്നു. സാന്ധില്യക്കുമാത്രം ആ ഭവനം നിർജ്ജനമായിത്തോന്നി. പടിപ്പുര നായർ ഉപയോഗിച്ചിരുന്നതുപോലെതന്നെ അവൾ ശുദ്ധമാക്കിവെച്ചിരുന്നു.

സാന്ധില്യ—"ആർക്കറിയാം? അദ്ദേഹം നമ്മൾ വിചാരിക്കുന്ന സമയത്തിനുമുമ്പേ തിരിച്ചുവന്നാലൊ!"

പാച്ചി—"അയ്യോ! ആ പിള്ളയെ കാമ്മാൻ എന്റെ കണ്ണുതിരുട്ടികൾ കൊതിക്കുണു. എന്നെ ഛീ പോ എന്നൊരുവാക്കു പിള്ള പറഞ്ഞിട്ടില്ല. കണ്ടാലും കൊള്ളാം. പിള്ളയുടെ നിറമോ! പഴുക്കച്ചുട്ട തങ്കംപോലെ."

ഈ സ്തുതികേട്ട് അളവററ കൃതജ്ഞതയോടുകൂടി സാന്ധില്യ പാച്ചിയുടെ മുഖത്തുനോക്കി.

പാച്ചി—"എന്തെരു് നോട്ടമപ്പീ! ഇങ്ങനെ പെണ്ണുങ്ങൾ മനുച്ചരെ നോക്കരുതു്."

നായരുമായുള്ള വിയോഗം മുതൽ സാന്ധില്യയുടെ സൌന്ദൎയ്യം ഒരു നൂതനരീതിയിൽ വൎദ്ധിച്ചുവന്നു. സാന്ധില്യയുടെ ആത്മാവിനെ ആവരണം ചെയ്തിരുന്ന അനുരാഗവും, കാമുകൻ തന്നെ സ്നേഹിക്കുന്നു എന്നുള്ള ബോധവും അവളുടെ വദനത്തിന്നു് ഒരു പ്രത്യേക തേജസ്സു കൊടുത്തു. ചുരുക്കിപ്പറഞ്ഞാൽ, നായരുടെ ആഗമനത്തിനു മുമ്പുണ്ടായിരുന്ന സാന്ധില്യയ്ക്കും ഇപ്പോഴത്തെ സാന്ധില്യയ്ക്കും തമ്മിൽ, കണ്വാശ്രമത്തിൽ മാൻപേടകളോടു ക്രീഡിച്ചുവസിച്ചിരുന്ന ശകുന്തളയ്ക്കും കാശ്യപാശ്രമത്തിൽ നിവസിച്ച ശകുന്തളയ്ക്കും തമ്മിലുള്ള വ്യത്യാസം ഉണ്ടായിരുന്നു.

ഹൃഷികേശൻനായർ പോയദിവസം മുതൽ സാന്ധില്യ ദിവസവും നീലകണ്ഠസ്വാമികോവിലിൽ ചെന്നു കുളിച്ചുതൊഴുതുവന്നു. അവളുടെ ദിവസംപ്രതിയുള്ള പ്രാൎത്ഥന നായരെപ്പററി ആയിരുന്നുതാനും. സ്നാനവും സ്വാമിദൎശനവും കഴിഞ്ഞുവന്നു് ആഹാരം കഴിച്ചതിന്നുശേഷം അവൾ മനോരാജ്യത്തിൽ മുങ്ങി നായരുമായി സ്വൈരസല്ലാപം നടത്തിയ അടുക്കളവരാന്തയിൽ ചെന്നുനില്ക്കും. ആ കിണററിന്റെ സമീപമുള്ള മാതളവൃക്ഷത്തിന്റെ മൂട്ടിൽ ഇരുന്നു തന്റെ പ്രാണപ്രിയൻ ദന്തശോധനം ചെയ്തുകൊണ്ടു സാന്ധില്യയ്ക്കു് അതു് ഒരു പുണ്യസ്ഥലമായിത്തീൎന്നു. ഈ വൃക്ഷത്തെ അവൾ കുറേനേരം നോക്കിനില്ക്കും. പിന്നെ ഹൃഷികേശൻനായർ ഉപയോഗിച്ചിരുന്ന പടിപ്പുരയിൽ അവളുടെ നയനങ്ങൾ പതിയും. ഇതിനെ നോക്കിനില്ക്കുമ്പോൾ അവൾക്കു ദൂരെയായി തോയവാഹാവൃതങ്ങളായ വേളിമലയുടെ തുംഗശൃംഗങ്ങളെ കാണ്മാൻ കഴിയുമായിരുന്നു. ഭൂമിശാസ്ത്രജ്ഞാനം സാന്ധില്യയ്ക്കു സുലഭമല്ലായിരുന്നുവെങ്കിലും നായർ നിവസിച്ചിരുന്ന ഭൂപ്രദേശം ആ പൎവ്വതപംക്തിയുടെ പൂൎവ്വഭാഗത്താണെന്നു അവൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു് അവളുടെമനസ്സു് ആ ശൈലശിഖരങ്ങളെ നിഷ്പ്രയാസം തരണംചെയ്തു പൂൎവ്വദിക്കിലേക്കു ഉടനേ ഗമിച്ചിരുന്നു. അവിടെ തന്റെ കാമുകൻ ആ സമയങ്ങളിൽ എന്തുചെയ്തിരുന്നുവെന്നു് അവൾ ആത്മപ്രശ്നംചെയ്തു കുറേ സമയം കഴിച്ചുകൂട്ടുകയും ചെയ്യും. ഇപ്രകാരമുള്ള ധ്യാനംകഴിച്ചതിനു ശേഷമേ അവൾ ഗൃഹജോലിയിൽ പാച്ചിയെ സഹായിക്കുവാൻപോകുകയുള്ളു.

ലക്ഷ്മിഅമ്മ കുവലത്തറയിൽ വരുമ്പോൾ സാന്ധില്യ ഉത്സാഹത്തെ നടിച്ചു് ആ സ്ത്രീയോടു സംസാരിക്കുവാനും കളിക്കുവാനും മടികാണിച്ചിരുന്നില്ല. നായരെപ്പററി അവൾ നാണിഅമ്മയോടും പാച്ചിയോടും മാത്രമേ സംസാരിച്ചിരുന്നൊള്ളു. തന്റെ യജമാനനെ ദ്രോഹിക്കാതെ സാന്ധില്യയോടു സഹതപിക്കാമെന്നു വിചാരിച്ചിരുന്ന പാച്ചി ചിലപ്പോൾ ഇപ്രകാരം പറയുക പതിവാണു്.

പാച്ചി—"എനിക്കു ഒരുത്തൻ മുണ്ടുതരാനുണ്ടെങ്കി ഞാൻ അങ്ങേരുടെ പുറകെ എത്തു കാട്ടിലും പോവും. അങ്ങേക്കുവേണ്ടി ചാവാനും പേടിക്കില്ല. അതുപറഞ്ഞിട്ടു കാൎയ്യമെന്തപ്പീ. അതിന്നു് പഹവാൻ എന്റെ തലയിലെഴുതീട്ടില്ല. നമ്മടെ കൊച്ചപ്പിഅണ്ണൻ എനിക്കു മുണ്ടുതരാമെന്നു പറയുണു. ഇതു ഞാൻ പട്ടിണികിടന്നുണ്ടാക്കിയ ചക്രം കൈക്കലാക്കാനുള്ള ജാടയാണു്. ആ കരി—കുമത്തനങ്ങുന്നും സാമിയുടെ മോനും ഇതുപോലെ അപ്പീയുടെ ചക്രംകൊണ്ടു പോവാനാണു് ഇവിടെ വരണതു്. എനിക്കു കണ്ണുണ്ടു്. എങ്കിലും അപ്പീ, ആണുങ്ങളു് പുറകേ നടക്കണതു് പെണ്ണുങ്ങക്കു് ഇഷ്ടമാണു്."

മൂന്നുമാസങ്ങൾ ഇങ്ങിനെ കഴിഞ്ഞു. ഹൃഷികേശൻ നായരെപ്പററിയുള്ള സ്മരണകൾ ആ മൂന്നു സ്ത്രീകളുടെയും ജീവിതത്തിന്റെ ഏകരൂപതയെ നശിപ്പിച്ചു. ദിവസംപ്രതി സാന്ധില്യ നായർ തന്നെ ഏല്പിച്ചിരുന്ന രുദ്രാക്ഷമാലയെ നോക്കി ചിന്താമഗ്നയായി ഇരിക്കുക പതിവായിരുന്നു. ഒരിക്കൽ ഇങ്ങിനെ ആ മാല കൈയ്യിൽ

വെച്ചുകൊണ്ടു ചിന്താപരവശയായി ഇരിക്കുന്ന പുത്രിയെ നാണിഅമ്മ കണ്ടു. ഉടനെ സാന്ധില്യ ആ രാത്രിയിലെ സംഭവങ്ങളെ മാതാവിനോടു പറഞ്ഞു.

നാണി—(ഭയത്തോടുകൂടി):—"ആ തുലാഭാരക്കാശെല്ലാം അയാൾക്കു കൊടുത്തോ! നിന്റെ അമ്മാവന്നു് അതു കാണണമെന്നു പറഞ്ഞാലോ? അങ്ങേരു തിരുവോണത്തിനു അതു ചോദിക്കുമല്ലൊ."

മാതുലന്റെ പരിശോധനയെ മറന്നിരുന്ന സാന്ധില്യ നാണിഅമ്മയുടെവാക്കുകൾ കേട്ടു വ്യസനിച്ചുതുടങ്ങി.

നാണി—"ഇതു മുമ്പെ പറഞ്ഞിരുന്നെങ്കിൽ വല്ല നിവൃത്തിയുമുണ്ടാക്കാമായിരുന്നു. അയ്യാത്തുരയ്യൻസ്വാമി പോയപ്പോൾ തിരുവനന്തപുരത്തുനിന്നു തുലാഭാരക്കാശു കൊണ്ടുവരാൻ പറഞ്ഞയയ്ക്കാമായിരുന്നു."

സാന്ധില്യ—"അതിനു പണം വേണ്ടെ?"

നാണി—"അതു് ലക്ഷ്മിഅക്കനോടു കടം വാങ്ങിക്കാം. കുറേശ്ശെ കൊടുത്തു വീട്ടാമായിരുന്നു."

സാന്ധില്യ—"ഇനി അതു പറഞ്ഞിട്ടു് കാര്യമെന്തു് അമ്മാ. ഓണം അടുത്തല്ലൊ."

നാണി—"പൊച്ചുപിള്ളഅണ്ണനോടു ചോദിച്ചാൽ അങ്ങേരുടെ കൈയ്യിൽ തുലാഭാരക്കാശു കാണുമായിരിക്കും."

സാന്ധില്യ—"അതു വേണ്ടമ്മാ. അങ്ങിനെ ചെയ്താൽ അവൎക്കു നമ്മുടെമേൽ ഒരു പിടികാണും. ഞാൻ ഒന്നു നിശ്ചയിച്ചുകഴിഞ്ഞു. ഞാൻ ചെയ്തതിൽ തെററു് ഒന്നുമില്ല. ഈശ്വരൻ എന്നെ രക്ഷിക്കും. ആ എഴുത്തു അമ്മ വായിച്ചിരുന്നെങ്കിൽ അദ്ദേഹത്തിനെക്കുറിച്ചു മാത്രമേ അമ്മ വിചാരിക്കുവൊള്ളൂ."

ഈ സംഭാഷണം കഴിഞ്ഞതിനുശേഷം ഭയാക്രാന്തചിത്തകളായി അവർ കുറേ ദിവസങ്ങൾ കഴിച്ചുകൂട്ടി. ജലദോഷം പിടിപെട്ടിരുന്ന നാണിഅമ്മയെ ഈ ഭയം വളരെ ക്ഷീണിപ്പിക്കയുംചെയ്തു.

തിരുവോണദിവസം പുലൎന്നു. ആ ദിവസത്തിൽ ആ ഭവനത്തിലുള്ള മൂന്നു സ്ത്രീകളും രാവിലേ മുൻവശത്തെ തളത്തിൽ ചെന്നു് ആദിച്ചുപ്പിള്ളയുടെ കയ്യിൽനിന്നു് ഓണക്കോടികൾ വാങ്ങിക്കുകയായിരുന്നു പതിവു്. അന്നു് എപ്പൊഴെങ്കിലും ആദിച്ചുപ്പിള്ള സാന്ധില്യയുടെ സ്വൎണ്ണനാണയങ്ങളെ പരിശോധിക്കയും ചെയ്തിരുന്നു. ഇങ്ങിനെ ഓണത്തിനും വിഷുവിനും ആദിച്ചുപ്പിള്ള ഭാഗിനേയിയുടെ ഭണ്ഡാരപരിശോധന നടത്തിവന്നിരുന്നതാനും.

ഈ തിരുവോണദിവസം മാതാവും പുത്രിയും പതിവുപോലെയുള്ള ഓണക്കോടികൾ വാങ്ങിക്കുവാൻ മടികാണിച്ചു. നാണിയമ്മ തന്റെ ജലദോഷം ഒഴികഴിവുപറഞ്ഞു്, സാന്ധില്യയെ തന്റെ ഓണക്കോടിയുംകൂടി വാങ്ങിക്കൊണ്ടുവരുവാൻ ആദിച്ചുപ്പിള്ളയുടെ മുമ്പിൽ അയച്ചു. സാന്ധില്യ അപ്രകാരം ചെയ്യുകയും ചെയ്തു.

കുറെ കഴിഞ്ഞപ്പോൾ ആദിച്ചുപ്പിള്ള,

"കുലഗിരിസമനായ കുലയൌവനത്തലവന്റെ
കുലമെല്ലാമൊരുമ്പാടെ കൊലചെയ്തൊരുമാകാന്തൻ."

എന്നു പാടിക്കൊണ്ടു സഹോദരിയുടെ സുഖക്കേടു് അന്വേഷിക്കുവാനായി അറപ്പുരപ്പടിക്കൽ വന്നു.

ആദിച്ചു—"പനിയുണ്ടോ, നാണി?"

നാണി—"ഇല്ലണ്ണാ. ഒരു കുളിരുമാത്രമേ ഉള്ളൂ."

ആദിച്ചു:—എങ്കിൽ സാരമില്ല. ഇന്നു പനിയുണ്ടെങ്കിൽ എങ്ങനെ പായസം കുടിക്കും? അയ്യാത്തുരയ്യൻസ്വാമി കുറേ മലക്കറിവിത്തു ബെങ്കി അയച്ചിട്ടുണ്ടു്. അതു് അഞ്ചലാപ്പീസിൽ ചെന്നു വാങ്ങിച്ചുകൊണ്ടുവരട്ടെ."

ഇത്രയും പറഞ്ഞതിനുശേഷം കുവലത്തറ മൂപ്പർ അഞ്ചൽആപ്പീസിലേക്കുതിരിച്ചു.

നാണി—"സാന്ധില്യെ! അണ്ണെൻ ഇന്നു വഴക്കു പിടിക്കുവില്ലെന്നു തോന്നുന്നു. അങ്ങേരു് ഇന്നു തുലാഭാരക്കാശിന്റെ കാൎയ്യം മറന്നുപോകുമായിരിക്കാം."

പാച്ചി—"അങ്ങുന്നു് ഇന്നു് ആളുമാറിയിരിക്കിണു. കാലത്തു എന്നെ കണ്ടപ്പം 'ഇന്നു് ഓണമല്ലെടി, തടിച്ചി' എന്നു പറഞ്ഞു. ഒരു കറുത്ത കരയൻപുടവ ഓണക്കോടിയും തന്നു. ഇതാ നോക്കണെം, കൊച്ചമ്മാ. അങ്ങുന്നു നല്ലവനാണ്. വയതാകുന്തോറും ആളുകൾ അറുത്ത കൈക്കു് ഉപ്പിട്ടൂല്ല. അങ്ങുന്നു് അങ്ങനത്തവനല്ല. പുളിയെപ്പോലെ പഴകുന്തോറുംഅങ്ങുന്നിനു ഇനിപ്പു കൂടിവരുണു."

ആദിച്ചപ്പിള്ളയുടെ ഇപ്രകാരമുള്ള ഉത്സാഹത്തിനും ഔദാൎയ്യത്തിനും കാരണം അയ്യാത്തുരയ്യരുടെ ലേഖനമായിരുന്നു. അതിൽ ആദിച്ചപ്പിള്ള ആവശ്യപ്പെട്ടിരുന്നതുപോലെ രണ്ടുമാസത്തെ പലിശപ്പണമായ ഇരുനൂറുരൂപ മണിയോർഡർ ചെയ്തിരിക്കുന്നുവെന്നു് അയ്യാത്തുരയ്യർ എഴുതിയിരുന്നു. ഇങ്ങിനെ തിരുവനന്തപുരത്തുള്ളവൎക്ക് അയ്യാത്തുരയ്യരുടെ പ്രയത്നത്താൽ താൻ കടം കൊടുത്തിരുന്ന മുതലിൽനിന്നു മാസം നൂറുരൂപ കിട്ടുമെല്ലോ എന്നു വിചാരിച്ചു ആദിച്ചപ്പിള്ള സന്തോഷിച്ചു. പത്മനാഭപുരത്തുള്ളവൎക്കുതന്നെ കടം കൊടുത്ത വകയിൽനിന്നു് ആദിച്ചപ്പിള്ളക്കു മാസം വരൊരു നൂറു രൂപ ലഭിച്ചിരുന്നു. ഇതു് കുവലത്തറമൂപ്പരുടെ മൂലധനത്തിനും സ്ഥാവരവസ്തുക്കൾക്കുംപുറമേയുള്ള ആദായമാണ്. ഇതെല്ലാംകൂട്ടി നോക്കിയാൽ ആദിച്ചപ്പിള്ളക്കു് രണ്ടുലക്ഷം രൂപ സമ്പാദ്യം ഉണ്ടു്. അതു വൎദ്ധിച്ചുവരികയല്ലേ ചെയ്യുന്നതു്? ഈ വിചാരങ്ങളായിരുന്നു അദ്ദേഹത്തിന്റെ ആഹ്ലാദത്തിനു കാരണം.

ആരും അറിയാതെ പണം വാങ്ങുവാനാണ് ആദിച്ചപ്പിള്ള രാവിലേ അഞ്ചലാപ്പീസിലേക്കു തിരിച്ചതു്. രൂപ വാങ്ങിക്കൊണ്ടു വരുമ്പോൾ പത്മനാഭപുരനിവാസികൾ അദ്ദേഹത്തിനെക്കണ്ടു മന്ദസ്വരത്തിൽ തമ്മിൽ തമ്മിൽ ഇപ്രകാരം പറഞ്ഞുതുടങ്ങി.

ഒന്നാമൻ—"എവിടെയാണു മഠത്തിൽപിള്ള കാലത്തെ പോയിച്ചുവരണതു്. വല്ല നിധിയും കണ്ടിരിക്കും."

രണ്ടാമൻ—"കുവലത്തറമൂപ്പിലു് തൊടുന്നതൊക്കെ പൊന്നാകും."

മൂന്നാമൻ—"ഇവിടെയുള്ള നിലവും പുരയിടവുമൊക്കെ അങ്ങേരു വാങ്ങിക്കും."

നാലാമൻ—(അദിച്ചപ്പിള്ളയുടെ സമീപത്തു ചെന്നു്)"എന്തു പൊതി അമ്മാവാ മടിയിൽ? പണമാണെങ്കിൽ ഞങ്ങൾക്കു കുറെ തന്നേച്ചുപോണം."

ആദിച്ച—"കുറേ മലക്കറിവിത്താണ്. വേറെ ഒന്നുമല്ല."

ഒടുവിൽ ആദിച്ചപ്പിള്ള കുവലത്തറെ എത്തി തന്റെ ഭണ്ഡാരമുറിയിൽ പ്രവേശിക്കുകയും ചെയ്തു.

---

## അദ്ധ്യായം ൧൫.

"നിജജനകനികടമുപഗമ്യനിന്നീടിനാൾ
നീരദശ്യാമളകോമളരൂപിണി
തലനമിഴിമുനകളിലണഞ്ഞിരിക്കുന്നവൻ
തൻസുതതന്നെഞാൻകണ്ടതില്ലെന്നെഴും
മതിഗതിയൊടധിഗതവെറുപ്പുകാട്ടിക്കുമ-
ത്തുസഹചരൌഘമാഹന്തകണ്ടേററവും."

അന്നുച്ചയ്ക്കു ഭക്ഷണം കഴിക്കുന്നതിനുമുമ്പിൽ തനിക്കു പലിശവകയിൽ ലഭിച്ച രൂപയിൽ ഒരംശത്തെ എങ്കിലും പവനാക്കി വെച്ചുകൊണ്ടിരിക്കണമെന്നു് ആ

ദിച്ചപ്പിള്ള നിശ്ചയിച്ചു. ഈ നിശ്ചയത്തോടുകൂടി അദ്ദേഹം സാന്ധില്യയെ വിളിച്ചു.

ആദിച്ച—"പെണ്ണേ, നിന്റെ സമ്പാദ്യം കാണട്ടെ. നിനക്കുവേണ്ടി ഞാൻ രാവും പകലും ബുദ്ധിമുട്ടുന്നു. കാശുമാല തീൎക്കാറായോ എന്നു നോക്കട്ടെ."

സാന്ധില്യ—ഊണു കാലമായി അമ്മാവാ. അമ്മാവൻ കുളിച്ചുണ്ണണം."

ആദിച്ച—"ഓ! ഇന്ന് തിരുവോണമല്ലെ! എങ്കിൽ അങ്ങിനെ ആകട്ടെ. ഉണ്ടിട്ട് അതു നോക്കാം."

ആദിച്ചപ്പിള്ള സ്നാനത്തിനായി പോയി.

മരണശിക്ഷ അനുഭവിക്കാൻ തയ്യാറാകുന്ന ഘാതകൻ പോലും നാണിഅമ്മയും സാന്ധില്യയും ഈ ഒരുമണിക്കൂറിൽസഹിച്ചമനോവേദനയിൽനിന്നും കഷ്ടപ്പെട്ടുകയില്ല. തന്റെ പ്രാണനായകനുവേണ്ടിയാണെല്ലൊ താൻ മാതുലന്റെ ശിക്ഷ ഏൽക്കുവാൻ പോകുന്നതു് എന്നുള്ള വിചാരം സാന്ധില്യക്ക് അല്പം ആശ്വാസത്തെ പ്രദാനം ചെയ്തു.

ഊണു കഴിഞ്ഞു താംബൂലചൎവ്വണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ആദിച്ചപ്പിള്ള സാന്ധില്യയെ വിളിച്ചു. നാണിഅമ്മ മകളുമായി തളത്തിന്റെ പടിക്കൽ വന്നുനിന്നു.

ആദിച്ച—"അതെടുത്തുകൊണ്ടുവാ സാന്ധില്യെ. കാശുമാല തീൎക്കാറായോ എന്നു നോക്കട്ടെ. പോരാത്തതു ഞാൻ ഒന്നുരണ്ടു വൎഷത്തിനകം ഉണ്ടാക്കാൻ നോക്കാം."

ഇതിന് ഉത്തരം പറയാതെ സാന്ധില്യ അവിടെത്തന്നെ നിന്നു.

ആദിച്ച—"എന്റെ കൈയ്യിൽ ഇപ്പോൾ പൊന്നൊന്നു പറഞ്ഞതേയില്ല. ഞാൻ നിന്റെ സമ്പാദ്യം എടുത്തുകൊണ്ടു നിനക്ക് അതിന്റെ വില ഉറുപ്പികയായി തരാം. പവനു വില കുറയുമ്പോൾ നിനക്ക് അതുകൊണ്ടു നല്ലപവൻവാങ്ങിക്കാം. അപ്പോൾ നിനക്കു ലാഭമുണ്ടാകും. നീ എന്തു് മിണ്ടാതെ നിൽക്കുന്നതു്? നിനക്കതു തരാൻ മനസ്സില്ലെ? ഞാനല്ലെ പറഞ്ഞതു് അതിന്റെ വില തരാമെന്നു്! നിനക്കു കാശുമാല വേഗം ഉണ്ടാക്കിത്തരാം. അതു് എടുത്തുകൊണ്ടുവാ, സാന്ധില്യെ,"

സാന്ധില്യ ആദിച്ചപ്പിള്ളയുടെ മുഖത്തു് ധൈര്യത്തോടുകൂടി നോക്കി.

സാന്ധില്യ—"എന്റെ കൈയ്യിലുണ്ടായിരുന്ന സ്വൎണ്ണമൊക്കെ പോയി, അമ്മാവാ."

ആദിച്ചപ്പിള്ള പെട്ടെന്ന് എണീററു.

ആദിച്ച—"സ്വൎണ്ണം പോയോ?"

സാന്ധില്യ—"അതെ; എന്റെ കയ്യിൽ സ്വൎണ്ണമൊന്നുമില്ല."

ആദിച്ച—"സാന്ധില്യെ, നീ കളിക്കുന്നോ?"

സാന്ധില്യ—"അല്ല."

ആദിച്ച—"എന്റെ പത്മനാഭനാണെ, ഞാൻ നിന്നെ—"

നാണി—"അണ്ണാ—"

ആദിച്ച—"ചലമ്പാണ്ടിരിയെടി. അതു് എന്തുചെയ്തെന്നു പറ, പെണ്ണേ."

നാണിഅമ്മ മോഹാലസ്യപ്പെട്ട് അവിടെ വീഴുവാൻ ഭാവിച്ചു. സാന്ധില്യയും പാച്ചിയും ആ സാധുസ്ത്രീയെത്താങ്ങിഅറപ്പുരയിൽകൊണ്ടുചെന്നു കിടത്തി. സാന്ധില്യ ഇങ്ങിനെ മാതാവിനെ താങ്ങിക്കൊണ്ടു പോകുമ്പോൾ ആദിച്ചപ്പിള്ള ഇപ്രകാരം അവളോടു വിളിച്ചു പറഞ്ഞു.

ആദിച്ച—"നിന്റെ അമ്മയെക്കൊണ്ടു കിടത്തി വെള്ളം വല്ലതും കൊടുത്തേച്ചു വേഗം വാ."

സാന്ധില്യ—"വരാം, അമ്മാവാ."

അല്പനേരംകഴിഞ്ഞതിനുശേഷം സാന്ധില്യ ഓണക്കോടിയുംകൊണ്ടു തളത്തിൽ വീണ്ടും പ്രവേശിച്ചു.

ആദിച്ച—"എന്റെ മരുമോളല്ലെ, നീ? ആ സ്വർണ്ണം എവിടെ എന്ന് അമ്മാവന്റെ അടുക്കൽ പറയുവില്ലെ?"

സാന്ധില്യ തന്റെ ഓണപ്പുടവയും നേര്യതും ആദിച്ചപ്പിള്ളയുടെ നേരെ നീട്ടി.

സാന്ധില്യ—"അമ്മാവൻ എനിക്കു തരുന്നതൊന്നും എനിക്കു ബോധിച്ചതുപോലെ ചിലവാക്കാൻ പാടില്ലെങ്കിൽ, ഇതാ ഓണക്കോടി എടുത്തോളണം. എനിക്കു വേണ്ട."

ആദിച്ചപ്പിള്ള അതിനെ വാങ്ങി തളത്തിൽ വെച്ചു.

ആദിച്ച—"ഞാൻ ഇനി ഒന്നും നിനക്കു തരുവില്ല. നിന്റെ അമ്മാവനോടു നിനക്കു സ്നേഹമില്ല. നിനക്കു ചോറുതരുന്നതു് ആരെന്നറിയാമോ? പൊന്നെവിടെ?"

സാന്ധില്യ—"അമ്മാവനോട് എനിക്കു സ്നേഹമുണ്ട്. എന്നാൽ ഞാൻ കൊച്ചുകുഞ്ഞല്ല. എനിക്കു പതിനാറു വയസ്സായിയെന്ന് അമ്മാവൻ ഓർമ്മിക്കണം. എനിക്ക് എന്റെ പണംകൊണ്ടു് എന്തും ചെയ്യുവാൻ അധികാരമുണ്ട്. ആ പൊന്നു ഞാൻകളഞ്ഞിട്ടില്ല. അതു് നല്ല ഒരാളുടെ കൈവശം ഇരിക്കയാണ്."

ആദിച്ച—"ആരുടെ കൈയ്യിൽ?"

സാന്ധില്യ—"അതു ഞാൻ പറയുവില്ല."

ആദിച്ച—"ഞാൻ നിന്റെ തറവാട്ടിൽ കാരണവനല്ലെ?"

സാന്ധില്യ—"അതൊക്കെ, ശരി. എന്നാൽ ഇക്കാര്യത്തെപ്പററി അമ്മാവൻ ചോദിക്കണ്ട."

ആദിച്ച—"എന്നോടു പറയാൻ പാടില്ലെങ്കിൽ അതിൽ എന്തോ തകരാറു കാണണമെല്ലൊ."

സാന്ധില്യ—"തകരാറൊന്നുമില്ല."

ആദിച്ച—"നീ അതു് എപ്പോൾ കൊടുത്തു എന്നെങ്കിലും പറ."

സാന്ധില്യ ശിരക്കമ്പനം ചെയ്തു.

ആദിച്ച—"വിഷ്ണുവിന് അതു നിന്റെ കൈയ്യിൽ ഉണ്ടായിരുന്നോ?"

അത്യാഗ്രഹം ആദിച്ചപ്പിള്ളയെ സൂത്രശാലിയാക്കിത്തീർത്തു. എന്നാൽ അനുരാഗം സാന്ധില്യയെ ദക്ഷശീലയാക്കിച്ചമച്ചു. അതുകൊണ്ടു് അവൾ വീണ്ടും തല കുലുക്കി.

ആദിച്ച—(ഉച്ചസ്വരത്തിൽ) "ഇതു നല്ല കാര്യം! ഇങ്ങിനെ ഒരു കാര്യം വല്ല തറവാട്ടിലുമുണ്ടോ? എന്റെ വീട്ടിൽവച്ചു നിന്റെ സ്വർണ്ണം വല്ലവരും കൊണ്ടുപോയോ? അതു ഞാൻ അറിഞ്ഞിട്ടാവശ്യവുമില്ല, ഇല്ലെ? പൊന്നുകായ്ക്കുന്ന മരം ഇവിടെ ഇല്ല. പെൺപിള്ളേർ വല്ല ചെറുക്കന്മാരോടുകൂടി ഓടിപ്പോയതായി ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ അവൾ പൊന്നു കൊടുക്കുന്നതു് ഇന്നാദ്യമായിയാണു കേൾക്കുന്നതു്. നീ ആൎക്കു കൊടുത്തു?"

സാന്ധില്യ ഈ ചോദ്യം കേട്ട ഭാവം കാണിച്ചില്ല.

ആദിച്ച—"ഇങ്ങിനെ ഒരു പെണ്ണു വല്ലിടത്തും ഉണ്ടോ? നീയാണോ എന്റെ മരുമകൾ? നീ അതു കൊടുക്കുമ്പോൾ വല്ല പ്രമാണവും വാങ്ങിച്ചോ?"

സാന്ധില്യ—"എന്റെ പണം എനിക്കു ബോധിച്ചതുപോലെ കൊടുത്തുകൂടേ?"

ആദിച്ച—"നീ ഒരു കുഞ്ഞ്."

സാന്ധില്യ—"എനിക്കു പതിനാറു വയസ്സു കഴിഞ്ഞു."

തന്നോടു സാന്ധില്യ തർക്കിക്കുന്നതു കണ്ടു് ആദിച്ചപ്പിള്ളയുടെ കോപം വൎദ്ധി

ച്ചു. അവരം നിൽക്കുന്നതിനുസമീപം ചെന്നു് അദ്ദേഹം ഇപ്രകാരം അട്ടഹാസം ചെയ്തു.

ആദിച്ച—"ദ്രോഹി! എനിക്കു നിന്നോടു വാത്സല്യമുണ്ടെന്നു വിചാരിച്ചു നിനക്കു് എന്തും ചെയ്യാമെന്നോ? നന്ദികെട്ട ദ്രോഹി, നീയും നിൻെറ തള്ളയും ഞാനില്ലെങ്കിൽ ചിരട്ട എടുത്തേനേ. ചോറു തരുന്ന കയ്യു കടിക്കയാണു നീ ചെയ്തതു്. അതെല്ലാം ആ പച്ചക്കാമദേവൻ വാരിക്കൊടുത്തതായിരിക്കാം. എൻെറ പത്മനാഭനാണെ, ഞാൻ നിന്നെ ഒരു പാഠം പഠിപ്പിക്കും. നീ നശിച്ചുപോ. നിനക്കു ഗുണം പിടിക്കുവില്ല. ഹൃഷികേശനാണോ അതു കൊടുത്തതു്?"

സാന്ധില്യ ഒന്നും ഉത്തരം പറഞ്ഞില്ല.

ആദിച്ച—"അവരം അനങ്ങണമെല്ലൊ! നീ അതു വിററു പണം വാങ്ങിച്ചായിരിക്കും. എന്നോടു വാസ്തവം പറ."

സാന്ധില്യ ഹാസ്യരസത്തോടുകൂടി ആദിച്ചപ്പിള്ളയുടെ മുഖത്തു നോക്കി.

ആദിച്ച—"നീ എൻെറ വീട്ടിലാണു താമസം. അതു് ഓർമ്മിച്ചോ; ഇതു തറവാട്ടുവകയല്ല എൻെറ സമ്പാദ്യമാണു്. എനിക്കു ബോധിച്ചതുപോലെ ഇതിനെ വല്ലവക്കും എഴുതിക്കൊടുക്കാം. എൻെറ വീട്ടിൽ താമസിക്കയാണെങ്കിൽ ഞാൻ പറയുന്നതു് അനുസരിച്ചു നടക്കണം."

സാന്ധില്യ മൌനത്തെ അവലംബിച്ചു.

ആദിച്ച—"എൻെറ കണ്ണുംമുൻപെ നിന്നു പോ. ഞാൻ പറയുന്നതനുസരിച്ചു നടക്കാമെന്നു തോന്നുമ്പോരം മാത്രം എൻെറ മുമ്പെ വന്നാൽ മതി. നീ അറപ്പുരയ്ക്കകത്തുനിന്നു വെളിയിലിറങ്ങരുതു്. അവിടെത്തന്നെ എപ്പൊഴും കാണണം. നിനക്കു ചോറും തരുവില്ല. ചാകാണ്ടു കിടക്കാൻമാത്രം രണ്ടുനേരം കഞ്ഞിയും പററും പാച്ചി കൊണ്ടുതരും. പൊയ്ക്കോ, ദ്രോഹീ, എൻെറ കണ്ണുംമുമ്പെ നിന്നു്."

സാന്ധില്യ കരഞ്ഞുകൊണ്ടു അറപ്പുരയിലേക്കു പോയി. ആദിച്ചപ്പിള്ള കുറേനേരം വരാന്തയിൽ ലാത്തി. ഒടുവിൽ സാന്ധില്യ തൻെറ ആജ്ഞയെ അനുസരിച്ചോ എന്നറിയുവാനായി അറപ്പുരയിൽ ചെന്നു. അവിടെ നാണിഅമ്മയുടെ ശയ്യക്കു സമീപം സാന്ധില്യ ഇരുന്നു കരയുകയായിരുന്നു. നാണിഅമ്മ അവളെ സമാധാനപ്പെടുത്തുവാൻ ശ്രമിക്കുന്നതും ആദിച്ചപ്പിള്ള കണ്ടു.

നാണി—"കരയാതെ, സാന്ധില്യെ. നിൻെറ അമ്മാവൻ ദേഷ്യംകൊണ്ടു പറഞ്ഞതാണു്."

ആദിച്ച—"അവരംക്കു് ഇനി അമ്മാവനില്ല. നിൻെറവയററിൽ കിടന്നവളല്ലഇവരം. നീ വളർത്തിയതിൻെറ കുററംകൊണ്ടാണു് അവരം ഇങ്ങിനെവന്നതു്. നീ വലിയ സന്ന്യാസിയാണല്ലൊ. അതുകൊണ്ടാണു മകരം ഇങ്ങിനെ ആയതു്. പൊന്നൊവിടെന്നു പറ."

സാന്ധില്യ ഉത്തരമൊന്നും പറഞ്ഞില്ല.

ആദിച്ച—"ആ ഇരപ്പാളിക്കു അവരം അതു കൊടുത്തിട്ടുണ്ടു്. ഇല്ലെ, നാണീ? നിനക്കറിയാം. വാസ്തവം പറ."

നാണി—"എനിക്കു് ഈ സംഗതി ഒന്നും അറിഞ്ഞുകൂടായിരുന്നു. അണ്ണൻെറ എപ്പൊഴുമുള്ള വഴക്കുകൊണ്ടു് എനിക്കു് ഒരിക്കലും മനസ്സിനു സുഖമില്ല. ഞാൻ ഈ കിടപ്പിൽനിന്നു് എഴീക്കുവില്ലെന്നു് എനിക്കറിയാം. എനിക്കു സുഖമില്ലെന്നു് അണ്ണൻ അറിഞ്ഞതല്ലൊ. അതു വിചാരിച്ചെങ്കിലും ഈ നല്ല തിരുവോണത്തിനു വഴക്കുകൂടാതെ ഇരിക്കാമായിരുന്നു. അണ്ണൻെറ അനന്തരവരം ഒ

രു കുററവും ചെയ്തിട്ടില്ല. അവൾക്ക അണ്ണനെ വലിയ കാൎയ്യമാണ്. അതു കൊണ്ട് അണ്ണൻ അവളെ പറഞ്ഞു സമാധാനപ്പെടുത്തണം. എനിക്ക തലവേദനയും മേലാസകലം നൊമ്പലവുമുണ്ട്. ഞാൻ ചാവുമ്പോളെങ്കിലും സന്തോഷത്തോടുകൂടി ചാവട്ടെ.”

ആദിച്ച—“ഞാൻ ഇനി അവളുടെ മുഖത്തു നോക്കുവില്ല. അവൾ ഇതിനകത്തുനിന്നും ഇറങ്ങിപ്പോകരുത്. പട്ടിണി കിടക്കുമ്പോൾ നല്ല ബുദ്ധി വരും. നല്ല കാൎയ്യം! തറവാട്ടിൽ കാരണവൻ അറിയാതെ പെണ്ണുങ്ങൾക്ക ബോധിച്ചതുപോലെ നടക്കാമോ? ഞാൻ എന്തു ബുദ്ധിമുട്ടി ഉണ്ടാക്കിയ തുലാഭാരക്കാശാണതു്! അതു് ഇപ്പോൾ കിട്ടാനും പ്രയാസം.”

നാണി—“അണ്ണനു് ഒരു അനന്തരവളേ ഉള്ളല്ലൊ. അവൾ അതു വാരി കടലിൽ എറിഞ്ഞാലും—”

ആദിച്ച—(ഉച്ചസ്വരത്തിൽ) “കടലിലെറികയോ! നാണീ, നീ പിച്ചും പേയും പറയുകയാണ്. ഞാൻ ഒന്നു നിശ്ചയിച്ചാൽ അതുപോലെ ചെയ്യുന്നവനാണെന്നു നിനക്ക അറിയാമല്ലൊ. വീട്ടിൽ വഴക്കുകൂടാതെ ഇരിക്കണമെങ്കിൽ, അവളോട്, നിന്നോടെങ്കിലും സത്യം പറയാൻ പറ. അവൾ നിന്നോടു പറയാൻ മടിക്കുവില്ല. അവൾ എന്തു കുററംതന്നെ ചെയ്താലും ഞാൻ തല വീശിക്കളയുവില്ല. അവൾക്ക് എന്നെ പേടിയുണ്ടോ? ആ ഹൃഷികേശൻെറ പാദം മുതൽ തലവരെ പവൻകോരിച്ചൊരിഞ്ഞാലും അവനു് എന്നെ പേടിക്കേണ്ട. അവൻ അന്യരാജ്യത്തിലല്ലെ?”

നാണി—“അണ്ണാ—”

നാണിഅമ്മ അൎദ്ധോക്തിയിൽ വിരമിച്ചു. ആ സ്ത്രീയുടെ സ്വഭാവം മകളുടെ ദുഃഖകാലത്തു ഭേദപ്പെട്ടിരുന്നു. നാണിഅമ്മയ്ക്കു മുൻപിലത്തെക്കാൾ കൂൎമ്മബുദ്ധിയും സൂക്ഷ്മവും ഉണ്ടായിത്തീൎന്നു. അതിനാൽ കോപാന്ധനായ ആദിച്ചപ്പിള്ളയുടെ മുഖഭാവം കണ്ടു് ആ സാധു താൻ പറയാൻ തുടങ്ങിയതിനെ പറഞ്ഞില്ല

നാണി—“എനിക്ക് അണ്ണനെക്കാൾ അധികാരം അവളുടെമേൽ ഇല്ല. അവൾ അതിനെപ്പററി എന്നോടൊന്നും പറഞ്ഞില്ല. അവൾക്കും അണ്ണൻെറ സ്വഭാവമുണ്ടു്.”

ആദിച്ച—“കൊള്ളാം. നിൻെറ നാക്ക് ഇന്നു പൊങ്ങുന്നല്ലൊ. നീയും എന്നെ വഞ്ചിക്കാൻ തുടങ്ങുന്നോ? നിങ്ങൾ അമ്മയും മകളും ഒത്തുകൂടിയിരിക്കും.”

ആദിച്ചപ്പിള്ള കോപത്തോടുകൂടി നാണിഅമ്മയുടെ മുഖത്തു നോക്കി.

നാണി—“അണ്ണനു് എന്നെകൊല്ലണമെന്നു വിചാരമുണ്ടെങ്കിൽ ഇങ്ങിനെ വഴക്കുപിടിച്ചുകൊണ്ടിരുന്നാൽ മതി. അണ്ണനു് എന്തു തോന്നിയാലും ഞാൻ പറയാനുള്ളതു പറയും. അണ്ണൻ സാന്ധില്യയെ വെറുതേ ശകാരിക്കയാണ്. അവൾക്കു് അണ്ണനേക്കാൾബുദ്ധിയുണ്ടു്. പൊന്നു് അവളുടേതാണ്; അവൾ അതിനെ നാനാവിധമായി കളയുവില്ല. അതുകൊണ്ടു് അണ്ണൻ അവളോടു പിണങ്ങിയിരിക്കരുതു്. നിങ്ങളുടെ പിണക്കം തീൎന്നെങ്കിൽ ഒരു പക്ഷെ എൻെറ സുഖക്കേടു കുറഞ്ഞേക്കും.”

ആദിച്ച—“ഞാൻ പോണു. എന്നെ പുല്ലുപോലും വകവയ്ക്കാത്ത നിങ്ങളുടെ അടുക്കെ ഇരിക്കാൻ എനിക്ക വയ്യാ. നല്ല തിരുവോണം! സാന്ധില്യേ! ഓഹൊ, കരഞ്ഞുകൊണ്ടിരിക്ക്. നിന്നെ ഞാൻ പഠിപ്പിക്കാം. കേട്ടോ? നീ എന്തിനു കോവിലിൽപോയി കളിച്ചുതൊഴുന്നതു്? അമ്മാവനെ വഞ്ചിച്ച നീ വല്ലവൎക്കും പണം കൊടുത്താൽ നിനക്ക ഗുണം പിടിക്കുമോ? ആ പച്ചക്കാമദേവൻ എങ്ങിനെയുള്ളവനാണെന്നു നിനക്ക് ഒടുക്കം അറിയാം. അവനു് ഒരുത്തരോ

ട്ടും സ്നേഹമില്ല. പാവപ്പെട്ട പെണ്ണിനെ കബളിപ്പിച്ചു പണം കൊണ്ടുപോയ അവൻ ഒരു മഹാപാപിയാണ്."

ആദിച്ചപ്പിള്ള പോയയുടനെ നാണിഅമ്മ മകളുമായി സംഭാഷണം തുടങ്ങി.

സാന്ധില്യ—"അമ്മ എനിക്കുവേണ്ടി എന്തു ധൈര്യം കാണിച്ചു!"

നാണി—"നേരേയുള്ള വഴി പോകാഞ്ഞാൽ എവിടെച്ചെന്നു ചാട്ടമെന്നു നിനക്ക് ഇപ്പോൾ മനസ്സിലായല്ലൊ. നീ കാരണം ഞാൻ അണ്ണനോടു കള്ളം പറയേണ്ടി വന്നു."

സാന്ധില്യ—"അതിന്റെ പാപം ഞാൻ ഏറ്റുകൊള്ളാം, അമ്മാ. അമ്മയെ അതിനു ദൈവം ശിക്ഷിക്കുകയില്ല."

പാച്ചി അപ്പോൾ അവിടെ വന്നു.

പാച്ചി—"ഉള്ളതാണോ, കൊച്ചമ്മാ അപ്പിക്കിനി രണ്ടുനേരം കഞ്ഞിവെള്ളമേ കൊടുക്കാവു എന്നുള്ളതു്?"

സാന്ധില്യ—"അതുകൊണ്ടെന്തു്?"

പാച്ചി—"എനിക്കു ചോറുണ്ടെങ്കി അപ്പിക്കും ചോറുണ്ട്."

സാന്ധില്യ—"അതിനെപ്പററി ഒന്നും പറയരുതു പാച്ചി."

പാച്ചി—"അപ്പി പട്ടിണി കിടന്നോണ്ടു ഞാൻ ഉണ്ടാൽ അതു് എന്റെ തൊണ്ടയിലിരിക്കും."

ആദിച്ചപ്പിള്ള അന്നു രാത്രി ഊണുകഴിച്ചുകൊണ്ടിരിക്കുമ്പോൾ പാച്ചി സമീപത്തു നിൽക്കുന്നുണ്ടായിരുന്നു.

പാച്ചി—"അങ്ങുന്നിന്റെ ശേഷകാരിയെ ഇങ്ങിനെയൊക്കെ ചെയ്താൽ കൊള്ളാം."

ആദിച്ച—"നീ നിന്റെ പാടു നോക്കിക്കൊ. അതിനു മനസ്സില്ലെങ്കിൽ നീ ഇവിടെ നിന്നു പൊയ്ക്കോ. നേരത്തേ കതവടയ്ക്കുണ്ട. ഇലഞ്ഞിമൂട്ടുകാരു വരും."

അനന്തരം പാച്ചുപിള്ളപ്രഭൃതികളും ലക്ഷ്മിഅമ്മയും ഗോവിന്ദപ്പിള്ളയും അവിടെ വന്നു. കുറേനേരം അവർ ആദിച്ചപ്പിള്ളയോടു സംസാരിച്ചുകൊണ്ടിരുന്നു. ലക്ഷ്മിഅമ്മ ഈ സമയത്തു അറപ്പുരയിലിരുന്ന നാണിഅമ്മയോടും സാന്ധില്യയോടും സംഭാഷണംചെയ്തു രണ്ടു മത്സരകക്ഷികളും ഒരുമിച്ചു കുവലത്തറയിൽനിന്നും പുറത്തേക്കു് ഇറങ്ങി. അപ്പോൾ ലക്ഷ്മിഅമ്മ ഇലഞ്ഞിമൂട്ടുകാരോടു ഇപ്രകാരം പറകയുണ്ടായി.

ലക്ഷ്മി—"നാണിക്കു ദീനമാണ്. കുറേ കലശലാണെന്നു തോന്നുന്നു. പക്ഷെ അതു് അവൾക്ക് അമ്മയ്ക്കും മകൾക്കും അറിഞ്ഞുകൂടാ. സാന്ധില്യ കരഞ്ഞുംകൊണ്ടു് അവിടെ ഇരിക്കുന്നു. അതു തള്ളയുടെ ദീനംകൊണ്ടല്ല. അവളെ ആയാൾ അവൾക്കു പിടിക്കാത്ത വല്ലവനെയുംകൊണ്ടു സംബന്ധം ചെയ്യിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതുപോലെ തോന്നുന്നു."

അന്നു രാത്രിയിൽ ആദിച്ചപ്പിള്ള ഉറങ്ങിയതിനു ശേഷം, പാച്ചി അദ്ദേഹം അറിയാതെ താൻ ഉണ്ടാക്കിയ കുറെ ഉറട്ടി എന്ന പലഹാരം സാന്ധില്യയ്ക്കു കൊണ്ടു കൊടുത്തു.

പാച്ചി—"ഇതാ, അപ്പീ കുറെ റൊട്ടി. കൊച്ചപ്പിഅണ്ണൻ എനിക്കു കുറെ അരി തന്നു അതുകൊണ്ടു ഞാൻ ഉറട്ടി ഉണ്ടാക്കി. തേങ്ങ ഞാൻ വാങ്ങിച്ചു. എന്റെ ചക്രം ചിലവാക്കുണതിനു ആരുടെയും വരുതിവേണ്ടല്ലൊ."

സാന്ധില്യ—"എന്റെ പാച്ചി!" എന്നു മാത്രം പറഞ്ഞു തന്റെ കൃതജ്ഞതയെ പ്രകടിപ്പിച്ചു.

# അദ്ധ്യായം ൨൦.

"സോദരിയായദിവ്യകന്യകതന്നെക്കൊല്ലും-
സ്സോദരാലയസ്സു നീദീനവത്സലനല്ലോ
കാരുണ്യമകക്കാമ്പിലില്ലായ്കയാലേ പേടിച്ചവൾ
ആരകമകന്നുഴന്നതു കണ്ടാലയ്യോ"

കുറേമാസങ്ങൾ കഴിഞ്ഞു. അറപ്പുരയിൽ രോഗിയായി കിടന്നിരുന്ന നാണിഅമ്മയെപററി അന്വേഷിക്കുവാൻ ദിവസംരണ്ടുതവണ ആദിച്ചപ്പിള്ള അവിടെച്ചെന്നിരുന്നു. അറപ്പുരയിൽതന്നെ സാന്ധില്യ മാതാവിനെ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നുവെങ്കിലും ആദിച്ചപ്പിള്ള അവളോട് സംസാരിക്കുകയോ അവളെ കണ്ടെന്നഭാവം നടിക്കുകയോ ചെയ്തിരുന്നില്ല. നാണിഅമ്മയ്ക്ക് നാൾക്കുനാൾ ക്ഷീണം വർദ്ധിച്ചുവന്നു. നാണിഅമ്മയുടെ രോഗവർദ്ധന ആദിച്ചപ്പിള്ള അറിഞ്ഞിരുന്നുവെങ്കിലും അദ്ദേഹത്തിനു സാന്ധില്യയോടുള്ള കോപം ശമിച്ചില്ല. ആ വജ്രഹൃദയൻ തന്റെ ജീവിതത്തെ മുൻപിലത്തെപ്പോലെതന്നെ നയിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ആദിച്ചപ്പിള്ള തന്റെ കൃത്രിമമായ വിക്കിനെ ഉപേക്ഷിച്ചിരിക്കുന്നു. തന്നോടുകൂടി പണമിടപാടുള്ളവരോട് ആദിച്ചപ്പിള്ള മുൻപിലത്തെക്കാൾ ക്രൂരത പ്രവർത്തിക്കയും ചെയ്തു.

കുവലത്തറവീട്ടിൽ എന്തോ വിശേഷ സംഭവങ്ങൾ ഉണ്ടായി എന്ന് ഇലഞ്ഞിമൂട്ടുകാരും ലക്ഷ്മിഅമ്മയും സംസാരിച്ചുതുടങ്ങി. ഇതിനെപ്പററി ഓരോരുത്തർ ഓരോരോ ഊഹങ്ങൾ പുറപ്പെടുവിച്ചിരുന്നുതാനും.

ദിവസവും രാവിലേ സാന്ധില്യ നീലകണ്ഠസ്വാമിക്കോവിലിൽ കുളിച്ചുതൊഴാൻ പോകും. ആ സമയത്ത് ചിലപ്പോൾ ലക്ഷ്മിഅമ്മ അവളോടു വീട്ടുവർത്തമാനങ്ങൾ ചോദിക്കും. എന്നാൽ സാന്ധില്യ വിശേഷമൊന്നുമില്ല എന്നായിരുന്നു മറുപടി പറഞ്ഞുവന്നിരുന്നത്. ഇങ്ങനെ രണ്ടുമാസം കഴിഞ്ഞപ്പോൾ പത്മനാഭപുര നിവാസികളെല്ലാവർക്കും സാന്ധില്യയുടെ ഉപവാസവും കാരാഗൃഹവാസവും പാച്ചി രഹസ്യമായി പലഹാരങ്ങൾ കൊണ്ടുകൊടുക്കുന്ന വർത്തമാനവും ഗ്രഹിക്കുവാൻ കഴിഞ്ഞു

ജനങ്ങളെല്ലാം ആദിച്ചപ്പിള്ളയെ കുററം പറഞ്ഞുതുടങ്ങി. അദ്ദേഹം പുറത്തിറങ്ങുമ്പോൾ അദ്ദേഹത്തെചൂണ്ടിക്കാണിച്ചു അന്യോന്യം സംസാരിക്കാൻ അവർ മടികാണിച്ചിരുന്നില്ല. സാന്ധില്യ കാലത്തേ ക്ഷേത്രത്തിൽ പോകുമ്പോൾ അവളും അവരുടെ സംഭാഷണത്തിനു വിഷയമായിത്തീർന്നു.

സാന്ധില്യക്ക് ആദിച്ചപ്പിള്ളയുടെ കോപത്തിൽനിന്നും ദുഃഖമുണ്ടായില്ല. ഹൃഷികേശൻനായരേയും തന്റെ മാതാവിനേയുംപററി മാത്രം അവൾ വിഷാദിച്ചു. നായരുടെ സ്മരണകൾ അവളുടെ വിരഹഖേദത്തെ അല്പം ശമിപ്പിച്ചു. എന്നാൽ തന്റെമാതാവിന്റെ സ്ഥിതിയെക്കുറിച്ചുള്ള ദുഃഖത്തിന് അവൾ ഒരാശ്വാസവും കണ്ടില്ല. ക്ഷമാശീലയും പുത്രിയോടുള്ള വാത്സല്യം മാത്രം പ്രഥമ ജീവിതോദ്ദേശമായി കരുതി വന്നിരുന്നവളും ആയ ആ മാതാവ് പരലോകയാത്രയ്ക്കു ഒരുങ്ങിയിരിക്കുന്നു. ദിവസം ചെല്ലുന്തോറും ആ സ്ത്രീരത്നത്തിന്റെ പരിശുദ്ധ മനസ്സിലുള്ള ദിവ്യതേജസ്സു സൌന്ദര്യമില്ലാത്ത ആ മുഖത്തിൽ കളിയാടി അതിനെ മനോഹരമാക്കിത്തീർത്തിരുന്നു. തന്നെക്കുറിച്ചുള്ള ആധിയാണ് ആ മാതാവിനെ ഇത്ര ക്ഷണത്തിൽ ആസന്നമരണയാക്കിയതെന്നു വിചാരിച്ച് സാന്ധില്യയ്ക്ക് അസഹ്യമായ വിഷാദമുണ്ടായി. നാണിഅമ്മയുടെ സാന്ത്വനവാക്കുകൾ കേട്ട് അവളുടെ ശോകഭാരത്തിന് ശമനമുണ്ടായില്ലതാനും.

സാന്ധില്യ ക്ഷേത്രത്തിൽ പോകുമ്പോളല്ലാതെ നാണിഅമ്മയെ പിരിഞ്ഞിരുന്നില്ല. അറപ്പുരയിൽ വച്ചുതന്നെ ആയിരുന്നു അവരം ആഹാരം കഴിച്ചുവന്നിരുന്നതു്. നായരെപ്പററി സാന്ധില്യ ഇപ്പോൾ സംസാരിച്ചിരുന്നില്ല. നാണിഅമ്മ മാത്രമേ നായരുടെ കാൎയ്യം കൂടക്കൂടെ പറയാറുണ്ടായിരുന്നൊള്ളു.

നാണി—"അയാൾ അവിടെ എത്തിയില്ലേ? ഒരെഴുത്തും വന്നില്ലല്ലോ"

സാന്ധില്യ—"അമ്മ അധികം സംസാരിക്കരുതു്. അമ്മയെക്കാൾ വലുതല്ല എനിക്കു അദ്ദേഹം"

കൂടക്കൂടെ നാണിഅമ്മ ഇപ്രകാരം പറയുക പതിവായിരുന്നു.

നാണി—"എനിക്കു് ഇനി ജീവിച്ചിരിക്കണമെന്നുമോഹമില്ല. മരിക്കുന്നതിനു പേടിയുമില്ല. അച്ഛനുമമ്മയുമില്ലാത്ത നിന്നെ ഈശ്വരൻ സഹായിക്കും."

മരണം അടുത്തുവന്നപ്പോൾ നാണിഅമ്മയ്ക്കു ധൈൎയ്യവും കൂടിവന്നു. ആദിച്ചപ്പിള്ള തന്റെ രോഗമന്വേഷിക്കുവാൻ വരുമ്പോൾ ഇപ്രകാരം ദിവസംപ്രതി ആ മാതാവു പറഞ്ഞുതുടങ്ങി.

നാണി—"എന്റെ ദീനം മരിച്ചാലെ മാറുകയുള്ളു. ഞാൻ സന്തോഷത്തോടുകൂടി മരിക്കണമെന്നു് അങ്ങേന്നു് ആഗ്രഹമുണ്ടെങ്കിൽ സാന്ധില്യചെയ്ത തെററിനെ ക്ഷമിക്കണം."

ആദിച്ചപ്പിള്ള ഈ ദയനീയമായ അപേക്ഷയ്ക്കു ഉത്തരമൊന്നും പറഞ്ഞിരുന്നില്ല. ചിലപ്പോൾ നാണിഅമ്മ കരഞ്ഞുകൊണ്ടു സാന്ധില്യക്കു മാപ്പുകൊടുക്കുവാൻ ആദിച്ചപ്പിള്ളയോടു അപേക്ഷിക്കും.

അതിനു് ഉത്തരമായി, "നാണീ, നിനക്കു ക്ഷീണമധികമാകും" എന്നുമാത്രം ആ കഠിനഹൃദയൻ പറഞ്ഞിരുന്നു.

മരണം അടുക്കാറായപ്പോൾ നാണിഅമ്മയുടെ മുഖം അതിമനോഹരമായി പ്രകാശിച്ചുതുടങ്ങി. ഇതുകണ്ടു ആദിച്ചപ്പിള്ളയുടെ അശ്മഹൃദയവും അല്പം അലിഞ്ഞു. അതിനാൽ അദ്ദേഹം നാണിഅമ്മയോടു വളരെ സൌമ്യമായി പെരുമാറിവന്നു. എന്നാൽ സാന്ധില്യയോടു മാത്രം ആദിച്ചപ്പിള്ള ദയവു കാണിച്ചിരുന്നില്ല.

പാച്ചി പീടികയിലോ മറെറാ പോകുമ്പോൾ പത്മനാഭപുരത്തുകാർ ആദിച്ചപ്പിള്ളയെപ്പററി അവരം കേൾക്കത്തക്കവണ്ണം ദുഷിച്ചു പറഞ്ഞുതുടങ്ങി. എന്നാൽ അതിനെല്ലാം ഉത്തരമായി അവരം തന്റെ യജമാനന്റെ പ്രവൃത്തിക്കു ഇപ്രകാരം സമാധാനം പറക പതിവാണു്. "കൊള്ളാം, പിള്ളെ നിങ്ങൾ എന്നും ചെറുപ്പക്കാരായിരിക്കാൻ പോണോ? വയതാകുമ്പം എല്ലാക്കും തുന്തിരിക്കണം കൂട്ടം. ചലമ്പാണ്ടിരിപ്പിൻ. അപ്പി നിറച്ചു ചോറുണ്ണുണ. നിങ്ങടെ പാട്ടുനോക്കി പോവിൻ"

ഒരു ദിവസം തന്റെ മകളും ജ്യേഷ്ഠനുമായുള്ള കലഹം തനിക്കു സഹിക്കവയ്യാത്ത വേദന ഉണ്ടാക്കുന്നുവെന്നു നാണിഅമ്മ ദീനം അന്വേഷിച്ചുവന്ന പാച്ചുപിള്ളയോടു പറഞ്ഞു.

പാച്ചു—"വ്യസനിക്കേണ്ട. ഞാൻ അതിനു് ഒരു നിവൃത്തി ഉണ്ടാക്കാം."

ഈ സംഭാഷണം കേട്ടുനിന്നിരുന്ന സാന്ധില്യ ഉടനേ ഇപ്രകാരം പറഞ്ഞു.

സാന്ധില്യ—"അമ്മാവാ, അമ്മാവൻ ഇതിൽ പ്രവേശിക്കരുതു്. എന്റെ അമ്മാവനും ഞാനുമായുള്ള പിണക്കം ഞങ്ങൾ തമ്മിൽ തീൎത്തുകൊള്ളാം. അന്യൎക്കു അതിൽ ഇടപെടാൻ അവകാശമില്ല. എന്നെ വിചാരിച്ചെങ്കിലും അമ്മാവൻ ഒന്നും പറയരുതു്. എന്നെപ്പററി ആളുകൾ എന്തെല്ലാമോ പറയുന്നുവെന്നു് പാച്ചി പറയുന്നതു കേട്ടു. അതൊക്കെ കള്ളമാണെന്നു അമ്മാവൻ അവരോടു പറഞ്ഞേക്കണം."

നാണി—"സാന്ധില്യ പറയുന്നതു കാൎയ്യമാണു്."

പാച്ചു—"അപ്പീ, ആളുകൾ ഓരോന്നു പറയുന്നതു നിൎത്തണമെങ്കിൽ അണ്ണൻ നിനക്കു ശരിയായ ആഹാരവും സ്വാതന്ത്ര്യവും തരണം. അറപ്പുരയിൽതന്നെ രാവും പകലും ഇരുന്നാൽ ദീനം പിടിക്കുകയില്ലെ?"

നാണി—"അതു് പാച്ചുപിള്ളഅണ്ണൻ ശരിയാക്കും, മകളെ. അങ്ങേക്കു നിന്റെ അമ്മാവന്റെ സ്വഭാവം നല്ലതിൻവണ്ണം അറിയാം. ഞാൻ മരിക്കുന്നതിനു മുന്നിൽ നിങ്ങൾ രണ്ടുപേരും തമ്മിലുള്ള പിണക്കം തീൎന്നുകാണണം."

പിറേറദിവസം രാവിലേ ഭക്ഷണംകഴിച്ചതിനുശേഷം ആദിച്ചപ്പിള്ള അറപ്പുരയുടെ തെക്കേവരാന്തയിൽ ലാത്തിക്കൊണ്ടുനിന്നു. അദ്ദേഹംകൂടക്കൂടെഅറപ്പുരയിലേക്കു ദൃഷ്ടികളെ പതിപ്പിക്കുന്നുണ്ടു്. അറപ്പുരയിൽ ഇരുന്നിരുന്ന സാന്ധില്യയെ കാണുമ്പോൾ ആദിച്ചപ്പിള്ള മുഖം തിരിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ മനസ്സിൽഅവളോടു രഞ്ജിക്കണമെന്നു ഒരു വിചാരം കുറേ ദിവസമായി ഉദിച്ചുതുടങ്ങിയിരിക്കുന്നു. എന്നാൽ ഇപ്രകാരം ചെയ്യുന്നതിനു ആദിച്ചപ്പിള്ളയുടെ ശാഠ്യബുദ്ധി അദ്ദേഹത്തെ സമ്മതിച്ചിരുന്നുമില്ല. അമ്മാവൻ തന്നെ കൂടക്കൂടെ സൂക്ഷിച്ചു നോക്കുന്നതു സാന്ധില്യ കാണാതെയിരുന്നില്ല. എന്നാൽ അവൾ അതിനെ കണ്ടെന്നു ഭാവിക്കാതെ മാതാവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

അപ്പോൾ പാച്ചുപിള്ള അവിടെവന്നു. ആദിച്ചപ്പിള്ള ഉടനേ വീട്ടിന്റെ തളത്തിൽചെന്നു പാച്ചുപിള്ളയോടു സംഭാഷണം ചെയ്തുതുടങ്ങി.

ആദിച്ച—"പാച്ചു എന്തിനു വന്നു?"

പാച്ചു—"എനിക്കു സ്വല്പം കാൎയ്യമുണ്ടു്."

ആദിച്ച—"വല്ല പുരയിടവും ചുളുവിനു കിട്ടുമോ?"

പാച്ചു—"പുരയിടത്തിനെപ്പററി പറയാനല്ല ഞാൻ വന്നതു്. അണ്ണന്റെ മരുമകളെപ്പററി കുറേ പറയാനുണ്ടു്. എല്ലാവരും നിങ്ങൾ രണ്ടുപേരുടേയും കാൎയ്യമാണു സംസാരിക്കുന്നതു്."

ആദിച്ച—"എന്റെ വീട്ടുകാൎയ്യം അവർ എന്തിന്നു് അന്വേഷിക്കുന്നു?"

പാച്ചു—"അതു ശരിതന്നെ. ഒരുത്തനു അവന്റെ വീട്ടിൽ തൂങ്ങിച്ചത്തുകൂടെ? ആരുതടുക്കും? ഒരുത്തനു അവനുണ്ടാക്കിയ പണ്ടം വാരിക്കളയുകയും ചെയ്യാം."

ആദിച്ച—"എന്തു്?"

പാച്ചു—"അണ്ണന്റെ ഉടപ്പിറന്നവൾക്കു ദണ്ണം കലശലാണു്. മുന്തിയാണ്ടിപ്പിള്ള അപ്പോത്തിക്കരിയെ വിളിച്ചു കാണിക്കാത്തതെന്തു്? അവരെ നോക്കാതെ കൊന്നുവെന്നു ആളുകൾ പറയും."

ആദിച്ച—"അവൾക്കു ക്ഷീണമേ ഉള്ളൂ. ദരശരെ കൊണ്ടുവന്നാൽ അയാൾ പിന്നെ എപ്പോഴും കേറിവരും. അയാൾക്കു അതിനൊക്കെ പടികൊടുക്കാൻ ആൎക്കു സാധിക്കും?"

പാച്ചു—"എങ്കിൽ അണ്ണനു ബോധിച്ചതുപോലെ ചെയ്യണം. അണ്ണനെ ഞാൻ എന്റെ അമ്മപെററ ചേട്ടനെപ്പോലെയാണു് വിചാരിച്ചുവരുന്നതു്. അതുകൊണ്ടു ഇത്രയും പറയേണ്ടതു എന്റെ കടമയാണു്. അക്കാൎയ്യം പോകട്ടെ. അതിനെപ്പററിപ്പറയാനല്ല ഞാൻ വന്നതു്. നാണിഅമ്മ വെക്കം ചാവണമെന്നാണോ അണ്ണന്റെ വിചാരം? അതിൽനിന്നു അണ്ണനു ദോഷംവരും. പിന്നെ സാന്ധില്യ മാത്രമേ കാണുവൊള്ളൂ. അവൾ അണ്ണനോടു് അവളുടെ അഛൻ കൊടുത്ത വസ്തുക്കളുടെ കണക്കു ചോദിച്ചാലോ? അവൾക്കു അതു വേണമെന്നു പറഞ്ഞാൽ അണ്ണൻ എന്തുചെയ്യും? അതിന്റെ ആദായംകൂട്ടി ഇപ്പോൾ എത്ര രൂപ കാണുമെന്നു അണ്ണൻതന്നെ കണക്കു കൂട്ടി നോക്കണം."

ഇതു കേട്ടയുടനേ ആദിച്ചപ്പിള്ളയ്ക്കു പരിഭ്രമം തോന്നി.

പാച്ചു—"അതുകൊണ്ടു അവളുമായി പിണങ്ങരുതു്."

ആദിച്ച—"അവാം എന്തു ചെയ്തെന്നു നിനക്കറിയാമോ, പാച്ചു?"

പാച്ചു—(ജിജ്ഞാസയോടുകൂടി):—"എന്തുചെയ്തു?"

ആദിച്ച—"അവാം അവളുടെ സ്വർണ്ണമത്രയും കൊടുത്തുകളഞ്ഞു."

പാച്ചു—"അതു് അവളുടേതല്ലേ?"

ആദിച്ച—(വ്യസനത്തോടുകൂടി):—",എല്ലാവരും ഇതുതന്നെയോ പറയുന്നതു്!"

പാച്ചു—"ഈ അല്പകാര്യത്തിനാണോ അവളെ പട്ടിണി ഇട്ടതു്? കൊള്ളാം. ഇങ്ങിനെയുള്ള അമ്മാച്ചനോടു പിന്നെ എങ്ങിനെ അവാം അഛൻെറ മുതലു ചോദിക്കാണ്ടിരിക്കും?"

ആദിച്ച—"പത്തുനാല്പതു രൂപ അല്പകാര്യമോ?"

പാച്ചു—"സാന്ധില്യ നമ്പർകൊടുക്കുകയാണെങ്കിൽ അണ്ണനു് എത്രരൂപ ചിലവാകുമെന്നറിയാമോ?"

ആദിച്ച—"എത്ര രൂപാ?"

പാച്ചു—"പത്തുനാന്തൂറു രൂപയിൽ കുറയാതെ ചിലവാകും."

ആദിച്ച—"എൻെറ പത്മനാഭാ! ഞാൻ നീ പറഞ്ഞതിനെപ്പററി ആലോചിക്കാം, പാച്ചു."

ആദിച്ചപ്പിള്ള കുറേനേരത്തേക്കു ചിന്താമഗ്നനായിരുന്നു.

ആദിച്ച—"മനുഷ്യരുടെ ജിവിതം മുഴുവനും കഷ്ടപ്പാടാണു്. പാച്ചു, നിന്നെ എനിക്കു വിശ്വാസമുണ്ടു്. നീ പറയുന്നതെല്ലാം സത്യമാണെന്നു നീ കുമാരസ്വാമിയെക്കൊണ്ടു് ആണയിടു്."

പാച്ചു—"കുമാരസ്വാമിയാണെ ഞാൻ പറഞ്ഞതൊക്കെ സത്യമാണു്. മതിയൊ?"

ആദിച്ച—"അവാം എന്നെ കൊല്ലും. എൻെറ പണവും പോവും."

പാച്ചു—"അവളുടെ തറവാട്ടുവസ്തുവല്ല. അച്ഛൻ കൊടുത്തതാണു്."

ആദിച്ച—"ഇതാണു ശേഷക്കാരെ നോക്കിയാൽ കൂലി കിട്ടുന്നതു്! നാണി പാവം. അവാം വേഗം ചാവൂല്ല."

ആദിച്ചപ്പിള്ള എണ്ണീററു വരാന്തയിൽ ലാത്തിത്തുടങ്ങി.

ആദിച്ച—(ദയനീയമായ സ്വരത്തിൽ) "അതിനെന്തുവേണം, പാച്ചു?"

പാച്ചു—"സാന്ധില്യയോടു് ഇണങ്ങിക്കഴിക്കണം."

ആദിച്ച—"നോക്കട്ടെ. ആ സംഗതി പോകട്ടെ. പുരയിടം വല്ലതുമുണ്ടോ ലാഭത്തിനു്?"

പാച്ചു—"ഇല്ല. സാന്ധില്യയോടു പിണങ്ങിയിരിക്കരുതു്, അണ്ണാ. ആളുകാം ഒക്കെ ചിരിക്കുന്നു."

ആദിച്ച—"തെമ്മാടികാം!"

അനന്തരം പാച്ചുപിള്ള അവിടേനിന്നു പോയി. ഉടനെ ആദിച്ചപ്പിള്ള അറപ്പുരയിൽ ചെന്നു.

ആദിച്ച—"എങ്ങിനെ ഇരിക്കുന്നു, നാണീ? ഞാൻ മണലിക്കരെ പുരയിടം നോക്കാൻ പോണു. നിങ്ങാം അമ്മയും മകളും ഞാൻ ഇല്ലാത്തപ്പോാം ഒരു അക്രമവും ചെയ്യരുതു്. ഇതാ നാണീ, നിനക്കു കുമാരകോവിലിൽ ചിറപ്പുകഴിക്കാൻ പത്തു രൂപ."

പത്തുരൂപ ആദിച്ചപ്പിള്ള പടിക്കൽ വെച്ചു.

ആദിച്ച—"നിനക്കു ക്ഷീണത്തിനു കുറവില്ലെ?"

നാണി—"എങ്ങിനെ കുറവു വരും? സാന്ധില്യ കരയുന്നതു കാണുമ്പോാം എനിക്കു

ക്ഷീണം അധികമാകുന്നു."

ആദിച്ച—"അതൊക്കെ ശരിയാക്കാം. നീ അതു വിചാരിച്ചു വ്യസനിക്കരുതു്."

ആദിച്ചപ്പിള്ള അവിടെനിന്നും മറഞ്ഞു.

നാണി—(സന്തോഷത്തോടുകൂടി) "ദൈവമേ! അങ്ങു് എന്റെ പ്രാൎത്ഥന കേട്ടു!"

---

## അദ്ധ്യായം ൧൧.

"മരണസമയംവന്നടുക്കിലോ കാരണം
മററൊന്നുവേണ്ടവിഷ്ണുനാമാമൃതവും"

ആദിച്ചപ്പിള്ളക്കു് ഇപ്പോൾ അൻപത്തിരണ്ടു വയസ്സുണ്ടു്. ലോഭവും അത്യാഗ്രഹവും അദ്ദേഹത്തിനു വയസ്സു ചെല്ലുന്തോറും വൎദ്ധിച്ചുവന്നു. മനുഷ്യരുടെ എല്ലാ ശീലങ്ങളും കാലയാപനംകൊണ്ടു ദൃഢീകരിക്കുകയല്ലേ ചെയ്യുന്നതു്? അതിരിക്തമായ ഒരു സ്വഭാവവിശേഷത്തിന്റെ അടിമകളായവൎക്കു വാൎദ്ധക്യത്തിൽ അതിനെ ഉപേക്ഷിക്കുവാൻ ശക്തി കാണുകയില്ല. ആദിച്ചപ്പിള്ളയുടെ ഏകദൈവം ധനമായിരുന്നു. അതിനെ ശേഖരിച്ചു കൂടക്കൂടെ എണ്ണി നോക്കുന്നതിൽനിന്നും ഉണ്ടാകുന്ന സന്തോഷം അദ്ദേഹത്തിനു ഇതരസുഖാനുഭവങ്ങളിൽ നിന്നും ലഭിച്ചിരുന്നില്ല.

പണത്തിൽ ആഗ്രഹം വൎദ്ധിച്ചുവന്നതോടുകൂടി തന്റെ ഭരണത്തിൻകീഴിൽ ഉള്ളവരോടു് അധികാരം ചെലുത്തുവാനുള്ള മോഹവും അദ്ദേഹത്തിൽ അധികരിച്ചുതുടങ്ങി. തറവാട്ടിൽ കാരണവനെ ധിക്കരിച്ചു പ്രവൃത്തിക്കുന്നതു മററുള്ള നായർതറവാട്ടിലെ കാരണവന്മാരെപ്പോലെ ആദിച്ചപ്പിള്ളയും ഒരു മഹാപാപമായി ഗണിച്ചുവന്നിരുന്നു. സാന്ധില്യക്കു് അവളുടെ അച്ഛൻ കുറേ സമ്പാദിച്ചു കൊടുത്തിട്ടുള്ളതു് ശരിതന്നെ. പക്ഷെ അതു് ആദിച്ചപ്പിള്ള നശിപ്പിക്കുന്നുണ്ടോ? അതിനെ അദ്ദേഹം വൎദ്ധിപ്പിച്ചുകൊണ്ടു വരികയല്ലേ ചെയ്യുന്നതു്? ആദിച്ചപ്പിള്ളയുടെ സ്വന്തസമ്പാദ്യവും സാന്ധില്യക്കുതന്നെ അല്ലേ ചെല്ലുന്നതു്? പിന്നെ തന്റെ ജീവിതകാലത്തു അവൾക്കു് അതിനെ ആവശ്യപ്പെടുവാൻ എന്തു് അവകാശം? അതിനെ അനുവദിക്കുന്ന നിയമം ന്യായരഹിതമല്ലേ? നായർതറവാടുകളിൽ അച്ഛന്മാരുടെ സമ്പാദ്യംകൊണ്ടു് കാലംകഴിയുന്നവർ എത്ര ദുൎല്ലഭം! കാരണവന്മാരല്ലേ തറവാട്ടിനെ പുലൎത്തിവരുന്നതു്? കണ്ണൻനായർ കൊടുത്ത വസ്തുക്കളെല്ലാം ആദിച്ചപ്പിള്ള വിററു പണമാക്കി അതിനെ പലിശക്കു കൊടുത്തിരുന്നു. അതു് ഇപ്പോൾ പലിശയോടുകൂടി കൊടുക്കുകയാണെങ്കിൽ ആദിച്ചപ്പിള്ളയുടെ അല്പമായ സമ്പാദ്യം കുറയുകയില്ലേ? സാന്ധില്യ ഇപ്പോൾ അന്യായം കൊടുക്കുകയാണെങ്കിൽ എത്രപണം കൂടുതലായി ചിലവാകും! ഇതുകൊണ്ടു് കുവലത്തറത്തറവാടു മുടിയുമെല്ലോ. ഈ ചിന്തകളോടുകൂടിയാണു് ആദിച്ചപ്പിള്ള മണലിക്കരയ്ക്കു നടന്നതു്.

ഉച്ച കഴിഞ്ഞപ്പോൾ ആദിച്ചപ്പിള്ള കുവലത്തറയിൽ തിരികെ എത്തി. താൻ അനുകരിക്കേണ്ട നയത്തെ ആദിച്ചപ്പിള്ള ഈ സമയംകൊണ്ടു് നിശ്ചയിച്ചു കഴിഞ്ഞിരുന്നു. സാന്ധില്യയെ സന്തോഷിപ്പിച്ചു മരിക്കുന്നതുവരെ വസ്തുക്കളെല്ലാം തന്റെ കൈവശംതന്നെ വെച്ചുകൊണ്ടിരിക്കണമെന്നാണു് കുവലത്തറമൂപ്പൻ തീൎച്ചയാക്കിയിരുന്നതു്. ഈ ഉദ്ദേശത്തോടുകൂടി ആദിച്ചപ്പിള്ള അറപ്പുരയിൽ ചെന്നപ്പോൾ സാന്ധില്യ ഹൃഷികേശൻനായരുടെ രുദ്രാക്ഷമാലയെ നാണിഅമ്മയെ കാണിച്ചുകൊണ്ടു നിന്നിരുന്നു. നാണിഅമ്മയുടെ കണ്ഠത്തിൽ സാന്ധില്യ അതു ധരിപ്പിച്ചുനോ

ക്കി. അതിനുശേഷം അവഠം അതിനെ എടുത്തു തൻെറ കൈയിൽ വെച്ചുകൊണ്ടി രിക്കുമ്പോഠം ആണ് ആദിച്ചപ്പിള്ള അവിടെ പ്രവേശിച്ചത്.

ആദിച്ചപ്പിള്ളയുടെ നേത്രങ്ങഠം അത്യാഗ്രഹത്തോടുകൂടി ആ സ്വൎണ്ണ രുദ്രാക്ഷ മാലയിൽ പതിയുന്നതു നാണിഅമ്മ കണ്ടു. ഉടനെ ആ സ്ത്രീ "ദൈവമെ, രക്ഷിക്ക ണെ" എന്നു ഉറക്കെ വിലപിച്ചു. ഒരു മാൎജ്ജാരൻ എലിയെ പിടിക്കുവാനായി ചാടുന്നതുപോലെ ആദിച്ചപ്പിള്ള മുൻപോട്ടുചാടി ആ മാലയെ സാന്ധില്യയുടെ കൈ യ്യിൽനിന്നും ഹരണം ചെയ്തു.

ആദിച്ച—"എന്താണിതു്? സ്വൎണ്ണമോ? അഞ്ചാറുപവൻ വരുമെല്ലൊ. ഓഹൊ! ഇതാണോ ഹൃഷികേശൻ നിനക്കു പകരം തന്നതു്? അതു എന്നോടു പറയാ ത്തതെന്തു്? അതു നല്ല കച്ചവടമായിപ്പോയി. സാന്ധില്യെ, നീതന്നെ എ ൻെറ മരുമകഠം! ഹൃഷികേശൻെറ മാല അല്ലെ ഇതു്?"

സാന്ധില്യ—(വിറച്ചുകൊണ്ടു്):—"അതെ, അമ്മാവാ. ഇതു് എൻേറതു് അല്ല; അ ദ്ദേഹം സൂക്ഷിച്ചുവെയ്ക്കാനായി എന്നെ ഏല്പിച്ചതാണ്."

ആദിച്ച—"അതു പോകട്ടെടീ. അവൻ നിൻെറ പൊന്നു കൊണ്ടുപോയില്ലെ? അ തിനുപകരം നിനക്കു ഇതു് എടുക്കാം"

സാന്ധില്യ—"അയ്യോ! അമ്മാവാ—"

ആദിച്ചപ്പിള്ള മാലയിലുള്ള സ്വൎണ്ണത്തെ കുത്തിയെടുക്കുവാനായി തൻെറ കൈവശം ഉണ്ടായിരുന്ന ഒരു മടക്കു പിച്ചാൻകത്തി എടുത്തു. അതു നിവൎക്കുവാനാ യി അദ്ദേഹം മാലയെ നിലത്തുവെച്ചു. അപ്പോഠം സാന്ധില്യ മാല എടുക്കുന്നതിനു മുൻപോട്ടു ചാടി. ആദിച്ചപ്പിള്ള ഇതുകണ്ടു് സാന്ധില്യയെ പുറകോട്ടു പിടിച്ചുത ള്ളി. അവഠം നാണിഅമ്മയുടെ ശയ്യയിൽ ചെന്നുവീഴുകയും ചെയ്തു.

രോഗിയായ നാണിഅമ്മ എണീററിരുന്നു.

നാണി—"അയ്യൊ, അണ്ണാ, അണ്ണാ—"

ആദിച്ചപ്പിള്ള മാലയെടുത്തു സ്വൎണ്ണം കുത്തിയെടുക്കുവാൻ തുടങ്ങി. സാന്ധില്യ ആദിച്ചപ്പിള്ളയുടെ കാൽക്കൽവീണു.

സാന്ധില്യ—"അമ്മാവാ, ഈശ്വരനെ വിചാരിച്ചെങ്കിലും, എൻെറ ജീവനെ വിചാ രിച്ചെങ്കിലും, അതു തൊടരുതു്. ആ മാല അമ്മാവൻെറതും അല്ല. എൻേറ തുമല്ല, ആരും സഹായമില്ലാത്ത ഒരു അന്യൻെറ വകയാണു്. അദ്ദേഹം അ തു സൂക്ഷിച്ചുവെയ്ക്കാനാണു് അതിനെ എൻെറ കൈയ്യിൽ തന്നതു്. അതു് അതുപോലെ അദ്ദേഹത്തിനു തിരിച്ചു കൊടുക്കേണ്ടതാണു്."

ആദിച്ച—"അവൻ ഇതു് സൂക്ഷിച്ചുവെയ്ക്കാൻ തന്നതാണെങ്കിൽ നീ എന്തിനു് എ ടുത്തു കൈയ്യിൽ വെച്ചുകൊണ്ടിരിക്കുന്നതു്?"

സാന്ധില്യ—"അതിനെ കുത്തിയെടുക്കരുതു്, അമ്മാവാ. നമ്മുടെ തറവാട്ടിൻെറ മാ നം ഇല്ലായ്മചെയ്യരുതു്.

നാണി—"അണ്ണാ. എന്നെവിചാരിച്ചു.—"

സാന്ധില്യ—"അമ്മാവാ—"

സാന്ധില്യയുടെ ഉറക്കെയുള്ള ഈ വിളികേട്ടു പാച്ചി അവിടെ ഓടിവന്നു. സ മീപത്തു കിടന്നിരുന്ന നാരായമുള്ള ഒരു പിച്ചാൻകത്തി സാന്ധില്യ ഉടനെ എടുത്തു. ആദിച്ചപ്പിള്ള മന്ദഹാസത്തോടുകൂടി സാന്ധില്യയുടെ മുഖത്തുനോക്കി.

നാണി—"അണ്ണാ. അണ്ണൻ എന്നെ കൊല്ലുകയാണു്."

സാന്ധില്യ—"അമ്മാവാ. പിച്ചാത്തികൊണ്ടു ആ മാലയിൽ തൊട്ടാൽ ഞാൻ ഇതു കൊണ്ടു കുത്തിച്ചാവും. എൻെറ അമ്മയെ കൊന്നതും അമ്മാവൻതന്നെ. എ ന്നെയും അമ്മാവൻ കൊല്ലിക്കും."

ആദിച്ചപ്പിള്ള സാന്ധില്യയുടെ മുഖത്തുനോക്കി മടിച്ചുനിന്നു.

ആദിച്ച—"നീ കുത്തിച്ചാവുമോടീ?"

നാണി—"അവൾ അതിനു മടിക്കുവില്ല"

പാച്ചി—"അപ്പി പറഞ്ഞതുപോലെ ചെയ്യും. അങ്ങുന്നിനു ഇത്തറ പുത്തിമോശത്തരം ഉണ്ടോ?"

ആദിച്ചപ്പിള്ളയുടെ നേത്രങ്ങൾ ഇടവിട്ടു് ഇടവിട്ടു് ആ മാലയിലും സാന്ധില്യയുടെ മുഖത്തും പതിഞ്ഞു. നാണിഅമ്മ മോഹാലസ്യപ്പെട്ടു ശയ്യയിൽ വീണു. പാച്ചി ഓടിച്ചെന്നു നാണിഅമ്മയുടെ ശിരസ്സിനെ ഉപധാനത്തിൽ എടുത്തുവെച്ചു.

പാച്ചി—"അങ്ങുന്നേ, നോക്കണം. കൊച്ചമ്മ ചാവാൻപോണു."

ആദിച്ചപ്പിള്ള മാല അവിടെ എറിഞ്ഞു.

ആദിച്ച—"ഇതാ കിടക്കുണു നിൻെറ മാല. അതുകൊണ്ടു നമ്മൾ പിണങ്ങണ്ട. പാച്ചി, ഓടിച്ചെന്നു് മുനിയാണ്ടിപ്പിള്ള ദരശരെ വിളിച്ചോണ്ടുവാ."

ആദിച്ചപ്പിള്ള നാണിഅമ്മയുടെ സമീപത്തു ചെന്നു.

ആദിച്ച—"നാണീ, നാണീ. ഞാൻ അതു അവൾക്കു കൊടുത്തു. തന്നില്ലെ, സാന്ധില്ലെ? നീ ഇനി ചോറുണ്ടോ. നിനക്കു ബോധിച്ചതു തിന്നോ ഓ! അതാ കണ്ണു തുറക്കുന്നു! നാണീ, എൻെറ പൊന്നുനാണീ നീ വ്യസനിക്കരുതു്. മാല കൊടുത്തതു നോക്കു്. അവൾക്കു വേണെങ്കിൽ ഹൃഷികേശനെക്കൊണ്ടു മുണ്ടുകൊടുപ്പിക്കാം. അവൾ അവനുവേണ്ടി മാല വെച്ചോട്ടെ. നാണീ, നാണീ, നീ കുറേക്കൂടി ജീവിച്ചിരിക്കു്. നോക്കു്, എൻെറ മുഖത്തു നോക്കു്. നിനക്കുവേണ്ടി കുമാരകോവിലിൽ രണ്ടു കാവിടികഴിപ്പിക്കാം."

നാണി—"ഈശ്വരാ! അണ്ണനു് ഞങ്ങളോടു് ഇങ്ങനെ ചെയ്യുവാൻ തോന്നിയല്ലോ!"

ആദിച്ച—"ഇനിഞാൻഅങ്ങനെ ചെയ്യുവില്ല. അല്ലെങ്കിൽ നീ നോക്കിക്കോ നാണി"

ആദിച്ചപ്പിള്ള ഉടനെ തൻെറ ഭണ്ഡാരമുറിയിൽ ചെന്നു് ഒരു കയ്യുനിറച്ചു പവൻ വാരിക്കൊണ്ടു വന്നു് അതിനെ നാണിഅമ്മയുടെ ശയ്യയ്ക്കു സമീപം വെച്ചു.

ആദിച്ച—"ഇതാ സാന്ധില്യെ. ഇതാ നാണീ. ഇതു മുഴവൻ നിങ്ങൾ എടുത്തോളിൻ. നാണീ, നീ വ്യസനിക്കരുതു്. നിൻെറ ദീനം ഭേദമാക്കാൻ നോക്കു്. അതു ഭേദമായാൽ നിങ്ങൾക്കു ഞാൻ എന്തു വേണമെങ്കിലും തരാം. നീ ഈ പവനും കൊടുത്തുകളയുവില്ലല്ലൊ സാന്ധില്ല്യെ?"

നാണിഅമ്മയും സാന്ധില്യയും ആശ്ചര്യത്തോടുകൂടി അന്യോന്യം നോക്കി.

സാന്ധില്യ—"പവൻ തിരിച്ചു് എടുത്തോളണം, അമ്മാവാ. ഞങ്ങൾക്കു് അമ്മാവൻെറ സ്നേഹം മാത്രം മതി."

ആദിച്ചപ്പിള്ള വേഗത്തിൽ ആ പവൻ എല്ലാം എടുത്തു.

ആദിച്ച—"നിങ്ങളുടെ മനസ്സുപോലെചെയ്യാം. നമുക്കുപിണങ്ങാതെ താമസിക്കണം. ഇനി രണ്ടുമൂന്നുദിവസത്തിനകം നാണി എഴിച്ചു നടക്കും. ഇല്ലെ, നാണീ?"

നാണി—"അണ്ണനെ സന്തോഷിപ്പിക്കാൻ എഴിച്ചു നടക്കുന്നതിനു് എനിക്കു മടിയില്ല. പക്ഷെ, എനിക്കു അതിനു ശക്തിയില്ല."

ആദിച്ച—"എനിക്കു നിങ്ങൾ രണ്ടുപേരെയും വലിയകാര്യമാണു്. സാന്ധില്യെ, ആ മാല എടുത്തു കൊണ്ടുവെച്ചു പൂട്ടു്. പേടിക്കണ്ട. ഞാൻ അതിനെപ്പററി ഇനി ഒരു അക്ഷരവും പറയുവില്ല."

ഒരു സമർത്ഥനായ വൈദ്യൻ എന്നു പത്മനാഭപുരത്തു പ്രസിദ്ധിനേടിയ മുനിയാണ്ടിപ്പിള്ള കാലവിളംബമെന്യെ അവിടെവന്നു. രോഗിയെ പരിശോധിച്ചതിനുശേഷം ആ ഭിഷഗ്വരൻ, നാണിഅമ്മയ്ക്കു അധികമായ ക്ഷീണമുണ്ടെന്നും, മനഃക്ഷോഭാ

മുണ്ടാക്കുന്ന യാതൊരു വൎത്തമാനവും രോഗിയോടു പറയരുതെന്നും, അങ്ങിനെ ചെയ്താൽ രോഗി ഉടൻ മരിക്കുമെന്നും, പാലും സൂപ്പും മാത്രമേ ആഹാരമായി കൊടുക്കുവാൻ പാടുള്ളുവെന്നും, രോഗിയുടെ സമീപം ശുശ്രൂഷയ്ക്കായി എല്ലായ്പൊഴും ആരെങ്കിലും ഇരിക്കണമെന്നും ഈ ഉപദേശങ്ങളെല്ലാം അനുസരിച്ചു പ്രവൎത്തിച്ചാൽ രോഗി രണ്ടുമാസങ്ങൾകൂടി ജീവിച്ചിരുന്നേക്കാമെന്നും ആദിച്ചപ്പിള്ളയെ ധരിപ്പിച്ചു.

ആദിച്ച—"പണം ഒരുപാടു ചിലവാക്കേണ്ടിവരുമോ? മരുന്ന് ഒരുപാടു വേണോ?"

മുനിയാണ്ടി—(ചിരിച്ചുകൊണ്ട്) "മരുന്തു കൊഞ്ചംപോരും. ശുശ്രൂഷതാൻ രൊമ്പം വേണ്ടിയിരുക്കിറതു്."

ആദിച്ച—"ഡാക്കിട്ടരെ എനിക്കു വിശ്വാസമുണ്ട്. എന്റെ ഉടപ്പിറന്നവളെ ആവശ്യമുള്ളപ്പോൾ ഒക്കെ വന്നുനോക്കണം. അവളുടെ ജീവനെ രക്ഷിച്ചുതന്നാൽമതി. എനിക്ക് അവളെ വലിയ കാൎയ്യമാണ്. ഞാൻ അതു വെളിയിൽ കാണിക്കുന്നില്ല, അത്രെയുള്ളു. അവളുടെ ദീനംകൊണ്ട് എനിക്കു വലിയ വ്യസനമുണ്ട്. വേറെയും കഷ്ടപ്പാടുകൾ എനിക്കുണ്ട്. എന്റെ മച്ചിനന്റെ മരണം മുതൽ തുടങ്ങിയ കഷ്ടപ്പാടുകളാണ്. എന്റെ മകന്റെ അമ്മാവനാണ് അയാള്. കടംവീട്ടാനായി ഞാൻ ഒരുപാടു പണം തിരുവനന്തപുരത്തു ചിലവാക്കുന്നു. എന്നിട്ടും അതു തീരുന്നില്ല. എന്റെ ഉടപ്പിറന്നവളുടെ ദീനം ഭേദമാക്കണം. പത്തിരുപതുരൂപാ ചിലവായാലും വേണ്ടുവില്ല."

ആദിച്ചപ്പിള്ളയ്ക്കു നാണിഅമ്മ ജീവിച്ചിരിക്കണമെന്നു മനഃപൂൎവ്വമായ ആഗ്രഹം ഉണ്ടായിരുന്നു. ആ സതീരത്നത്തിന്റെ ഏതുആഗ്രഹവുംസാധിച്ചുകൊടുക്കുവാൻ അദ്ദേഹം മടികാണിച്ചില്ല. സാന്ധില്യ വാത്സല്യത്തോടുകൂടി മാതാവിനെ ശുശ്രൂഷിച്ചു. ഇതെല്ലാം ചെയ്തെങ്കിലും, നാണിഅമ്മയുടെ ജീവിതയാത്ര അവസാനിക്കാറായിവന്നു. ദിവസം ചെല്ലുന്തോറും ആ സ്ത്രീക്കു ക്ഷീണം വൎദ്ധിച്ചു വന്നു. ആ യോഷാമണിയുടെ മുഖം അണയാൻ പോകുന്ന ദീപത്തിനെപ്പോലെ പ്രകാശിച്ചു തുടങ്ങി. മരിക്കുന്ന സമയത്തിൽപോലും ആ സ്ത്രീരത്നം ഈശ്വരവിശ്വാസവും, ക്ഷമയും, പുത്രിയോടുള്ള വാത്സല്യവും പ്രദൎശിപ്പിച്ചു. മരിക്കുന്നവരെ നാണിഅമ്മ സാധാരണയായി രോഗികൾ കാണിക്കുന്ന ദുശ്ശാഠ്യങ്ങൾ ഒന്നുംതന്നെ കാണിച്ചിരുന്നില്ല. മരിക്കുമ്പോൾ പുത്രിയെപ്പററി മാത്രമേ നാണിഅമ്മയ്ക്കു വ്യസനം ഉണ്ടായിരുന്നൊള്ളു. ആ സതിയുടെ ഭൎത്തൃവിരഹത്തിൽ ഏക ആശ്വാസസാധനമായിരുന്ന പുത്രിക്കു ഭാവിയിൽ വരാൻപോകുന്ന അനവധി കഷ്ടപ്പാടുകൾ ആസന്നമരണയായ നാണിഅമ്മ മുൻകൂട്ടി അറിഞ്ഞിരുന്നു. പരലോകത്തേക്കു യാത്രയാകുമ്പോൾ ഇങ്ങിനെയുള്ള ഒരു ജ്ഞാനദൃഷ്ടി ചിലൎക്കു ഉണ്ടാകുന്നതു് അജ്ഞാതപൂൎവ്വമല്ലതാനും.

"ഇഹലോകത്തിൽ സുഖം എന്നു പറയുന്നതേ ഇല്ല. അതു നിനക്കു ക്രമേണ അറിയാം, മകളെ" എന്നായിരുന്നു ആ പുണ്യാത്മാവു വാവിട്ടു കരയുന്ന മകളോടു മരിക്കുന്ന സമയത്തു പറഞ്ഞതു്.

---

## അദ്ധ്യായം ൧൧.

"മുക്തിവിട്ടുമട്ടുകില്ലമൊട്ടേറെമുഷിഞ്ഞുകോശമതിൽവാസം
കൃപണകൃപാണങ്ങൾക്കങ്ങേപ്പെട്ടുമാകാരമൊന്നുതാൻഭേദം."

നാണിഅമ്മയുടെ മരണംമുതൽ ആ ജീൎണ്ണിച്ചുഭവനം സാന്ധില്യയ്ക്കുക്രമേണക്രൂടി പാവനമായിത്തോന്നി. ഇപ്പോൾ അതിനു അവളുടെ കാമുകന്റെയും മാതാവിന്റെയും സ്മരണകൾ ഉണൎത്തുവാൻ ശക്തി ഉണ്ടായിത്തീൎന്നു. നാണിഅമ്മ ശയിച്ചി

രുന്ന അറപ്പുരത്തളവും ആ സ്ത്രീയുടെ തുളസിമാലയും മററും കാണുമ്പോൾ സാന്ധില്യയ്ക്കു് അസഹ്യമായ വ്യസനം ഉണ്ടായി. സഹോദരിയുടെ മരണാനന്തരം ആദിച്ചപ്പിള്ള ഭാഗിനേയിയോടു വളരെ ദയവോടും സ്നേഹത്തോടുംകൂടിയാണു പെരുമാറിയിരുന്നതു്. ഇതിനാൽ മാതുലൻെറ യഥാൎത്ഥമായുള്ള സൽസ്വഭാവത്തെ താൻ ഇതുവരെ ശരിയായി മനസ്സിലാക്കിയിരുന്നില്ലെന്നു സാന്ധില്യ വിചാരിച്ചു. സാന്ധില്യയെ നിർബന്ധിച്ചു ഭക്ഷണം കഴിപ്പിക്കുന്നതും, ആഹാരം കഴിക്കുമ്പോൾ അവളോടു ഓരോ വൎത്തമാനങ്ങൾ പറഞ്ഞു് അവളെ ശോകത്തെ വിസ്മരിക്കുവാൻ സഹായിക്കുന്നതും ആദിച്ചപ്പിള്ള തൻെറ ദിനചൎയ്യകളിൽ ഒന്നായി ഗണിച്ചിരുന്നു. ആദിച്ചപ്പിള്ള ഭാഗിനേയിയെ കാണുമ്പോൾ വേപഥുഗാത്രനായിത്തീർന്നിരുന്നു. ഈ ഭയംകണ്ടു് ഇലഞ്ഞിമൂട്ടുകാർ ആദ്യം ഇതു കുവലത്തറമൂപ്പരുടെ വാൎദ്ധക്യംമൂലം ഉണ്ടാകുന്നതാണെന്നു വിചാരിക്കുകയും ചെയ്തു.

നാണിഅമ്മയുടെ പതിനാറടിയന്ത്രം കഴിഞ്ഞു പത്താംദിവസം പാച്ചുപിള്ള ഉച്ചതിരിഞ്ഞു കുവലത്തറയിൽവന്നു. ആദിച്ചപ്പിള്ളയും പാച്ചുപിള്ളയും കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആദിച്ചപ്പിള്ള സാന്ധില്യയെ തളത്തിലേക്കു വിളിച്ചു.

പാച്ചു—"അപ്പീ, നിന്നോടു് എനിക്കു് ഒരു കാൎയ്യം പറയാനുണ്ടു്."

സാന്ധില്യ—"എന്താണതു്?"

പാച്ചു—"നിൻെറ അഛൻ സമ്പാദിച്ചുതന്നിട്ടുള്ള മുതലിനു നീയാണു് അവകാശി."

സാന്ധില്യ—"അതിനെന്തുവേണം?"

പാച്ചു—"അതു നിൻെറ അമ്മാവൻ ഇതുവരെ കൈവശംവെച്ചു പരിപാലിച്ചുവരികയാണു്."

സാന്ധില്യ—"അതെ."

പാച്ചു—"നീ അതു് ആവശ്യപ്പെട്ടാൽ അണ്ണൻ ഉടനേ നിനക്കു് അതു തിരിച്ചുതരേണ്ടതാണു്."

സാന്ധില്യ—"എനിക്കെന്തിനു്? അതു അമ്മാവൻെറ കൈയ്യിൽ ഇരിക്കട്ടെ."

ആദിച്ചപ്പിള്ള കൃതജ്ഞതയോടുകൂടി സാന്ധില്യയുടെ മുഖത്തുനോക്കി.

പാച്ചു—"അതു നീ ആവശ്യപ്പെടുമോ എന്നു് അണ്ണനു് അറിഞ്ഞാൽകൊള്ളാം."

സാന്ധില്യ—"എന്തമ്മാവാ ഇങ്ങിനെ പറയുന്നതു്? ഇതുവരെ ഞാൻ എൻെറ അമ്മാവനോടു് അതിനെപ്പററി വല്ലതും ചോദിച്ചിട്ടുണ്ടോ? അന്നത്തെപ്പോലെതന്നെ ഇന്നും."

ഇതുകേട്ടയുടനെ ആദിച്ചപ്പിള്ള സന്തോഷസാഗരത്തിൽ മുങ്ങിമയങ്ങി.

ആദിച്ച—"സാന്ധില്യെ, നീതന്നെ എൻെറ മരുമകൾ! നിൻെറ ഒരു കാൎയ്യം കുറയുവില്ല. നിനക്കു ഞാൻ മാസം പത്തുരൂപവീതം തരാം."

സാന്ധില്യ—"അമ്മാവൻെറ സ്നേഹം മതി എനിക്കു്."

ആദിച്ച—"നീ പറഞ്ഞ വാക്കു മാറുവില്ലല്ലൊ?"

സാന്ധില്യ—"അമ്മാവനു് എൻെറ സ്വഭാവം അറിഞ്ഞുകൂടാ. അതാണു് ഇങ്ങിനെ എന്നെ സംശയിക്കുന്നതു്."

ആദിച്ച—"നീ എനിക്കു ജീവൻ തിരിച്ചുതന്നു. ഞാൻ നിൻെറ മുതലു നശിപ്പിക്കുവില്ലെന്നു നിനക്കു് അറിയാമെല്ലൊ. ഒരു കാൎയ്യംകൂടി നീ ചെയ്യണം. എനിക്കു മനസ്സിനു സമാധാനമുണ്ടാകാനായി നിൻെറ വസ്തുക്കളെ എനിക്കു വിട്ടുതന്നിരിക്കുന്നെന്നു് ഒരു പ്രമാണം രജിസ്റ്ററാക്കിത്തരണം. അതു ചെയ്യാമോ?"

സാന്ധില്യ—"പ്രമാണം എഴുതിക്കൊണ്ടുവരണം. ഞാൻ ഒപ്പിട്ടുതരാം."

ആദിച്ച—"എങ്കിൽ രണ്ടുദിവസം കഴിഞ്ഞു നമുക്ക് ഒരുമിച്ച രജിസ്റ്റർകച്ചേരിയിൽ പോകാം."

ആദിച്ചപ്പിള്ള ആവശ്യപ്പെട്ട പ്രമാണം രണ്ടുദിവസം കഴിഞ്ഞയുടനെ സാന്ധില്യ രജിസ്റ്ററാക്കുകയും ചെയ്തു.

ഒരുവർഷം കഴിഞ്ഞു. മാസം പത്തുരൂപ കൊടുക്കാമെന്ന വാഗ്ദത്തം ആദിച്ചപ്പിള്ള മറന്നുപോയി. സാന്ധില്യ ആ സംഗതി നേരംപോക്കായി മാതുലനെ ഓർമ്മിപ്പിച്ചപ്പോൾ അദ്ദേഹം ഭണ്ഡാരമുറിയിൽനിന്നും ഹൃഷികേശൻനായരോടു താൻ വളരെ സഹായവിലയ്ക്കുവാങ്ങിച്ച സ്വർണ്ണഉരുപ്പടികളിൽ ചിലതിനെ എടുത്തു സാന്ധില്യയ്ക്കു കൊടുത്തു.

ആദിച്ച—"ഇതു് ഒരാണ്ടിലേക്കു തരാനുള്ള പണമായി വകവെച്ചോ."

സാന്ധില്യ—"അയ്യോ! അമ്മാവാ! ഇതു ഞാൻ എടുത്തോട്ടൊ?"

ആദിച്ച—"ഓഹോ. വരുന്ന ആണ്ടിൽ ശേഷമുള്ളതു തരാം."

താൻ ഇതിനാൽ ഒരു ലാഭമുള്ള കച്ചവടം ചെയ്തെന്നു് ആദിച്ചപ്പിള്ള സന്തോഷിച്ചു. ആ സാധനങ്ങൾ നായരുടെ വക ആയിരുന്നതുകൊണ്ടു് സാന്ധില്യക്കു് അവ അമൂല്യമായി തോന്നിയിരുന്നുതാനും.

ക്രമേണ ആദിച്ചപ്പിള്ള സാന്ധില്യയെ തന്റെ വീട്ടുകാര്യങ്ങളും വസ്തുക്കളുടെ കാര്യങ്ങളും അന്വേഷിക്കുന്നതിൽ പരിശീലിപ്പിച്ചു. അദ്ദേഹം അന്നന്നത്തെ ചിലവിനുള്ള അരി മുതലായ സാമാനങ്ങൾ പാച്ചിക്കു കൊടുക്കുമ്പോൾ സാന്ധില്യയും സമീപത്തു നില്ക്കുക പതിവായിത്തീർന്നു. പാട്ടക്കാർ കൊണ്ടുവരുന്ന പാട്ടപ്പണവും സാന്ധില്യതന്നെ വാങ്ങി കണക്കുവെച്ചിരുന്നു. ഇപ്രകാരം കാലക്രമംകൊണ്ടു സാന്ധില്യയ്ക്കു തന്റെ എല്ലാ വസ്തുക്കളുടേയും പേരും, ആദായവും മററും ഗ്രഹിക്കുവാൻ സാധിച്ചു. ഇങ്ങിനെ മൂന്നു വർഷം പഠിപ്പിച്ചപ്പോൾ സാന്ധില്യയുടെ വിദ്യാഭ്യാസം പൂർത്തിയായി എന്നു കുവലത്തറമൂപ്പർക്കു തോന്നി. സാന്ധില്യ ചോദ്യംകൂടാതെ മാതുലന്റെ ആജ്ഞയെ ശിരസാ വഹിച്ചുവന്നിരുന്നുതാനും. അതുകൊണ്ടു് ആദിച്ചപ്പിള്ളയ്ക്കു് അവളിൽ വിശ്വാസംതോന്നി തന്റെ ഭണ്ഡാരമുറിയുടെ താക്കോൽ ഒഴികെ സകല താക്കോലുകളും അദ്ദേഹം സാന്ധില്യയെ ഏല്പിച്ചു അവളെ ആ ഗൃഹത്തിലെ നായികയായി വാഴിച്ചു.

ഇങ്ങിനെ അഞ്ചുവർഷം വൃത്താന്തശൂന്യമായി അവർ ജീവിതം നയിച്ചു. അവരുടെ പഴയ ദിനചര്യയ്ക്കു യാതൊരു ഭേദവും ഇക്കാലത്തു് ഉണ്ടായിരുന്നില്ല. പത്മനാഭപുരനിവാസികൾ സാന്ധില്യയ്ക്കു് എന്തോ ഒരു വിഷാദം മനസ്സിലുണ്ടെന്നു വിശ്വസിച്ചിരുന്നു. ഇതിനെപ്പററി ഓരോരുത്തർ ഓരോരോ ഊഹങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ സാന്ധില്യ ഇതിനെപ്പററി യാതൊന്നും അവിടെ കൂടക്കൂടെ വന്നുകൊണ്ടിരുന്ന ഇലഞ്ഞിമൂട്ടുകാരോടുപോലും പറഞ്ഞിരുന്നതുമില്ല.

നാണിഅമ്മയുടെ മരണം കഴിഞ്ഞു അഞ്ചാമത്തെ വർഷംമുതൽ ആദിച്ചപ്പിള്ളയ്ക്കു വാർദ്ധക്യത്തിന്റെ ക്ഷീണങ്ങൾ വന്നുതുടങ്ങി. അതുകൊണ്ടു് അദ്ദേഹം സാന്ധില്യയെ പണം സംബന്ധിച്ച കാര്യങ്ങൾ എല്ലാം ധരിപ്പിച്ചു. വല്ലതും സംശയം തോന്നുകയാണെങ്കിൽ ആധാരമെഴുത്തു പാച്ചുപിള്ളയുടെ ഉപദേശം സ്വീകരിച്ചു നടക്കണമെന്നും അദ്ദേഹം അവളോടു ഗുണദോഷിച്ചു.. ആദിച്ചപ്പിള്ളയ്ക്കു പക്ഷവാതം പിടിപെട്ടു അദ്ദേഹം ശയ്യയെ പ്രാപിച്ചു. ഇതിൽ നിന്നു് അദ്ദേഹം ഒരിക്കലും എണീററതുമില്ല. ഡാക്ടർ മുനിയാണ്ടിപ്പിള്ളയും ആയുർവേദവൈദ്യന്മാരും പഠിച്ചവിദ്യ പതിനെട്ടും നോക്കി. എന്നാൽ അവർക്കു ആദിച്ചപ്പിള്ളയുടെ രോഗം വാശിയാക്കുവാൻ കഴിഞ്ഞില്ല. സാന്ധില്യ താൻ ഏകയാകുവാൻ പോകുന്നു വന്നുള്ള വ്യസനത്തോടുകൂടി മാതുലനെ സ്നേഹത്തോടുകൂടി ശുശ്രൂഷിച്ചു. സ്നേഹ

മാ ററ സാന്ധില്യയുടെ സ്വഭാവം. ഹൃഷികേശൻനായരുമായുണ്ടായ സംഭവങ്ങൾ അവൾ സ്വപ്നമാണെന്നു വിചാരിച്ചു. ക്രൂരനാണെങ്കിലും മാതുലൻ മാത്രമേ തന്നെ യഥാൎത്ഥമായി സ്നേഹിച്ചിരുന്നൊള്ളു എന്നു സാന്ധില്യ അറിഞ്ഞിരുന്നതുകൊണ്ടു്, അവൾ മരണസമയംവരെ ലുബ്ധു ഉപേക്ഷിച്ചിട്ടില്ലാത്തവനായ ആദിച്ചപ്പിള്ളയുടെ അടുത്തുവരുന്ന ദേഹവിയോഗത്തെപ്പററി കഠിനമായി ഖേദിക്കയും ചെയ്തു.

ആദിച്ചപ്പിള്ള ദീനമായികിടന്നിരുന്നപ്പോൾപോലും പണത്തിൻെറ കാൎയ്യം മറന്നിരുന്നില്ല. ദിവസവും രാവിലേ പാച്ചി കുവലത്തറമൂപ്പരെ തെക്കേപ്പുരയിൽനിന്നു തളത്തിൽ എടുത്തുകൊണ്ടുകിടത്തും. അവിടെ തൻെറ ഭണ്ഡാരമുറിയുടെ വാതലിനെ നോക്കി അദ്ദേഹം രാത്രിവരെ കിടക്കും. ദീനം അന്വേഷിക്കുവാൻ വല്ലവരും വന്നാൽ അദ്ദേഹം അവരുടെ മുഖത്തും ഭണ്ഡാരമുറിയിലുമായി ദൃഷ്ടികളെ പതിപ്പിച്ചുകൊണ്ടു ശയിച്ചിരുന്നു. ശബ്ദം വല്ലതും കേട്ടാൽ അദ്ദേഹം അതു് എന്താണെന്നു് അന്വേഷിക്കുവാൻ പാച്ചിയോടൊ സാന്ധില്യയോടൊ ആജ്ഞാപിക്കും. പാട്ടപ്പണം, പലിശപ്പണം മുതലായതുകൊണ്ടുവരുമ്പോൾ അദ്ദേഹത്തിൻെറ മുഖത്തു് ഒരു ഉന്മേഷം ജ്വലിക്കുക പതിവായിരുന്നു. ആ പണം ഉടനേതന്നെ ഭണ്ഡാരമുറിയിൽവെച്ചു പൂട്ടുവാൻ ആദിച്ചപ്പിള്ള സാന്ധില്യയോടുപറയുകയുംചെയ്യും. അവൾ അതുവെച്ചുപൂട്ടി ഭണ്ഡാരമുറിയുടെ കപാടം ബന്ധിച്ചു് അതിൻെറ താക്കോൽ തൻെറ ശയ്യയുടെ തലയ്ക്കൽ കൊണ്ടുവെയ്ക്കുന്നതുവരെ അദ്ദേഹത്തിൻെറ നേത്രങ്ങൾ അവിടെനിന്നു മാറുകയില്ലതാനും.

ആദിച്ചപ്പിള്ള മരിച്ചാൽ ഉടനെ, ഹൃഷികേശൻനായർ വന്നില്ലെങ്കിൽ, സാന്ധില്യ ഗംഗാധരൻപിള്ളയെ വിവാഹം ചെയ്യുമെന്നു പാച്ചുപിള്ള ദൃഢമായി വിശ്വസിച്ചിരുന്നു. അതുകൊണ്ടു വസ്തുക്കൾ അന്വേഷിക്കുന്നതിലും പണം പലിശയ്ക്കു കൊടുക്കുന്നതിലും പാച്ചുപിള്ള സാന്ധില്യയെ സഹായിച്ചിരുന്നു.

ആദിച്ചപ്പിള്ളയ്ക്കു മരണം അടുത്തുവന്നു ജീവൻപോകുന്ന സമയംവരെ അദ്ദേഹം ഭണ്ഡാരമുറിയെനോക്കി, "പണം എല്ലാം അവിടെ ഉണ്ടോ?" എന്നു സാന്ധില്യയോടു ചോദിച്ചിരുന്നു. "ഉണ്ടു്" എന്നു മറുപടിപറഞ്ഞു് അവൾ മാതുലനെ ആശ്വാസപ്പെടുത്തുകയും ചെയ്തിരുന്നു. "പണം സൂക്ഷിച്ചോ" എന്നായിരുന്നു കരഞ്ഞുകൊണ്ടുനില്ക്കുന്ന സാന്ധില്യയോടുള്ള അദ്ദേഹത്തിൻെറ ഒടുവിലത്തെ വാക്കു്.

---

## അധ്യായം ൨൩.

"ദുൎല്ലഭനത്രെ വല്ലഭനോൎത്താൽ
നല്ലവനെച്ചൊല്ലിവേണ്ടാശ."

സാന്ധില്യ ലോകത്തിൽ ഏകയായിത്തീൎന്നു. പാച്ചി മാത്രമേ അവൾക്കു ശേഷിച്ചൊള്ളു. പാച്ചിയെ തൻെറ ഒരു ബന്ധുവിനെപ്പോലെ വിചാരിച്ചു് അവളോടുമാത്രം സാന്ധില്യ തൻെറ ദുഃഖത്തെപ്പററി സംസാരിച്ചിരുന്നു. പാച്ചി തൻെറ സ്വാമിനിയെ സാന്ത്വനവാക്കുകൾകൊണ്ടു തനിക്കു കഴിയുന്നിടത്തോളം സമാധാനപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.

ആദിച്ചപ്പിള്ള മരിക്കുമ്പോൾ സാന്ധില്യയ്ക്കു രണ്ടരലക്ഷം രൂപയോളം സ്വത്തു് ഉണ്ടായിരുന്നു. എന്നാൽ സാന്ധില്യ തൻെറ ധനപുഷ്ടികൊണ്ടു് സന്തുഷ്ടചിത്തയാകാതെ ഹൃഷികേശൻനായരെക്കുറിച്ചു ചിന്തിച്ചു സന്താപസാഗരത്തിൽ മുങ്ങ

കയാണു ചെയ്തിരുന്നതു്. ഒരുദിവസം അവൾ പാച്ചിയുമായി തളത്തിൽ ഇരിക്കു മ്പോൾ അവർ തമ്മിൽ ഒരു ചെറിയ സംഭാഷണം ഉണ്ടായി.

സാന്ധില്യ—"പാച്ചീ, നമ്മൾ രണ്ടുപേരും മാത്രം ശേഷിച്ചു."

പാച്ചി—"ഉള്ളതുതന്നെ, അപ്പി. ആ പിള്ള എവിടെ ഇരിക്കിണെന്നറിഞ്ഞെ ങ്കി ഞാൻ ഏതു കാടുംകടലും കടന്നു പിള്ളയെ കൊണ്ടുവരും."

സാന്ധില്യ—"എത്രയോ ദിവസത്തെ വഴിക്കു അകലെയാണു് അദ്ദേഹം താമസിക്കു ന്നതു്!"

ഇങ്ങിനെയുള്ള മനോവ്യഥയോടുകൂടി സാന്ധില്യ വസിക്കുമ്പോൾ, പത്മനാഭ പുരം ഡിവിഷനിലുള്ള സകലരും അവളെയും, അവളുടെ ധനത്തേയുംപററി സംസാ രിച്ചു തുടങ്ങി. മാതുലന്റെ മരണാനന്തരം അവളുടെ ആദ്യത്തെ പ്രവൃത്തി പാച്ചി ക്കു മാസം നാലുരൂപാ ശമ്പളം കൊടുത്തതായിരുന്നു. പഴയ ശമ്പളത്തിൽ നിന്നു ത ന്നെ പാച്ചിക്കു നൂറുരൂപയോളം സമ്പാദ്യമുണ്ടു്. ഈ ആകർഷണങ്ങളെ എല്ലാംക ണ്ടു കൊച്ചപ്പിപ്പിള്ള അവളെ വിവാഹം ചെയ്തു. പത്മനാഭപുരത്തെ ഭൃത്യജാതിക ളുടെ അസൂയയ്ക്കു പാത്രമായ ആ സൈരന്ധ്രീരത്നത്തിന്റെ പരിണയകർമ്മം കുവല ത്തറയിൽവെച്ചു തന്നെ സാന്ധില്യ നടത്തി. ഇതുകൊണ്ടു ആ വധൂവരന്മാൎക്കു സാ ന്ധില്യയോടു അളവററ കൃതജ്ഞതയും, ഭക്തിസ്നേഹബഹുമാനാദികളും തോന്നി. അ വൾക്കുവേണ്ടി ജീവനെ ഉപേക്ഷിക്കുവാനും ആ ദമ്പതിമാർ സന്നദ്ധരായിരുന്നു. കൊച്ചപ്പിപ്പിള്ള സാന്ധില്യയുടെ കാൎയ്യസ്ഥനായിത്തീൎന്നു. സാന്ധില്യ പാച്ചിയുടെ പക്കൽ കലവറമുറിയുടെ താക്കോൽ ഏല്പിച്ചു. പാച്ചിയുടെ വരുതിയിൽ ഒരു അ രിവെപ്പുകാരി മഹാനസകാൎയ്യങ്ങൾ നിൎവ്വഹിച്ചുവന്നു. പാച്ചി തിരിഞ്ഞെടുത്ത ആ ഭൃത്യ ജോലികൾ ജാഗ്രതയോടുകൂടിച്ചെയ്യുന്നവളായിരുന്നുവെന്നു പ്രത്യേകം പറയേണ്ട തില്ലല്ലോ.

സാന്ധില്യക്കു് ഇപ്പോൾ ഇരുപത്തിമൂന്നുവയസ്സുപ്രായമുണ്ടായിരുന്നുവെങ്കിലും, ജീ വിതത്തിലെസുഖാനുഭവങ്ങളൊന്നും അവൾഇതുവരെ ആസ്വദിച്ചിരുന്നില്ല. ബാല്യകാ ലംമുതൽ രോഗിയായ മാതാവു മാത്രമേ അവൾക്കു സഖിയായി ഉണ്ടായിരുന്നൊള്ളു. ആ സാധുവായ മാതാവു പുത്രിയുടെ ഏകാന്തജീവിതത്തെപ്പററിയുള്ള വിഷാദത്തോടു കൂടി ഇഹലോകത്തെ വെടിഞ്ഞു. ആ പുണ്യവതിയുടെ സ്മരണ സാന്ധില്യയുടെചി ത്തത്തിൽനിന്നും ഒരിക്കലും മായുന്നതുമല്ല. അനുരാഗം അവൾക്കു ദുഃഖമായിട്ടാണു പരിണമിച്ചതു്. കാമുകനുമായി അവൾക്കു അല്പകാലികമായിട്ടുള്ള സമാഗമം മാത്ര മേ ഉണ്ടായിട്ടുള്ളു. ഇതിൽനിന്നും അവൾക്കു ഒരു ചുംബനം മാത്രം ലഭിച്ചിരുന്നു. ഇപ്പോൾ അവളുടെ ജീവനായകൻ ദൂരെയുള്ള അന്യരാജ്യത്തിലാണു് അധിവസിക്കു ന്നതു്. ഈ അനുരാഗം മാതുലന്റെ കോപത്തിനും ശാപത്തിനും, മാതാവിന്റെ അകാലമൃത്യുവിനും, അവളുടെ തീവ്രമായ മനോവേദനയ്ക്കും കാരണമായിത്തീൎന്നിരു ന്നു. സാന്ധില്യ സൌഖ്യലബ്ധിക്കു യഥാബലം ശ്രമിച്ചു. എന്നാൽ ഒരു അന്യനും ഈ ഉദ്ദേശസാദ്ധ്യത്തിൽ അവളെ സഹായിച്ചതുമില്ല.

ദാനപ്രദാനങ്ങൾകൊണ്ടാണു നമ്മുടെ ആത്മാവു പുഷ്ടിയെ പ്രാപിക്കുന്നതു്. അന്യആത്മാവിന്റെ സഹായം നമുക്കു വായുവിനെപ്പോലെ അത്യാവശ്യമാണു്. അ തു ദാനം ചെയ്യുന്നതിനെ നാം വാങ്ങി അതിനിരട്ടി അതിനു പ്രതിദാനം ചെയ്യുന്നു. ഈ അന്യആത്മാവിന്റെ സംസൎഗ്ഗം ഇല്ലെങ്കിൽ ശ്വസിക്കുവാൻ വായുവില്ലാത്തതു പോലെ നാം വേദന അനുഭവിക്കേണ്ടതായി വരും. സാന്ധില്യയ്ക്കും ഇതുപോലെ യുള്ള വേദന തുടങ്ങി. അവളുടെ അനവധി ധനം അവൾക്കു് ആശ്വാസകരമായി ത്തീൎന്നിരുന്നില്ല. അനുരാഗവും ദൈവവിശ്വാസവും, ഭാവിയെപ്പററിയുള്ള ആശക ളും അവളുടെ സഖികളായിത്തീൎന്നു. പ്രപഞ്ചത്തിന്റെ സനാതനതത്വം പ്രണയംമൂ

ലം അവൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു. ജീവന്നു നാശമില്ല; അതുപോലെതന്നെ അനുരാഗവും അനശ്വരമാണ്. ഈ വിചാരങ്ങൾ അഹോരാത്രം അവളുടെ മനസ്സിൽ ഉണ്ടായിരുന്നു. ഈ ചിന്തകളിലും, മതഗ്രന്ഥങ്ങളിലും തന്റെ ഏകധനകോശമാകുന്ന നായരുടെ രുദ്രാക്ഷമാലയിലും നിമഗ്നയായി സാന്ധില്യ ജീവിതം കഴിച്ചുവന്നു.

ആദിച്ചപ്പിള്ളയുടെ മരണം കഴിഞ്ഞു് ഒരുവൎഷത്തിനകം ഗംഗാധരൻപിള്ളയ്ക്കു സാന്ധില്യയെ വിവാഹം ചെയ്യുവാൻ സാധിക്കുമെന്നു വിചാരിച്ച് ഇലഞ്ഞിമൂട്ടുകാർ ആഹ്ലാദചിത്തരായി നിവസിച്ചു. ഇലഞ്ഞിമൂട്ടുകാരും അവരുടെ ബന്ധുക്കളിൽ ചിലരും ദിവസംപ്രതി കുവലത്തറയിൽ വന്നുകൊണ്ടിരുന്നു. സാന്ധില്യയുടെ സ്തുതിപാഠകന്മാരായ ഇവർ അവളുടെ എല്ലാ ആഗ്രഹങ്ങളേയും മുൻകൂട്ടി അറിഞ്ഞു അവയെ സാധിച്ചുകൊടുക്കുവാൻ സദാ സന്നദ്ധരായിരുന്നു. ഒരു രാജ്ഞിയെപ്പോലെ അവർ അവളെ ബഹുമാനിച്ചുതുടങ്ങി. ഈ സ്തുതിഗീതങ്ങൾ സാന്ധില്യയ്ക്കു് ആദ്യകാലങ്ങളിൽ അവരോടു വെറുപ്പുതോന്നിച്ചു എന്നാൽ ക്രമേണ അവൾക്കു് ഇതിലുള്ള വൈമുഖ്യം നശിച്ചു തുടങ്ങി. ഇതുകേട്ടു് അവളുടെ ആത്മവിശ്വാസം വൎദ്ധിച്ചുവന്നു. തന്റെ സൌന്ദൎയ്യസൌഭാഗ്യാദികളെപ്പററിയുള്ള പ്രശംസകൾ തന്റെ വരനാകാൻ പോകുന്ന ഹൃഷികേശൻനായരുടെ പാദങ്ങളിൽ സാന്ധില്യ സമൎപ്പിക്കയും ചെയ്തു.

പത്മനാഭപുരം മുൻസിപ്പുകോടതി ഹെഡ്ഗുമസ്തനായിത്തീൎന്നിരുന്ന ഗംഗാധരൻപിള്ളയുടെ സ്തുതിഗീതങ്ങളും ഇവർ അനുപല്ലവിയായി പാടുവാൻ മടി കാണിച്ചില്ല. അദ്ദേഹത്തിന്റെ സൌന്ദൎയ്യവും, സൌശീല്യവും, ധനവും, ജനസ്വാധീനതയും മററും അവരുടെ സംഭാഷണത്തിന് ഒരു പ്രധാനവിഷയമായിത്തീൎന്നു.

ഒന്നാംസ്തുതിഗായക:—"ഹെഡ്ഗുമസ്തനാണ്ണനു മാസം ശമ്പളംകൂടാതെ നൂറു രൂപ കമ്മിഷൻ നടത്തിക്കിട്ടും, സാന്ധില്യ അക്കാ"

രണ്ടാംസ്തുതിഗായക—"അങ്ങേരു് ഇന്നാളും കുറെ നിലം വാങ്ങിച്ചു. ഇത്ര ചെറുപ്പത്തിൽ ഇത്ര അധികം സമ്പാദിച്ചവർ ആരുമില്ല, അക്കം."

മൂന്നാംസ്തുതിഗായക—"പണം സാരമില്ല. അങ്ങേരുടെ ഉദ്യോഗകയററം നോക്കു്. എന്തു ചെറുപ്പത്തിൽ ഹെഡ്ഗുമസ്തൻവേല കിട്ടി. ഇനി മൂന്നാലുവൎഷത്തിനകം അങ്ങേൎക്കു ജില്ലാക്കോട്ടു ശിരസ്താരുദ്യോഗം കിട്ടും. ഹൈക്കോടതി ജഡ്ജിമാൎക്കു അങ്ങേരെ വലിയ കാൎയ്യമാണു്, അക്കാ."

നാലാംസ്തുതിഗായക—"അങ്ങേരു് എത്രപേൎക്കു മുൻസിപ്പുകോടതിയിൽ ഉദ്യോഗമുണ്ടാക്കിക്കൊടുത്തു!"

ഗംഗാധരൻപിള്ളയ്ക്കു ഇപ്പോൾ മുപ്പത്തിയാറു വയസ്സ് കഴിഞ്ഞിരുന്നു. അദ്ദേഹം യുവാക്കന്മാരുടെ ഭാവവും, സംസാരവും ഉപേക്ഷിച്ചിരുന്നില്ല. ഒരു വലിയ ഉദ്യോഗസ്ഥന്റെ ഭാവം അദ്ദേഹം നടിക്കയുംചെയ്തു. വെള്ളി ബട്ടൺസോടുകൂടിയ ഒരു "ടപിൽ" ഷൎട്ടും, രജതശൃംഖലയോടുകൂടിയ ഒരു ഘടികാരവും, ഒരു മലാക്കാ ചൂരലും, ചൎമ്മനിൎമ്മിതങ്ങളായ പാദുകങ്ങളും, ഒരു കൈലേസും, കട്ടിയും കവിണിയും, കസവുള്ള നേൎയ്യതും ആണു് കുവലത്തറവരുമ്പോൾ അദ്ദേഹം സാധാരണയായി ഇപ്പോൾ ധരിക്കാറുള്ളതു്.

ലക്ഷ്മിഅമ്മ അവിടെ കൂടക്കൂടെ വന്നിരുന്നു. ആ സ്ത്രീയോടു് സാന്ധില്യ പണ്ടത്തെപ്പോലെതന്നെ സ്നേഹം പ്രദൎശിപ്പിച്ചു. തന്റെ പുത്രനു സാന്ധില്യയെ വിവാഹംചെയ്തു കൊടുക്കുവാൻ സാധിച്ചില്ലെങ്കിലും ലക്ഷ്മിഅമ്മ ഇലഞ്ഞിമൂട്ടുകാരോടുള്ള വിരോധം മറന്നിരുന്നില്ല. ഒരിക്കൽ ലക്ഷ്മിഅമ്മ കോട്ടശ്ശേരി അമ്മവീട്ടിൽ നിരഞ്ജനൻതമ്പിയെ വിവാഹം ചെയ്യുവാൻ സാന്ധില്യയോടു ഉപദേശിച്ചു. ഉന്നതകുടുംബത്തിലുള്ള അദ്ദേഹത്തിന്റെ ഗുണങ്ങളെ ലക്ഷ്മിഅമ്മ വൎണ്ണിക്കുന്നതുകേട്ടു സാ

ന്ധില്യ പുഞ്ചിരിയിട്ടു. ഇതുകണ്ടു് ലക്ഷ്മിഅമ്മ തന്റെ ആഗ്രഹം സാധിക്കുമെന്നു വിചാരിച്ചു സന്തോഷിച്ചു.

ലക്ഷ്മി—"ഗംഗാധരൻപിള്ളയുടെ മുണ്ടുകൊടയുടെ തീയതിയും ഇലഞ്ഞിമൂട്ടുകാർ നിശ്ചയിച്ചുകഴിഞ്ഞു. പക്ഷെ പെണ്ണുമാത്രം തെററിപ്പോയി."

സാന്ധില്യ ഇതിനു ഉത്തരമൊന്നും പറഞ്ഞില്ല.

അന്നു വൈകുന്നേരം സാന്ധില്യ പാച്ചിയോടു് ഇപ്രകാരം പറഞ്ഞു.

സാന്ധില്യ—"ഏഴുവർഷത്തിൽ അദ്ദേഹം ഒരു എഴുത്തുപോലും എനിക്കു് അയച്ചില്ലല്ലൊ!"

---

## അദ്ധ്യായം ൨൪.

"രണ്ടുമാസംകഴിഞ്ഞപ്പോളുടൻനല്ല
തണ്ടുതപ്പീടുന്നചെട്ടിയുംകപ്പലും
വേണ്ടുന്നപൊന്നുംപണവുമെടുപ്പിച്ചു
കൊണ്ടുവന്നുധനാഢ്യനാംകണ്ടകൻ."

ഈ സംഭവങ്ങൾ പത്മനാഭപുരത്തു് നടന്നുകൊണ്ടിരിക്കുമ്പോൾ, ഹൃഷീകേശൻനായർ മലെസ്റ്റേറ്സിൽ ധനം സമ്പാദിക്കുകയായിരുന്നു. അവിടെ ചെന്നു രണ്ടുമാസത്തിനകം നായർക്കു സിംഗപ്പൂരിലുള്ള ഒരു ബാങ്കിൽ മാസം നൂറുഡാളർ ശമ്പളം ലഭിച്ചു. വേഗത്തിൽ വിത്തമാർജ്ജനംചെയ്തു തിരികെ തിരുവനന്തപുരത്തു വന്നു് മുൻപിലത്തെക്കാൾ പ്രതാപത്തോടുകൂടി നിവസിക്കണമെന്നു മാത്രം വിചാരമുള്ള നായർ വളരെ ലുബ്ധുപിടിച്ചു രണ്ടു വർഷംകൊണ്ടു ആയിരംരൂപ ബാങ്കിൽ ജോലിചെയ്തു സമ്പാദിച്ചു. അതിനുശേഷം നായർ ബാങ്കിലെ ജോലി രാജിവെച്ചു ഉൾനാട്ടുകളിലേക്കു പോയി. അവിടെ ഒരു യൂറോപ്യൻകമ്പനിയുടെ തോട്ടത്തിൽ നായർക്കു മാനേജർ ഉദ്യോഗം ലഭിക്കുവാൻകഴിഞ്ഞു. അദ്ദേഹം നാലുവർഷം മാനേജരായിരുന്നു. ഇങ്ങിനെ താമസിക്കുമ്പോൾ പല വിധത്തിലുള്ള ജനങ്ങളോടുകൂടി അദ്ദേഹത്തിനു സംസർഗ്ഗംചെയ്യേണ്ടതായിവന്നതിനാൽ ആ യുവാവിന്റെ മുമ്പുതന്നെ ശോഷിച്ചിരുന്ന സന്മാർഗ്ഗവിചാരങ്ങൾ തീരെനശിച്ചു. മനുഷ്യരെല്ലാരും സ്വാർത്ഥതല്പരന്മാരാണെന്നും, അവർക്കു അന്യോന്യം വിശ്വാസമില്ലെന്നും, പരോപകാരത്തിനായി പ്രവർത്തിക്കുവാൻ തുടങ്ങുന്നവനു് ധനം ശേഖരിക്കുവാൻ സാധിക്കുന്നതല്ലെന്നും നായർക്കു് ഈ ജീവിതത്തിൽനിന്നും മനസ്സിലാക്കുവാൻകഴിഞ്ഞു. തന്റെ പിതാവിന്റെ അത്യാഗ്രഹവും ചിത്തകാഠിന്യവും നായർക്കും ഉണ്ടായിത്തുടങ്ങി. തോട്ടത്തിൽ ജോലിചെയ്യുന്ന കൂലിക്കാരെ പലവിധേന ദ്രോഹിച്ചു് പണംഉണ്ടാക്കുവാൻ അദ്ദേഹം മടികാണിച്ചിരുന്നില്ല. തന്റെ യജമാനന്മാരായ കമ്പനിക്കാരെയും നായർ വഞ്ചിച്ചിരുന്നു. ഇപ്രകാരം ക്രമേണ നായർ ധാരാളം രൂപ സമ്പാദിക്കുകയും ചെയ്തു.

മലെസ്റ്റേറ്സിൽചെന്നതിനുശേഷം ഒരു വർഷത്തേക്കു് നായർസാന്ധില്യയെ വിസ്മരിച്ചിരുന്നില്ല. എന്നാൽ കാലക്രമംകൊണ്ടു് പലവർഗ്ഗത്തിലും പലതരത്തിലുമുള്ള സ്ത്രീകളുമായി നായർക്കു് സംസർഗ്ഗം ഉണ്ടായതുകൊണ്ടു്, പരിശുദ്ധയായ സാന്ധില്യയുടെ സ്മരണകൾ അദ്ദേഹം തന്റെ ഹൃദയത്തിൽനിന്നും ബഹിഷ്കരിച്ചു. കുവലത്തറവീടു് ഒരു കോഴിക്കൂടു് എന്നുമാത്രമേ നായർ ഇപ്പോൾ ഓർത്തിരുന്നൊള്ളു. ആ ഭവനത്തിലുള്ളവരോടു് തനിക്കുള്ള ബന്ധുത്വം നായർ വിസ്മരിച്ചു. തന്റെ സ്വജനസമ്മാനങ്ങൾ വഞ്ചിച്ചെടുത്തചോരൻഎന്നാണു് അദ്ദേഹം ആടിച്ചപ്പിള്ളയെപ്പ

ററി വിചാരിച്ചിരുന്നതു്. സാന്ധില്യക്കു് താൻ തുലാഭാരക്കാശ്ശും മററും വാങ്ങിയവക യിൽ കുറെരൂപ കൊടുക്കാനുണ്ടെന്നുമാത്രമായിരുന്നു ആ തരുണീമണിയെപ്പററിയുള്ള നായരുടെ സ്മരണകൾ. ഇങ്ങിനെയുള്ള ഹൃഷീകേശൻനായർ ഒരു എഴുത്തുപോലും പത്മനാഭപുരത്തേക്കു് അയക്കാതിരുന്നതിൽ നമുക്കു് അതിശയിക്കുവാൻ ഒന്നുമില്ലെ ല്ലൊ.

തിരുവിതാംകൂറിൽനിന്നു് തിരിച്ചതിന്റെ ഏഴാമത്തെവൎഷത്തിൽ ഹൃഷീകേശൻ നായർ പതിനായിരംരൂപ സമ്പാദിച്ചുകൊണ്ടു് നാട്ടിലേക്കു തിരിച്ചു. മദ്രാസിൽ നിന്നും എറണാകുളംവഴിയാണു് നായർ തിരുവനന്തപുരത്തേക്കു് വന്നതു്. കൊച്ചി യിൽനിന്നും ആലപ്പുഴക്കുള്ള ബോട്ടിൽവെച്ചു് നായക്കു് അടുത്തുൺവാങ്ങിയ അഞ്ചാ ൽസൂപ്രണ്ടു രൂപേന്ദ്രമേനോനോടു പരിചയമാകുവാൻ സംഗതിവന്നു. രൂപേന്ദ്രമേ നോൻ ഭാൎയ്യാ പുത്രീ സമേതം ഭാൎയ്യയുടെ സ്വദേശമായ ആലുവായിൽനിന്നും തിരികെ തിരുവനന്തപുരത്തു വരികയായിരുന്നു. രൂപേന്ദ്രമേനോനു് പതിനായിരംരൂപയോ ളം കടംമാത്രം സമ്പാദ്യമായി ഉണ്ടായിരുന്നൊള്ളു. അദ്ദേഹത്തിന്റെ പുത്രിയായ സ രോജനിക്കു് പതിനെട്ടുവയസ്സുപ്രായമുണ്ടായിരുന്നുവെങ്കിലും ഇതുവരെനല്ലഭത്താക്കന്മാ ർ ആരുംതന്നെ അവൾക്കു വന്നിരുന്നില്ല. പണവും, സൌന്ദൎയ്യവും ഉദ്യോഗപ്രതാപ വും ഇല്ലായിരുന്ന ഈ തരുണിയ്ക്കു് ഇങ്ങിനെ സംഭവിച്ചതിൽ അതിശയിക്കാൻഒന്നു മില്ലല്ലൊ. ഇതിനെപ്പററി സരോജനിയുടെ മാതാവായ കാത്ത്യായനിഅമ്മയ്ക്കു് തള രെ മനസ്താപം ഉണ്ടായിരുന്നുതാനും.

കൃശഗാത്രിയായ സരോജനിക്കു് അസാമാന്യം പൊക്കമുണ്ടു്. എന്നാൽ ഈകാ യദൈൎഘ്യം ഒരു അല്പമായ ഗാത്രവക്രതകൊണ്ടു് പ്രത്യക്ഷപ്പെട്ടിരുന്നില്ല. പരന്ന നാസികയും വൃത്താകാരമായനേത്രങ്ങളും ഉള്ള അവളുടെ വദനത്തിനു് എപ്പോഴും ഒരു വിളൎച്ചയുണ്ടായിരുന്നു. അവളുടെ ദന്തങ്ങൾ ഓഷ്ഠാധരങ്ങളെ അല്പം അതിക്രമി ച്ചുനിന്നിരുന്നു. ഈ അംഗവൈരൂപ്യങ്ങൾക്കു് പരിഹാരമായി സരോജനിക്കു് ഇം ഗ്ലീഷ്ഭാഷ നല്ലതിൻവണ്ണം സംസാരിക്കുവാനും വായിക്കുവാനും അറിയാമായിരുന്നു. യൌവ്വനയുക്തയായ കാത്ത്യായനിഅമ്മ തന്റെപുത്രിയെ യുവാക്കന്മാരുടെ ചിത്ത ത്തെ ഹരിക്കുവാനുള്ള കൌശലങ്ങളെല്ലാം പഠിപ്പിച്ചുവന്നു. മനോഹരമായി വ സ്ത്രം ധരിക്കുവാനും നീചോളത്തെ ദൃഢമായി ബന്ധനംചെയ്ത ഗാത്രത്തിന്റെ വടിവുകളെ വിശദമാക്കുവാനും ചേതോഹരമാകുന്ന ചില്ലീവിലാസങ്ങളും കടാ ക്ഷവിക്ഷേപങ്ങളും ബി. ഏ-ക്കാരോടു് പ്രദൎശിപ്പിക്കുവാനും. ഓഷ്ഠാധരങ്ങളെ മുറു കെ അടച്ചു് ദന്തനിരകളെ പുറത്തുകാണിക്കാതെ ഇരിക്കുവാനും എപ്പോഴും ഒരു ചി ന്താപരവശതയെനടിച്ചു സൎവ്വകലാശാല ബിരുദധാരികളായ യുവാക്കളെ വശീകരിക്കു വാനും ലൌകികതന്ത്രങ്ങളിൽ അതിവിദഗ്ദ്ധയായ മാതാവിൽനിന്നും സരോജനിഗ്ര ഹിച്ചിരുന്നു.

ബോട്ടിൽവെച്ചുതന്നെ കാത്ത്യായനിഅമ്മ നായരെ കടാക്ഷിച്ചുതുടങ്ങി-തിരുവ നന്തപുരത്തു വന്നു ഒരു ബംക്ളാവു വാടകയ്ക്കെടുക്കുന്നതുവരെ ഹൃഷീകേശൻ നായർ സ്നേഹിതനായ രൂപേന്ദ്രമേനോനോടുകൂടിത്തന്നെ താമസിച്ചു. രൂപേന്ദ്രമേ നോന്റെ പ്രയത്നത്താൽ അദ്ദേഹത്തിന്റെ ഭവനത്തിനുസമീപം ഒരു ചെറിയ ബം ക്ളാവു് നായക്കു് കുറഞ്ഞവാടകയ്ക്കു് ലഭിക്കുവാൻകഴിഞ്ഞു. ദിവസവുംനായർ രൂപേ ന്ദ്രമേനോന്റെ ഭവനത്തിൽപോയിത്തുടങ്ങി. നായരേയുംകാത്ത്യായനിഅമ്മയേയും പ ററി ജനങ്ങൾ ദൂഷ്യങ്ങൾപറഞ്ഞു. ഭത്താക്കന്മാരില്ലാത്ത പ്രായംതികഞ്ഞപുത്രികളു ള്ള ആന്ധ്യകുക്ഷികൾ ഇതും ഇതിനപ്പുറവും പറയുവാൻ മടിക്കയില്ലല്ലൊ എന്നു ചിന്തിച്ചു് കാത്ത്യായനിഅമ്മ ഈ ശ്രുതിയെ ഗൌനിച്ചിരുന്നുമില്ല.

തന്റെ ആത്മസ്നേഹിതനായ ദിവാൻജിയോടുപറഞ്ഞു് നായക്കുഒരുനല്ല ഉദ്യോ

ഗം ഫജൂരാപ്പീസിൽതന്നെ വാങ്ങിക്കൊടുക്കാമെന്നു ത്രപേന്ദ്രമേനോൻ നായരെ ധരിപ്പിച്ചു. നായർക്ക് ഇപ്പോൾ പണത്തിനെക്കാൾ ഉദ്യോഗത്തിലാണു ഭ്രമംക്രൂടിയിരുന്നതു്. തന്റെ കടങ്ങളെല്ലാം ആരിച്ചിപ്പില്ല വീട്ടിയിരുന്ന എന്നാണു അദ്ദേഹം വിചാരിച്ചിരുന്നതു്. അതുകൊണ്ടുതന്റെ ഇപ്പോഴുള്ള സമ്പാദ്യം തൽക്കാലംമതിയെന്നും ഉയന്നഉദ്യോഗം കിട്ടുമ്പോൾ ശേഷം സമ്പാദിച്ചുകൊള്ളാമെന്നും നായർ വിചാരിച്ചു. ഒടുവിൽ ഉദ്യോഗഭ്രമവും, കാത്ത്യായനിഅമ്മയോടുള്ള അനുകമ്പയും, സരോജനിയുടെ പരിഷ്കാരവും ഹേതുവാൽ ഹൃഷികേശൻനായർ സരോജനിയെത്തന്നെ വിവാഹംചെയ്യുവാൻ നിശ്ചയിക്കുകയും ചെയ്തു.

ഉണ്ടിയൽക്കട അയ്യാത്തുരയ്യർ നായർ തിരിച്ചുവന്നുവെന്നു കേട്ടയുടനേ അദ്ദേഹത്തിനെ കാണുവാൻചെന്നു. അയ്യാത്തുരയ്യർആദ്യംനായരുടെഭവനത്തിൽചെന്നപ്പോൾനായർ അവിടെ ഉണ്ടായിരുന്നില്ല. രണ്ടാമതു് ഒരിക്കൽ അയ്യാത്തുരയ്യർ നായരെ അന്വേഷിച്ചുചെന്നു. അപ്പോൾ നായർ കുറേ ജോലിയായി ഇരിക്കുകയാണ് എന്നൊരു ഭൃത്യൻ അദ്ദേഹത്തിനെ ധരിപ്പിച്ചു. പിന്നെ ഒരിക്കൽ അയ്യാത്തുരയ്യർ നായരെ കാണുവാൻ പോയി. നായർ അവിടെ ഇല്ലായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഭൃത്യനിൽ നിന്നും ആ ദ്വിജവരൻ നായർത്രപേന്ദ്രമേനോന്റെ ഭവനത്തിൽ ഇരിക്കുന്നുവെന്നു് മനസ്സിലാക്കി. നായർ വരുന്നതുവരെ അദ്ദേഹം അവിടെത്തന്നെ ഇരുന്നു. ഒരു മണിക്കൂർകഴിഞ്ഞപ്പോൾ നായർ തിരിച്ചുവന്നു. അയ്യാത്തുരയ്യർ ആരാണെന്നു് നായർ ആദ്യം അറിഞ്ഞില്ല. ആ ബ്രാഹ്മണൻ താൻ ആരാണെന്നും, വന്ന കാര്യ്യവും മററും പറഞ്ഞപ്പോഴാണ് തന്റെ മാതുലന്റെ ചിട്ടിക്കടങ്ങൾ ആ സകലം ആരിച്ചിപ്പില്ല വീട്ടിയിരുന്നില്ലെന്നു നായർക്കു മനസ്സിലായതു്.

ഹൃഷികേശൻ—"എന്റെ അമ്മാവന്റെ കടം അമ്മാവനോടു വാങ്ങിച്ചു തീർത്തുകൊള്ളണം. എനിക്കു അതു അറിഞ്ഞിട്ടു കാര്യ്യമില്ല. ഞാൻ വല്ലവക്കും കൊടുക്കാനല്ല കഷ്ടപ്പെട്ടു ചക്രമുണ്ടാക്കിയതു്."

അയ്യാത്തുരയ്യർ—"ഉങ്കളുടയതറവാട്ടെ കാപ്പാത്തവേണ്ടാമാ? ഉങ്കളും അതിൽ കൈയ്യെഴുത്തുപോട്ടിക്കിറേർ ഇല്ലയാ?"

ഹൃഷികേശൻ—"എന്റെ കൈയ്യിൽമണിയുണ്ടെങ്കിൽ എനിക്കു ഒരുമുഷ് പ്പേരുമുണ്ടാകയില്ല, ഞാൻ അതിൽ ബാല്യകാലത്താണു ഒപ്പിട്ടിരിക്കുന്നതു്. അതു് എന്റെ സ്വബോധത്തോടുക്രൂടിയല്ല, അമ്മാവന്റെ അൺഡ്യൂഇൻഫ്ളൂയൻസും മിസ്റിപ്രസന്റേഷനും കൊണ്ടാണെന്നു ഞാൻതക്കിക്കും."

ഇതുകേട്ടയുടനെ ഒരു അക്ഷരവും മറുപടിപറയാതെ അയ്യാത്തുരയ്യർ തിരിച്ചുപോരുകയും ചെയ്തു.

---

## അദ്ധ്യായം ൨൫.

"നോക്കേണ്ടിഹപ്രണയഖണ്ഡനൻ്തന്നെകൊള്ളാം
തൽക്കാരണംപലതുമംയതിനോക്കിലുണ്ടാം"

ഹൃഷികേശൻനായർ തിരുവനന്തപുരത്തു തിരിച്ചുവന്നതിനുശേഷം, ഒരുദിവസം സാന്ധില്യ രാവിലെ സ്നാനവും ആഹാരവും കഴിച്ചു കിണറിന്റെ സമീപത്തുള്ള മാതളവൃക്ഷത്തിനെ നോക്കി ചിന്താമഗ്നയായി നിന്നിരുന്നു. അപ്പോൾ പൂവ്വസ്മരണകളാൽ അവൾക്കു അല്പം ആശ്വാസംതോന്നി. സുദിനമായിരുന്നു അന്നു്. ബാലാക്കകിരണങ്ങളാൽ തലോടപ്പെട്ട വൃക്ഷലതാദികൾ മന്ദഹാസംതൂകി. വേളിമല

യുടെ ശിഖരങ്ങളിൽ മേഘജാലങ്ങൾ കാണ്മാനില്ല. പടിപ്പുര പൂൎവ്വസ്ഥിതിയിൽതന്നെ അവിടെ കാണ്മാനുണ്ട്. കൊച്ചപ്പിപ്പിള്ള അതിനെ നന്നാക്കുവാനായി അനേകംതവണ സാന്ധില്യയോടു അനുവാദം ചോദിച്ചുവെങ്കിലും, ആ യുവതി അതിനു സമ്മതിച്ചിരുന്നില്ലതാനും.

അപ്പോൾ പാച്ചി അവിടെ പ്രവേശിച്ചു് ഒരു ലേഖനത്തെ സാന്ധില്യയുടെ കൈയ്യിൽകൊടുത്തു.

പാച്ചി—"പിള്ളയുടെ എഴുത്താണോ, അപ്പീ?"

സാന്ധില്യ അതിലുള്ള മുദ്ര നോക്കി.

സാന്ധില്യ—"തിരുവനന്തപുരത്തുനിന്നോ? അദ്ദേഹത്തിന്റെ കൈയ്യക്ഷരം! അദ്ദേഹം തിരിച്ചുവന്നു!"

സാന്ധില്യയുടെ മുഖം രക്തപ്രസാദമില്ലാതെ ആയിത്തീൎന്നു. അവളുടെ നേത്രങ്ങൾക്കു അല്പനേരം കാഴ്ചയുമില്ലാതെവന്നു. അവൾക്കു എഴുത്തു പൊട്ടിക്കുവാൻ ഭയംതോന്നി. പാച്ചി അവിടെ ഇതെല്ലാം നോക്കി നിൽക്കുകയായിരുന്നു.

പാച്ചി—"എഴുത്തു വായിക്കണം അപ്പീ."

സാന്ധില്യ—"അദ്ദേഹം തിരുനൽവേലിവഴിക്കു വരാത്തതെന്തു്, പാച്ചി? ആ വഴിയ്ക്കാണെല്ലോ അദ്ദേഹം അവിടേക്കുപോയതു്"

പാച്ചി—"വായിക്കണം അപ്പം അറിയാം"

എഴുത്തു പൊട്ടിച്ചപ്പോൾ സാന്ധില്യയുടെ ഹസ്തങ്ങൾ വിറച്ചു.

"എന്റെ പ്രിയപ്പെട്ട സാന്ധില്യഅമ്മെ—"

സാന്ധില്യ—(ആത്മഗതം)—"ഞാൻ ഇപ്പോൾ സാന്ധില്യഅമ്മയായി!"

"നിങ്ങൾ—"

സാന്ധില്യ—(ആത്മഗതം)—"നീ എന്നല്ലെ അദ്ദേഹം അന്നു എന്നെ വിളിക്കാറുള്ളതു്!"

സാന്ധില്യക്കു ശേഷം വായിക്കുവാൻ ധൈൎയ്യം ഉണ്ടായില്ല. അവളുടെ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞു.

പാച്ചി—"എന്തെരപ്പീ, പിള്ളയ്ക്കു ദീനമോ?"

സാന്ധില്യ—"അല്ല."

അനന്തരം ധൈൎയ്യത്തെ അവലംബിച്ചു സാന്ധില്യ എഴുത്തു മുഴുവൻ വായിച്ചു.

"എന്റെ പ്രിയപ്പെട്ട സാന്ധില്യ അമ്മെ,

നിങ്ങൾ എന്റെ ശ്രേയസ്സിനെക്കുറിച്ചു കേൾക്കുന്നതിൽ കൌതുകം കാണിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. നിങ്ങൾ കടംതന്ന പവൻ എനിക്കു വലിയ ഉപകാരമായി. അഛന്റെ ഉപദേശം അനുസരിച്ചു ഞാൻ കുറേ സമ്പാദിച്ചു. അഛനും അമ്മായിയും മരിച്ചുവെന്നു ഈയ്യിടെ മാത്രമേ ഞാൻ അറിഞ്ഞുള്ളു. നമ്മുടെ മാതാപിതാക്കന്മാർ നമുക്കു മുമ്പെ മരിക്കുന്നതു നാം ലോകത്തിൽ സാധാരണ കണ്ടുവരാറുള്ളതാണെല്ലോ. ആ വ്യസനം ഇപ്പോൾ നിങ്ങൾ മറന്നിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കാലഗതി എല്ലാ ദുഃഖങ്ങളെയും ശമിപ്പിക്കുമെന്നു എനിക്കു അനുഭവംകൊണ്ടു അറിയാം. നമ്മുടെ ബാല്യചേഷ്ടകൾ എല്ലാം കഴിഞ്ഞിരിക്കുന്നു. എനിക്കു അതിനെപ്പററി വ്യസനമുണ്ട്. പക്ഷേ വേറെ ഒരു നിവൃത്തിയുമില്ല. ഞാൻ അനേകം സ്ഥലങ്ങളിൽ സഞ്ചരിച്ചു്, അനേകം ആളുകളോടു സംസൎഗ്ഗം ചെയ്തിട്ടുള്ളതുകൊണ്ടു, എനിക്കു മനുഷ്യരുടെ ജീവിതത്തെപ്പററി നല്ല അറിവു് ഉണ്ടായിട്ടുണ്ട്. മലേസ്റ്റേററ്സിൽ പോകുമ്പോൾ ഞാൻ ഒരു ബാലനായിരുന്നു. പുരുഷപ്രാ

പ്തിയോടുകൂടിയാണ് ഞാൻ തിരിച്ചു വന്നിട്ടുള്ളതു്. സ്വപ്നത്തിൽകൂടി അന്നു വിചാരിക്കാത്ത പല കാൎയ്യങ്ങളെപ്പററി എനിക്കു ഇപ്പോൾ ആലോചിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ സ്വതന്ത്രയാണ്. അതുപോലെതന്നെ ഇതേവരെ ഞാനും, നമ്മുടെ ബാല്യത്തിലെ മോഹങ്ങൾ നടത്തുവാൻ ഇപ്പോൾ ഒരു തടസ്സവുമില്ല. എന്നാൽ എൻെറ ഇപ്പോഴത്തെ സ്ഥിതി ഞാൻ നിങ്ങളോടു തുറന്നുപറയാം. ഞാൻ നിങ്ങളെ സംബന്ധം ചെയ്യാമെന്നു പറഞ്ഞിരുന്നതു ഞാൻ നല്ലവണ്ണം ഓൎമ്മിക്കുന്നുണ്ട്. എൻെറ അന്യദേശവാസത്തിൽ ഞാൻ ആ മാതളത്തെയും, അറപ്പുരമുറിയേയും, പടിപ്പുരയേയും, ആ രാത്രിയിലെ സംഭാഷണത്തേയും മറന്നിരുന്നില്ല. ആ ഉത്തമസ്നേഹത്തെ ഓൎമ്മിച്ചു എനിക്കു നിങ്ങളോടു കള്ളം പറയുവാൻ മനസ്സുവരുന്നില്ല. എനിക്കു ഒരു സംബന്ധം ചിലർ ആലോചിച്ചു വരികയാണ്. അതിൽ എനിക്കു വിരോധവുമില്ല. വിവാഹത്തിൽ അനുരാഗം നോവലുകളിലേ കാണുകയുള്ളു. സാമുദായിക നിബന്ധനകളേയും ലൌകീക സമ്പ്രദായങ്ങളേയും അനുസരിച്ചുവേണം വിവാഹം ചെയ്വാൻ എന്ന് ലോകപരിചയമുണ്ടെങ്കിൽ നമുക്കു അറിയുവാൻ കഴിയും. നമ്മൾ തമ്മിൽ ഭാൎയ്യാഭൎത്താക്കന്മാരായി ഇരിക്കുന്നതിൽ ചില ന്യൂനതകൾ ഉണ്ടു്. നിങ്ങളുടെ ശീലഗുണങ്ങളും സ്വഭാവവും ടൌണിലെ പരിഷ്കാര ജീവിതത്തിനു ചേരുന്നതല്ല. എൻെറ ഭാവിശ്രേയസ്സിനും അതു് ഉതകുന്നതല്ല. എൻെറ മോഹം ഒരു വലിയ ഉദ്യോഗസ്ഥനായി അതിനനുസരിച്ചുള്ള ആഡംബരങ്ങളോടുകൂടി ജീവിതം കഴിക്കണമെന്നാണ്. അതിനുവേണ്ടി പല തരത്തിലുള്ള ആളുകളോട് എനിക്കു സഹവാസം ചെയ്യേണ്ടിവരും. പല പ്രയത്നങ്ങളും ചെയ്യേണ്ടതായുംവരും. ഇതൊന്നും നിങ്ങൾക്കു രസിക്കുകയില്ലെന്നു എനിക്കു നിങ്ങളുടെ സ്വഭാവത്തിൽനിന്നു അറിയാം. ഏതായാലും ഞാൻ നിങ്ങളുടെ നിശ്ചയംഅനുസരിച്ചേ പ്രവൎത്തിക്കുകയുള്ളു. അതിനായി ഞാൻ എൻെറ അവസ്ഥ മുഴുവനും നിങ്ങളെ ധരിപ്പിക്കുന്നു.

എനിക്ക് ഇപ്പോൾ പതിനായിരംരൂപ സമ്പാദ്യമുണ്ടു്. ഇതു വെച്ചുകൊണ്ടു പെൻഷൻഡ് അഞ്ചൽസൂപ്രണ്ടു രുദ്രമേനോൻെറ മകളെ എനിക്കു സംബന്ധം ചെയ്യുവാൻ സാധിക്കും. അദ്ദേഹം ദിവാൻെറ ഒരു ആത്മസ്നേഹിതനാണ്. കൊട്ടാരത്തിലും സേവയുണ്ടു്. അതുകൊണ്ടു ഈ സംബന്ധത്തിൽനിന്നും എനിക്കു നല്ല സൎക്കാർഉദ്യോഗം കിട്ടും. എനിക്കു സരോജനിയോടു അനുരാഗമില്ലെന്നു ഞാൻ നിങ്ങളോടു തുറന്നു പറയുന്നു. എന്നാൽ ഇക്കാലത്തു് ഉദ്യോഗമില്ലെങ്കിൽ ഒരുത്തനെ നമ്മുടെ നായർസമുദായം വകവെയ്ക്കുകയില്ല. അതിനു മാത്രമാണ് ഞാൻ ഈ സംബന്ധം ചെയ്യുവാൻ ആലോചിക്കുന്നതു്. ഞാൻ ബി. എൽ കോഴ്സ് തീൎത്തിട്ടുണ്ടു്. എഫ്. എല്ലും പാസായിട്ടുണ്ടു്. വല്ല വിധത്തിലും ബി. എല്ലുംകൂടി പാസായാൽ എനിക്ക് ഒരു പേഷ്ക്കാരുദ്യോഗംവരെ ഉദ്യോഗക്കയററം കിട്ടിയേക്കാം. ഭാഗ്യംമാത്രം വേണം. ഇതെല്ലാംകൊണ്ടു ഞാൻ എൻെറ സകല വിചാരങ്ങളേയും മോഹങ്ങളേയും നിങ്ങളോടു തുറന്നുപറയുന്നുവെന്നു നിങ്ങൾക്കു മനസ്സിലാക്കാമെല്ലോ. ഒരു പക്ഷെ ഏഴുവൎഷംകൊണ്ടു് നിങ്ങൾ നമ്മളുടെ കുട്ടിക്കാലത്തെ നേരംപോക്കുകൾ മറന്നു പോയിരിക്കാം. എന്നാൽ ഞാൻ നിങ്ങളുടെ ശീലഗുണത്തെയും, എൻെറ വാഗ്ദത്തത്തെയുംമറന്നിട്ടില്ല. എൻെറതരത്തിലുള്ളവർ ഇങ്ങിനെയുള്ള ഒരു വാഗ്ദത്തെ നിറവേററുകയില്ല. എന്നാൽ എനിക്കു ആ സ്വഭാവമില്ല. ഉദ്യോഗസൌകൎയ്യത്തിനുമാത്രം ഞാൻ സംബന്ധം ചെയ്യുവാൻപോകുന്നുവെന്നും, നമ്മുടെ ബാല്യകാലത്തിലെ സ്നേഹം മറന്നിട്ടില്ലെന്നും ഞാൻ സമ്മതിക്കുന്നുണ്ടു്. അതിനാൽ ഞാൻ നിങ്ങളെ എൻെറ ഭാവിയുടെ വിധികൎത്താവാക്കുകയല്ലെ ചെയ്യുന്നതു്? എൻെറ ഉദ്യോഗമോഹങ്ങളെ ഉപേക്ഷിച്ചു പ്രവൎത്തിക്കണമെന്നു നിങ്ങൾവിധിക്കുകയാണെങ്കിൽ അതിനും ഞാൻതയ്യാറുത

ന്നെ. നിങ്ങളുടെ സംസർഗ്ഗവാസത്താൽ ഉണ്ടാകുന്ന പരിശുദ്ധജീവിതം നയിച്ചു അതുകൊണ്ടു തൃപ്തിപ്പെട്ടുവാനും എനിക്കു മടിയില്ല.

എന്നു
നിങ്ങളുടെ അഭ്യുദയകാംക്ഷി
എം. ഹൃഷികേശൻനായർ.

പി. എസ്—ഞാൻ ഒരു കാൎയ്യമെഴുതുവാൻ വിട്ടുപോയി. നിങ്ങളോടു കടംവാങ്ങിയ തുക ഞാൻ നാളെത്തന്നെ പലിശയോടുകൂടി അയച്ചുതരാം. ഞാൻ മലേസ്റ്റേറ്റ്സിൽ നിന്നും കൊണ്ടുവന്ന ചില അപൂൎവ്വസാധനങ്ങൾ എന്റെ കൃതജ്ഞതയെ കാണിക്കുവാനായി ഞാൻ നിങ്ങൾക്കു താമസിയാതെ അയയ്ക്കും. അതു നിങ്ങൾ സ്വീകരിക്കുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. എന്റെ രുദ്രാക്ഷമാലയെ 'റോസ്‌കാട്ടേജ്', എന്ന മേൽവിലാസത്തിൽ ബങ്കിയായി അയച്ചുതരണമെന്നു അപേക്ഷിക്കുന്നു.

എം. എച്ച്. എൻ."

സാന്ധില്യ—"ബങ്കി അയക്കണോ! അതിനെ വെച്ചുകൊണ്ടിരിക്കാനായി ഞാൻ ജീവനെ ഉപേക്ഷിക്കാനും തയ്യാറാണെല്ലൊ!"

സാന്ധില്യയുടെ മനോരാജ്യക്കോട്ടകൾ ആസകലം ഇടിഞ്ഞുവീണിരിക്കുന്നു. സ്ത്രീകളെ രണ്ടുതരമായി വിഭജിക്കാം. ചിലർ തങ്ങളുടെ കാമുകന്മാരുടെ ഉപേക്ഷയ്ക്കു കാരണഭൂതകളായ അന്യസ്ത്രീകളെ വിഷംകൊടുത്തോ മറ്റു വല്ല വിധേനയോ കൊന്നു തങ്ങളും മരിക്കുവാൻ സന്നദ്ധരായി നിൽക്കും. ഇങ്ങിനെ ചെയ്യുന്നവരോടു ലോകൎക്കു ഒരു അതിശയവും ബഹുമാനവും തോന്നുന്നതു സാധാരണയായി നാം കാണാറുണ്ട്. എന്നാൽ ചില സ്ത്രീകൾക്കു ഈ രൗദ്രസ്വഭാവംഉണ്ടായിരിക്കുകയില്ല. അവർ നഷ്ടമായ അനുരാഗത്തെ സഹിച്ചു മനസ്സുകൊണ്ടു ഖേദിക്കും. വിഷാദചിത്തകളായി കരഞ്ഞുകൊണ്ടു തങ്ങളുടെ കാമുകന്മാരുടെ വഞ്ചനകളെ ക്ഷമിച്ചു അവൎക്കു വേണ്ടി ഈശ്വരപ്രാൎത്ഥന നടത്തി, അവർ മരണംവരെ ജീവിതത്തെ കഴിച്ചുകൂട്ടുന്നു. ഇതു ദിവ്യമായ ഒരുതരം അനുരാഗമാണ്. ഈ വിധത്തിലായിരുന്നു എഴുത്തു വായിച്ചതിനു ശേഷം സാന്ധില്യയുടെ അനുരാഗവും.

സാന്ധില്യക്കു അപ്പോൾ തന്റെ മാതാവിന്റെ വാക്കുകൾ ഓൎമ്മവന്നു. മാതാവിനെപ്പോലെ തനിക്കും വസിക്കേണ്ടതായി വരുമെന്നു അവൾ വിചാരിച്ചു. മരണംവരെ ഈശ്വരവിചാരത്തോടുകൂടി മാത്രം ജീവിച്ചിരിക്കാനെ ഇനി നിവൃത്തിയുള്ളു എന്നു സാന്ധില്യക്കു അപ്പോൾ ബോധംവന്നു.

സാന്ധില്യ——"അമ്മ പറഞ്ഞതു വാസ്തവമാണ്. വരുന്ന ദുഃഖങ്ങളൊക്കെ ക്ഷമയോടുകൂടി അനുഭവിക്കണം. മരിച്ചാൽ പിന്നെ ദുഃഖത്തിനു ശമനം വരുമെല്ലൊ."

അവൾ അവിടെനിന്നും സാവധാനത്തിൽ വീട്ടിന്റെ തളത്തിൽചെന്നു. അറപ്പുരയിലേക്കു പോകുവാൻ അവൾക്കു മനസ്സുവന്നില്ല. ഇങ്ങിനെ ശോകഭാരത്തോടുകൂടി സാന്ധില്യ അവിടെ ഇരിക്കുമ്പോൾ ദൈവസ്വം കണക്കു കിട്ടുപിള്ള അവിടെ പ്രവേശിച്ചു.

കിട്ടു—"പിള്ള എന്തു വിചാരിച്ചുകൊണ്ടിരിക്കുന്നു.?"

സാന്ധില്യ—"മനുഷ്യരുടെ ജീവിതകാലം മുഴുവനും അവൎക്കു ദുഃഖം ഒഴിയുകയില്ല എന്നാണ് ഞാൻ വിചാരിച്ചുകൊണ്ടിരിക്കുന്നത്."

കിട്ടു—"അതു ഉള്ളതുതന്നെ. പക്ഷെ പിള്ളക്കു എന്തൊരു ദുഃഖം? പണമില്ലെ? ഒരു കാൎയ്യംമാത്രം പിള്ളക്കു ഇല്ല. ഞാൻ ഒന്നു ചോദിക്കട്ടെ. എന്നും പിള്ള ഇങ്ങിനെ ഇരുന്നാൽ മതിയോ? തറവാട്ടിൽ സന്തതി വേണ്ടേ?"

സാന്ധില്യ—"അതുകൊണ്ട്?"
കിട്ടു—"സംബന്ധം ചെയ്യണം."
സാന്ധില്യ—"അതു് ഈ ജന്മത്തിലില്ല."
കിട്ടു—"പിള്ള ഇങ്ങിനെ പറയുന്നതെന്തു്?"
സാന്ധില്യ—"വേഗത്തിൽ മരിക്കണം എന്നൊരു ആഗ്രഹമേ എനിക്കുള്ളു."
കിട്ടു—"മരിക്കണോ! പിള്ള എന്തിനു മരിക്കുന്നു? പണമില്ലെ? വല്ല കഷ്ടപ്പാടും ഉണ്ടോ? മരിച്ചാൽ പിള്ളയുടെ തറവാടു അന്യം നിന്നപോവൃല്ലെ? പണമൊക്കെ സക്കാരിലേക്കു പോകുവില്ലെ? ഇതൊന്നും വിചാരിക്കാതെ പിള്ള ഇങ്ങിനെ പറയരുതു്. പിള്ളക്കു ബുദ്ധിയുണ്ടല്ലൊ. പിള്ളതന്നെ ആലോചിപ്പിൻ. സ്ത്രീകളായാൽ അവക്കു ഭത്താക്കന്മാർ ആവശ്യമാണു്. പ്രത്യേകിച്ചും പിള്ളയെപ്പോലെ പത്തായം നിറച്ചു പണമുള്ളവക്കു് ഒരുത്തൻ അതിനെ പരിപാലിച്ചുകൊണ്ടു പോവാൻ അത്യാവശ്യമുണ്ടു്."

അപ്പോൾ അവിടെ ലക്ഷ്മിഅമ്മ പ്രവേശിച്ചു.
ലക്ഷ്മി—"സാന്ധില്യേ—കിട്ടുഅണ്ണൻ പോയിട്ടു ഒരുകാൎയ്യം പറയാനുണ്ടു്."
കിട്ടു—"ഞാൻ ഇതാപോണു. നിനക്കു പറയാനുള്ളതു് പറഞ്ഞോ."
സാന്ധില്യ—"അമ്മാവൻ നാളെവരണം അമ്മാവന്റെ സഹായം എനിക്കു് ആവശ്യമുണ്ടു്."
ലക്ഷ്മി—അതു് അത്യാവശ്യമാണു് സാന്ധില്യേ"
സാന്ധില്യ—"എന്തു് അക്കാ അങ്ങിനെപറഞ്ഞതു?"
ലക്ഷ്മി—"നിന്റെ അച്ഛന്റെമകൻ തിരിച്ചുവന്നു. അയാൾ സൂപ്രണ്ടിന്റെ മകളെമുണ്ടുകൊടുക്കാൻ പോണെന്നു് എനിക്കു് അറിഞ്ഞുകൂടെന്നോ നീ വിചാരിക്കുന്നതു്? ഞാൻ അത്രമടയിയല്ല."

സാന്ധില്യ കുറേനേരത്തേക്കു് ഉത്തരം ഒന്നും പറഞ്ഞില്ല. താൻ ഇനിമേൽ ഒന്നും ഒരുത്തരോടും തുറന്നു പറയുകയില്ലെന്നു് അവൾ മനസാ നിശ്ചയിച്ചു.

സാന്ധില്യ—"ഞാൻ മടയിയാണു്, അതുകൊണ്ടു് എനിക്കു് നിങ്ങൾ പറയുന്നതു് മനസ്സിലാകുന്നില്ല. തെളിച്ചുപറയണം. കിട്ടുഅമ്മാവന്റെ മുമ്പിൽവച്ചു നിങ്ങൾക്കു് എന്തുംപറയാം. എനിക്കു അങ്ങേരെ വലിയകാൎയ്യമാണു്"
ലക്ഷ്മി—"ഈ എഴുത്തു വായിച്ചുനോക്കു്"

ലക്ഷ്മിഅമ്മ ഒരു തമിഴ് ലേഖനത്തെ സാന്ധില്യയുടെ കൈയ്യിൽകൊടുത്തു. സാന്ധില്യ അതുവായിച്ചു.

"ഹൃഷികേശൻനായർ മലയയിൽ ഇരുന്തു ഇവിടം വന്തിരുക്കിറാൻ. അവൻ വന്തു രണ്ടുമാസമാച്ചു—"
സാന്ധില്യ—(ആത്മഗതം):—"രണ്ടു മാസമൊ"

"നാൻ അവനൈ പാക്ക രണ്ടുമൂന്നു തടവൈ പോയിരുന്തേൻ. കാണവില്ലൈ. കടശിയിൽ ഒരുനാൾ കണ്ടേൻ. പിൽപാട്ട് നാൻ ഇന്നാരെൻറുചൊല്ലിത്താൻ തെരിയവേണ്ടിവന്തിതു. അവൻ ഇവിടത്തിൽ കല്യാണംചെയ്യപോകുറതാക അള്ളുകൾ പേശുകിറാർ. പെണ്ണു തീരുമാനംചെയ്തു നിശ്ചയതാംബൂലം നടന്തിരുക്കറതാം—"

സാന്ധില്യ—(ആത്മഗതം) "ജാതകംകൊടുക്കുശേഷമാണെല്ലൊ എനിക്കു എഴുതി അയച്ചതു!"

"ആനാൽ അതു നടവാമലിരുക്കനൊൻവേണ്ടിയ മുയർച്ചചെയ്യേൻ. നാൻഅവനൈപത്തു.നാനും ആദിച്ചപ്പിള്ളയും അവനുടയകടംതീക്ക രെമ്പവരുത്തപ്പെട്ടതാകവും ചൊന്നേൻ. ആനാൽ അന്ത പയൽ, "അമ്മാവന്റെ കടം അമ്മാവനോടു ചോദി

ക്കണം" എൻറു ചൊല്ലുകിറാൻ. നാൻ രെമ്പവരുത്തപ്പെട്ടതുക്ക അന്ത പയൽ ഇന്തമാതിരി പേശുകിറാൻ. കടക്കാർ പണം വസൂലാക്ക നാനുംകൂടി വേണ്ടിയ ഉതവി ചെയ്യപ്പോകിറേൻ. ആനാൽ കല്യാണം നടക്കിറതെ പാപ്പോം. അന്ത ആളിച്ചപ്പിള്ളയും എന്നെ ഏമാററി പേശിനതൈ നാൻ നമ്പിവിട്ടേൻ. അതിനാലെ എനക്ക് ഇവളവെല്ലാം വരുത്തം നേരിട്ടതു്. കടക്കാരുടെ ഇടത്തിലെ കടമെല്ലാം തീത്തു പോടലാമെൻറു് നാൻവാക്ക ഉറുചൊല്ലിയിരുക്കിറേൻ. ആനാൽ നാൻ ഇവളവു വരുത്തമെടുത്തതു സാന്ധില്യപേരിൽഉള്ള അമ്പിനാലെ ആകും. അതിനാലെ ഇതു സമാചാരം അവളിടത്തിൽ ചൊല്ലവേണ്ടിയതു്—"

ഇത്രയും വായിച്ചതിനുശേഷം സാന്ധില്യ എഴുത്തു തിരികെ ലക്ഷ്മിഅമ്മയുടെ കൈയിൽ കൊടുത്തു.

സാന്ധില്യ—"ഞാൻ ആലോചിക്കട്ടെ."

ലക്ഷ്മി—"ഞാൻ പിന്നെ വരാം."

ലക്ഷ്മിഅമ്മ അവിടെനിന്നു പോയി.

സാന്ധില്യ—"നാളെ കാലത്തെ വരണം അമ്മാവാ. മറന്നുപോകരുതു്."

അനന്തരം സാന്ധില്യ എണീററു് തൻെറ ഭണ്ഡാരമുറിയിലേക്കു പോകുകയും ചെയ്തു.

---

## അദ്ധ്യായം ൨൩.

"കണവനുസപത്നിയെക്കൊടുത്തും
പ്രണയത്താൽഗൃഹിണീജനം തുണയ്ക്കും"

പിറേറദിവസം രാവിലെ കുവലത്തറയിൽ കിട്ടുപിള്ളയും ഗംഗാധരൻപിള്ളയും ഹാജരായിരുന്നു. സാന്ധില്യ അവരോടു കുറേനേരം നാട്ടുവർത്തമാനങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. ഒടുവിൽ അവർ രണ്ടുപേരും പോകുവാൻ എണീററു.

സാന്ധില്യ—(ഗംഗാധരൻപിള്ളയോടു്) "അണ്ണൻ ഇരിക്കണം. എനിക്കു് ഒരു സ്വകാര്യം പറയാനുണ്ടു്"

കിട്ടുപിള്ളയും ഗംഗാധരൻപിള്ളയും സന്തോഷസാഗരത്തിൽ മുങ്ങിക്കളിച്ചുതുടങ്ങി വളരെക്കാലമായുള്ള പ്രയത്നങ്ങൾ ഇപ്പോൾ ഫലവത്താകുവാൻ പോകുന്നതുകൊണ്ടു അവക്കു ഉണ്ടായ സന്തോഷബാഹുല്യത്തെ വായനക്കാക്കുതന്നെ മനസ്സിലാക്കാമെല്ലൊ. കിട്ടുപിള്ള ഉടനേതന്നെ അവിടെനിന്നു പോയി.

സാന്ധില്യ—"അണ്ണാ, എൻെറ ആകർഷണം എന്താണെന്നു എനിക്കു നല്ലവണ്ണം അറിയാം. എന്നാൽ എൻെറമനസ്സു് അണ്ണനെ സംബന്ധംചെയ്യുവാൻഎന്നെ സമ്മതിക്കുന്നില്ല. അണ്ണനു് എൻെറപണം കിട്ടിയാൽ മതിയെല്ലൊ. അതിനു ഒരുവഴിഞാൻ കണ്ടിട്ടുണ്ടു്. അണ്ണനെ എൻെറ ഉടപ്പിറന്നവനായി കുവലത്തറതറവാട്ടിലേക്കു് ദത്തെടുക്കാം. അതിനുഎനിക്കുവിരോധമില്ല. അതിനുവേണ്ട ഏപ്പാടുകൾ എന്തെല്ലാമെന്നു് അറിഞ്ഞു് എന്നോടുപറയണം. അതിനുപകരമായി അണ്ണൻ എനിക്കു ഒരു വലിയ സഹായം ചെയ്യണം"

ഗംഗാധരൻ—"ഞാൻ എന്തും ചെയ്യാൻ തയ്യാറാണു്"

സാന്ധില്യ—"ഞാൻ ഇരുപത്തിഅയ്യായിരം രൂപതരാം. അതുംകൊണ്ടുഅണ്ണൻതിരുവനന്തപുരത്തു പോകണം. ഇന്നുതന്നെ തിരിക്കണം. അവിടെചെന്നു് അയ്യാത്തുരയ്യർസ്വാമിയെകണ്ടുപിടിച്ചു മാതുപിള്ളഅമ്മാവൻെറ കടക്കാക്കുഓരോരുത്തക്കും കൊടുക്കാനുള്ള തുകകൾ അറിയണം. എന്നിട്ടു അവക്കു കൊടുക്കാനുള്ളപണം ക്രമപ്പലി

ശയോടുകൂടി കൊടുത്തുതീർക്കണം. അവരോടു രസീതുകൾ ശരിയായി വാങ്ങിക്കണം. അതു എങ്ങിനെവേണമെന്നു അണ്ണനു അറിയാമെല്ലൊ. അണ്ണൻ എന്റെ ഉടപ്പിറന്നവൻആകാൻ പോകുന്നതുകൊണ്ടു അണ്ണനെ എനിക്കു വിശ്വാസമുണ്ടു."

ഗംഗാധരൻ— (സന്തോഷത്തോടുകൂടി) "സാന്ധില്യപറയുന്നതുപോലെ ചെയ്യാം."

സാന്ധില്യ—"രസീതുകൾ എല്ലാംവാങ്ങിച്ചയുടനെ അവയേയുംഈഎഴുത്തിനേയും ഈപെട്ടിയേയും എന്റെ അമ്മാവന്റെ മകൻ ഹൃഷികേശൻനായൎക്കു കൊടുക്കണം. ഇത്രയുംനടത്തി തിരിച്ചുവന്നാലുടനെ നമുക്കു ദത്തിനുവേണ്ടതുചെയ്യാം. പണം ഉച്ചക്കുമുമ്പെ വീട്ടിൽ എത്തിച്ചേക്കാം"

ഗംഗാധരൻപിള്ള പോയതിനുശേഷം സാന്ധില്യ പൊട്ടിക്കരഞ്ഞു.

ഗംഗാധരൻപിള്ള സാന്ധില്യ കൊടുത്തപണം താലൂക്കു ഖജനാവിൽഅടച്ച് രസീതുവാങ്ങി അന്നുതന്നെ തിരുവനന്തപുരത്തേക്കു തിരിച്ചു. തിരുവനന്തപുരത്തുചെന്ന് അയ്യാത്തുരയ്യരോടുചോദിച്ച് കടക്കാരുടെ പേരുകളും അവൎക്കു കൊടുക്കുവാനുള്ള തുകകളും നമ്മുടെ ഹെഡ്ഗുമസ്തൻ അറിഞ്ഞു. മൂന്നുദിവസത്തിനകം കടങ്ങളെല്ലാം വീട്ടി രസീതുകൾ അദ്ദേഹം വാങ്ങിച്ചു. ഈ രസീതുകളുംകൊണ്ട് ഗംഗാധരൻപിള്ള നായരുടെ ഭവനത്തിൽചെന്നു. അവിടെ ഹൃഷികേശൻനായർ ഇല്ലായിരുന്നു. ഭൃത്യനിൽനിന്നും അദ്ദേഹം സൂപ്രണ്ട് ഉപേന്ദ്രമേനോന്റെ ഗൃഹത്തിൽ ഉണ്ടെന്നു മനസ്സിലാക്കി ഗംഗാധരൻപിള്ള അവിടെ നായരെ അന്വേഷിച്ചുചെന്നു.

അയ്യാത്തുരയ്യരുടെ പ്രേരണയാൽ കടക്കാർ നായരെ ഭയപ്പെടുത്തിത്തുടങ്ങി. വിധി സമ്പാദിച്ചിട്ടുള്ളവർ നായരുടെ നേൎക്ക് വാറണ്ടിനു അപേക്ഷിച്ചിരുന്നു. ഈ സംഗതികളെല്ലാം അയ്യാത്തുരയ്യർ ഉപേന്ദ്രമേനോനെധരിപ്പിക്കയുംചെയ്തു. ധനത്തിലധികം കടമുള്ള നായരെക്കൊണ്ടു തന്റെ മകളെ വിവാഹം ചെയ്യിപ്പിക്കുവാൻ ഉപേന്ദ്രമേനോനു വൈമനസ്യം തോന്നി അതുകൊണ്ടു ജാതകംകൊട കഴിഞ്ഞെങ്കിലും അദ്ദേഹം വിവാഹദിവസം നിശ്ചയിക്കാതെ നായരോടു ഓരോ ഒഴിവുകഴിവുകൾ പറഞ്ഞുതുടങ്ങി. വേറെ ബി. എക്കാരെ ലഭിച്ചില്ലെങ്കിൽ മാത്രമേ നായൎക്കു മകളെ കൊടുക്കുകയുള്ളു എന്നു ഉപേന്ദ്രമേനോൻ നിശ്ചയിച്ചു. ഉപേന്ദ്രമേനോന്റെ ഈ ഉദ്ദേശം ഊഹിച്ചറിഞ്ഞു നായർ തന്റെ ഇഛാഭംഗത്തെ തന്നിൽ ദയകാണിച്ചിരുന്ന കാൎത്ത്യായനിഅമ്മയെ ധരിപ്പിക്കുവാൻ അവിടെ പോയിരിക്കുമ്പോൾ ആണ് ഗംഗാധരൻപിള്ള നായരെ അന്വേഷിച്ച് അവിടെ എത്തിയത്.

ഗംഗാധരൻപിള്ള ഉപേന്ദ്രമേനോന്റെ വസതിയിൽ ചെന്നപ്പോൾ, അവിടത്തെ അടിച്ചുകൂട്ടപ്പുരയിൽ, കുളിക്കുവാൻ പോയിരുന്ന കാൎത്ത്യായനിഅമ്മയെ കാത്തു ഹൃഷികേശൻനായർ ഇരിക്കുകയായിരുന്നു. ഗംഗാധരൻപിള്ള നായരുടെ കൈയ്യിൽ സാന്ധില്യയുടെ എഴുത്തു കൊടുത്തു. നായർ അതിനെ പൊട്ടിച്ചു വായിച്ചു.

"പ്രിയപ്പെട്ട, ചേട്ടാ,

ഗംഗാധരൻപിള്ളഅണ്ണൻ മാതുപിള്ള അമ്മാവന്റെ സകല കടങ്ങളേയും വീട്ടിയ രസീതുകൾ ചേട്ടന്റെ പക്കൽ ഏല്പിക്കും. ചേട്ടന്റെ സംബന്ധത്തിന് ഈ കടം വിഘ്നം വരുത്തിയേക്കാമെന്നു ഞാൻ കേട്ടു. എന്റെ സ്വഭാവത്തെപ്പററി ചേട്ടൻ എഴുതിയിരുന്നതു വാസ്തവമാണ്. നാട്ടുംപുറത്തു പിറന്നു വളൎന്നതുകൊണ്ട് എനിക്കു ലൌകിക സമ്പ്രദായങ്ങൾ ഒന്നും അറിഞ്ഞുകൂടാ. എന്റെ സഹവാസം കൊണ്ടു ചേട്ടന്റെ മോഹങ്ങൾക്കു വിഘ്നം വരുമോകും. നമ്മുടെ അനുരാഗത്തെ നശിപ്പിച്ച ലോകസമ്പ്രദായം അനുസരിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടു ചേട്ടനു മനോസൌഖ്യം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ചേട്ടന്റെ സന്തോഷത്തെ പൂൎണ്ണ

മാക്കാൻ എന്നാൽ കഴിയുന്നതു ഞാൻ ചെയ്യുന്നു. ചേട്ടന്റെ ശ്രേയസ്സിനു ഞാൻ എപ്പോഴും പ്രാൎത്ഥിക്കും.

എന്നു
സാന്ധില്യ."

ഈ എഴുത്തു വായിച്ചപ്പോൾ ഹൃഷികേശൻനായരുടെ മുഖത്തു അതിശയവും ബഹുമാനവും സ്ഫുരിച്ചു.

ഗംഗാധരൻപിള്ള രസീതുകൾ നായൎക്കു കൊടുത്തു.

ഗംഗാധരൻ—"നമ്മൾ മച്ചമ്പിമാരാകാൻ പോവുകയാണു"

ഹൃഷികേശൻ—"നിങ്ങൾ സാന്ധില്യയെ സംബന്ധം ചെയ്യാൻ പോണൊ?"

ഗംഗാധരൻ—"എന്നെ ഉടപ്പിറന്നവനായി അവൾ ദത്തെടുക്കാൻ പോകുന്നു."

ഹൃഷികേശൻ—"ഏതായാലും കൊള്ളാം. അവൾ സാധുവാണു്. അല്ലാ! അവൾക്കു കുറേ പണം കാണണമെല്ലൊ"

ഗംഗാധരൻ—"സാന്ധില്യക്കു ഞാൻ ഇങ്ങോട്ടു തിരിക്കുന്നതുവരെ രണ്ടരലക്ഷം രൂപ ഉണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്കു തന്നതുകഴിച്ചു രണ്ടേകാൽ ലക്ഷം രൂപയുണ്ടു്."

ഇതു കേട്ടയുടനെ ഹൃഷികേശൻനായൎക്കു ഉണ്ടായ അതിശയം പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്.

ഹൃഷികേശൻ—"രണ്ടര ലക്ഷമോ?"

ഗംഗാധരൻ—"അതെ രണ്ടരലക്ഷം."

ഹൃഷികേശൻ—"നമ്മൾ മച്ചമ്പിമാരാകാൻ പോകുകയല്ലെ, അണ്ണാ. നമുക്കു തമ്മിൽ കുറെക്കൂടി പരിചയമാകണം."

ഗംഗാധരൻ—"ഓഹൊ! അങ്ങിനെതന്നെ. ഇതാ സാന്ധില്യ തന്നയച്ച പെട്ടി."

ഇതിൽ നായരുടെ രുദ്രാക്ഷമാലയുണ്ടായിരുന്നു.

അപ്പോൾ അവിടെ കളികഴിഞ്ഞു കാൎത്ത്യായനിഅമ്മ വന്നു. കാൎത്ത്യായനിഅമ്മ ഗംഗാധരൻപിള്ളയെ കണ്ടഭാവംനടിക്കാതെ നായരുടെ സമീപത്തുചെന്നു അദ്ദേഹത്തിനോടു സംസാരിക്കുവാൻ തുടങ്ങി.

കാൎത്ത്യായനി—"നിങ്ങൾ സംബന്ധത്തെപ്പററി ഒട്ടും വ്യസനിക്കരുതു്. അങ്ങുന്നിനു ചിലപ്പോൾ ഇളക്കം തോന്നും. ആരുടെയോ ദുർബോധന കേട്ടാണു് തീയതി നിശ്ചയിക്കാതെ ഇരിക്കുന്നതു്. അതൊക്കെ ഞാൻ ശരിയാക്കിത്തരാം"

ഹൃഷികേശൻ—"ശരിയാക്കാൻ ഒന്നുമില്ല! എല്ലാം ശരിയാക്കിക്കഴിഞ്ഞു. എന്റെ അമ്മാവന്റെ കടമെല്ലാം ഇന്നലെ വീട്ടി."

കാൎത്ത്യായനി—"എന്തു മണ്ടത്തരം"

അനന്തരം കാൎത്ത്യായനിഅമ്മ നായരുടെ കൎണ്ണത്തിൽ ഗംഗാധരൻപിള്ളയെ നോക്കി "ഇതാരു്?" എന്നു മന്ത്രിച്ചു.

ഹൃഷികേശൻ—(മന്ദസ്വരത്തിൽ)—"എന്റെ അരിവെപ്പുകാരന്റെ അമ്മാവൻ അവനെ അന്വേഷിച്ചുവന്നു."

കാൎത്ത്യായനിഅമ്മ ഉടനെ അകത്തേക്കു പോയി. ഗംഗാധരൻപിള്ള നായർ പറഞ്ഞതിനെ കേട്ടിരുന്നു.

ഗംഗാധരൻ—"ഇങ്ങിനെയാണു നമ്മൾതമ്മിൽ നല്ല പരിചയമാകുന്നതു്"

ഗംഗാധരൻപിള്ള ഉടനെ അവിടെനിന്നും പോകുകയും ചെയ്തു.

ഹൃഷികേശൻ—(ആത്മഗതം)—"ഈ മരങ്ങോടനു എന്തൊ പുഛമാണു്. എനിക്കു അവന്റെ മുഖത്തു ഒരു ചവുട്ടു കൊടുക്കാൻ തോന്നി."

. . . . . . . . . . . . . . . . . . . . . . . .

ഗംഗാധരൻപിള്ള തിരിച്ചു പത്മനാഭപുരത്തു വന്നു വിവരങ്ങൾ സാന്ധില്യയെ ധരിപ്പിച്ചു. ഉടനെ അവൾ ദത്തിനു വേണ്ട ഏൎപ്പാടുകൾ തുടങ്ങുവാൻ ഇലിഞ്ഞിമൂട്ടുകാരോടു പറഞ്ഞു. ആറുമാസത്തിനു ശേഷം ഗംഗാധരൻപിള്ള സാന്ധില്യയുടെ ദത്തു സഹോദരനായിത്തീരുകയും ഇരണിയൽക്കാരിയായ ഒരു സ്ത്രീയെ വിവാഹംചെയ്യുകയും ചെയ്തു.

മൂന്നുവൎഷം കഴിഞ്ഞപ്പോൾ ഗംഗാധരൻപിള്ളക്കു നാഗരുകോവിൽ ജില്ലാക്കോടതി ഹെഡ്ഗുമസ്തൻജോലി കിട്ടി. ശിരസ്തദാരാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹം. എന്നാൽ അതിനു മുമ്പെ അദ്ദേഹം മരിക്കയുംചെയ്തു.

സാന്ധില്യ തനിക്കു മുമ്പിൽ മരിക്കണമെന്നു ദിവസവും ഗംഗാധരൻപിള്ള പ്രാൎത്ഥിച്ചിരുന്നു. എങ്കിൽ ആ ലക്ഷങ്ങൾക്കു താൻ ഏക ഉടമസ്ഥനാകുമല്ലോ എന്നായിരുന്നു ഗംഗാധരൻപിള്ളയുടെ മരണംവരെയുമുള്ള വിചാരം. ഈ വിചാരം സാന്ധില്യക്കു അറിയാമായിരുന്നുതാനും. എന്നാൽ ഇതുകൊണ്ടു അവൾക്കു അദ്ദേഹത്തിനോടു വെറുപ്പു തോന്നിയിരുന്നില്ല. അവൾ അദ്ദേഹത്തിന് നല്ല ബുദ്ധി കൊടുക്കണമെന്നു ഈശ്വരനോടു പ്രാൎത്ഥിച്ചതേയുള്ളു.

സാന്ധില്യയെ വിവാഹം ചെയ്യുവാനായി അനേകം ആളുകൾ ഭഗീരഥപ്രയത്നം ചെയ്തിരുന്നു. എന്നാൽ അവൾ അവയ്ക്കൊന്നും വശംവദയായിത്തീൎന്നില്ല. അവൾ ദരിദ്രന്മാരെ ഗൂഢമായി സഹായിച്ചും, മതഗ്രന്ഥങ്ങൾ വായിച്ചും, ക്ഷേത്രങ്ങളെ സന്ദൎശിച്ചും, തന്റെ വസ്തുക്കളെ ഭരിച്ചും കാലയാപനംചെയ്തു.

ഇപ്പോൾ അവൾക്കു മുപ്പത്തിഅഞ്ചു വയസ്സുണ്ട്. അവളുടെ മുഖത്തു സദാ വ്യസനം കളിയാടുന്നു. ധനമുള്ളതുകൊണ്ടു ഒരു അഹംഭാവവും അവൾക്കു ഇതുവരെ ഉണ്ടായിട്ടില്ല. തന്റെ സ്വന്ത ആവശ്യങ്ങൾക്കായി സാന്ധില്യ അധികം ധനം വ്യയം ചെയ്തിരുന്നില്ല. സാന്ധില്യയുടെ ധനം ദിനംപ്രതി വൎദ്ധിച്ചുവരികയാണു ചെയ്യുന്നതു്. ദരിദ്രന്മാരെ സഹായിക്കുന്നതിലും ക്ഷേത്രങ്ങളിൽ നേൎച്ചകൾ കഴിക്കുന്നതിലും അവൾ ഒട്ടും ലുബ്ധുകാണിച്ചില്ല. പത്മനാഭപുര നിവാസികളെല്ലാം അവളോടു ബഹുമാനം പ്രദൎശിപ്പിച്ചു. എന്നാൽ പാച്ചിക്കു മാത്രമേ സാന്ധില്യയോടു യഥാൎത്ഥമായ സ്നേഹം ഉണ്ടായിരുന്നൊള്ളു. ഇതിനു കാരണം തന്റെ ധനമാണെന്നു സാന്ധില്യക്കു അറിയാമായിരുന്നുതാനും.

സാന്ധില്യയെ കോട്ടശ്ശേരി അമ്മവീട്ടിൽ നിരഞ്ജനൻതമ്പി വിവാഹം ചെയ്യുവാൻ പോകുന്നുവെന്നു ഒരു ശ്രുതി പത്മനാഭപുരത്തു ഇപ്പോൾ ഉദിച്ചിരിക്കുന്നു. തമ്പിയും അദ്ദേഹത്തിന്റെ ബന്ധുക്കളും കൂടക്കൂടെ കുവലത്തറയിൽ പോകുന്നുണ്ട്. പാച്ചിയും കൊച്ചപ്പിപ്പിള്ളയും തമ്പിഅദ്ദേഹത്തിന്റെ വശത്താണെന്നു പത്മനാഭപുരത്തുള്ളവർ വിശ്വസിച്ചിരിക്കുകയാണ്. എന്നാൽ ലൌകിക സമ്പ്രദായങ്ങൾ മനസ്സിലാക്കുവാൻ അവൎക്കു രണ്ടുപേൎക്കും ബുദ്ധിയില്ലായിരുന്നതുകൊണ്ടു ഈ വിശ്വാസത്തിനു അടിസ്ഥാനമില്ലെന്നു നിസ്സംശയം പറയാം.

ശുഭം.

---

"ശ്രീരാമവിലാസം" പ്രസ്സ്, വലിയകട—കൊല്ലം.

21 NOV 1953